ശ്രീ ചിത്രാ
മലയാള പാഠാവലി

(രണ്ടാം പുസ്തകം)

(രണ്ടാം ഫാറത്തിലേക്ക്)



ഗവൺമെൻറിൽനിന്നു നിയമിച്ച

കമ്മിറ്റി തയ്യാറാക്കിയതു്

പ്രസിദ്ധീകരണം ഗവൺമെൻറിന്റെ

തിരുവനന്തപുരം

1549

ശ്രീ ചിത്രാ

മലയാള പാഠാവലി

(രണ്ടാം പുസ്തകം)

(രണ്ടാം ഫാറത്തിലേക്കു്)

1622

SRINAVIRUL ISLAM HIGH SCHOOL
Date.....
ERNAKULAM

ഗവൺമെൻറിൽനിന്നു നിയമിച്ച

കമ്മിറ്റി തയാറാക്കിയതു്

പകർപ്പവകാശം ഗവൺമെൻറിനു്

മദ്രാസ്

പാഠവിവരം

൧.	പ്രാർത്ഥന	(പദ്യം)
൨.	ജീമൂതവാഹനൻ	(ഗദ്യം)
൩.	ഗ്രീഷ്മകാലം	(പദ്യം)
൪.	മനുഷ്യരും മൃഗങ്ങളും (ഒന്നാംഭാഗം)	(ഗദ്യം)
൫.	മനുഷ്യരും മൃഗങ്ങളും (രണ്ടാംഭാഗം)	"
൬.	കണ്വാശ്രമം	(പദ്യം)
൭.	പിതൃകാരുണ്യം	(ഗദ്യം)
൮.	പാർവതിയുടെ തപസ്സ്	(പദ്യം)
൯.	അഗ്നിപർവതങ്ങൾ	(ഗദ്യം)
൧൦.	വീരനായ രാജകുമാരൻ	(നാടകം)
൧൧.	രഘുരാമനും ഭൃഗുരാമനും	(പദ്യം)
൧൨.	ശകുന്തൻ തമ്പുരാൻ	(ഗദ്യം)
൧൩.	സഹകരണം	"
൧൪.	വിധിവിഹിതം	"
൧൫.	പഞ്ചേന്ദ്രിയങ്ങൾ	"
൧൬.	ഒരു തുള്ളിവെള്ളത്തിന്റെ ആത്മകഥ	"
൧൭.	സേതുബന്ധനം	(പദ്യം)
൧൮.	പിതൃദർശനം	(നാടകം)
൧൯.	സഹോദരസ്നേഹം	(ഗദ്യം)
൨൦.	മയന്റെ മായാസഭ	(പദ്യം)
൨൧.	ഡേവിഡ് ലിവിങ്സ്റ്റൻ	(ഗദ്യം)
൨൨.	ദുര്യോധനന്റെ ദുർബോധനം	(പദ്യം)
൨൩.	മൈൽക്കുറ്റിയും മോട്ടോർകാറും	(ഗദ്യം)
൨൪.	ഫൽഗുനനിന്ദ	(പദ്യം)
൨൫.	സ്വപ്നഗ്രാഹി	(ഗദ്യം)
൨൬.	ദുശ്ശാസനവധം	(പദ്യം)
൨൭.	ഫലിച്ച പ്രാർത്ഥന	"

MANAVIRUL ISLAM HIGH SCHOOL
Date
PUMALAKKAD

AVIRUL ISLAM HIGH SCHOOL
Date.....
KARULAM.

ശ്രീ ചിത്രം
മലയാള പാഠാവലി

(രണ്ടാം പുസ്തകം)

പാഠം ൧

പ്രാർത്ഥന

ജഗദധീശ രാത്രിയും ശശാങ്കതാരകങ്ങളും
പകലുമക്കബിംബവും നിറഞ്ഞ മേഘജാലവും
മൃഗകദംബപക്ഷിവൃക്ഷ പുഷ്പശൈലഭൂവൃന്ദവും
മികവിൽനിൻറെ വൈഭവങ്ങൾവാഴ്ത്തിടുന്നുദൈവമേ. ൧

ഗഗനമെന്തൊരത്ഭുതം! സമുദ്രമെന്തൊരത്ഭുതം!
നിഖിലജീവജാലജീവനെന്നതെന്തൊരത്ഭുതം!
സകലതും രചിച്ചതോക്കിലഖിലനാഥനായ നീ
സകലശക്ത, നിൻപദം നമിച്ചിടുന്നു ഞാൻ വിഭോ. ൨

ദീനരിൽ കൃപാരസം കലർന്നലിഞ്ഞിടേണമെൻ–
മാനസം, ഭവാനതിന്നു കരുണ ചെയ്തു സന്തതം
ഊനമറ്റ ചിത്തശുദ്ധി കൃത്യസക്തി തൃപ്തിയും
ഞാനിളച്ചിടായ്കതിന്നു നീ കടാക്ഷമേകണം. ൩

ശോഭയിജ്ജഗത്തിനുള്ളതൊക്കെ നഷ്ടമാക്കിടും
താപമച്ഛനമ്മമാർക്കു മാർക്കുമാന്നിടാതെയും
കോപമത്സരാദിയെൻ മനസ്സിലേശിടാതെയും
നീ ഭരിച്ചു കാത്തുകൊൾക ഞങ്ങളെ ദ്വയാനിശേ. ൪

രമ്യമായ മേടമേൽ സുഖിച്ചു ഞാനിരിക്കിലും
കമ്മശങ്കതികൊണ്ടു വല്ല ചെറ്റയിൽ കിടക്കിലും
എന്മനസ്സുധർമ്മചിന്ത വിട്ടിരിപ്പതിന്നു നീ
ചിന്മയപ്രഭോ കനിഞ്ഞനുഗ്രഹിക്ക ദൈവമേ. ൭

ക്ഷണമൊരോന്നു പോകവേ ക്ഷയിച്ചിടുന്ന ജീവിതം
ഗുണമസംഖ്യമാളുകൾക്കു ചെയ്തിടേണ്ടതുണ്ടിവൻ
ഉണർവ്വൊടെന്നുമെൻപ്രവൃത്തി സമയനിഷ്ഠയോടു ഞാൻ
അണു വിടാതെ ചെയ്യുമാറനുഗ്രഹിക്ക ദൈവമേ. ൮

തുഷ്ടി ഞാൻ നിമിത്തമെന്റെ നാട്ടിനും ജഗത്തിനും
പുഷ്ടിയാൻ കാമ്യമതിനെന്നിക്കു ഭാഗ്യമേകണം
ശിഷ്ടസംഗമത്തിനുള്ള യോഗവും ഭവിക്കണം
വിഷ്ടപേശ, ഭക്തലോകപാല നാഥ പാഹി മാം. ൯

.....

പാഠം ൨

ജീമൂതവാഹനൻ

പ്രാചീനകാലത്തു് ഹിമാലയപർവതത്തിന്റെ പരിസരങ്ങളിൽ ജീമൂതകേതു എന്നൊരു രാജാവു വാണിരുന്നു. വിദ്യാധരന്മാരുടെ അധിപനായിരുന്ന ആ പുണ്യപുരുഷൻ. അദ്ദേഹത്തിന്റെ പുത്രനായ ജീമൂതവാഹനൻ സകല സൽഗുണങ്ങളുടെയും വിളനിലമായിരുന്നു. പുത്രന്റെ അഭിലാഷം അനുസരിച്ചു് ജീമൂതകേതു കുടുംബസമേതം മലയപർവതത്തിൽ പോയി വസിക്കുകയുണ്ടായി. അവിടെ വച്ചു ജീമൂതവാഹനൻ

മലയവതി എന്ന വിദ്യാധരകുമാരിയെ വിവാഹം കഴിച്ചു. രൂപവതിയും ശീലവതിയും ആയ പ്രേയസിയോടൊരുമിച്ച് ആ യുവാവ് ആനന്ദപൂർണ്ണമായി ജീവിതം നയിച്ചുവന്നു.

ഒരു ദിവസം ജീമൂതവാഹനൻ സമീപത്തുള്ള സമുദ്രം കാണുന്നതിനു പുറപ്പെട്ടു. ഏകാകിയായിട്ടായിരുന്ന അദ്ദേഹം സഞ്ചരിച്ചതു്. അന്തിക്കാറുമേറു കൊണ്ടു് ഉന്മേഷഭരിതനായി അദ്ദേഹം കുറേ നേരം കടൽത്തീരത്തു് ഉലാത്തിക്കൊണ്ടിരുന്നു.

സന്ധ്യാരാഗം മങ്ങിത്തുടങ്ങുന്നതു കണ്ടു് ജീമൂതവാഹനൻ വസതിയിലേക്കു തിരിച്ചു. മാർഗ്ഗമദ്ധ്യേ ഒരു വനപ്രദേശത്തു കണ്ട കാഴ്ച അദ്ദേഹത്തെ വിസ്മയസ്തബ്ധനാക്കി. അതു് മലയപർവതത്തിന്റെ സാനുക്കളെ മൂടിക്കിടക്കുന്ന ശുഭ്രമേഘപടലമാണെന്നു് ആയിരുന്നു അദ്ദേഹം വിചാരിച്ചതു്. എന്നാൽ സമീപത്തു ചെന്നപ്പോൾ വേറേ എന്തോ ആയിരിക്കണമെന്നു് അദ്ദേഹത്തിനു തോന്നി. വസ്തുവം മനസ്സിലാക്കുന്നതിനു വേണ്ടി ആ വഴി പോയ ഒരാളെ അടുത്തു വിളിച്ചു ചോദിച്ചു. ആ പഥികൻ ഇങ്ങനെ പറഞ്ഞു:—

"നാഗമാതാവായ കദ്രു സപത്നിയായ വിനതയെ പണ്ടൊരിക്കൽ ചതിച്ചു ദാസിയാക്കി. വിനതയുടെ പുത്രനായ ഗരുഡൻ ഇന്ദ്രനെ തോല്പിച്ചു് അമൃതം കൊണ്ടുവന്നു വിനതയെ മോചിപ്പിച്ചു. എങ്കിലും തന്റെ മാതാവിനു് അവമാനം ഉണ്ടാക്കിയ നാഗങ്ങളുടെ ഉന്മൂലനാശം വരുത്തണമെന്നു ഗരുഡൻ തീർച്ചയാക്കി; അതനുസരിച്ചു് അവയെ ഭക്ഷിച്ചുകൊള്ളുന്നതിനു്

ഇന്ദ്രനിൽനിന്നു വരം വാങ്ങി. അന്നു മുതൽ ഗരുഡൻ പാതാളലോകത്തു ചെന്നു നാഗങ്ങളെ യഥേഷ്ടം ഭക്ഷിച്ചു വന്നു. ഇങ്ങനെയായാൽ വംശവിച്ഛേദം വരുമെന്നു നാഗരാജാവായ വാസുകി ഭയപ്പെട്ടു. ദിവസംതോറും ഓരോ സർപ്പത്തെ ആ വനഭൂമിയിൽ അയച്ചുകൊടുക്കാമെന്നും അതുകൊണ്ടു തൃപ്തിപ്പെടണമെന്നും അയിരുന്നു വാസുകിയുടെ അപേക്ഷ. ഗരുഡൻ അതു സമ്മതിച്ചു. അങ്ങനെ ഭക്ഷ്യമായിത്തീർന്ന സർപ്പങ്ങളുടെ അസ്ഥികളാണു് ആ ക്രൂരാരം."

യാത്രികൻ പിരിഞ്ഞുപോയി. ജീമൂതവാഹനൻ ചിന്താനിമഗ്നനായി. ആത്മത്യാഗം ചെയ്യേണ്ടിവന്നാൽ അന്നേദിവസം ഗരുഡനു് ആഹാരമായി വരുന്ന സർപ്പത്തെ രക്ഷിക്കണമെന്നു് ആ യുവാവു നിശ്ചയിച്ചു.

പെട്ടെന്നു് ഒരു വിലാപം കേട്ടു. അതു് സമീപസ്ഥമായ ഒരു ഗൃഹത്തിൽനിന്നു പുറപ്പെട്ടതായിരുന്നു. ജീമൂതവാഹനൻ വേഗം അങ്ങോട്ടു് ഓടിച്ചെന്നു. ഗരുഡനു് അന്നു് ഇരയായിത്തീരേണ്ടിയിരുന്ന ശംഖചൂഡൻ എന്ന സർപ്പത്തെ വിട്ടുപിരിയാൻ സങ്കടപ്പെടുന്ന മാതാവിന്റെ കരച്ചിലായിരുന്നു ആ ദീനസ്വരം. ജീമൂതവാഹനൻ പറഞ്ഞു:—"അമ്മേ, കരയേണ്ട, ശംഖചൂഡനു പകരം ഞാൻ പോകാം. ഗരുഡന്റെ ഇന്നത്തെ ആഹാരം എന്റെ ശരീരം ആയിക്കൊള്ളട്ടെ."

ആ മാതാവു ധാരധാരയായി അശ്രുവാർത്തതല്ലാതെ ഒരു അക്ഷരം ഉരിയാടിയില്ല. ശംഖചൂഡൻ:—"സഹോദരാ, അങ്ങനെ പറയരുതു്. രാജകല്പന അലംഘ്യമാണു്. അങ്ങയുടെ കാരുണ്യത്തെ ഞാൻ ആദരിക്കുന്നു.

ST. VIRUL ISLAM HIGH SCHOOL
Date.....
ERNAKULAM.

എങ്കിലും എന്റെ കർത്തവ്യം നിറവേറ്റാൻ എന്നെ അനുവദിക്കണം."

ജീമൂതവാഹനൻ വീണ്ടും വീണ്ടും അപേക്ഷിച്ചു. എന്നാൽ ആ അപേക്ഷകളെല്ലാം മരുഭൂമിയിൽ വീണ മഴത്തുള്ളികൾപോലെ ഫലരഹിതമായതേ ഉള്ളൂ.

കുറേ നേരം കഴിഞ്ഞപ്പോൾ നാഗരാജാവിന്റെ ഒരു ഭൃതൻ അവിടെ എത്തി. ഗരുഡന്റെ ഭക്ഷണമായി ചെല്ലുന്നവൻ അണിയേണ്ട ചുവന്ന പട്ട് ആയാൾ ശംഖചൂഡനെ ഏല്പിച്ചു. ആ പട്ട് തനിക്കു തരണമെന്നും അതു ധരിച്ചുകൊണ്ട് താൻ വധശിലയിൽ കയറിക്കിടന്നുകൊള്ളാമെന്നും ജീമൂതവാഹനൻ ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചു. ശംഖചൂഡൻ അപ്പോഴും വിസമ്മതിക്കുകതന്നെ ചെയ്തു. ധർമ്മവ്രതനായ ആ സഖ്യം അന്ത്യമായ സ്വാമി ദർശനത്തിനു സമീപത്തുള്ള ശിവക്ഷേത്രത്തിലേക്ക് പുറപ്പെട്ടു.

ഭഗ്നാശനായ ജീമൂതവാഹനൻ ഭവനത്തിലേക്കു മടങ്ങുമ്പോൾ ഒരു പരിചാരകൻ വരുന്നതു കണ്ടു. വിവാഹത്തിൻശേഷം മൂപ്പതു ദിവസത്തേക്കു വധൂഗൃഹത്തിൽനിന്നു കൊടുക്കപതിവുള്ള വസ്ത്രങ്ങളായിരുന്നു അവൻ വഹിച്ചിരുന്നതു്. അക്കൂട്ടത്തിൽ ഒരു ചുവന്ന പട്ടും ഉണ്ടായിരുന്നു. അതു കണ്ടപ്പോൾ ജീമൂതവാഹനന്നു് എന്തെന്നില്ലാത്ത ആനന്ദമുണ്ടായി. പട്ടു വാങ്ങിയ ഉടൻതന്നെ ജീമൂതവാഹനൻ ഭൃത്യനെ പറഞ്ഞയച്ചു. ശംഖചൂഡനെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്നു തീച്ചയാക്കിയിരുന്ന ആ വിദ്യാധരകുമാരൻ പട്ടു് ഉടുത്തു

കൊണ്ടു ദ്രുതഗതിയിൽ നടന്നുചെന്നു വധശിലയിൽ കയറിക്കിടന്നു.

സമയമായപ്പോൾ ഗരുഡൻ വധശിലയിലേക്കു പറന്നുതുടങ്ങി. ആ പക്ഷിരാജാവിന്റെ ചിറകടികളാൽ മേഘപടലങ്ങൾ ചിന്നിച്ചിതറിപ്പോയി; വൃക്ഷവല്ലരികൾ ഞെരിഞ്ഞുവീണു; പക്ഷിമൃഗാദികൾ ഭയവിഹ്വലരായി വനാന്തരത്തിലേക്കു് ഓടി.

തനിക്കു് ഇരയായി വന്നിട്ടുള്ള സർപ്പം നിശ്ചേഷ്ടമായി കിടക്കുന്നതു കണ്ടപ്പോൾ ഗരുഡനു സംശയം ഉണ്ടാകാതിരുന്നില്ല. ആ ഫണിനികൃഷ്ടകൻ വരുമ്പോൾ, വധശിലയിൽ കിടക്കുന്ന സർപ്പം പേടിച്ചു വിറയ്ക്കുകപതിവായിരുന്നു. എന്നാൽ അന്നത്തെ കാഴ്ച ഗരുഡനെ അത്ഭുതപ്പെടുത്തി. ധൈര്യശാലികളായ സർപ്പങ്ങളും ഉണ്ടാകാമെന്നു് ആ പക്ഷിശ്രേഷ്ഠൻ വിചാരിച്ചു.

ജീമൂതവാഹനനുണ്ടോ കൂടുങ്ങുന്നു? പ്രാണനെ തൃണവൽ ഗണിച്ചു്, സച്ചന്ദനനിദ്രയിൽ മുഴുകിയവനെപ്പോലെ ആ ത്യാഗസമ്പന്നൻ അവിടെ കിടന്നു. ഗരുഡൻ അദ്ദേഹത്തെ കൊത്തിയെടുത്തുകൊണ്ടു മലയശൃംഗത്തിലേക്കു പറന്നു. അപ്പോൾ ജീമൂതവാഹനന്റെ ചൂഡാരത്നം താഴെ വീഴാനിടയായി. അദ്ദേഹത്തിന്റെ വസതിയുടെ മുൻവശത്തായിരുന്നു അതു വീണതു്. ആത്മവല്ലഭന്റെ ചൂഡാരത്നം രക്തപങ്കിലമായി അവിടെ പതിച്ചതു കണ്ടു് മലയവതി ഞെട്ടിപ്പോയി. അതു് ഗരുഡൻ നിഗ്രഹിച്ച ഏതോ സർപ്പത്തിന്റെ വകയായിരിക്കാമെന്നു പറഞ്ഞു് ജീമൂതകേതു ആ നവോഢയെ സാന്ത്വനപ്പെടുത്തി.

NURUL ISLAM HIGH SCHOOL

ശിവക്ഷേത്രത്തിൽ നിന്നു തിരിച്ചുവന്ന ശംഖചൂഡൻ വധശിലയിൽ വളരെ നേരം കിടന്നിട്ടും ശത്രുവിനെ കാണാഞ്ഞതുകൊണ്ട് അദ്ദേഹത്തിനു സംശയം വർദ്ധിച്ചു. തന്നെ ജീമൂതവാഹനൻ വധിച്ചിരിക്കുമെന്നു ഭയമിരുന്ന അദ്ദേഹത്തിന്റെ ഉത്കണ്ഠ നിമിത്തം സൂക്ഷിച്ചു നോക്കിയപ്പോൾ രക്തം നെടുനിളത്തിൽ ഉറഞ്ഞിരുവിണിരിക്കുന്നതു കണ്ടു് അതിനെ പിൻതുടർന്നു നടന്നു തുടങ്ങി. കുറേ ദൂരം ചെന്നപ്പോൾ, പുത്രനെ അന്വേഷിച്ചു വരുന്ന ജീമൂതകേതുവിനെയാണു് കണ്ടതു്. വസ്തുത മനസ്സിലായപ്പോൾ ആ പിതാവിന്റെ ഹൃദയം തകർന്നു പോയി. ദുഃഖനിമഗ്നമായ ആ വിദ്യാധരകുടുംബം അഗ്നിയിൽ ചാടി ശരീരം ത്യജിക്കാൻ സന്നദ്ധമായി. അവരെ തടഞ്ഞുകൊണ്ടു ശംഖചൂഡൻ ഇങ്ങനെ പറഞ്ഞു:—

"ഗരുഡൻ പട്ടു മാറിയിട്ടു ഭക്ഷിക്കാൻ ആരംഭിക്കുമ്പോൾ സുഖമല്ലെന്നു മനസ്സിലാക്കി ജീമൂതവാഹനനെ വിടുമെന്നു നിശ്ചയമാണു്. അതിനിടയിൽ ഈ സാഹസത്തിനു് ഒരുങ്ങരുതു്."

ശംഖചൂഡന്റെ അനുമാനം ശരിയല്ലെങ്കിൽ ചിതാരോഹണമല്ലാതെ ആ കുടുംബത്തിനു ഗത്യന്തരമുണ്ടായിരുന്നില്ല. അതുകൊണ്ടു് മലയാചലത്തിലേക്കു ശംഖചൂഡനെ പറഞ്ഞയച്ചിട്ടു് ജീമൂതകേതു അഗ്നിയുമെടുത്തു് കുടുംബസമേതം അനുഗമിച്ചു.

വിശപ്പു മൂഴത്തിരുന്നതിനാൽ ഗരുഡൻ ജീമൂതവാഹനന്റെ ശരീരംദ്രുതഗതിയിൽ ഭുജിച്ചുകൊണ്ടിരുന്നു. ക്ഷുത്തു് ഏതാണ്ടു് ശമിക്കാറായപ്പോഴാണു് ഭക്ഷ്യത്തെ

സൂക്ഷിച്ചു നോക്കിയതു്. ക്രൂരമായ നഖങ്ങൾ ഉന്നി കറേ നേരം മാംസം കൊത്തിവലിച്ചു തിന്നുകൊണ്ടിരുന്നിട്ടും ഇരയുടെ മുഖത്തു മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത മന്ദഹാസവും പ്രസന്നതയും കളിയാടുന്നുണ്ടായിരുന്നു. പക്ഷിപ്രവരൻ അത്ഭുതാധീനനായി. തന്റെ ഭോജ്യം തെറ്റിപ്പോയെന്നു് അദ്ദേഹത്തിനു തോന്നി. അശനം നിറുത്തിയിട്ടു് അദ്ദേഹം ചോദിച്ചു:—

"താങ്കൾ ആരെന്നു് പറയണം."

ജീ: വാ—വിശപ്പു തീരുന്നതുവരെ ഭക്ഷിച്ചുകൊള്ളണം. ഞാൻ ആരെന്നു് അങ്ങു് അറിയേണ്ട.

ഗരുഡൻ—ആരെന്നു് എനിക്കു് അറിയണം: ആരെന്നറിഞ്ഞാലേ ഇനി ഞാൻ ഭക്ഷിക്കുകയുള്ളൂ.

ജീ: വാ—അങ്ങയുടെ വിശപ്പു ശമിച്ചാൽ മാത്രമേ ഞാൻ ആരെന്നു പറയുകയുള്ളൂ.

ഇങ്ങനെ രണ്ടു പേരും തർക്കിച്ചു് ഇരിപ്പായി.

ഇത്രയുമായപ്പോഴേക്കും ശംഖചൂഡൻ അവിടെ ഓടിയെത്തി ഇങ്ങനെ വിളിച്ചു പറഞ്ഞു:—

"അല്ലയോ പക്ഷിരാജാവേ, അങ്ങേക്കു തെറ്റിപ്പോയി. അതു സപ്പമല്ല, മഹാനായ ജീമൂതവാഹനൻ ആണു്. ഞാനാണു സപ്പം. അദ്ദേഹത്തെ വിട്ടിട്ടു് എന്നെ ഭക്ഷിച്ചുകൊള്ളണം.

സുകൃതിയായ ജീമൂതവാഹനന്റെ ശരീരമാണു് താൻ ഭുജിച്ചതെന്നറിഞ്ഞപ്പോൾ ഗരുഡൻ വിഷണ്ണനായി. പാപനിവാരണത്തിനുവേണ്ടി അദ്ദേഹം ആത്മഹത്യയ്ക്കൊരുങ്ങി. ഉടനെ അകലെനിന്നും ഏതാനും

NIRUL ISLAM HIGH SCHOOL

ആളുകൾ വരുന്നതു കാണാറായി. അവരുടെ കൈയ്യിൽ തീ ഇരിക്കുന്നതു കണ്ടു് ഗരുഡൻ സമാധാനപ്പെട്ടു.

ശംഖചൂഡൻ വൃത്താന്തമെല്ലാം വിസ്തരിച്ചു പറഞ്ഞു ജീമൂതവാഹനന്റെ മാതാപിതാക്കന്മാരും ഭേരിപ്പെട്ടിയും ആണു വരുന്നതെന്നറിഞ്ഞപ്പോൾ ഗരുഡൻ ലജ്ജിച്ചുപോയി. അഗ്നിയിൽ ചാടി ദേഹം ഉപേക്ഷിക്കാമെന്നതന്നെ അദ്ദേഹം നിശ്ചയിച്ചു.

ജീമൂതകേതുവും ക്ഷത്രരും താമസിയാതെ അവിടെ എത്തി. എന്തു ചെയ്യേണ്ടു എന്നറിയാതെ നിന്നിരുന്ന പക്ഷിരാജനെ ജീമൂതവാഹനൻ സമാധാനപ്പെടുത്തി. പിതാവിന്റെ അനുമതിയോടുകൂടി വിദ്യാധരകുമാരൻ അനുതാപം, അഹിംസ, പുണ്യസമ്പാദനം എന്നിവ ഗരുഡനു് ഉപദേശിച്ചുകൊടുത്തു. ഗരുഡൻ യഥാവിധി അവ നിർവ്വഹിക്കുകയും അന്നു ദിവസംമുതൽ സർപ്പാശനത്തിൽനിന്നു വിരമിച്ചിരിക്കുന്നുവെന്നു സത്യം ചെയ്യുകയും ഉണ്ടായി.

ജീമൂതവാഹനന്റെ ശരീരത്തിൽനിന്നു ധാരാളം രക്തം വാർന്നുപോയിരുന്നു. മാംസവും വളരെയൊന്നും ശേഷിച്ചിരുന്നില്ല; ആ ത്യാഗിയുടെ ആത്മാവു് ശരീരപഞ്ജരത്തിൽനിന്നു പറന്നുപോയി. മർമ്മഭേദകമായ ആ കാഴ്ച കണ്ടു് മലയവതിയും ജീമൂതകേതുവും പത്നിയായ മഹാപുണ്യയും മൂർച്ഛിച്ചുവീണു. കുറേ നേരം കഴിഞ്ഞപ്പോൾ ഗരുഡന്റെയും ശംഖചൂഡന്റെയും ശീതോപചാരം നിമിത്തം അവർ മോഹാലസ്യത്തിൽ നിന്നു് ഉണർന്നു. സ്നേഹാർദ്രചിത്തയായ ആ മാതാവു് ഇങ്ങനെ പ്രാർത്ഥിച്ചു:—

"അല്ലയോ ലോകപാലനാരേ, അമൃതം തളിച്ചെങ്കിലും എന്റെ ഓമനപ്പുത്രനെ ജീവിപ്പിക്കേണമേ. അവൻ ഇല്ലാത്ത ഈ ലോകത്തിൽ എങ്ങനെ ഞാൻ ജീവിച്ചിരിക്കും?"

ഇതു കേട്ടപ്പോഴാണു് അമൃതം തനിക്കു് അധീനമല്ലെന്നു വസ്തുത ഗരുഡന്റെ സ്മൃതിപഥത്തിൽ എത്തിയതു്. ഉത്തരക്ഷണത്തിൽ അദ്ദേഹം ദേവലോകത്തേക്കു് പറന്നു.

ജീമൂതകേതുവിന്റെ നിർദ്ദേശം അനുസരിച്ചു് ശംഖചൂഡൻ ചിതയൊരുക്കി. പുത്രശോകാർത്തരായ വൃദ്ധദമ്പതിമാർ ശരീരത്യാഗത്തിനു് ഒരുമ്പെട്ടു. മലയവതിയാകട്ടെ സമചിത്തത കൈവെടിഞ്ഞില്ല "അപൽക്കാലത്തു ഞാൻ നിന്നെ രക്ഷിക്കും" എന്നു ശ്രീപാർവ്വതി പണ്ടു് അരുളിച്ചെയ്തതു് ആ സതീരത്നം ഓർമ്മിച്ചു. അതു് അനുസരിച്ചു ഭഗവതിയെ ധ്യാനിച്ചു തുടങ്ങി.

പെട്ടെന്നു് ഒരു ദിവ്യതേജസ്സു് അവിടെ പ്രസരിച്ചു. കനകമയമായ ഒരു ദിവ്യയാനത്തിൽ ശ്രീപാർവതി വന്നിറങ്ങി. ജീമൂതകേതുവും മഹാപുണ്യയും മലയവതിയും ദേവിയുടെ മുമ്പിൽ സാഷ്ടാംഗനമസ്കാരം ചെയ്തു. പ്രസന്നയായ ദേവി അവരെ പിടിച്ചെഴുന്നേല്പിച്ചിട്ടു് അനുഗ്രഹം നല്കി. ഒരു സ്വർണ്ണകലശത്തിൽ നിന്നും അല്പം അമൃതം എടുത്തു് ആ ദേവിതന്നെ ജീമൂതവാഹനന്റെ ശരീരത്തിൽ തളിച്ചു. സ്വപ്നത്തിൽ നിന്നു് ഉണർന്നതുപോലെ ആ യുവാവു ചാടിയെണീറ്റു് ദേവിയുടെ പാദങ്ങളിൽ നമസ്കരിച്ചു. ആ വിദ്യാധര കുടുംബത്തിന്റെ ഹൃദയത്തിൽ ആനന്ദം നിറഞ്ഞു

ളുമ്പി. അവർ പലവുരു ശ്രീപാർവ്വതിയെ നമസ്കരിച്ചു സ്തുതിച്ചു.



വിശേഷപ്പെട്ട ഒരു ഖഡ്ഗവും ദിവ്യമായ ഒരു അശ്വവും ജീമൂതവാഹനനു സമ്മാനിച്ചിട്ടു ദേവി ഇങ്ങനെ അരുളിച്ചെയ്തു:—"സുകൃതചരിതനായ കുമാരാ, ഇന്നു മുതൽ വിദ്യാധരന്മാരുടെ ചക്രവർത്തിയായി സകല സുഖങ്ങളോടുംകൂടി വാണുകൊൾക."

ജീമൂതവാഹനന്റെ ശത്രുവായിരുന്ന മാഗധൻ ഉടൻ തന്നെ അവിടെയെത്തി താൻ ജീമൂതവാഹനന്റെ സുഹൃത്തനാണെന്നു സമ്മതിച്ചുകൊണ്ടു വിനീതനായി നിന്നു.

ഈ സമയത്തു ദേവലോകത്തു പോയിരുന്ന ഗരുഡൻ ഇന്ദ്രനിൽനിന്നു ലഭിച്ച അമൃതം ഭൂമിയിലേക്കു വർഷിക്കുകയുണ്ടായി. എന്നാൽ അതു വന്നുവീണതു പർവ്വതാകാരത്തിൽ കിടന്നിരുന്ന സർപ്പാസ്ഥികളിൽ ആയിരുന്നു. തൽക്ഷണം തന്നെ അവ ഒന്നൊഴിയാതെ സർപ്പങ്ങളായിത്തീർന്നു.

തിരിച്ചുവന്നപ്പോൾ ഗരുഡൻ കാര്യങ്ങളെല്ലാം മനസ്സിലാക്കി. താൻ കൃതകൃത്യനായെന്നു് അദ്ദേഹം വിചാരിച്ചു. മംഗളാത്മികയായ പാർവതീദേവി എല്ലാവരെയും അനുഗ്രഹിച്ചിട്ടു് അന്തർദ്ധാനം ചെയ്തു.

സന്തോഷപരവശനായ ശംഖചൂഡൻ പാതാളലോകത്തു ചെന്നു് വിശേഷങ്ങൾ ഒന്നൊഴിയാതെ മാതാവിനെ അറിയിച്ചു. സത്യാവസ്ഥ മനസ്സിലായപ്പോൾ സർപ്പങ്ങളുടെ ഭയം നീങ്ങി. ജീമൂതവാഹനന്റെ ത്യാഗമഹിമയെ എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു.

പാഠം ൩

ഗ്രീഷ്മകാലം

ഉഷ്ണതകൊണ്ടു വറ്റിച്ചുമാറ്റുങ്ങു
ഗ്രീഷ്മമായുള്ളോരു കാലം വന്നു.
താപംകൊണ്ടെല്ലാരും വേവുവാൻ കാവിലും
വ്യാപികാതിരുത്തുമായ് തുടങ്ങി.

ആലവട്ടങ്ങൾക്കു ചാലച്ചുഴന്ന നി-
ന്നാലസ്യമായ് വന്ന നാളിൽ നാളിൽ
വാതായനങ്ങൾക്കും പ്രാഭവമുണ്ടായി
സേവകർ മേന്മേലെ ചെയ്കയാലേ.
പാനീയശാലകൾ മാനിച്ച നിന്നതേ
ദിനങ്ങളായ് വന്ന ചാതകങ്ങൾ.
ഉന്മേഷം പൂണ്ടൊരു നെന്മേനിപ്പൂവിലെ
നന്മണമെങ്ങും പരത്തി മേന്മേൽ
മന്ദിരം തോറും നടന്നുതുടങ്ങിനാൻ
മന്ദസമീരണനന്നുതിനേരം.
ഇച്ഛ തിരണ്ടുള്ള മച്ചകമെല്ലാമേ
കാച്ചുതുടങ്ങീതു പിന്നൊപ്പിന്നെ.
പച്ചോടമെന്ന പറഞ്ഞു തുടങ്ങുമ്പോൾ
ഉൾച്ചൂട് താനേയെഴുന്നുക്രൂരം.
ആഹാരമായതിക്കാലത്തിന്നോക്കുമ്പോൾ
നീഹാരമെന്നിങ്ങു വന്നുക്രൂരം.
നീഹാരമിന്നിന്ന കാണ്മതില്ലേതുമേ
ആഹാരം ക്രൂരതയാരുമില്ലേ.
ശീതമായുള്ളോരു മാനിനം കേസരി-
പ്പോതമായ്മേവുമക്കാലം തന്നെ
മാധവൻതന്നോടു ക്രൂരിക്കലർന്നോക്കു
മാധവമാസമെന്നെന്നു തോന്നി.
കോലക്കുഴലുമായ് ലീലകൾ കോലുന്ന
ബാലകന്മാരുമായ്ക്കാലിപിമ്പേ.
കാനനം തന്നിൽ ക്കളിച്ചു തുടങ്ങിനാൻ
കാതിൽ കലന്നൊരു കാവ്യൻ താൻ.

പാഠം ൪

മനുഷ്യരും മൃഗങ്ങളും

(ഒന്നാം ഭാഗം)


മനുഷ്യന്റെ പുരോഗതിക്കു മൃഗങ്ങൾ വളരെ സഹായിച്ചിട്ടുണ്ട്. മനുഷ്യനു സ്വയംനിർവഹിക്കാൻ സാധിക്കാത്ത പല പണികളും എത്രയോ സഹസ്രാബ്ദങ്ങളായി മൃഗങ്ങളെക്കൊണ്ടാണു ചെയ്യിച്ചുവരുന്നതു്. ജലം, വായു, നീരാവി, വിദ്യുച്ഛക്തി മുതലായ ശക്തികളെ നിയന്ത്രിച്ചു് അവയെക്കൊണ്ടു പ്രവർത്തിപ്പിക്കുന്ന പല യന്ത്രങ്ങൾ ഇന്നു നമുക്കു സിദ്ധിച്ചിട്ടുണ്ടു്. ഭാരം വലിക്കുക, തോട്ടകൾ കുഴിക്കുക, നിലം ഉഴുക മുതലായ പല കായ്ക്കങ്ങൾ വളരെ വേഗത്തിലും, ചെലവും പ്രയത്നവും തുലോം കുറഞ്ഞ രീതിയിലും ഈ യന്ത്രങ്ങൾകൊണ്ടു നാം സാധിക്കുന്നു. എന്നാൽ എത്രയോ ഉന്നതമായ ഒരു പരിഷ്കാരപദ്ധതിയിൽ എത്തിക്കഴിഞ്ഞശേഷമാണു് മേൽപറഞ്ഞ പ്രകൃതിശക്തികളെ നമ്മുടെ ആവശ്യത്തിനു് അനുസരണമായി നിയന്ത്രിക്കാൻ നാം പഠിച്ചതു്. ആ നിലയിൽ എത്തിച്ചേരുവാൻ നമ്മെ ഏറ്റവും സഹായിച്ചിട്ടുള്ളതു മൃഗജാതികളാണു്. ഇന്നും അവ നമുക്കു പല പ്രകാരത്തിൽ ഉപകരിച്ചുവരുന്നു.

ജീവധാരണത്തിനു് അത്യാവശ്യമായ ആഹാരമായിട്ടു മാത്രമല്ല മനുഷ്യർ മൃഗങ്ങളെ കരുതിയിരുന്നതു്. അവയെ മറ്റു പ്രകാരത്തിലും ഉപയോഗിക്കാമെന്നുള്ള ബുദ്ധി മനുഷ്യർക്കു് ഉണ്ടായതു വളരെക്കാലം കഴിഞ്ഞ

ശേഷമാണ്. അതു കേവലം യാദൃച്ഛിക സംഭവം അയിരുന്നിരിക്കാം.

മനുഷ്യനോടു് ആദ്യമായി ഇണങ്ങിയ മൃഗം ശ്വാവാണു്. ശ്വാവു് പൂർവ്വാവസ്ഥയിൽ കൃഷ്ണനായിരുന്നു എന്നു ചിലർ അഭിപ്രായപ്പെടുന്നു. ആദികാലത്തു മനുഷ്യർ പാർപ്പിടങ്ങൾക്കു ചുറ്റും എറിഞ്ഞുകളഞ്ഞ മാംസാദികളുടെ ഉച്ഛിഷ്ടങ്ങൾ തിന്നാൻ കൂട്ടമായി കൃഷ്ണന്മാർ എത്തിയിരിക്കാം. വിനോദത്തിനുവേണ്ടി കൂട്ടിക്കൃഷ്ണന്മാരെ പിടിക്കുകയോ തീറ്റിപ്പോറ്റിവന്നുവെന്നും, കാലക്രമേണ ഏതാനും ചില കൃഷ്ണന്മാരെ ഇണക്കുവാൻ മനുഷ്യനു സാധിച്ചു എന്നും ഊഹിക്കാവുന്നതാണു്. ഗന്ധംകൊണ്ടു മൃഗങ്ങളുടെ വാസസ്ഥലങ്ങൾ കണ്ടുപിടിക്കാനുള്ള സാമർത്ഥ്യം ഈ ജന്തുക്കൾക്കു് എത്രയോ കൂടുതൽ ഉണ്ടെന്നു മനസ്സിലായപ്പോൾ മനുഷ്യർ ഇവയെക്കൂടി വേട്ടയ്ക്കു കൊണ്ടുപോവുക പതിവായിത്തീർന്നിരിക്കാം. ഇതു് ആയിരിക്കണം മനുഷ്യർ മൃഗജാതിയെക്കൊണ്ടു് ആദ്യമായി നേടിയ പ്രയോജനം. മൃഗങ്ങൾക്കു പൊതുവേ അഗ്നി ഭയഹേതുവായിരിക്കെ ശ്വാവിനു മാത്രം അങ്ങനെയല്ല എന്നുള്ള വസ്തുതയും ശ്വാവും മനുഷ്യനുമായുള്ള ദീർഘപരിചയത്തെ വ്യക്തമാക്കുന്നു. വൻകാടുകൾക്കു നടുവിൽ കത്തിക്കാളുന്ന തീയ്ക്കു് അരികിലായി ഒരു മനുഷ്യനും അവന്റെ പട്ടിയുംകൂടി വിശ്രമിക്കുന്ന കാഴ്ച ലോകരംഗത്തിൽ പ്രത്യക്ഷപ്പെട്ടിട്ടു് വളരെക്കാലമായിട്ടുണ്ടു്. മനുഷ്യന്റെ ഗാനം, ശബ്ദം, മുഖത്തെ ഭാവഭേദങ്ങൾ എന്നല്ല വാക്കുകൾ പോലും സൂക്ഷ്മമായി മനസ്സിലാക്കാനും മനുഷ്യനു ഗാഢമായി സ്നേഹിക്കാനും ശ്വാവിനെപ്പോലെ വേറൊരു ജന്തുവിനു സാധിക്കുന്നില്ല.

പിന്നീട് മൻഷ്യക്ക് വശപ്പെട്ട ജന്തു പൂച്ചയാണു്. പൂച്ചക്കുട്ടികളെയും ആദ്യം വിനോദത്തിനു വേണ്ടി പിടിച്ചു വളത്തി ഇണക്കിയതായിരിക്കണം. ധാന്യങ്ങളെ രക്ഷിക്കുന്നതിനും ക്ഷുദ്രജന്തുക്കളുടെ ഉപദ്രവം



തടയുന്നതിനും പൂച്ച ഉപയോഗപ്പെടുമെന്നു കണ്ടപ്പോൾ അതുമായുള്ള ബന്ധം സുദൃഢമായിത്തീർന്നു. വീട്ടുപൂച്ചയുടെ പൂർവ്വഗാമിയായി ഒരു കാട്ടുജന്തുവർഗ്ഗം ഉണ്ടായിരി


രുന്നിരിക്കണമെന്നും, അതു് ഇപ്പോൾ നിശ്ശ്വേഷംനശിച്ചിരിക്കണമെന്നും ജന്തുശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. വേട്ടക്കാരനായ പുരുഷൻ പട്ടിയെയും, വിട്ടുകാരിയായ സ്ത്രീ പൂച്ചയെയും ഇണക്കി ഉപയോഗത്തിൽ കൊണ്ടുവന്നിട്ടുള്ളതാണെന്നു കരുതുന്നതിനുള്ള യുക്തി സ്പഷ്ടമാണു്.

പല്ലു ധാരാളം വളരുന്ന വിശാലങ്ങളായ മൈതാനങ്ങളിലാണു കുതിരകൾ അധികമുള്ളതു്. കുതിരകളെയും ആദ്യമായി മനുഷ്യർ മറ്റു മൃഗങ്ങളെ എന്നപോലെ കൊന്നുതിന്നുകയായിരുന്നു ചെയ്തതു്. എന്നാൽ കുതിരയെ പഴക്കി വശപ്പെടുത്തിയാൽ അതിന്മേൽ കയറി സഞ്ചരിച്ചു് എത്ര വേഗമുള്ള ജന്തുവിനെയും വേട്ടയാടാനും, ഏതു് ആപത്തിൽനിന്നും ഓടി രക്ഷപ്പെടാനും സാധിക്കുമെന്നു കണ്ടപ്പോൾ പട്ടിയെ എന്നപോലെ കുതിരയെയും പഴക്കിത്തുടങ്ങി. പിൻകാലങ്ങളിൽ കുതിരയുടെ മാംസം ഭക്ഷിക്കാൻ പാടില്ലെന്നു വരുന്നതു് ആ മൃഗത്തെക്കൊണ്ടുള്ള പ്രയോജനം ഓർത്തായിരിക്കണം.

വേട്ടയ്ക്കു സഹായിക്കാൻ പുരുഷന്മാർ കുതിരയെ ബന്ധുവാക്കിയ സമയം തന്നെ സ്ത്രീകൾ ഗൃഹത്തിലെ ഉപയോഗത്തിനുവേണ്ടി ആടു്, മാടു് മുതലായവയെയും വളർത്തിത്തുടങ്ങി. ഭക്ഷണത്തിനുവേണ്ടി മാംസംകൂടാതെ പാൽ, തോൽ, രോമം മുതലായവകൂടി ലഭിക്കുമെന്നു കണ്ടിട്ടാണു് അവർ അങ്ങനെ ചെയ്തതു്.

ആടുമാടുകൾ മനുഷ്യനു സ്വാധീനമായിത്തീർന്ന ഘട്ടം അതിപ്രധാനമായി കരുതേണ്ടതാണു്. പരിശൂരം യഥാർത്ഥമായി ആരംഭിക്കുന്നതു് അപ്പോഴാണു്.

അതിനു മുൻപു്, ഇരതേടി നടക്കുന്ന ജന്തുക്കളെ ഒരു നിമിഷംപോലും വേറിടാതെ പിൻതുടരുന്ന രണ്ടു തരം മൃഗങ്ങൾക്കു മനുഷ്യൻ വിധേയനായിരുന്നു. ഏതു നിമിഷത്തിലും താൻതന്നെ മറ്റു ജന്തുക്കൾക്കു് ഇര യായേക്കാം എന്ന ഭയം ഒന്നു്, തനിക്കു് ഇര കിട്ടാതെ പട്ടിണി കിടന്നു ചാകാൻ ഇടവന്നേക്കാമെന്ന ഭയം



രണ്ടാമത്തേതു്. കന്നകാലികളെ പറമ്പായി പിടിച്ചു കൊണ്ടുവന്നു വളത്തിനുതുടങ്ങിയതു മുതൽ പട്ടിണിയെപ്പറ്റിയുള്ള ഭയത്തിനു കുറവു് ഉണ്ടായി. പാർപ്പിടം ആക്രമണത്തിൽനിന്നു രക്ഷിക്കേണ്ട ചുമതല വന്നുകൂടിയെങ്കിലും, വന്യമൃഗങ്ങളുടെ മുമ്പിൽ താനേ ചെന്നു ചാടേണ്ട ആവശ്യം മുമ്പിലത്തെപ്പോലെ അവനു നേരിട്ടുമില്ല. ഇതിന്റെ ഫലമായി വിശ്രമം ലഭിച്ചു. അന്നു മുതൽ അവൻ ചിന്തിക്കാൻ തുടങ്ങി. തന്റെ പറ

ങ്ങൾക്കു പുല്ലും വെള്ളവും ധാരാളമായി നല്കുന്ന കാര്യം, മഴ മുതലായ പ്രകൃതിവിലാസങ്ങൾ മനസ്സിൽ പതിഞ്ഞു ഏതോ ഒരു ഈശ്വരനേയും അവനു സങ്കല്പിക്കാൻ കഴിഞ്ഞു. ദുഷ്ടമൃഗങ്ങളെ യെപ്പേടുത്താനും, ഇരയെ ആകർഷിക്കാനും, കൂട്ടുകാരെ മനസ്സിലാക്കാനുള്ള ഹുംകാരങ്ങളും ക്രൂരവിളികളും മറന്നു അവൻ ദേവന്മാരെ വാഴ്ത്തിപ്പാടാനും വേണ്ടുവോളം മുതലായവകൊണ്ടു മധുരങ്ങളായ സ്വരങ്ങൾ പുറപ്പെടുവിച്ചു ആനന്ദിക്കാനും പഠിച്ചു. ആധുനികപരിഷ്കാരത്തിന്റെ പടിവാതലിനു പുറത്തു നിന്നുകൊണ്ടു ഉള്ളിലേക്കു് അവൻ ഇങ്ങനെയാണു് എത്തിനോക്കിത്തുടങ്ങിയതു്.


പാഠം ൩.

മനുഷ്യരും മൃഗങ്ങളും

(രണ്ടാം ഭാഗം)

കാളയെക്കൊണ്ടു് ഒരു ആയാസമായ പ്രയോഗം ഈ ഘട്ടത്തിൽ കണ്ടുപിടിച്ചു. വേട്ടയാടാനുള്ള ഉടുപ്പുകൾ മുതലായി പല പണ്ടങ്ങളും അവൻ ഉണ്ടാക്കി സംഭരിച്ചു. അവയെ ഒരു ദിക്കിൽനിന്നും മറെറാരു ദിക്കിലേക്കു മാറേണ്ട ആവശ്യം അപ്പോൾ വന്നുചേർന്നു. എന്തെന്നാൽ വേട്ടയിൽ മൃഗങ്ങൾ കിട്ടാതെവരികയോ കന്നുകാലികൾക്കു ജലവും മേയാനുള്ള സ്ഥലവും കുറഞ്ഞു പോകയോ ചെയ്യുമ്പോൾ പല കാട്ടും മേട്ടും കടന്നു വളരെ വഴി നടന്നു് സകലകാര്യങ്ങളും തികഞ്ഞ

ഒരു പുതിയ സ്ഥലത്തു് എത്തണം. യാത്രയിൽ ചുമട്ടുകൾ വഹിക്കാൻ കാളയെ ഉപയോഗപ്പെടുത്തി. ഇത്തരത്തിലുള്ള ഉപയോഗം ഇന്നും നടന്നു പോരുന്നു. ചില സ്ഥലങ്ങളിൽ കുതിരകളെക്കൊണ്ടുഭാരങ്ങൾ വഹിപ്പിക്കയും വണ്ടികൾ വലിപ്പിക്കയും ചെയ്യാറുണ്ടു്.




മിക്കരാജ്യങ്ങളിലും കഴുത ഭാരം വലിക്കാൻ ഉപകരിക്കുന്ന ഒരു മൃഗമാണു്. കുതിരകൾക്കും കാളകൾക്കും വേണ്ടുന്നിടത്തോളം പുല്ലുംമറ്റും സുലഭമല്ലാത്ത സ്ഥലങ്ങളിലും കഴുതയെ വളർത്താൻ സാധിച്ചു എന്നു വരാം. എന്നു മാത്രമല്ല, ഭാരവും ചുമന്നുകൊണ്ടു പാറകൾ നിറഞ്ഞ കുന്നുകൾ കയറാനും ഇറങ്ങാനും മറ്റേ കഴുതകൾക്കേ സാധിക്കയുള്ളു.

ഹിമാലയപർവ്വതത്തിന്റെ ചില ഭാഗങ്ങളിൽ ഒരു തരം ആടുകളാണു് ഇതിലേക്കു് ഉപകരിക്കുന്നതു്. എപ്പോഴും മഞ്ഞു് പുറത്തുകിടക്കുന്ന അലാസ്കാ മുതലായ രാജ്യങ്ങളിൽ ഉരുളില്ലാതെ മഞ്ഞുകട്ടിയിൽ വേഗത്തിൽ

വഴുതി ഓടുന്ന ഒരു തരം വണ്ടികൾ ഉണ്ട്. അവയെ വലിക്കുന്നതു് ഒരു തരം പട്ടികളാണു്. ലാപ്‌ലൻഡ് ദേശത്തു് ഒരു വക കുടമാനിനെക്കൊണ്ടാണു് ഈ ജോലി ചെയ്യിക്കുന്നതു്. ആഹാരത്തിനു് അതിന്റെ ഇറച്ചിയും വസ്ത്രത്തിനു് അതിന്റെ തോലും ഇല്ലാതിരുന്നു എങ്കിൽ ലാപ്‌ലൻഡുകാക്കു് ജീവിതം തന്നെ അസാദ്ധ്യമാകുമായിരുന്നു.


എല്ലായ്പോഴും മഞ്ഞുമൂടി സഹിക്കാൻ പാടില്ലാത്ത തണുപ്പുള്ള ലാപ്‌ലൻഡു ദേശംപോലെ വെയിൽ കൊണ്ടു പൊരിയുന്ന സഹാറാ മുതലായ മരുപ്രദേശങ്ങളും ഭൂമിയിൽ ഉണ്ടു്. അവിടെ താമസിക്കുന്നവർ ഒട്ടകത്തെ



ശരണം പ്രാപിക്കുന്നു. മണൽക്കാടുകളിൽ നിത്യസഞ്ചാരം ചെയ്യേണ്ട ഒരു ജന്തുവിനു ആവശ്യമുള്ള സകല സൗകര്യങ്ങളും അതിനു പ്രകൃത്യാ സിദ്ധിച്ചിട്ടുണ്ടു്. അവയുടെ നീണ്ട പാദങ്ങൾ മണലിൽ താണുപോകാത്ത

ഉള്ളിടകളോട് ക്രൂടിയവയാണ്. ചുഴലികാറുകൾ വീശുമ്പോൾ എങ്ങും ഉറക്കോടെ പാക്കുന്ന മണൽത്തരികൾ ഉള്ളിൽ കയറി അസഹ്യപ്പെടുത്താതിരിക്കത്തക്ക വിധത്തിൽ മൂക്കു നല്ലപോലെ അടച്ചു കൊള്ളാനും എത്രനാൾ ദിവസത്തേക്ക് ആവശ്യമുള്ള വെള്ളം ആമാശയത്തിൽ സംഭരിച്ചുവയ്ക്കാനും വേണ്ട സൗകര്യം ഒട്ടകത്തിനു് ഉണ്ട്. ദാഹംകൊണ്ടു വലഞ്ഞു പഥികന്മാർ ഒട്ടകങ്ങളെ കൊന്നു് അവയുടെ ഉള്ളിൽനിന്നു വെള്ളം എടുത്തു കുടിച്ചിട്ടുള്ളതായി കേൾവിയുണ്ടു്.

ഉഷ്ണമേഖലയിലെ വൻകാടുകളിൽ ധാരാളമായി കാണാവുന്ന ഒരു മൃഗമാണു് ആന. ഇത്ര ശക്തിയും ബുദ്ധിയും ഭാരം വഹിക്കാൻ ത്രാണിയും ഉള്ള വേറൊരു മൃഗ



വുമില്ല. നല്ലപോലെ പഴകിയ ആനകൾ ചെയ്യുന്ന പ്രവൃത്തികൾ കണ്ടാൽ നമുക്ക് അത്ഭുതം തോന്നും.

വേട്ടയെക്കാൾ കന്നുകാലി വളർത്തൽ എന്ന പോലെ, കന്നുകാലിവളർത്തലിനെക്കാൾ കൃഷിയാണു മനുഷ്യർക്ക് ഉപജീവനവിഷയത്തിൽ അധികം ഉറപ്പു നല്കുന്നതു്. അലച്ചിൽ വിട്ട് - സ്ഥിരവാസം ലഭിക്കുക നിമിത്തം കൃഷിക്കാർക്ക് പരിഷ്കാരവർദ്ധനയ്ക്കു സൗകര്യം ഉണ്ടാകുന്നു. കാള, കുതിര, പോത്തു് എന്ന മൃഗങ്ങളുടെ സഹായം കൃഷിക്കു് അപരിത്യാജ്യവുമാണല്ലോ.

മനുഷ്യന്റെ പുരോഗതിയിൽ അടുത്ത പടിയായി പറയേണ്ടതു വാണിജ്യത്തെപ്പറ്റിയാണു്. ജന്തുക്കളെ ഉപയോഗപ്പെടുത്തിയിരുന്നില്ലെങ്കിൽ വാണിജ്യം വർദ്ധിക്കയില്ലായിരുന്നു. പല വിദൂരദേശങ്ങൾ തമ്മിലും വാണിജ്യം നിർവഹിച്ചപോന്നതു മൃഗങ്ങളെ ഉപയോഗിച്ചു് ആയിരുന്നു. ആഫ്രിക്ക, യൂറോപ്പു എന്നീ ഭൂഖണ്ഡങ്ങളിൽനിന്നു പേഷ്യയിലേക്കും, പേഷ്യയിൽനിന്നു കാബൂൾ കാൻഡഹാർവഴി ഇൻഡ്യയിലേക്കും നീണ്ടുകിടക്കുന്ന വാണിജ്യപഥത്തെ സുഗമമാക്കിയിട്ടുള്ളതു് ഏതുയോ ലക്ഷം ഒട്ടകങ്ങളുടെയും കുതിരകളുടെയും കഴുതകളുടെയും കളേബരങ്ങളാണു്.

ഇന്നിയും മൃഗങ്ങളോടുള്ള മനുഷ്യരുടെ പെരുമാറ്റത്തെപ്പറ്റി അല്പം ചിന്തിക്കാം. മനുഷ്യൻ കാലക്രമത്തിൽ മനഃപരിഷ്കാരം വർദ്ധിച്ചതുതന്നെയാണു വരുന്നതു് എന്നു സംശയം കൂടാതെ പറയാം. എന്നാൽ പലതരം പ്രകൃതിശക്തികളെക്കൊണ്ടുള്ള ഉപയോഗങ്ങൾ അവൻ

കണ്ടുപിടിച്ചതുകൊണ്ടല്ല അപ്രകാരം അഭിമാനിക്കാവുന്നതു. പല സ്ഥലങ്ങളിലും നടപ്പിലിരുന്ന കോഴിപ്പോര്, കാളപ്പോര്, പ്രാപ്പോര്, ആട്ടമാട്ടകരുതി എന്നിവയിൽ നമുക്കു വെറുപ്പു തോന്നിവന്നതാണു നമ്മുടെ മനഃപരിഷ്കാരത്തിനു ഉത്തമലക്ഷ്യം. ഇപ്പോഴും മത്സ്യമാംസങ്ങൾ നമ്മിൽ പലരും ഉപയോഗിച്ചുപോരുന്നുണ്ടു്. ജന്തുക്കളെക്കൊണ്ടു വാഹനങ്ങൾ വലിപ്പിച്ചുപോരുന്നുണ്ടു്. എന്നാൽ കാര്യമില്ലാതെ അവയെ വേദനിപ്പിക്കരുതെന്നു ബുദ്ധി നമുക്കു ഉണ്ടു്. കഴിയുന്നത്ര സുഖവും വിശ്രമവും അവയ്ക്കു നല്കുവാനും നാം ശ്രമിക്കുന്നു. മൃഗപരിപാലനസംഘങ്ങൾ പല സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുണ്ടു്. പുതിയ യന്ത്രങ്ങൾ മുഖേന നമുക്കു കിട്ടിയിട്ടുള്ള സംഹാരശക്തി പ്രയോഗിച്ചു വന്യമൃഗങ്ങളെ കൊന്നൊടുക്കാതെയിരിക്കാൻ നാം കരുതലുകൾ ചെയ്തിരിക്കുന്നു. ആദ്യം മുതൽ നമ്മുടെ പരിഷ്കാരാഭിവൃദ്ധിക്കു് അത്യന്തം ഉപകരിച്ചിട്ടുള്ള ഈ എളിയ സഹോദരങ്ങളോടു ദയാപൂർവം പെരുമാറേണ്ടതു നമ്മുടെ ധർമ്മമാണെന്നു നാം ഒരിക്കലും മറന്നുപോകരുതു്.

പാഠം ൧൨

കണ്വാശ്രമം

പൂത്ത വൃക്ഷം കലർന്നിട്ടും
പാഴ്പുല്ലു നിരന്നുമേ
പരന്നും സരസം പക്ഷി-
വിരുതങ്ങളിയന്നുമേ.

കയിൽനാദം പരന്നിട്ടും
തടില്ലിരുട്ടകാരമാൻമേ
നാനാശോഭാനിഴലെഴും
നാനാവൃക്ഷം നിരന്തരമേ.

വണ്ടിനങ്ങൾ മുരണ്ടേറാം
കൊണ്ടോട്ടം ഭംഗിയാണ്ടുമേ
പൂക്കാത്തവൃക്ഷമങ്ങില്ല
കായ്ക്കാത്തവയുമങ്ങനെ.

മുള്ളില്ലാവയുമേ ഭൃംഗ-
മില്ലാതകണ്ടുമാവണ്ണം
പക്ഷിനാദം കലർന്നോരാ
പുഷ്പങ്ങൾ വികസിച്ചഹോ

സർവ്വർത്തുപുഷ്പവൃക്ഷങ്ങൾ
പൊവ്വോടു നിഴലാന്നതായ്
ഭംഗിയേറും രമ്യവന-
മങ്ങുകോടി നരാധിപൻ.

ആ വനം കണ്ടു കയറീ-
ട്ടവൻ ഇഷ്ടദിജാകുലം
അഴകുള്ളാശ്രമം കണ്ടു
വഴിയേ നരനായകൻ.

അനേകാ മാമരം പൂണ്ടു-
മനലൻ പ്രജ്വലിച്ചുമേ
പുണ്യാശ്രമം നൃപൻ കണ്ടു
ധന്യൻ നന്ദിച്ചിതാവും

ഗതിശ്രാന്തം ബാലഖില്യ-
രതിലുണ്ടു മുനീശ്വരം

പുഷ്പാഭ്യന കഴിച്ചു ള്ളോ-
രഗ്നിശാലകളുണ്ടതിൽ.

പുണ്യശ്ലോകാംബുവൊഴുകും
മാലിനീനദി ചൂഴവേ
മണൽപ്പുറങ്ങളെങ്ങുമുണ്ടു
മനോജ്ഞതരമാസ്ഥലം.

നാനാ പക്ഷികളുള്ളോരാ
നദി ചേരും തപോവനേ
അതിൽ വാഴും വ്യാളമൃഗ-
തതി കണ്ടു സുഖിപ്പാൻ തദാ.

അതിശ്രീയുള്ള തേരാളി
മതിമാനായ മന്നവൻ
ദേവലോകാഭമായുള്ളോ-
രാസ്ഥലത്തിൽ കരേറിനാൻ.

നന്മയിൽ ജീവജാലങ്ങൾ-
ക്കമ്മപോലെ കണക്കിനേ
കണ്ടാനന്ദാശ്രുമം ചുറ്റി-
പ്പുണ്യയാം നദി പോവതും.

ചക്രാഹ്വ പക്ഷിനാം ചേൽമാ
തരയായ് പൂവൊലിച്ചുമേ
കിന്നരാവലി സേവിച്ചും
കീശർക്ഷങ്ങൾ കുടിച്ചുമേ.

സ്വാധ്യായശബ്ദം കേൾക്കുന്ന
കരപ്പുറമിയന്നുമേ
ആനയും പുലിയും പാമ്പും
സേവിപ്പോന്നാകുമാ നദി.

അതിൻവക്കിൽ കാശ്യപനാം
ഭഗവാൻമുനിതന്നുടെ
മഹർഷിശ്രേഷ്ഠൻ വാണിടു-
മാശ്രമം കണ്ടു മന്നവൻ.

ആശ്രമത്തെച്ചുഴന്നാരു-
മാശ്രമത്തെയുമാ നൃപൻ
കണ്ടിട്ടതിൽ പ്രവേശിച്ചു-
കൊണ്ടിടാൻ കരുതിടിനാൻ.

ഉരുത്തെഴും മാലിനിയാം
പുഴയാലേ മനോഹരം
നരനാരായണസ്ഥാനം
ഗംഗയാലെന്നവണ്ണമേ.

മഹാഭാരതം തഞ്ജീര കഞ്ഞിക്കുട്ടൻ തമ്പുരാൻ

പാഠം ൭

പിതൃകാരുണ്യം

ഒരു പ്രഭുവിനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അച്ഛനു അവരെ അത്യധികം സ്നേഹിച്ചിരുന്നു.

മൂത്തമകൻ പിതാവിന്റെ ആജ്ഞ അനുസരിച്ചു ജീവിച്ചുവന്നു. എന്നാൽ ഇളയവൻ അത്തരക്കാരനായിരുന്നില്ല. സ്വാതന്ത്ര്യമില്ലാത്ത ജീവിതം, അച്ഛന്റെ ശാസന, കഠിനമായ ശിക്ഷ ഇവ അവനെ അലട്ടി. അവിടെനിന്നു കടക്കണമെന്നായി അവന്റെ വിചാരം. ദൂരദേശങ്ങളിൽ പോയാൽ വളരെ ധനം സമ്പാദിക്കാമെന്നും, അവിടെ പലവിധത്തിലുള്ള സുഖസൗകര്യങ്ങൾ ഉണ്ടായിരിക്കുമെന്നും പലരും പറഞ്ഞു് അവൻ കേട്ടി

ന്നു. സ്വാതന്ത്ര്യംകൊണ്ടു് ഉണ്ടാകാവുന്ന ആനന്ദത്തെക്കുറിച്ചു് അവൻ സ്വപ്നം കണ്ടു. എത്രയും വേഗം വീട്ടിൽ പോകണമെന്നു് അവൻ തീർച്ചയാക്കി.

ഒരു ദിവസം വൈകിട്ടു് പിതാവു പാടത്തുനിന്നും തിരിച്ചെത്തി. സന്ധ്യയുടെ പ്രാർത്ഥന കഴിഞ്ഞപ്പോൾ ഇളയപുത്രൻ ധൈര്യമവലംബിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു — "അച്ഛാ! അവിടത്തേക്കു വാർദ്ധക്യമായല്ലോ. ഇനി ഗൃഹകാര്യങ്ങൾ അന്വേഷിക്കാൻ മഴയത്തും വെയിലത്തും നടന്നു ബുദ്ധിമുട്ടുന്നതു ശരിയല്ല. ഞങ്ങൾ ഇപ്പോൾ കൊച്ചുകുട്ടികളല്ലല്ലോ. അവിടത്തെ സ്വത്തിൽ എനിക്കുള്ള പങ്കു തന്നാൽ എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം." ലോകപരിചയം സിദ്ധിച്ചിട്ടില്ലാത്ത മക്കൾക്കു് അപ്പോൾ ഓഹരി വേർതിരിച്ചു കൊടുക്കുന്നതിൽ വൃദ്ധനു വൈമനസ്യം ഉണ്ടായിരുന്നു. എങ്കിലും ഇളയപുത്രന്റെ നിർബന്ധംകൊണ്ടു് അദ്ദേഹം അതിനു വഴിപ്പെട്ടു. മക്കൾക്കു രണ്ടുപേർക്കും സ്വത്തു ഭാഗിച്ചുകൊടുത്തു. സ്വത്തു കൈയ്യിലായപ്പോൾ ഇളയപുത്രനു വല്ലാതെ അഹങ്കാരം ഉണ്ടായി.

രണ്ടു മൂന്നു ദിവസംകൊണ്ടു് ഇളയമകൻ ഭ്രസ്വത്തും പണ്ടങ്ങളുമെല്ലാം വിറ്റു പണമാക്കി ദൂരദേശത്തേക്കു തിരിച്ചു. കുറേ ദിവസത്തേക്കു് വലിയ ക്ലേശമൊന്നും വഴിയിൽ ഉണ്ടായില്ല. എന്നാൽ യാത്രയുടെ വൈഷമ്യം ക്രമേണ വർദ്ധിച്ചുവന്നു. വല്ല തസ്കരന്മാരും പണമെല്ലാം അപഹരിച്ചേക്കുമോ എന്ന ഭയം ക്രമേണ അവനെ അലട്ടിക്കൊണ്ടിരുന്നു. എങ്കിലും മൃഗതൃഷ്ണയുടെ പിന്നാലേ മണ്ടുന്ന മാനിനെപ്പോലെ, അവൻ ഒടുവിൽ ഒരു വലിയ പട്ടണത്തിൽ ചെന്നുചേർന്നു.

പട്ടണത്തിലെ കാഴ്ചകൾ ആ യുവാവിനെ വിസ്മയിപ്പിച്ചു. എത്ര ആഡംബരപൂർണ്ണമായ ജീവിതം! ഗ്രാമം വിട്ട് ഓടിപ്പോകുന്നതു തന്നെ ഭാഗ്യമായി എന്ന് അവൻ വിചാരിച്ചു. അതുമിതും കണ്ടും വിനോദങ്ങളിൽ ഏർപ്പെട്ടും അവൻ പട്ടണത്തിലെ സുഖങ്ങളിൽ മുഴുകി. പല യുവരസികന്മാരും അവനോട് അടുത്തുകൂടി. ആനന്ദിക്കാൻ മാത്രമാണ് ജീവിതം എന്ന് അവർ ഉപദേശിച്ചു. മധുരവാക്കുകൊണ്ട് അവനെ നിഷ്പ്രയാസം വശീകരിക്കാൻ അവർക്കു കഴിഞ്ഞു. ഉല്ലസിക്കാനുള്ള നൂതനമാർഗ്ഗങ്ങൾ അവൻ അന്വേഷിച്ചു. കൈവശമുണ്ടായിരുന്ന പണമെല്ലാം ചോർന്നുപോയതു് അവൻ അറിഞ്ഞില്ല. ഒരു കാശുപോലും ബാക്കിയില്ലെന്നു വന്നപ്പോഴാണ് കണ്ണു തുറന്നതു്. പക്ഷേ, അപ്പോൾ എന്തു പ്രയോജനം? ഒരു നേരത്തെ ഭക്ഷണത്തിനുപോലും വഴികാണാതെ അവൻ കുഴങ്ങി. ആത്മസ്ഥൈര്യമെന്നു ഭാവിച്ചു ക്രമേണ നടന്നവരെല്ലാം കാലുമാറി. ആനന്ദമയമെന്നു വിചാരിച്ചിരുന്ന ജീവിതത്തിന്റെ മറുവശം അവൻ കണ്ടു തുടങ്ങി.

അയാടയ്ക്കു ഭയങ്കരമായ ഒരു ക്ഷാമം ആ നഗരത്തിൽ ഉണ്ടായി. ഒരുപിടി ചോറിനുവേണ്ടി ഇരന്നുതിരിയേണ്ടി വന്നു. വിട്ടുപണിചെയ്തു ജീവിക്കാൻ കാംക്ഷിച്ചെങ്കിലും അതിനും വഴിയുണ്ടായില്ല. ഒടുവിൽ ഒരു കർഷകന്റെ ഭവനത്തിൽ എത്തി. അവിടെ പന്നികളെ മേയ്ക്കാൻ അവൻ ഏർപ്പെട്ടു. ശമ്പളം തുച്ഛമായിരുന്നു. ഒരു നേരത്തെ ഭക്ഷണത്തിനു പോലും അതു മതിയായിരുന്നില്ല. പന്നികൾക്കു കൊടുക്കുന്ന തവിടു്, പിണ്ണാക്കു മുതലായവയുപോലും കഴിക്കുന്നതിനു വിശപ്പുടക്കി. അപ്പോൾ

പിതൃലാളനയുടെ മാധുര്യവും ഗൃഹജീവിതത്തിന്റെ സുഖവും അവന്നു മനസ്സിലായി.

അവനെ ഓർത്തു് അവന്റെ വൃദ്ധപിതാവു് കണ്ണീരും കൈയുമായി ദിവസങ്ങൾ കഴിച്ചുവന്നു. അയാൾക്കു ഊണും ഉറക്കവും കുറഞ്ഞു. പല രാത്രികളിലും അദ്ദേഹത്തിന്റെ ഉറക്കറയിൽനിന്നു് ഞെട്ടിവീഴുന്നും ദീനരോദനവും കേൾക്കാമായിരുന്നു. ആർക്കും അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ കഴിഞ്ഞില്ല.

ഒരു ദിവസം ആ വൃദ്ധൻ വീടു വിട്ടുപോയ പുത്രനെപ്പറ്റി ചിന്തിച്ചുകൊണ്ടു പടിക്കൽ നില്ക്കുകയായിരുന്നു. ആരോ ദൂരെനിന്നു വരുന്നതു കണ്ടു. സൂക്ഷിച്ചുനോക്കി അതു വീടു വിട്ടുപോയ മകൻ തന്നെയാണെന്നു് മനസ്സിലായി. അവന്റെ കീറിപ്പറിഞ്ഞവസ്ത്രവും വികൃതരൂപവും കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം തകർന്നു. എല്ലാം മറന്നു് അവന്റെ സമീപത്തേക്കു് അദ്ദേഹം ഓടിച്ചെന്നു. അവനെ കെട്ടിപ്പുണർന്നു വാവിട്ടുകരയാൻ തുടങ്ങി. പശ്ചാത്താപവിവശനായി അവൻ അച്ഛന്റെ പാദങ്ങളിൽ വീണു്, "അച്ഛാ ഞാൻ തെറ്റു ചെയ്തുപോയി. എല്ലാം ക്ഷമിച്ചു് എന്നെ അനുഗ്രഹിക്കണം" എന്നു വിലപിച്ചു അവനെ പിടിച്ചെഴുന്നേല്പിച്ചു മാറോടണച്ചു് ഒരുകയിൽ ചുംബിച്ചുകൊണ്ടു് അദ്ദേഹം ഇങ്ങനെ ആശ്വസിപ്പിച്ചു:—"മകനേ, കണ്ണീരിൽ കുളിച്ചു നിന്റെ മുഖവും, എല്ലും തോലുമായിത്തീർന്ന ശരീരവും കാണുമ്പോൾ എന്റെഹൃദയം തകർന്നുപോകുന്നു. നിന്റെ സകല പാപങ്ങളും നീ കണ്ണീരുകൊണ്ടു കഴുകിക്കളഞ്ഞിരിക്കുന്നു. കുഞ്ഞേ, എല്ലാ തെറ്റുകളും അച്ഛൻ ക്ഷമിച്ചിരിക്കുന്നു."

അദ്ദേഹത്തിന്റെ വ്യാധയം കുറഞ്ഞു. അന്നു രാത്രിവസം മുഴുവൻ ഉത്സവമായി ആഘോഷിക്കാൻ അദ്ദേഹം തീർച്ചപ്പെടുത്തി. ഗൃഹത്തിലെ കോലാഹലങ്ങൾ കേട്ട മൂത്ത പുത്രൻ പാടത്തുനിന്നു വന്നുചേർന്നു. എല്ലാം മുടിച്ചശേഷം തിരിച്ചുവന്നിരിക്കുന്ന അനുജനെ കണ്ടു്, അവനു അടക്കാൻ വയ്യാത്ത കോപമുണ്ടായി. കലി തുള്ളിക്കൊണ്ടു് അവൻ ഇങ്ങനെ പറഞ്ഞു. "എന്തിനു് ഇവിടെ കയറി, ഈ വിഡ്ഢിയെ? ഇവനെ ഉദ്ദേശിച്ചു് ഇവിടെ എന്തെല്ലാം കോലാഹലങ്ങൾ? ഞാൻ അവിടത്തെ പൊല്ലാടിക്കു നില്ക്കുന്നു? എന്റെ പിറന്നാളു് ഓർക്കലെങ്കിലും ഇതുപോലെ കൊണ്ടാടുവാൻ അച്ഛനു തോന്നിയില്ലല്ലോ— ഈ ദ്രോഹി!—എല്ലാം മുടിച്ചുകളഞ്ഞ ദ്രോഹി!— അവൻ തിരിച്ചുവന്നതുകൊണ്ടു് അവിടന്നു മതിമറന്നു പോയിരിക്കുന്നു."

വൃദ്ധൻ സമാധാനമായി പറഞ്ഞു:—"മകനേ! നീ അന്നും ഇന്നും എന്റെകൂടെത്തന്നെ. അതു് എനിക്കു് സന്തോഷവുമാണു്. കുഞ്ഞേ, നിന്റെ അനുജനും എന്റെ പുത്രനല്ലേ! അവൻ ധൂർത്തനായിരുന്നു; എന്നാൽ ഇപ്പോൾ അവൻ പശ്ചാത്തപിക്കുന്നു. അവൻ മരിച്ചുപോയെന്നല്ലേ നാം വിചാരിച്ചതു്? മരിച്ചവർ തിരിച്ചുവന്നാലുള്ള സന്തോഷമാണു നമുക്കിപ്പോൾ ഉണ്ടായിരിക്കുന്നതു്. നീയും അവനെ ആശ്വസിപ്പിക്കുക."

മൂത്ത മകന്റെ വൈരസ്യം നീങ്ങി. അവൻ സഹോദരനെ ആലിംഗനം ചെയ്തു. അതുകണ്ടു വൃദ്ധപിതാവിന്റെ ഉള്ളു് അലിഞ്ഞു. അദ്ദേഹം അവരെ മനസ്സു തെളിഞ്ഞു് അനുഗ്രഹിക്കയും ചെയ്തു.

പാഠം ൫൨

പാവ്വതിയുടെ തപസ്സ്

പനിമലയോടങ്ങൊരു നേരത്തു ചെ-
ന്നനുവാദം കേട്ടിട്ടഗകന്യാ
ജനനി മേനതൻ മടിയിൽച്ചെന്നിരു-
ന്നലസാതേ ചൊന്നാളരശംഭോ. ൧

"കനിവും വാത്സല്യപ്പൂത്തമയും ചേരും
ജനനി നിൻകഴൽ പണിയുന്നേൻ
തപസ്സു ചെയ്‌വാനായരുളുവെട്ടേനതി-
ന്നനുജ്ഞ ചെയ്യേണം ഹരശംഭോ." ൨

അതു കേട്ടെതിരും വിറച്ചു മേന താൻ
വ്യഥിതം മാറിൽച്ചേർത്തിതു ചൊന്നാൾ
"അരുതു സാഹസം മകളേ, വേർപെടാ-
നരുതാതൊന്നിതു ഹരശംഭോ.

മധുവുണ്ണാൻ ചെല്ലും മരുളിംഗി ചെറു-
ചിറകിൻ കാറ്റേൽക്കിൽ മറുകീടും
നറുമേനിവാകമലരിതെങ്ങനെ
പൊരുപ്പു വൻകാറ്റങ്ങരശംഭോ?" ൪

മനംകൊണ്ടന്നേരം ധൃതമൗനവ്രതം
ജനനീം കൈക്കൂപ്പീട്ടഗകന്യാ
അഖിലാധീശനെത്തപസ്സു ചെയ്യാനാ-
യെഴുന്നള്ളീടിനാളരശംഭോ. ൫



ഇളകീടാതൊരു ധൃതികൊണ്ടത്ഭുതം
ഹിമവാനും ചേർത്തിട്ടഗകന്യാ
അചലരോധസി കരയേറിച്ചെന്നാ-
ട്ടലസാതേ പുക്കാളരശംഭോ. ൯

തരമൊത്തീടിന സഖിമാരും-താനും
ചെറുമരങ്ങളും ലതയെല്ലാം
തരമേ വെട്ടിച്ചെയ്തുടജമന്ദിരം.
ചരതമായ്ത്തീർത്താളരശംഭോ. ൰

ചുരുണ്ടനീണ്ടിരുണ്ടളർമാലാമണം
പെരുകും പൂങ്കുഴൽ പിരിച്ചുടൻ
പരിചിൽത്തിരിത്താരു ജടകൊണ്ടീശ്വരി
പെരികെത്തോഴിച്ചാളരശംഭോ. ൱

കനിവോടോമനിച്ചുഗരാജൻമുമ്പി-
ലണിഞ്ഞിടേറും പൊന്നാഞ്ഞാണും
അകലെ കൈയ്യെടിഞ്ഞൂടനേ പുല്ലുകൊ-
ണ്ടണിഞ്ഞാൾ മേഖല ഹരശംഭോ. ൯

കുളിർമുലയൊട്ടിലിഴകീടുന്നാരു
കുളമാ മാച്ചുങ്കു മടിയാതേ
വെള്ളവെള്ളത്തൊരു ഭസിതം കൊണ്ടുടൻ
മുഴുവൻ പൂശിനാളുരശംഭോ. ൧൦

പല കാലം മാസമുപവാസം ചെയ്തു
ഫലമൂലാദികളുരിക്കയും
കുളിയും മന്ത്രജപവും ഹോമവും
കുറയാതെ ചെയ്താളുരശംഭോ. ൧൧

വരിഷകാലത്തു കുഴത്തോളം നീറിൽ
ശിശിരകാലത്തു പനിനീറിൽ
പെരിയ വേനൽക്കു വെയിലത്തുനിന്നും
തപം ചെയ്തീടിനാളുരശംഭോ. ൧൨

പുലർകാലേ പോയിസ്സരസി സ്നാതയായ്
മരവുരി ചാർത്തി മധുരാംഗി
പരിശുദ്ധയായ് നിന്നുദിതം ഭാസ്കരം
പരിചിൽ കൈ കൂപ്പി ഹരശംഭോ. ൧൩

വിരവോടാശ്രമനിലയേ പോന്നിരു-
ന്നരിയും പഞ്ചാഗ്നിനടുവിലായ്
തരത്തിൽ പൊൻവിളക്കെരിയുമവണ്ണം
പെരികെസ്സോഭിച്ചാളുരശംഭോ. ൧൪

ഒരു കാൽ മേൽനിന്നു നിവരേ കൈക്കുപ്പി-
ത്തിരുമിഴി രണ്ടുമിളകാതേ
പെരിയ സൂര്യമണ്ഡലത്തെയും നോക്കി-
പ്പുരനെസ്സേവിച്ചാളരശംഭോ. ൭൫

(പാർവ്വതീപാണിഗ്രഹണം അരുളുഅം)

പാഠം ൽ

അഗ്നിപർവ്വതങ്ങൾ

പണ്ട് ഇറാലിയിൽ പോമ്പി എന്നൊരു നഗരം ഉണ്ടായിരുന്നു. വെസൂവിയസ്സ് പർവ്വതത്തിനു സമീപമായിരുന്ന ആ നഗരം സ്ഥിതിചെയ്തിരുന്നു. മനോഹരങ്ങളായ മാളികകളും അങ്കക്കളങ്ങളും അരാമങ്ങളും നിറഞ്ഞ ആ നഗരത്തെ അക്കാലത്തു് പാശ്ചാത്യപരിഷ്കാരത്തിന്റെ കേന്ദ്രസ്ഥാനമായിട്ടു കരുതിപ്പോന്നു.

ഉദ്ദേശം രണ്ടായിരം കൊല്ലങ്ങൾക്കു മുൻപു് ഒരു ദിവസം പോമ്പിയിലെ പ്രസിദ്ധമായ അങ്കക്കളത്തിൽ അനേകായിരം ആളുകൾ ഒരു മല്ലന്മാരുടെകാണ്ടിരിക്കയായിരുന്നു. മല്ലന്മാരുടെ അലർച്ചകളും കാണികളുടെ ആർപ്പുവിളികളുംകൊണ്ടു് ആ നഗരമെങ്ങും മാറ്റൊലിക്കൊണ്ടു. പൊടുന്നനേ ആകാശം ഭേദിക്കുന്ന ഒരു ശബ്ദം! ആയുകേട്ട സകലരും ഞെട്ടി. ഭൂമി തകർന്നുപോകുമെന്നു് അവർക്കു തോന്നി. പരിഭ്രമിച്ചു് അവർ വെസൂവിയസ്സിലേക്കുനോക്കി. കൊടുമുടിയിൽനിന്നും കറുത്തിരുണ്ട പുക

തൂണിന്റെ ആകൃതിയിൽ കുതിച്ചുപൊങ്ങുന്നതായ് അവർ കണ്ടു. പത്തായിരം അടി പൊങ്ങിയശേഷം ആ വൻപിച്ച തൂണിന്റെ മുകൾഭാഗത്തുനിന്നും വൃക്ഷശാഖകൾപോലെ ധൂമം നാലുപാടും പരന്നു. ക്രമേണ ആ ശാഖകൾ ചെന്തീയായി മാറി. കത്തിയെരിഞ്ഞും, ചില സ്ഥലങ്ങൾ നിറം മങ്ങിയും പ്രകാശിച്ച ആ അഗ്നിജ്വാലകൾ കണ്ട കാണികൾ അമ്പരന്നു. അവർ ജീവരക്ഷയ്ക്കായി നാലു പാടും പാഞ്ഞു തുടങ്ങി.

ഈ ബഹളത്തിനിടയ്ക്ക് ഭൂമിക്കുള്ളിൽനിന്നും അതിഭയങ്കരമായ ഒരു ഇരമ്പൽ കേട്ടു. അതിനെത്തുടർന്നു ഭൂമി ചലിക്കാനും ആരംഭിച്ചു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അനേകം മാളികകൾ നിരനിരയായി തകർന്നുവീണു. അവയ്ക്കടിയിൽപെട്ട മരിച്ചുവീണവർക്കു കൈയ്യും കണക്കുമില്ല.

പെട്ടെന്ന് പർവ്വതം കത്തിയെരിയുന്ന പാറക്കഷണങ്ങളും കനത്ത പൊടിയും വർഷിക്കാൻ തുടങ്ങി. അല്പ സമയത്തിനുള്ളിൽ അന്തരീക്ഷം പൊടികൊണ്ടു നിറഞ്ഞു. അതിനാൽ ശ്വാസോച്ഛ്വാസം അസാധ്യമായിത്തീർന്നു; പലരും മോഹാലസ്യപ്പെട്ടു വീണു. ഇതിനിടയ്ക്ക് ആ പ്രദേശം അന്ധകാരമയമായി.

ക്രമേണ സർവ്വവും ശാന്തമായി. അപകടം നീങ്ങിയെന്നു വിചാരിച്ച ജനങ്ങൾ തെല്ലൊന്നു് ആശ്വസിച്ചു. എന്നാൽ ആ ശാന്തത നിണ്ടുനിന്നില്ല. പർവ്വതത്തിൽനിന്നു നീരാവിയും ഉരുകിത്തിളയ്ക്കുന്ന ദ്രാവകവും തിളച്ചുപൊങ്ങി. തിളയ്ക്കുന്ന ദ്രാവകം—ലാവ എന്നാണ് ഇതിനു പേര്—പർവ്വതത്തിന്റെ താഴ്വരയിൽ

ക്കൂടി പ്രവഹിക്കാൻ ആരംഭിച്ചു. ലോകപ്രസിദ്ധമായിരുന്ന പോമ്പിനഗരം ലാവയിൽ നിശ്ശേഷം മുങ്ങി. ഒരൊറ്റ ജീവൻപോലും അവിടെയെങ്ങും ശേഷിച്ചില്ല.

ഈ ഭാരുണ സംഭവം നടന്നതു ക്രിസ്തുവർഷം അറുപത്തൊൻപതാമാണ്ടായിരുന്നു. അന്നു് ആ പട്ടണത്തിൽനിന്നും രക്ഷപ്പെടാൻ ഭാഗ്യമുണ്ടായ പ്ലിനി എന്ന ചരിത്രകാരനാണു് ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതു്.

വെസൂവിയസ്സു് എത്ര ശക്തിയോടുകൂടിയാണു പൊട്ടിയതെന്നും എന്തെല്ലാം നാശങ്ങളാണു വരുത്തിവച്ചതെന്നും നാം കണ്ടുകഴിഞ്ഞു. എന്നാൽ മറ്റു പർവ്വതങ്ങളുടെ സ്ഫോടനശക്തിയോടു താരതമ്യപ്പെടുത്തുമ്പോൾ ഇതു് എത്രയും നിസ്സാരമെന്നേ തോന്നുകയുള്ളൂ. മുക്കാൽ ശതാബ്ദം മുൻപു് (ക്രി. പി. ൧൮൫-ൽ) ക്രാക്കത്തോവാ എന്ന അഗ്നിപർവ്വതം എത്രമാത്രം ശക്തിയോടുകൂടിയാണു പൊട്ടിത്തെറിച്ചതെന്നു ഭൂഗർഭശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. ആ വിവരങ്ങൾ അറിയുന്നതു രസാവഹമാണു്.

സുമാത്രാ ജാവാ എന്നീ ദ്വീപുകളുടെ ഇടയ്ക്കാണു ക്രാക്കത്തോവാ. അഞ്ചു മൈൽ നീളവും മൂന്നു മൈൽ വീതിയുമുള്ള ഒരു ദ്വീപായിരുന്നു അതു്. അതിലെ പർവ്വതത്തിനു് ആറായിരം അടി പൊക്കമുണ്ടായിരുന്നു. അതു പൊട്ടിയപ്പോൾ ധൂമപടലത്തെയും പാറക്കഷണങ്ങളേയും പതിനേഴു മൈൽ പൊക്കത്തിലാണു മുഴറിയെറിഞ്ഞതു്. പൊട്ടിയപ്പോൾ ഉണ്ടായശബ്ദം അഞ്ഞൂറു മൈൽ അകലെയുള്ള ഫിലിപ്പൈൻദ്വീപിലും

രണ്ടായിരത്തിഅഞ്ഞൂറോളം മൈൽ അകലെയുള്ള പടിഞ്ഞാറേ അസ്സീലിയയിലും കേൾക്കുമായിരുന്നു. സ്ഫോടനഫലമായി ദ്വീപിന്റെ വടക്കുഭാഗം മുഴുവൻ പൊട്ടിത്തെറിച്ചുപോയി. പൊട്ടിത്തെറിച്ച പാറക്കഷണങ്ങൾ കുമിഞ്ഞുകൂടി പുതിയ ദ്വീപുകൾ ഉണ്ടായി. ക്രാക്കത്തോവാ തന്നെ എട്ടുമൈൽ നീളവും അയിരം അടി താഴ്ചയുള്ള ഒരു വൻകിടങ്ങായി രൂപാന്തരപ്പെട്ടു. ജ്വലിക്കുന്ന പാറക്കഷണങ്ങളും തിളയ്ക്കുന്ന ലാവയും വീണ് അടുത്തുള്ള ദ്വീപുകളിലെ വനങ്ങളെല്ലാം എരിഞ്ഞു ചാമ്പലായി. ആ പർവ്വതത്തിൽനിന്നും പുറപ്പെട്ട ധൂമം വ്യാപിച്ചതുകൊണ്ട് നൂറു മൈൽ അകലെയുള്ള ബറേവിയ ക്രമേണ ഇരുളിൽ ആണ്ടുപോയി. പകൽ വീടുകളിൽ വിളക്കു കത്തിയ്ക്കേണ്ടിവന്നു. ഈ ധൂമപടലം ഏറാഴ്ചക്കാലം കൊണ്ട് അമേരിക്ക, ആഫ്രിക്ക, അസ്സീലിയ എന്നീ ഭൂഖണ്ഡങ്ങളിലെ അന്തരീക്ഷം മുഴുവൻ വ്യാപിച്ചു. അക്കാലത്തു് അസ്തമയസൂര്യനെ ചെമ്പിച്ച നിറത്തിലാണ് കണ്ടുവന്നതു്. അതിനു കാരണം ഈ ധൂമപടലമായിരുന്നു. പർവ്വതം പൊട്ടിയപ്പോൾ സമുദ്രത്തിനു വലിയ ക്ഷോഭമുണ്ടായി. തിരമാലകൾ നൂറടിയോളം പൊങ്ങി. ഇവിടെനിന്നും പുറപ്പെട്ട അലകൾ പതിനേഴായിരം മൈൽ അകലെയുള്ള ഇംഗ്ലീഷു് ചാനൽവരെ ചെന്നെത്തിയിട്ടുണ്ട്. ഈ പൊട്ടൽ അമ്പതിനായിരം പേരുടെ ജീവഹാനിക്കു കാരണമായിത്തീർന്നു. ഇത്ര ഘോരമായി പൊട്ടിത്തെറിച്ച മറ്റൊരു അഗ്നിപർവ്വതത്തെപ്പറ്റിയും അറിവില്ല.

ഇതുപോലെ പറഞ്ഞതിൽനിന്നും അഗ്നിപർവ്വതങ്ങൾ എത്ര ശക്തിയോടുകൂടിയാണു പൊട്ടുന്നതെന്നു ഗ്രഹിക്കാ

മല്ലോ. ഈ ശക്തി ചില പർവതങ്ങൾക്കു മാത്രം എങ്ങനെ സിദ്ധിക്കുന്നു എന്നാണു് ഇനി നോക്കാനുള്ളതു്.

ഭൂമിയുടെ ഉള്ളിലേക്കു പോകുന്തോറും ചൂടു കൂടിക്കൂടി വരുന്നു. വളരെ ആഴമുള്ള ഖനികളിൽ അസഹ്യമായ ചൂടു് ഉണ്ടായിരിക്കും. ഉപരിതലത്തിൽ നിന്നും ശുദ്ധവായു ഖനികൾക്കുള്ളിൽ പ്രവഹിപ്പിച്ചാണു് ഈ ചൂടു കുറയ്ക്കുവാറുള്ളതു്. മൂന്നോ നാലോ മൈൽ ആഴമുള്ള ഖനികളിലെ സ്ഥിതി ഇതാണെങ്കിൽ പതിനഞ്ചും ഇരുപതും മൈൽ ആഴത്തിൽ ഭൂമിയുടെ ചൂടു് എത്രത്തോളമായിരിക്കും. അതുയും ചൂടിൽ ഒരു പദാർത്ഥത്തിനും കട്ടിയായിരിക്കാൻ സാധ്യമല്ല. അവിടെ പാറയുംലോഹവുമെല്ലാം ദ്രവരൂപത്തിൽ തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുകയായിരിക്കും. ഇതാണു ഭൂമിയുടെ അന്തർഭാഗത്തിന്റെ സ്ഥിതി.


ഇങ്ങനെ തിളച്ചുമറിയുന്ന ദ്രാവകത്തിൽനിന്നും നീരാവി സദാ പൊങ്ങിക്കൊണ്ടിരിക്കും. നീരാവി കൂട്ടത്തോടും അതിനിരിക്കാൻ സ്ഥലവും കൂട്ടരുതൽ വേണമല്ലോ. എന്നാൽ നീരാവിയുടെ ആധിക്യം അനുസരിച്ചു് ഭൂമിയുടെ ഉള്ളിലുള്ള വിടവുകൾ വികസിക്കുന്നില്ല. അതുകൊണ്ടു് ഉള്ള സ്ഥലത്തു നീരാവി തിങ്ങിഞെരുങ്ങുന്നു. തുടരെ തുടരെ കൊല്ലംകൊണ്ടു് എത്രമാത്രം നീരാവിയാണു് ഭൂമിയുടെ ഉള്ളിലുള്ള വിടവുകളിൽ തിങ്ങിഞെരുങ്ങുന്നതെന്നു് ഊഹിച്ചു നോക്കുക! ഈ നീരാവി വികസിച്ചു വെളിയിൽ വരാൻ സദാ പ്രയത്നിച്ചുകൊണ്ടിരിക്കയാണു്. ആ പ്രയത്നത്തിൽ ചിലപ്പോൾ ഭൂമിയുടെ ദുർബലങ്ങളായ ഭാഗങ്ങളെ തട്ടി

ത്തകത്തുകൊണ്ട് അതു മേല്പോട്ടു കുതിച്ചുചാടും. അതോടുകൂടി തിളച്ചുമറിയുന്ന ലാവയെയും വെള്ളിയിലേക്കു തള്ളും. ഇക്കാര്യം, ഒരു ഉദാഹരണംകൊണ്ടു വ്യക്തമാക്കാം. സോഡാക്കുപ്പിപൊട്ടിക്കുന്നതുകണ്ടിരിക്കുമല്ലോ. അതിനകത്ത് ഇംഗാലാമ്ലവാതകം ഞെരുക്കിക്കയറ്റിയിരിക്കയാണ്. കുപ്പി പൊട്ടിക്കുമ്പോൾ ഞെരുങ്ങിയിരിക്കുന്ന വാതകം കുമിളകളായി മേല്പോട്ടു പൊങ്ങും. വാതകം വികസിച്ചു വെളിയിൽ വരുമ്പോൾ സോഡാവെള്ളത്തെയും ഉടനേപോട്ടുകൂടി വെളിയിലേക്കു തള്ളും. നിറച്ച സോഡാക്കുപ്പികൾ ചിലപ്പോൾ സ്വയം പൊട്ടാറുണ്ട്. അകത്തുള്ള വാതകം ചൂടുകൊണ്ടു വികസിച്ചു വെളിയിലേക്കു വരാനുള്ള പ്രയത്നത്തിലാണ് ഇങ്ങനെ സംഭവിക്കുന്നതു്. ഇതുപോലെയാണ് അഗ്നിപർവ്വതങ്ങൾ പൊട്ടുന്നതും.

സാധാരണമായി അഗ്നിപർവ്വതങ്ങളിൽ കാണുന്ന വിടവുകൾ വൃത്താകൃതിയിലുള്ള വലിയ കിണറുകൾപോലെയാണ്. ഈ പ്രദേശങ്ങളിൽ ചിലതിനു് ഒന്നോ ഒന്നരയോ മൈൽ ചുറ്റളവുണ്ട്. ലാവാപ്രവാഹം നിലയ്ക്കുന്നതോടുകൂടി ഈ പ്രദേശത്തിന്റെ മുകൾഭാഗം ലാവ, തണുത്തുകട്ടിപിടിക്കും. പർവ്വതം പിന്നിട് ഒരു കാലത്തു പൊട്ടുമ്പോൾ ഈ അടപ്പിനെ തെറിപ്പിച്ചുകൊണ്ടാണ് നീരാവിയും മറ്റും വെളിയിൽ വരുന്നതു്. ചില പർവ്വതങ്ങളിൽ മാത്രമേ ഇങ്ങനെയുള്ള പ്രദേശങ്ങൾ കാണുകയുള്ളൂ.

എപ്പോഴും പർവ്വതങ്ങളിൽ മാത്രമേ ഇത്തരം പ്രദേശങ്ങൾ കാണുകയുള്ളൂ എന്നു് വിചാരിക്കരുതു്. ഐസ്

ലണ്ടിലെ സമതലങ്ങളിലും ഈ വിധത്തിലുള്ള വിടവുകൾ വളരെയുണ്ടായിരുന്നു. ഇവയിൽക്കൂടെയാണു ലാവാ പൊട്ടി പുറത്തു വന്നിട്ടുള്ളതു്. ഡക്കാൻ ഉന്നതതടത്തിലും



ഇങ്ങനെയുള്ള വിടവുകൾ ഉണ്ടായിരുന്നതായി ഭൂഗർഭ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

മുകളിൽ വിവരിച്ചതുപോലെയുള്ള പൊട്ടലുകൾ സമുദ്രത്തിനടിയിലും ഉണ്ടാകാറുണ്ട്. ഇതിന്റെ ഫലമായി ചിലപ്പോൾ പുതിയ ദ്വീപുകൾ സമുദ്രത്തിൽ പൊന്തിവരുന്നു. പശ്ചിമ ശാന്തസമുദ്രത്തിലെ ചില ദ്വീപുകൾ ഇപ്രകാരത്തിൽ ഉണ്ടായിട്ടുള്ളവയാണ്.

അഗ്നിപർവ്വതങ്ങൾകൊണ്ടു നമുക്കു ചില പ്രയോജനങ്ങളും ഉണ്ട്. പർവ്വതം പൊട്ടുമ്പോൾ വെടികളുടെ വളച്ചുറ്റുള്ള ആവശ്യമുള്ള ഇംഗാലാമ്ലവാതകം, മണ്ണാമ്പു്, ഫാസ്ഫാസ്, പൊട്ടാഷ് എന്നീ സാധനങ്ങൾ വാതകരൂപമായും ദ്രവരൂപമായും വെളിയിൽ വരുന്നു. മഴയും നദികളും മുഖാന്തരം ഇവ ഭൂമിയിൽ പലയിടത്തും വ്യാപിക്കുന്നു. ഇക്കാരണത്താൽ ആ പ്രദേശങ്ങൾ ഫലപുഷ്ടിയുള്ളതായിത്തീരുന്നു. ചില രാജ്യങ്ങളിൽ കട്ടി പിടിച്ച, ലാവ, വെട്ടിയെടുത്തു് വീടുകെട്ടുന്നതിനു് ഉപയോഗിക്കാറുണ്ട്.

അഗ്നിപർവ്വതങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്. ആകെ നാന്നൂറിമുപ്പതു് അഗ്നിപർവ്വതങ്ങൾ ഉള്ളതായിട്ടാണു് ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിട്ടുള്ളതു്. വെസൂവിയസ്സു്, ക്രാക്കത്തോവാ, സിസിലിയിലെ എറ്റ്നാ, ജപ്പാനിലെ ഫുജിയാമാ, മാർട്ടിനിക്കിലെ പെലീ എന്നിവ വളരെ പ്രസിദ്ധങ്ങളാണു്. നെയ്യാറിൻകര താലൂക്കിലെ മുക്കുന്നിമലയും ഒരു കാലത്തു് ഒരു അഗ്നിപർവ്വതമായിരുന്നുവെന്നാണു് ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

പാഠം ൧൦

വീരനായ രാജകുമാരൻ

(സ്ഥലം വാല്മീകിമഹർഷിയുടെ തപോവനം
സമയം—പ്രഭാതം)

(ലവനും രണ്ടു മുനികുമാരന്മാരും പ്രവേശിക്കുന്നു)

ഒന്നാമൻ:—(സംഭ്രമത്തോടുകൂടി) കുമാരാ, കുതിര കുതിര എന്നൊരു മൃഗം നാട്ടിലുണ്ടെന്നു കേട്ടിട്ടില്ലേ? ഞങ്ങൾ ഇപ്പോൾ അതിനെ നമ്മുടെ തപോവനത്തിൽ കണ്ടു.

ലവൻ:—അതുവോ? ആ മൃഗം എങ്ങനെ ഇരിക്കും?

രണ്ടാമൻ:—പിന്നിൽ ഒരു വലിയ വാല് ഉണ്ട്; അതു് ക്രുടെക്കുടെ ആട്ടിക്കൊണ്ടിരിക്കും. നീണ്ട കഴുത്തു് ഉണ്ടു്. നാലു കാലുമുണ്ടു്. പുല്ലു തിന്നും, കൊമ്പില്ല വേഗത്തിൽ ഓടുന്ന ഒരു ജന്തുവാണു്. നമുക്കു പോയി നോക്കാം.

ലവൻ:—അതു് ഇങ്ങോട്ടു തന്നെ വരുന്നുണ്ടല്ലോ ഒന്നാംതരം വെള്ളക്കുതിര. ഭംഗിയായി അലങ്കരിച്ചിരിക്കുന്നു. കാണ്മാൻ നല്ല കൗതുകം ഉണ്ടു്. ഓ! അതു നമ്മുടെ മുമ്പിൽ എത്തിക്കഴിഞ്ഞു. നോക്കുവിൻ കുതിര മാത്രമല്ല, പുറകേ ഒരു ഭടനും ഉണ്ടു്.

മുനികുമാരന്മാർ:—(ഭയത്തോടുകൂടി) നമുക്കു ഓടിച്ചെന്നു് ആശ്രമത്തിൽ കയറിക്കളയാം.

ലവൻ:—കൊള്ളാം. അങ്ങനെയാണോ കുതിരയെ കാണുന്നതു്.

മുനി:—ഭടൻ ആയുധപാണിയാണ്. അയാൾ നമ്മെ ഉപദ്രവിച്ചെങ്കിലോ.

ലവൻ:—കുറേ ചേതമുണ്ട്. ഈ കുതിരയെ നമ്മൾ മാത്രം കണ്ടാൽ പോരാ. നമുക്കു പരിചയമില്ലാത്ത ജന്തുവല്ലേ? ചങ്ങാതിമാർ എല്ലാവരും കാണണം.



അപ്പുവരെ ഇതിനെ ഈ താലവൃക്ഷത്തിന്റെ മുവ ട്ടിൽ ഒരു വള്ളികൊണ്ടു കെട്ടിയിടാം. (മൻപിൽ

എത്തിയ കുതിരയെ അപ്രകാരം ചെയ്യുന്ന മുനികുമാരന്മാർ ഓടിപ്പോകുന്നു.)

ഭടൻ:—(പ്രവേശിച്ച്) ആരാണ് കുതിരയെ തട്ടത്തുകെട്ടിയത്?

ലവൻ:—ഇതു നില്ക്കുന്ന ഞാൻ തന്നെയെന്നു വയ്ക്കുക!

ഭടൻ:—എന്തിന്? ഇതു ഞങ്ങളുടെ കുതിരയല്ലേ?

ലവൻ:—അതോ? അതിനെ എന്തിനിവിടെ കൊണ്ടുവന്നു? ഇതു നിങ്ങളുടെ തപോവനമല്ലേ? ഇവിടെ ആ മൃഗത്തെ പ്രദർശിപ്പിക്കാനാണെങ്കിൽ ഞാൻ മാത്രം കണ്ടാൽ മതിയോ?

ഭടൻ:—കുട്ടി കരുതിക്കളിക്കുക. ഇതു ഭാരതചക്രവർത്തിയായ ശ്രീരാമചന്ദ്രന്റെ അശ്വമേധത്തിനുള്ള കുതിരയാണ്.

ലവൻ:—എവിടത്തെ ചക്രവർത്തിയായാലെന്ത്? ഋഷിമാരുടെ തപോവനത്തെ ഉപരോധിക്കുവാൻ നിങ്ങൾക്ക് അദ്ദേഹത്തിന്റെ ആജ്ഞയുണ്ടോ?

ഭടൻ:—കുമാരാ, ശാന്തമായി കേൾക്കുക. അശ്വമേധത്തിൽ അഴിച്ചുവിട്ട കുതിരയ്ക്ക് യഥേഷ്ടം എവിടെ വേണമെങ്കിലും സഞ്ചരിക്കാം. അതിനെ രക്ഷിക്കുവാൻ വീരന്മാരായ മുന്നൂറു ഭടന്മാർ കൂടെയുണ്ട്. അതിൽ ഒരാളാണു ഞാൻ. ശേഷമുള്ളവർ തപോവനത്തിനു വെളിയിൽ നില്ക്കുന്നു. കുതിരയെ വിട്ടുതരൂ. അതാണു നല്ലതു്.

ലവൻ:—അമ്പടാ അല്ലെങ്കിൽ!

ഭടൻ:—ആ സൈന്യത്തിനു വരാം.

ലവൻ:—എനിക്കും അതുതന്നെ യുദ്ധം?

ഭടൻ:—ബാലാ, അങ്ങു പറയുന്ന വാക്കിന്റെ അർത്ഥം എന്തെന്നു അങ്ങേക്കു മനസ്സിലായിട്ടില്ല. മഹാവീരനായ ശ്രീരാമചന്ദ്രനോടു് അങ്ങു യുദ്ധം ചെയ്യും അല്ലേ?

ലവൻ—അതേ, വേണ്ടിവന്നാൽ, അവനെത്തന്നെയാണു ഞാൻ പറഞ്ഞതു്.

ഭടൻ:—അങ്ങേക്കു സൈന്യം ഉണ്ടോ? ശ്രീരാമചന്ദ്രൻ എണ്ണിയാലൊടുങ്ങാത്ത ചതുരംഗബലത്തെന്നു കേട്ടിട്ടില്ലേ.

ലവൻ:—ഉണ്ടെങ്കിലെന്തു്?

ഭടൻ:—വാല്മീകി മഹർഷിയെക്കൊണ്ടു് പ്രേരിപ്പിക്കാമെന്നായിരിക്കും ഭാവം?

ലവൻ:—അങ്ങനെയാണെങ്കിൽ ഭടനോടു പറയേണ്ടതു്. ഞാൻ ഒറ്റയ്ക്കു നേരിട്ടു നിന്നു യുദ്ധം ചെയ്യാം. അതു മാത്രമേ ഉള്ളു. എന്തിനാണു് അമ്പരക്കുന്നതു്. അതിൽ എന്താണു് ആശ്ചര്യം?

ഭടൻ:—കുട്ടി, യുദ്ധമെന്നാലെന്താണെന്നു കുട്ടിക്കു് അറിയാമോ?

ലവൻ:—അതു തമ്മിൽ നേരിടുമ്പോൾ കാണാമല്ലോ?

ഭടൻ:—വികൃതിക്കുട്ടി! ഞങ്ങൾ കൈയും മെയ്യും ഉറച്ച കാലവ്യുദയന്മാരായ പോരാളിമാരാണു്. ശത്രുക്കളുടെ കഴുത്തു വാൾകൊണ്ടു വെട്ടി കൊക്കണം കഴുകണം തിന്നിട്ടുണ്ടു് ഞങ്ങളുടെ നിത്യവൃത്തി. ദയയെന്നൊരു വികാരം ഞങ്ങളെ ഇതുവരെ തീണ്ടിയിട്ടില്ല. വില്ലിൽ നിന്നും വിടുന്ന കണയ്ക്കു ശത്രു

ബാലനോ യുവാവോ എന്നു നോക്കുവാൻ കണ്ണില്ല. അതു ചെന്നുകൊണ്ടാൽ മർമ്മം പിളരും രക്തം പ്രവഹിക്കും പ്രാണൻ പോകും. സൂക്ഷിച്ചു സംസാരിക്കു.

ലവൻ:—കൊള്ളാം പ്രശാന്തമായ ഈ തപോവനത്തിൽ വന്നു ലഹളയുണ്ടാക്കുന്ന നിങ്ങളോ, ഇവിടെ മഹർഷിമാരുടെ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ടു സ്വസ്ഥനായി നില്ക്കുന്ന ഞാനോ, ആരാണു സൂക്ഷിച്ചു സംസാരിക്കേണ്ടതു്? ഇതു കൊണ്ടൊന്നും കുതിരയെ തിരിയെ കിട്ടുമെന്നു മോഹിക്കേണ്ട. നാട്ടിൽ നിങ്ങൾ ഇതു ജാതിയിൽപെട്ട സാധുക്കളായ മൃഗങ്ങളെകൊണ്ടു നിങ്ങളെയും നിങ്ങളുടെ ശകടങ്ങളെയും വഹിപ്പിച്ചു് അവയെ ക്ലേശിപ്പിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ടു്. അവയിൽ ഒന്നെങ്കിലും ഞങ്ങളുടെ മാൻകൂട്ടത്തിൽ ചേർന്നു് സ്വൈരമായി വിഹരിക്കട്ടെ. സുഖമായി ജീവിക്കട്ടെ.

ഭടൻ:—മുനികുമാരാ!


ലവൻ:—ഞാൻ മുനികുമാരനല്ല. ക്ഷത്രിയകുമാരനാണു്. ഇതാ കേൾക്കു ക്ഷത്രിയനായ എന്റെ പ്രതിജ്ഞ. എതിരാളിയെ ഞാൻ യുദ്ധത്തിൽ തോല്പിച്ചതിനു മേലല്ലാതെ ഈ അശ്വത്തെ കെട്ടഴിച്ചു വിടുകയോ കൊണ്ടുപോകുന്നതിനു് അനുവദിക്കയോ ചെയ്കയില്ല. ഈ പ്രതിജ്ഞയ്ക്കു് അനുഭവിക്കപാലന്മാരും പഞ്ചഭൂതങ്ങളും സാക്ഷി.

ഭടൻ:—എന്നാൽ യുദ്ധം ചെയ്യാം.

ലവൻ:—ആരോടു്? ഒരു വീരക്ഷത്രിയൻ കേവലം ശമ്പളം പറ്റി ഉപജീവിക്കുന്ന ഒരു സാധാരണഭടനോടു്

യുദ്ധം ചെയ്യുന്നതു് ലാഘവമാണെന്നു നിങ്ങൾ ഇത്ര കാലമുള്ള സൈന്യസേവനത്തിൽനിന്നു ധരിച്ചിട്ടില്ലേ? വിളിച്ചുകൊണ്ടുവരൂ നിങ്ങളുടെ ശ്രീരാമചന്ദ്രനെ. ഞാൻ യുദ്ധം ചെയ്യുണ്ടെങ്കിൽ മറ്റു വശത്തു് അട്ടേഹവും നില്ക്കുണ്ടിവരും.

ടെൻ:—കട്ടിയുള്ള തലയിലെ ആണികളെല്ലാം ഇളകിപ്പോയിരിക്കുന്നു. യാഗദീക്ഷയുടെ ഭംഗംവരുത്തി.



യുദ്ധസന്നദ്ധനായി കോദണ്ഡപാണിയായി അതു മഹാരഥൻ ഇവിടെ എഴുന്നള്ളുവാൻ പോകുന്നു, അല്ലേ? എന്തിനു്? മുലകുടി മാറാത്ത ഒരു കുഞ്ഞിന്റെ മൂഢവാക്കുകൾക്കു പകരം ചോദിക്കാൻ! അതു നടക്കുന്ന കാര്യമാണോ കുമാരാ?

ലവൻ:—ഈ കുതിര വേണ്ടെന്നു വച്ചാൽ അദ്ദേഹം വരണമെന്നില്ല.

ടെൻ:—ഇതു് എന്തു ധർമ്മസങ്കടം? ഇവിടെ തപോവനം. പോരെങ്കിൽ മഹാത്മാവായ വാല്മീകി മഹർഷിയുടെ വാസസ്ഥാനം. അല്ലെങ്കിൽ കോസല രാജ്യത്തിലെ പോരാളിമാരുടെ കയ്യുക്കിന്റെ ചൂടു് ഈ വിടുവായനായ ബാലനെ ഒട്ടൊന്നു് അനുഭവിക്കാമായിരുന്നു. കഷ്ടി, ഞാൻ പോകുന്നു. ഈ അപചാരങ്ങൾ ഞങ്ങളുടെ സേനാധിപതിയായിക്കുടെ എഴുന്നള്ളിട്ടുള്ള രാജകുമാരൻ ചന്ദ്രകേതുവിനെ അറിയിച്ചു കല്പനപോലെ ചെയ്യാം. അതാണു് എന്റെ കൃത്യം.

ലവൻ:—ആരാണു് ചന്ദ്രകേതു?

ടെൻ:—ശ്രീരാമസ്വാമിയുടെ കനിഷ്ഠസഹോദരനായ ലക്ഷ്മണമഹാരാജാവു് തിരുമനസ്സിലെ സീമന്തപുത്രൻ. വീരൻ, വിക്രാന്തൻ, വിഖ്യാതൻ.

ലവൻ:—അങ്ങനെയായാൽ പോരിനു് ആ സേനാനി വന്നാലും മതി. അദ്ദേഹം ആയുധവിദ്യയിൽ പലതും പഠിച്ചിട്ടുണ്ടാകും. ഞാനും ചിലതു അഭ്യസിച്ചിട്ടുണ്ടു്. ഞങ്ങൾ തമ്മിൽ ഒരു ബലാബല പരീക്ഷ കഴിക്കുന്നതു കൊള്ളാം.

(ഭടൻ പുരികം ചുളിച്ചുകൊണ്ടു പോകുന്നു. ലവൻ പുഞ്ചിരി തൂകിക്കൊണ്ടു നില്ക്കുന്നു.)

സീതാദേവി:—(പ്രവേശിച്ചു്) ഓമനേ.

ലവൻ:—എന്തമ്മേ?

സീത:—ഒരു വലിയ സൈന്യം നമ്മുടെ തപോവനത്തെ വളഞ്ഞിരിക്കുന്നതായി മഹർഷികുമാരന്മാർ വന്നു് എന്നോടു പരിഭ്രമത്തോടുകൂടി പറഞ്ഞു. ഈ കുതിരയെ വിട്ടുകളയൂ.

ലവൻ:—ഇല്ല അമ്മേ, ഇതിനെ ഞാൻ വിടുകയില്ല. എതിരാളിയെ തോല്പിച്ചു കഴിഞ്ഞാൽ വിടാം. അങ്ങനെ ഞാൻ ശപഥം ചെയ്തിരിക്കുന്നു. ഞാൻ ഒരു ക്ഷത്രിയ രാജകുമാരൻ അല്ലെന്നാണല്ലേ അമ്മ പറഞ്ഞതു്. ക്ഷത്രിയന്റെ ശപഥത്തിനു ഭംഗംവരാമോ അമ്മേ? പറയൂ. ഒരു ഭടൻ ഇവിടെ വന്നു്, ഇതു് അയോദ്ധ്യാധിപതിയായ ശ്രീരാമചന്ദ്രന്റെ കുതിരയാണെന്നും വിട്ടുതരണമെന്നും അഹങ്കാരത്തോടുകൂടി ഗളഗർജ്ജനം ചെയ്തു. ഞാൻ കൂട്ടാക്കിയില്ല. അയാൾ പോയി സേനാധിപതിയായ ചന്ദ്രകേതുവിനെ വിളിച്ചുകൊണ്ടുവരാം എന്നുപറഞ്ഞു. വരട്ടെ, വന്നാലെന്തു്? എനിക്കു പേടിയോ? അതു പോരാ. ശ്രീരാമചന്ദ്രനെത്തന്നെ യുദ്ധത്തിനായി വരുത്തണമെന്നാണു് ഞാൻ പറഞ്ഞതു്. പക്ഷേ അദ്ദേഹം യാഗദീക്ഷയിലിരിക്കകൊണ്ടു് അതിനു തരമില്ലപോലും. പോകട്ടെ.

സീത:—(ആത്മഗതം) മനസ്സേ ആനന്ദിക്കു. എന്റെ കുഞ്ഞു് പ്രാണനാഥന്റെ ശരീരപ്രകൃതി തന്നെ. ആ ദൃഢപ്രതിജ്ഞ. ആ ധീരോദാത്തത! (പ്രകാശം)

മകനേ, നീ പറഞ്ഞതു ശരി തന്നെ. കുതിരയെ വിടണമെന്നില്ല. യുദ്ധത്തിൽ നിനക്കു സകല വിജയങ്ങളും സിദ്ധിക്കട്ടെ. (നെറുകയിൽ ചുംബിച്ചിട്ടു പോകുന്നു.)

ചന്ദ്രകേതു:—(സുമന്ത്രർ തെളിക്കുന്ന തേരിൽ ഇരുന്നു കൊണ്ട്) കുമാരാ, കുമാരൻ തന്നെയാണോ യാഗാശ്വത്തെ പിടിച്ചു കെട്ടിയതു്?

ലവൻ:—അതേ, ഞാൻ തന്നെ.

ചന്ദ്ര: —എന്തിനു് ആ സാഹസം പ്രവർത്തിച്ചു?

ലവൻ:—ആ യാഗാശ്വം ബോധിച്ച സ്ഥലത്തു നടക്കുമെന്നും അതിനെ ആരും തടഞ്ഞുപോകരുതെന്നും കേട്ടു. അങ്ങനെയായാലേ ശ്രീരാമചന്ദ്രമഹാരാജാവിന്റെ ചക്രവർത്തിപദം ഉറയ്ക്കുകയുള്ളൂ. അതു വീരന്മാരില്ലാത്ത ഒരു രാജ്യമായിപ്പോയോ ഇത്? ഓരോരുത്തരായി ഓരോ കുതിരയെ അഴിച്ചുവിടുകയും മറവുള്ളവരെല്ലാം കൈയ്യുംകെട്ടി അതുനോക്കിക്കൊണ്ടു നില്ക്കുകയും. അപ്പോൾ പിന്നെയല്ലേ സാഹസം. അങ്ങല്ലേ അശ്വരക്ഷകസേനയുടെ നായകനായ ചന്ദ്രകേതു? ഓടിച്ചെന്നു് അറിയിക്കു നിങ്ങളുടെ സ്വാമിയോടു്, അതിനൊന്നും അതു മതിയാകുമെന്നു്.

ചന്ദ്ര:—കുട്ടീ, കാട്ടുകളിൽ മൃഗശിശുക്കളോടൊത്തു വളരുന്ന നിനക്കു് ഞങ്ങളുടെ ചക്രവർത്തിയുടെ പ്രഭാവത്തെപ്പറ്റി യാതൊരു അറിവും ഇല്ല. ആ അജ്ഞതയാണു് നിന്നെ ഇത്രമാത്രം മുഖരനാക്കുന്നതു്. രാവണാന്തകനായ ആ മഹാപുരുഷൻ രാവണാന്തകനായ ബാലിയെ വധിക്കയും രാവണനെ

കൈയ്യാമം വച്ച് കാരാഗൃഹത്തിൽ പാർപ്പിച്ച കാർത്തവീര്യാർജ്ജുനന്റെ വംശച്ഛേദം വരുത്തിയ പരശുരാമനെ തോല്പിക്കയും ചെയ്ത ലോകൈകവീരനാണ്.


ലവൻ:—ഇവിടെ ഞങ്ങളുടെ വളർത്തച്ഛനായ വാല്മീകി മഹർഷി ആ മഹാരാജാവിന്റെ അപദാനങ്ങളെ വർണ്ണിച്ച് ഒരു വലിയ കാവ്യം നിർമ്മിച്ച് ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. രാമായണം എന്നാണ് അതിനു പേർ. ആ കാവ്യത്തിൽ നിന്ന് അദ്ദേഹത്തെപ്പറ്റി ചിലതെല്ലാം ഞങ്ങളും ധരിച്ചുവച്ചിട്ടുണ്ട്. പാവപ്പെട്ട ഒരു കുങ്കിനെ കൊല്ലിയപ്പെയ്ത കൊന്നു. പട്ടികീഴവനായ ഒരു ബ്രാഹ്മണനെ പരാജയപ്പെടുത്തുകയും ചെയ്തു. ഇതൊക്കെയല്ലേ അങ്ങ് അദ്ദേഹത്തിൽ കാണുന്നതേന്മ? (ചിരിച്ചുകൊണ്ട്) സോദരാ, ഞാൻ അറിവില്ലാതെ ചോദിക്കയാണ് ക്ഷമിക്കണം. അങ്ങ് വൈതാളികനോ ഭടനായകനോ?

മാതലി:—(ആത്മഗതം) ഓജസ്വിയായ ഈ ബാലന് ഒരിക്കലും ഒരു അലങ്കാരമായിരിക്കുന്നത് എന്താണ് എനിക്ക് ഈ ഉണ്ണിയുടെ മേൽ അകാരണമായിട്ടു വാത്സല്യം തോന്നുന്നതു? അഥവാ ആകർഷണശക്തി രമണീയതയുടെ സ്വതഃസിദ്ധമല്ലേ? അതിൽ എന്തു ഉണ്ട് അത്ഭുതപ്പെടുവാൻ? (പ്രകാശം) കുമാര! ഞാൻ ഭടനായകൻ തന്നെ. പക്ഷേ കൃത്യം മൂത്തുള്ള എന്റെ ശരങ്ങൾ കുസുമകോമളമായ നിന്റെ ദേഹത്തെ സ്പർശിക്കുന്നതു ന്യായമല്ല. തപോവനത്തിലെ ഒരു വടുവിനു്, അവൻ എത്ര

ധൃഷ്ടനായാലും ഞാൻ നിമിത്തം അകാലമൃത്യു സംഭവിക്കുന്നതു് എനിക്കു് അപകഷ്ടവുമാണു്.

ലവൻ:—അതു ഭയം വേണ്ട. യുദ്ധത്തിൽ അങ്ങു തോറ്റു പോയെങ്കിലോ? അതു് അങ്ങേക്കു് അപകഷ്ടമോ ഉത്കഷ്ടമോ?

ചന്ദ്ര:—എന്തു പറഞ്ഞു നീ? ചന്ദ്രകേതുവിനു പരാജയം! ഹിമവൽപർവ്വതത്തിനു താഴ്ച്ച!! പ്രളയാഗ്നിക്കു് തണുപ്പു്! തുടങ്ങാം യുദ്ധം. ഞാൻ തേരിൽനിന്നു് ഇതാ താഴെ ഇറങ്ങുന്നു.



ലവൻ:—വേണ്ട വേണ്ട. അങ്ങു് ആ രഥത്തിൽ തന്നെ ഇരുന്നുകൊണ്ടു യുദ്ധം ചെയ്യാൽ മതി. രാജമന്ദിരത്തിൽ താമസിക്കുന്ന അങ്ങേക്കു് കണ്ടുകാണുമല്ലോ ഈ പ്രദേശം പാദന്യാസത്തിനു് അത്ര സുഖമുള്ള

താവില്ല. എന്നൊപ്പോലെയുള്ള ആരണ്യവാസികൾ രഥാരോഹണം ചെയ്യ പഠിചയിച്ചവരുമല്ല.

ചന്ദ്ര:—അയ്യ മയ്യാദയല്ല. ഞാനിതാ താഴെ ഇറങ്ങി. ഇനി നമുക്ക യുദ്ധം ചെയ്യാം.

ലവൻ:—ഓഹോ! വളരെ സന്തോഷം. (രണ്ടു പേരും കുറേ നേരത്തേക്ക യുദ്ധം ചെയ്യുന്നു. ലവൻ ജൃംഭകാസ്ത്രം പ്രയോഗിച്ച ചന്ദ്രകേതുവിനെ തോല്പിക്കുന്നു)

സുമന്ത്രർ:—(ചന്ദ്രകേതുവിനോട്) കുമാര! പോരു മതിയാക്കു. ഇതു ജൃംഭകാസ്ത്രപ്രയോഗമാണു്. (ലവനോടു്) ഉണ്ണി ഉണ്ണിയുടെ അമ്മയുടെ പേരു് എന്താണു്?

ലവൻ:—സീതാദേവി. സാരഥേ, ആ പ്രശ്നത്തിനു് ഇവിടെയെന്താണു പ്രസക്തി?

സുമന്ത്രർ:—ഉണ്ണീ, ചന്ദ്രകേതു ഉണ്ണിയുടെ ജ്യേഷ്ഠനാണു്. ഉണ്ണി ശ്രീരാമചന്ദ്രന്റെ പുത്രനാണു്. ഈ ജൃംഭകാസ്ത്രം ഭഗവാൻ കുശാശ്വൻ വിശ്വാമിത്ര മഹർഷിക്കും വിശ്വാമിത്രൻ ശ്രീരാമചന്ദ്രനും രഹസ്യമായി ഉപദേശിച്ചു. ഇതു ശ്രീരാമസന്താനങ്ങൾക്കല്ലാതെ മറ്റാക്കും വിധേയമാവുന്നതല്ലെന്നു് ഉപദേശകാലത്തിൽ ത്രികാലവേദിയായ വിശ്വാമിത്രൻ പ്രസ്താവിച്ചിട്ടുണ്ടു് (അണിയറയിൽ) ഉണ്ണി! സുമന്ത്രർ പറയുന്നതു് സത്യമാണു്. ദിവ്യാസ്ത്രങ്ങളെ ഉപസംഹരിക്കു. ജ്യേഷ്ഠനെ നമസ്കരിയ്ക്കു.

ലവൻ:—അമ്മയുടെ വാക്കാണല്ലോ കേൾക്കുന്നതു്. ഇതാ ഞാൻ അസ്ത്രത്തെ ഉപസംഹരിച്ചിരിക്കുന്നു. ജ്യേഷ്ഠാ

എന്റെ അവിനയത്തെ ക്ഷമിക്കണേ. അവിടത്തേക്ക് ഈ ബാലന്റെ സാഷ്ടാംഗമായ നമസ്കാരം. അതു സ്വീകരിച്ച് ഇവനെ അനുഗ്രഹിക്കണേ. (ചന്ദ്രകേതുവിനെ നമസ്കരിക്കുന്നു. എല്ലാവരും വിസ്മയിക്കുകയും ആനന്ദാശ്രു പൊഴിക്കയും ചെയ്യുന്നു.)

(കട്ടൻ)

പാഠം ൬൬

രഘുരാമനും ഭൃഗുരാമനും

[സീതാസ്വയംവരം കഴിഞ്ഞു് ശ്രീരാമനും പരിവാരങ്ങളും അയോദ്ധ്യയ്ക്കു മടങ്ങുമ്പോൾ മാർഗ്ഗമദ്ധ്യേ പരശുരാമൻ എതിർക്കുന്നതു്.]

(൬൬൬)

വെണ്കൊറ്റക്കുട, തഴ വെൺചാമരങ്ങളോടും
തിങ്കൾമണ്ഡലം തൊഴുമാലവട്ടങ്ങളോടും
ചെങ്കൊടിക്കൂറകൾകൊണ്ടങ്കിതധ്വജങ്ങളും
കുങ്കുമമലയജകസ്തൂരിഗന്ധത്തോടും
നടന്നു വിരവോടു മൂന്നുയോജനവഴി
കടന്നാനേരം കണ്ടു ഉന്നിമിത്തങ്ങളെല്ലാം
നീലനീരദനിഭനിമ്മലവർണ്ണത്തോടും
നീലലോഹിതശിഷ്യൻ ബാഡവാനലസമൻ

ക്രുദ്ധനായ് പരശുബാണാസനങ്ങളും പൂണ്ടു
പദ്ധതിമദ്ധ്യേ വന്നുനിന്നപ്പോൾ ദശരഥൻ
ബദ്ധസാദ്ധ്വസം വീണു നമസ്കാരവും ചെയ്വാൻ
ബുദ്ധിയുംകെട്ടു നിന്നു മറവുള്ള ജനങ്ങളും.
അത്തനായ് പങ്ങ്കിരഥൻ ഭാഗ്യവരമൻ തന്നെ
പേർത്തു വന്ദിച്ചു ഭക്ത്യാ കീർത്തിച്ചാൻ പല തരം
"പാർത്ഥിവസമുദായരക്ഷതിത്ഥത്തിൽ കളി-
ച്ചാർത്ഥയാ പിതൃഗണതർപ്പണം ചെയ്ക നാഥ
കാത്തുകൊള്ളുക തപോവാരിധേ, ഭൂപതേ
കാൽത്തളിർണ തവ ശരണം മമ വിഭോ."

ഇത്തരം ദശരഥൻ ചൊന്നതാദരിയാതെ
ബദ്ധരോഷേണ വഹ്നിജ്വാല പൊങ്ങീടുംവണ്ണം
വക്ത്രവും മദ്ധ്യാഹ്നാർക്കമണ്ഡലം പോലെ ദീപ്തം
സത്വരം ക്ഷത്രിയമനോഭംഗളച്ചെയ്തിടിനാൻ:—

"ഞാനൊഴിഞ്ഞു നിന്നാൽ ഭൂമി നിർക്ഷത്രിയവനത്തിനാൽ
മാനവനായ ഭവാൻ ക്ഷത്രിയനാകിലോ
നില്ല നില്ലക്ഷണമെന്നോടു യുദ്ധം ചെയ്വാൻ
വില്ലിങ്കൽ നിനക്കെന്തും വല്ലഭമുണ്ടല്ലോ കൈകൾ.
നീയല്ലോ ബലാൽ ശൈവചാപം ഖണ്ഡിച്ചു-
[തെന്റെ
കൈയ്യിലുണ്ടൊരു ചാപം വൈഷ്ണവം മഹാസാരം.
ക്ഷത്രിയകുലജാതനാകിൽ നീയിതുകൊണ്ടു
സത്വരം പ്രയോഗിക്കിൽ നിന്നോടു യുദ്ധം ചെയ്വൻ
അല്ലായ്കിൽ ക്രുദ്ധത്തോടെ സംഹരിച്ചീടുന്നതു-
ണ്ടില്ല സന്ദേഹമെനിക്കെന്നതു ധരിച്ചാലും

ക്ഷത്രിയകുലാന്തകൻ ഞാനെന്നതറിഞ്ഞീലേ?
ശത്രുത്വം നമ്മിൽപ്പണ്ടുപണ്ടേയുണ്ടെന്നോർക്ക നീ."
രേണുകാത്മജനേവം പറഞ്ഞോരനന്തരം
ക്ഷോണിയും പാരമൊന്നു വിറച്ചു ഗിരികളും.
അന്ധകാരം കൊണ്ടെങ്ങുമെങ്ങും മറഞ്ഞു ദിക്കുകളും
സിന്ധുവാരിയുമൊന്നു കലങ്ങി മറിഞ്ഞിതു
എന്തോന്നു വരുന്നിതെന്നോർത്തു ദേവാദികളും
ചിന്തപൂണ്ടുഴന്നിതു താപസവരന്മാരും
പക്ഷിസ്വരൂപനൻ ഭീതികൊണ്ടു വേപഥു പൂണ്ടു
സന്താപമുണ്ടായ്വന്നു വിരിഞ്ചിതനയനും.
മഗ്ദ്ധഭാവവും പൂണ്ടു രാമനാം കുമാരനും
ക്രുദ്ധനാം പരശുരാമൻ തന്നോടരുൾചെയ്തു:—
"ചൊല്ലീഴം മഹാനുഭാവന്മാരാം പ്രബുദ്ധാത്മാക്കൾ
വല്ലാതെ ബാലന്മാരോടിങ്ങനെ തുടങ്ങിയാൽ
ആശ്രയമവക്കെന്തോന്നുള്ളതു തപോനിധേ!
സാശ്രമകുലധർമ്മമെങ്ങനെ പാലിക്കുന്നു?
നിന്തിരുവടി തിരുവുള്ളത്തിലേറുന്നതി
നാനുമുണ്ടോ പിന്നെ വരുന്നു നിരൂപിച്ചാൽ
അന്ധനായിരിപ്പോരു ബാലകനുണ്ടോ ഗുണ—
ബന്ധനം ഭവിക്കുന്നു സന്തതം ചിന്തിച്ചാലും.
ക്ഷത്രിയകുലത്തിങ്കലുണ്ടവിക്രയം ചെയ്തോൻ
ശസ്ത്രാസ്ത്രപ്രയോഗസാമർത്ഥ്യമില്ലല്ലോ താനും
ശത്രുമിത്രാദ്യാസിനഭേദവുമെനിക്കില്ല
ശത്രുസംഹാരം ചെയ്വാൻ ശക്തിയുമില്ലയല്ലോ
വില്ലിങ്ങു തന്നാലും ഞാനാകിലോ കലച്ചീടാ
മല്ലെങ്കിൽ തിരുവുള്ളക്കേടുമുണ്ടാക വേണ്ട."

മന്ദഹാസവും പൂണ്ടു വന്ദിച്ചു മന്ദോതരം
നന്ദിച്ചു ദശരഥനന്ദനൻ വില്ലും വാങ്ങി
നിന്നരുളുന്ന നേരമിരേഴു ലോകങ്ങളു-
മൊന്നിച്ചു നിറഞ്ഞൊരു തേജസ്സാ കാണായ്കയു
കലാവു ബാണമേകമെടുത്തു തൊടുത്തൊരു
വലിച്ചു നിറച്ചുടൻ നിന്നിതു ജിതശ്രമം.


(ഏഴുത്തച്ഛൻ
അദ്ധ്യാത്മരാമായണം)

പാഠം ൪൨

ശക്തൻ തമ്പുരാൻ

ആധുനിക കൊച്ചിരാജ്യത്തിന്റെ സ്ഥാപകൻ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവാണല്ലോ. തിരുമനസ്സിലെ വീര്യപരാക്രമങ്ങൾ അഭിമാനപൂർവ്വം നാം സ്മരിക്കുന്നു. ഇതുപോലെ കൊച്ചിരാജ്യത്തിലെ പ്രജകളും എന്നും സ്മരിക്കുന്ന ഒരു മഹാരാജാവുണ്ട്. ആ രാജകേസരിയത്രെ ശക്തൻതമ്പുരാൻ എന്ന കേളികേട്ട രാമവർമ്മമഹാരാജാവു്. ധർമ്മരാജാവു് വേണാട്ടരിച്ചിരുന്ന കാലത്തു് കൊച്ചിയിൽ വാണിരുന്നതു് ഇദ്ദേഹമായിരുന്നു. എല്ലാ പ്രകാരത്തിലും ശക്തനായിരുന്നതുകൊണ്ടു് അവിടത്തെ എല്ലാവരും അങ്ങനെ കൊണ്ടാടിവിളിച്ചുപോന്നു. അത്ഭുതകരങ്ങളായ അനേകം ഐതിഹ്യങ്ങൾ അവിടത്തെപ്പറ്റി ഇന്നും കേരളമൊട്ടുക്കു് പ്രചരിക്കുന്നുണ്ടു്. അവയിൽനിന്നു് ആ മഹാന്റെ പുരുഷത്വവും ഭരണശേഷിയും ഊഹിക്കുവാൻകഴിയും.

കൊച്ചീരാജ്യത്തെ പ്രധാന ഗ്രാമങ്ങളിൽ ഒന്നാണ് വെള്ളാരപ്പിള്ളി. ഇതു് തൃശ്ശിവപ്പുഴയുടെ തീരത്തു്



ശങ്കരാചാര്യ സ്വാമികളുടെ ജന്മഭൂമിയായ കാലടിക്കു സമീപം ആകുന്നു. അവിടെകൊച്ചീരാജകുടുംബത്തിന്റെ ഒരു താന്ത്രഗൃഹമുണ്ട്. ആ കോവിലകത്തു് കൊല്ലവർഷം ൯൫൩-മാണ്ടു് ശങ്കരൻ തമ്പുരാൻ ജനിച്ചു. അവിടത്തെ മാതാവു് അംബികത്തമ്പുരാട്ടിയായിരുന്നു. ആ തമ്പുരാട്ടിയുടെ ആദ്യത്തെ രണ്ടു സന്താനങ്ങളും സ്ത്രീകൾ ആയിരുന്നു. പിന്നെ ഒരു പുത്രൻ ഉണ്ടാകണമെന്നു കൊതിച്ചു് ഉണ്ടായ പുത്രനായിരുന്നു ശങ്കരൻ. എങ്കിലും അവിടുത്തെ ജനനം ആശങ്കയ്ക്കും പരിഭ്രമത്തിനും കാരണമായി. കർക്കടകമാസത്തിലെ അമാവാസിയിലായിരുന്നു ഉണ്ണിയുടെ ജനനം. കർക്കടകമാസം, അമാവാസി, രാത്രി സമയം, പൂയം നക്ഷത്രം! ജ്യോതിഷത്തിൽ വിശ്വാസം ഉണ്ടായിരുന്ന രാജകുടുംബാംഗങ്ങളെ അമ്പരപ്പിക്കുവാൻ ഇനിയെന്തു വേണം? ആ രാജകുടുംബത്തിലെ ഗുരു ആയിരുന്ന കല്ലേക്കരപ്പിഷാരടി അന്നു് അവിടെ കോവിലകത്തു വന്നിരുന്നു. "ഈ രാജകുമാരൻ ഈ രാജ്യത്തെ ഇരുട്ടിൽനിന്നും വെളിച്ചത്തു് എത്തിക്കും; അശേഷം സംശയിക്കാനില്ല" എന്നു പറഞ്ഞു് അദ്ദേഹം അവരെയെല്ലാം ആശ്വസിപ്പിച്ചു. എന്നിട്ടും ആശങ്ക ഒട്ടങ്ങിയില്ല. അന്നൊരു ദിവസം അവിടെ അടുത്തുള്ള ക്ഷേത്രത്തിൽ ഒരു യോഗി വന്നുചേർന്നു. ഉണ്ണിത്തമ്പുരാനെക്കുറിച്ചുള്ള മനസ്സുല്യം അമ്മതമ്പുരാട്ടി യോഗിയെ അറിയിച്ചു. അപ്പോൾ ആ ദിവ്യൻ കുറേ പൂവും വെള്ളവും വരുത്തിച്ചു്, അല്പംനേരം ജപിച്ചിട്ടു്, "ഈ പൂവു് ഉണ്ണിയെ കിടത്തിയിരിക്കുന്ന കിടക്കയുടെ ചുവട്ടിൽ വയ്ക്കണം; ഈ തീർത്ഥം അവിടെ തളിക്കുകയും വേണം. ഒന്നും ഭയപ്പെടേണ്ട; ഉണ്ണി യശസ്വിയും പരാക്രമിയും ആയിത്തീരും" എന്നു പറഞ്ഞു് അവ

തമ്പുരാട്ടിയുടെ കൈയ്യിൽ കൊടുത്തു. യോഗി നിർദ്ദേശിച്ചതുപോലെ അവർ പ്രവർത്തിച്ചു. ഇക്കഥ വാസ്തവമോ അല്ലയോ എന്നു തീർത്തു പറയാവുന്നതല്ല. ഏതായാലും കാലക്രമത്തിൽ ഉണ്ണി യശസ്വിയും പരാക്രമിയും ആയിത്തീർന്നു. എന്നാൽ പുത്രന്റെ യോഗ്യത കാണുവാനുള്ള ഭാഗ്യം അമ്മതമ്പുരാനുണ്ടായില്ല. ശക്തനു മൂന്നു വയസ്സു തികയുന്നതിനു മുമ്പ് ആ സാധുസ്ത്രീ കാലഗതി പ്രാപിച്ചു. പിന്നീട് അവിടത്തെ വളർത്തിയതു് ആ തമ്പുരാട്ടിയുടെ സഹോദരിയായിരുന്നു. ശക്തൻ തമ്പുരാൻ തിരുമനസ്സിലെ പേരമ്മയായ ഈ ചിറയ്ക്കമ്മത്തമ്പുരാട്ടിയുടെ തായ്വഴിയിലാണ് ഇന്നത്തെ കൊച്ചി രാജവംശം.

ശക്തൻതമ്പുരാൻ ബാല്യത്തിൽ തന്നെ ആയുധവിദ്യയിൽ നൈപുണ്യം സമ്പാദിച്ചു. വാളേറു്, കുന്തമേറു്, കഠാർകയറാം, പരിചപ്പയറു് എന്നിവയിൽ അവിടത്തെ നൈപുണ്യം അത്ഭുതകരമായിരുന്നു. അടവു്, തടവു്, ഓട്ടം, ചാട്ടം, ഞൊങ്കാശപ്പയറു്, പരിചയാളിപ്പു്, വായുസ്തംഭനം എന്നീ വിദ്യകളിലും അസാമാന്യമായ പാടവം പ്രകടിപ്പിച്ചു. ആയുധവിദ്യയിലും മറ്റും തമ്പുരാനോടു് ഏതാണ്ടു കിടനില്ക്കുവാൻ അന്നു് കൊച്ചിരാജ്യത്തു് ഒരാളേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം ആയിരുന്നു പണിക്കരുകുപ്പിത്താൻ. ആ ആയുധനിപുണൻ തമ്പുരാന്റെ അംഗരക്ഷകനുമായിരുന്നു.


ശക്തൻതമ്പുരാന്റെ കുട്ടിക്കാലത്തെ വിനോദങ്ങളിൽ ഒന്നായിരുന്നു കവിണേറു്. ഏതു ഉയർന്ന വൃക്ഷങ്ങളുടെയും തുഞ്ചത്തുള്ള വൃക്ഷലതകളും കായ്കളും എറിഞ്ഞു വീഴ്ത്തുവാൻ അവിടത്തേക്കു് യാതൊരു വിഷമവും

ഉണ്ടായിരുന്നില്ല. അവിടത്തെ വേറൊരു വിനോദമായിരുന്ന വെള്ളത്തിനടിയിൽ വളരെനേരം മുങ്ങിക്കിടക്കുക. എത്രവട്ടം അവിടത്തെ ക്ലാസ്സുകാർ അമ്പരന്നു വിളിച്ചുകൂകിയിട്ടുണ്ട്. ചിറമ്മത്തമ്പുരാൻ എത്ര തവണ വല്ലാതെ പരിഭ്രമിച്ചിട്ടുണ്ട്.

കുതിര കയറ്റമായിരുന്ന മറ്റൊരു വിനോദം. കേവലം ഒരു ബാലനായിരുന്ന കാലത്ത് അവിടന്ന് ഒരു വലിയ കുതിരയുടെ പുറത്തു ചാടിക്കയറി ജീനിയും കടിഞ്ഞാണും ക്ലാസ്സിനെ ഓടിച്ചു് ആ കുതിരയുടെ ഉടമസ്ഥനെക്കൂടി വിസ്മയിപ്പിച്ചു. അശ്വാഭ്യാസമത്രം പരിശീലമായിരുന്ന എന്നു് കാണികൾക്കു തോന്നുമാറു് ഏതു പടക്കുതിരയെയും മരുക്കി ഓടിക്കുവാൻ ഒരു വിഷമവും ഉണ്ണിത്തമ്പുരാനുണ്ടായിരുന്നില്ല. നല്ല കുതിരകളെ എവിടെക്കണ്ടാലും വിലകൊടുത്തു വാങ്ങിക്കുവാൻ മടിച്ചിരുന്നില്ല. അവിടത്തെ കുതിരലായത്തെപ്പറ്റിയും, അവിടന്നു് എന്നും സവാരിക്കുപയോഗിച്ചിരുന്ന "പഞ്ചകല്യാണി" എന്ന കുതിരയെപ്പറ്റിയും ഉള്ള പ്രസിദ്ധി അന്നെവിടെയും വ്യാപിച്ചിരുന്നു.

പ്രഭുസ്വാവേഷനായി നടക്കുന്നതിനു് അവിടന്നു് ചെറുപ്പത്തിൽ തന്നെ പ്രകടിപ്പിച്ച പാടവം ആരെയും വിസ്മയിപ്പിച്ചു. അവിടത്തേക്കു് ഏതു വേഷവും കെട്ടുന്നതിനു് ഒരു ക്ലേശമുണ്ടായിരുന്നില്ല. ജോനകനായും ജൂതനായും ബ്രാഹ്മണനായും പട്ടാണിയായും ലാടനായും വേടനായും ഒക്കെ വേഷം പകരുവാൻ ഒരു ഞൊടിയിടയേ വേണ്ടിയിരുന്നുള്ളൂ. അവിടത്തെ ആൾ

മാറാട്ട വിദ്യയെക്കുറിച്ചുള്ള പല കഥകളും ഉണ്ട്. കുട്ടി
ക്കാലത്തു് ഒരിക്കൽ അവിടന്നു് ഒരു മൊട്ടച്ചി അമ്മ്യാ



ടെ വേഷം കെട്ടി, ചിറമ്മത്തമ്പുരാന്റെ അടുക്കൽ ചെന്നു യാചിച്ച് കുറേ ഭക്ഷണസാധനങ്ങളും ഓട്ടുപാത്രങ്ങളും തട്ടിച്ചു. അല്പം കഴിഞ്ഞു് ഉണ്ണിത്തമ്പുരാൻ അവയെല്ലാം എടുത്തും കൊണ്ടു് തമ്പുരാട്ടിയുടെ മുമ്പിലെത്തി. "അയ്യോ! ഉണ്ണി!—ആ പാവപ്പെട്ട സ്ത്രീയുടെ പക്കൽനിന്നു എന്തിനിതു പിടിച്ചു പറിച്ചു? അവൾക്കു ഞാൻ കൊടുത്തതായിരുന്നല്ലോ ഇതെല്ലാം" എന്നു് അവർ ശകുതനെ കഠോരപ്പെടുത്തി. "അമ്മയുടെ ആ പാവപ്പെട്ട സ്ത്രീയാണു് ഈ നില്ക്കുന്ന ഉണ്ണി" എന്നു് അദ്ദേഹം ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു. അതു കേട്ടപ്പോൾ തമ്പുരാട്ടി അത്ഭുതപരവശയായി. ഇങ്ങനെയുള്ള ആൾമാറാട്ടങ്ങൾ ചെറുപ്പത്തിൽ വിനോദത്തിനുവേണ്ടിയായിരുന്നെങ്കിലും പിന്നീടു് രാജ്യത്തു് അച്ചടക്കം പാലിക്കുന്നതിനു് അവിടത്തേക്കു് അത്യന്തം ഉപകരിച്ചു. അവിടന്നു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വേഷംമാറി നടന്നു് നേരിട്ടു പല കാര്യങ്ങൾ ഗ്രഹിക്കുകയും ആവശ്യമുള്ളപ്പോൾ യഥാർത്ഥവേഷമെടുത്തു ന്യായം നടത്തുകയും ചെയ്തുമായിരുന്നു.

ശക്തൻ തമ്പുരാന്റെ ജനനകാലത്തോടു് അടുത്തുള്ള ഘട്ടത്തിൽ കൊച്ചീരാജ്യം ഏറ്റവും ദുർഘടസ്ഥിതിയിലായിരുന്നു. രാജ്യത്തിലും രാജകുടുംബത്തിലും സമാധാനം ഉണ്ടായിരുന്നില്ല. രാജസ്ഥാനത്തെ ക്രമാധികം വിഷമിപ്പിച്ചിരുന്നു. തായ് വഴിത്തക്കവും ഇടപ്രഭുക്കന്മാരുടെ ധിക്കാരവും കൈയ്യേറ്റവും ഉള്ള ചില മാടമ്പിമാർ രാജ്യത്തു് അന്തഃഛിദ്രം ഉണ്ടാക്കിക്കൊണ്ടിരുന്നു, കോളചക്രവർത്തിപദം സ്വപ്നം കണ്ടുകൊണ്ടു് അയൽ രാജ്യങ്ങളെല്ലാം ആക്രമിക്കുവാൻ ഒരുമ്പെട്ട സാമൂതിരി ചില ഭാഗങ്ങൾ കൈയ്യടക്കിയും

തക്കവും തരവുംനോക്കി കൊള്ളയിട്ടും ക്രൂടെക്രൂടെ കൊച്ചിയെ ശപാസംമുട്ടിച്ചുവന്നു. പറവിയും പരുങ്ങിയും നിന്നിരുന്ന കത്താക്കന്മാരും കൈയ്യൽമാരും ഈ ഘട്ടങ്ങളിൽ ശത്രുക്കളെ ശ്രദ്ധമായി സഹായിച്ചു കൊണ്ടിരുന്നു. സാമൂതിരിയോട് ഏറ്റവും തോറ്റും കൊച്ചിയുടെ വീര്യവും വീര്യവും മിക്കവാറും ഒടുങ്ങിയ മട്ടായി. ഈ സമയത്തായിരുന്ന വീരമാത്തണ്ഡവമ്മ മഹാരാജാവു് കൊല്ലം മുതൽ വടക്കോട്ടുള്ള രാജ്യങ്ങൾ എല്ലാം കീഴടക്കി വിജയഭേരി മുഴക്കിയതു് വേണാടിന്റെ ഈ വടക്കോട്ടുള്ള പുറപ്പാടു്, ക്രനിൽക്കരു എന്നപോലെ കൊച്ചിയെ പരിഭ്രമിപ്പിച്ചു. ലന്തക്കാരുടെ സഹായമായിരുന്ന കൊച്ചിരാജ്യത്തിന്റെ ഏകാവലംബം. എന്നാൽ അവരുടെ ശക്തിയും ഈ ഘട്ടത്തോട്ടുകൂടി ക്ഷയിച്ചുപോയിരുന്നു: അതുമല്ല, മേല്പോയ്മയെ ധിക്കരിച്ച ഇടപ്രഭുക്കന്മാരെ അവരും തരംപോലെ ശ്രദ്ധമായി സഹായിക്കുകയും പ്രേരിപ്പിക്കുകയുമാണുണ്ടായതു്. ഇങ്ങനെ അധോഗതി പ്രാപിച്ചിരുന്ന കൊച്ചിയെ ഉദ്ധരിക്കുവാൻ പിറന്ന ക്രമ്മമൂർത്തിയായിരുന്നു ശക്തൻതമ്പുരാൻ.

കഷ്ടിച്ചു് പ്രായപൂർത്തിയായതോട്ടുകൂടി, തനിക്കു മീതേ രണ്ടു രാജാക്കന്മാർ—വലിയതമ്പുരാനും ഇളയതമ്പുരാനും—ഉണ്ടായിരിക്കെ, അന്നു് ഇളയതമ്പുരാൻമാത്രമായിരുന്ന ശക്തൻതമ്പുരാൻ രാജ്യഭരണം കൈയ്യേറ്റു. അങ്ങനെ ഇരുപതു കൊല്ലത്തോളം ആ രണ്ടു മഹാരാജാക്കന്മാരുടെ പ്രതിപുരുഷനായും പതിനാറുകൊല്ലം വലിയതമ്പുരാനായും അവിടുന്നു് രാജ്യഭരണം നിർവഹിച്ചു. കൈക്കരുത്തും കരളുറപ്പും ഉണ്ടായിരുന്ന അവിടുന്ന ഭരണസാരഥ്യം ഏറ്റതോട്ടുകൂടി രാജ്യാന്തരീക്ഷത്തിന്റെ ആക

പ്പാടെയുള്ള ഭാവം ഒന്നുമാറി. ഇടഞ്ഞും എതിർത്തും നിന്നിരുന്ന ഇടപ്രഭുക്കന്മാർ ഒന്നോടെ ഒതുങ്ങി. മുഷ്കരന്മാരെയും തന്പുരന്മാരെയും കൊണ്ടുള്ള ഉപദ്രവങ്ങൾ എല്ലാം ഒടുങ്ങി. രാജദ്രോഹവും ക്രൂരമത്സരവും ഇല്ലാതായി. രാജ്യത്തിന്റെ ഏതൊരു കോണിലും പണ്ടെങ്ങുമില്ലാത്ത സുഖവും സുഭിക്ഷതയും ഉണ്ടായി.

ഇതുപോലെ രാജ്യരക്ഷയ്ക്കും പ്രജാസുഖത്തിനും വേണ്ടി അധ്വാനിച്ച ഒരു മഹാരാജാവ് കൊച്ചിയിൽ ഉണ്ടായിട്ടില്ല. രാജ്യത്തു് ആദ്യമായി കണ്ടെഴുത്തും കരപരിഷ്കാരവും നടപ്പിലാക്കിയതു് അവിടുന്നായിരുന്നു. അക്കാലത്തു കൊച്ചിയ്ക്കു് ഒരു സ്ഥിരസൈന്യം ഉണ്ടായിരുന്നില്ല. അക്കുറവു് അവിടന്നു പരിഹരിച്ചു. സൈനികപരിശീലനം നടപ്പാക്കി. "തണ്ടും തടിയും" ഉള്ളവരെല്ലാം സൈന്യത്തിൽ ചേരണമെന്നു് വ്യവസ്ഥ ചെയ്തു. കടൽക്കള്ളന്മാരെ ഒതുക്കുവാൻ ഒന്നാംതരം മാടിവള്ളങ്ങളോടുകൂടിയ ഒരു വാലസൈന്യം രൂപവല്ക്കരിച്ചു. ആദ്യമായി പൊതുമരാമത്തുകളും തുടങ്ങി; വഴികൾ വെട്ടിക്കുക, കുളങ്ങൾ കുഴിപ്പിക്കുക, പാലങ്ങൾ പണിയിക്കുക എന്നിവയിലെല്ലാം പ്രത്യേകം ശ്രദ്ധ ചെലുത്തി. കച്ചവടമാണു് രാജ്യശ്രേയസ്സിനുള്ള പ്രധാനമാർഗ്ഗമെന്നുകണ്ടു് ചന്തകൾ മിക്കസ്ഥലങ്ങളിലും സ്ഥാപിക്കുകയും പണ്ടകശാലകൾ പണിയിച്ചു് കച്ചവടക്കാർക്കു വാടകയ്ക്കു കൊടുക്കുകയും ചെയ്തു. അവിടത്തെ സമ്പന്നവകയായിത്തന്നെ വളരെ കച്ചവടക്കപ്പലുകൾ ഉണ്ടായിരുന്നു. കാഷ്ടികാഭിവൃദ്ധിക്കും അവിടുന്നു കഴിയുന്നതുമാതിരിച്ചു. പണം കടം കൊടുത്തും, കേടുപിഴകൾ നോക്കിക്കണ്ടു് നികുതിപാട്ടങ്ങൾ ഇളവുചെയ്തും കർഷകരെ സഹായിച്ചു. വേണ്ടിടത്തെല്ലാം അണകളും, ചിറകളും

കെട്ടിച്ചു. പുരുക്കത്തിൽ രാജ്യാഭിവൃദ്ധിക്കുതകുന്ന ഏതൊരു കാര്യത്തിലും അവിടത്തെ കണ്ണും കരളും ചെന്നെത്താതിരുന്നില്ല.

നീതി നടത്തുന്നതിനു് ചാരസംഘമാണു് തിരുമനസ്സിലേക്കു് ഉറ്റ തുണയായി നിന്നതു്. ചാരന്മാരാണു് രാജാവിന്റെ കണ്ണു്; ദൂതന്മാർ നാവും. ഈ തത്ത്വം അവിടന്നു് സൂക്ഷ്മമായി ഗ്രഹിച്ചിരുന്നു. ശക്തൻതിരുമേനിയുടെ ചാരന്മാർ ചെന്നെത്താത്ത ദിക്കില്ല; കണ്ടുപിടിക്കാത്ത അഴിമതിയുമില്ല. പക്ഷേ മറാക്കും അറിഞ്ഞുകൂടായിരുന്ന ചാരന്മാർ ആരൊക്കെയെന്നും എവിടൊക്കെയെന്നും. ഒരിക്കൽ ഒരു ബോട്ടിൽ സഞ്ചരിച്ചിരുന്ന ഒരു നമ്പൂരിയെ ഉപദ്രവിക്കുവാൻ ഒരു മുഹമ്മദീയൻ അടുത്തുകൂടി. ഒരു കണക്കിൽ അയാൾ രക്ഷപ്പെട്ടു് കോവിലകത്തെത്തി. കളിയും ഊണും കഴിഞ്ഞു് നമ്പൂരി വഴിയിലുണ്ടായ സംഭവങ്ങൾ തിരുമനസ്സറിയിക്കുവാൻ ചെന്നപ്പോഴേക്കും ആ മുഹമ്മദീയനെ തിരുമുമ്പിൽ ഹാജരാക്കിക്കഴിഞ്ഞിരുന്നു. ഇങ്ങനെയായിരുന്നു അവിടത്തെ ചാരന്മാരുടെ കമ്മകെയ്ശലം. വേറൊരിക്കൽ ഒരു സ്ത്രീ കൊള്ളക്കാരുടെ കൈയ്യിൽ അകപ്പെട്ടു. "എന്റെ ശക്തൻതമ്പുരാനേ" എന്നു നിലവിളിച്ചപ്പോഴേക്കും തമ്പുരാൻതന്നെ അവിടെ പ്രത്യക്ഷനായി കൊള്ളക്കാരെ മുഴുവൻ കൊന്നൊടുക്കിയത്രേ. ചാരന്മാരിൽനിന്നും കൊള്ളക്കാരുടെ ഉദ്ദേശവും പുറപ്പാടും നേരത്തേതന്നെ മനസ്സിലാക്കിയിരുന്നതുകൊണ്ടാണു് തിരുമനസ്സിലേക്കു് മിന്നൽപോലെ അവിടെ ചെന്നെത്തുവാൻ സാധിച്ചതു്.

നീതി നടത്തുന്നകാര്യത്തിൽ ശക്തൻതമ്പുരാൻ ജാതിമതാദിഭേദങ്ങളൊന്നും നോക്കാറില്ലായിരുന്നു. അനീ

തിചെയ്യുന്നവനായിരുന്നാലും അവൻ ശിക്ഷ അനുഭവിക്കണമെന്നുള്ളതായിരുന്നു തിരുമേനിയുടെ ആദർശം. തന്റെ കപ്പിത്താന്മാരിൽ ഒരാൾ തന്നെ മയ്യാഴിക്കേട്ട് പ്രവർത്തിച്ചപ്പോൾ അയാളെ ഒരു ഇരുമ്പുകൂടിയിൽ ചേർത്തുകെട്ടി, തൂണിലേറി, എണ്ണയൊഴിച്ച് ദഹിപ്പിച്ചു കളഞ്ഞു എന്നൊരു കഥയുണ്ട്. ഇങ്ങനെ കൂടവാളികൾക്കു അവിടുന്നു കൊടുത്ത ശിക്ഷകൾ ക്രൂരങ്ങളും ബീഭത്സങ്ങളുമായിരുന്നു. എന്നാൽ അക്കാലത്തെ ദണ്ഡനരീതിയും കൊച്ചിയുടെ അന്നത്തെ നിലയും വച്ചു നോക്കിയാൽ അങ്ങനെ തീർത്തുപറയാമോ എന്നു സംശയമുണ്ട്. ഏതായാലും അധർമ്മത്തോടു് അവിടുത്തേക്കുണ്ടായിരുന്ന കഠിനവിദ്വേഷമാണു് നിർദ്ദയമായ ശിക്ഷാവിധികൾക്കു പ്രേരകമായതെന്നു് ആരും സമ്മതിക്കും. യഥാർത്ഥത്തിൽ ശക്തൻ തമ്പുരാൻ തിരുമനസ്സിലെ ഹൃദയം ദീനാനുകമ്പകൊണ്ടു് ആർദ്രവും ധർമ്മതൽപരത കൊണ്ടു് നിർമ്മലവും ആയിരുന്നു. എത്രയോ പാവങ്ങളെ, അനാഥരെ അവിടുന്നു് ഉള്ളഴിഞ്ഞും കൈയ്യയച്ചും സഹായിച്ചിരുന്നു.

ഇപ്പോഴത്തെ കൊച്ചിയുടെ സ്ഥാപകൻ ശക്തൻ തമ്പുരാനാണെന്നുള്ളതിനു് രണ്ടു പക്ഷമില്ല. രാജ്യം ഏകാശാസനത്തിലാക്കുവാൻ അവിടുന്നു ചെയ്ത യത്നങ്ങളാണു് അന്നുമുതൽ ഇന്നോളം ആ രാജ്യത്തെ പുലർത്തിക്കൊണ്ടുപോന്നതു്. ഉള്ളതു കളയാതിരിക്കുന്നതിനും കിട്ടേണ്ടതു വാങ്ങിക്കുന്നതിനും വേണ്ടി എത്ര തവണ ലന്തക്കാരോടും പറങ്കികളോടും ന്യായവാദം ചെയ്തു? തിരുവിതാംകൂറിനോടു് സ്നേഹബന്ധം പുലർത്തുന്നതിനും ഇംഗ്ലീഷുകാരോടു് ഇണങ്ങിയിരുന്നപ്പോഴും ഫ്രഞ്ചുകാരിൽ

നിന്ന് വല്ല സഹായവും കിട്ടുമോ എന്ന് പരീക്ഷിക്കുന്നതിനും കുശാഗ്രബുദ്ധിയായ ശകുനൻതമ്പുരാൻ ഒരുമ്പെട്ടതു് രാജ്യരക്ഷാർത്ഥമായ ലാക്കാക്കിയായിരുന്നു.

കൊല്ലവർഷം ൯൭൨-ൽ അവിടന്ന് തീപ്പെട്ടശ്ശേഷം കൊച്ചിരാജ്യം പല തരത്തിൽ അഭിവൃദ്ധിപ്രാപിച്ചിരുന്നു. രാജ്യത്തിന്റെ അതിർത്തി അധികം വിപുലമായില്ലെങ്കിലും രാജാധികാരം അത്യന്തം പുഷ്ടമായി; മുതലെടുപ്പു വർദ്ധിച്ചു; നാട്ടിലെങ്ങും സുഖവും സമാധാനവും കൂടികൊണ്ടു! കുന്നലക്കോനാതിരിയുടെയും മൈസൂർ വ്യാഘ്രത്തിന്റെയും പടയേറാങ്ങളിലൊന്നും തകർന്നുപോകാതെ, അന്തഃഛിദ്രങ്ങളും അഴിമതികളും അടിച്ചമർത്തി, കൊച്ചിയെ കാത്തുരക്ഷിച്ചു്, ആ രാജ്യത്തിന്റെ അസ്ഥിവാരമുറപ്പിച്ച ശകുനൻതമ്പുരാൻ വാസ്തവത്തിൽ ഒരു മഹാ ശകുനൻതന്നെ!!

പാഠം ൧൯

സഹകരണം

നാം ഒരു കൃത്യംചെയ്യാൻ ഒരുമ്പെട്ടാൽ അതിന്റെ ശരിയായ നിർവ്വഹണം തന്നെ പ്രധാനമായി കരുതണം. അങ്ങനെ ആ കൃത്യം നിർവ്വഹിച്ചുകഴിയുമ്പോൾ നമുക്കു കൃതാർത്ഥതയുണ്ടാകും. അന്യരുടെ അഭിനന്ദനത്തിനു നാം പാത്രമായേക്കാം. എന്നാൽ ചിലപ്പോൾ കൃത്യമല്ലത്തയല്ല പ്രധാനമായി കരുതുന്നതു്. നമുക്കു നമ്മുടെ സാമർത്ഥ്യം മുഴുവൻ പ്രകടിപ്പിക്കണമെന്നും അന്യരെ വിസ്മയിപ്പിക്കണമെന്നും ഉള്ള ആഗ്രഹവും കടന്നുകൂടി

യേക്കും. ആ ആഗ്രഹം നാം വളരെ സൂക്ഷിച്ചു കണ്ടു പിടിച്ചു ദൂരീകരിക്കേണ്ടതാണു്. ഒന്നാമതായി അങ്ങനെ ഒരു ആഗ്രഹം നന്നല്ല. രണ്ടാമതു നാം ഏറ്റെടുത്ത കൃത്യങ്ങളെ അപൂർവ്വം ചിലതൊഴിച്ചു മറെറല്ലാത്തിന്റെയും നിർവ്വഹണത്തിനും അത്തരത്തിലുള്ള മനഃസ്ഥിതി ബാധകമായിത്തീരുകയും ചെയ്യും. ഒറെറയ്ക്കു നിന്നു ഒന്നിനു കളിക്കുമ്പോഴോ മറെറാ ആ മനഃസ്ഥിതിയുടെ ദോഷഫലം പക്ഷെ നമുക്കു അനുഭവപ്പെട്ടില്ലെന്നുവരാം. എന്നാൽ ലോകത്തിൽ നാം ഉൾപ്പെടുന്ന കളികളാകട്ടെ കാര്യങ്ങളാകട്ടെ മിക്കവാറും ഒറെറയ്ക്കു സാധിക്കാവുന്നവയല്ല.

കുറെ ആളുകൾ ഒരു വള്ളത്തിൽ കയറി തണ്ടു പിടിച്ചു പോകയാണെന്നു വിചാരിക്കുക. ശക്തിയുടെയും അഭ്യാസത്തിന്റെയും ക്രുടുതൽ കൊണ്ടു തണ്ടു പിടിക്കുന്നവർ പല തരക്കാരായിരിക്കും. അവർക്കു എല്ലാപേർക്കും ആകാവുന്ന ക്രമത്തിൽ തണ്ടുപിടിച്ചു പോകയാണെങ്കിൽ വള്ളത്തിന്റെ ഗതി സുഖകരമായിരിക്കും. എന്നാൽ അവരിൽ ബലിഷ്ഠനായ ഒരാൾ ശക്തി പ്രകടിപ്പിക്കുവാനുള്ള മോഹത്താൽ ഉത്സാഹക്കൂടി അധികം പിടിക്കുകയാണെങ്കിൽ വള്ളത്തിൽ യാത്ര ചെയ്യുന്ന എല്ലാവർക്കും ഭയങ്കരമായ അപകടം പററി എന്നുവരാം. ഫുട്ബാൾ പന്തയങ്ങളിൽ ചിലപ്പോൾ അനേകം നല്ല കളിക്കാരുള്ള വശം തോല്ക്കുകയും സാമാന്യക്കാർ മാത്രമുള്ള വശം ജയിക്കുകയും ചെയ്യുന്നതു നാം കാണാറുണ്ടു്. അവരുടെ കളി ശ്രദ്ധിച്ചാൽ തോൽവിയുടെ രഹസ്യം വെളിപ്പെടും. ആദ്യം പ്രബലപക്ഷത്തിലെ സമർത്ഥനായ ഒരു മുമ്പൻ (FORWARD) പന്തു കൈവശപ്പെടുത്തി മറുവശത്തേക്കു വിട്ടുകൊടുക്കാതെ

വളരെനേരം ഇടഞ്ഞുകൊണ്ടുപോകുന്നു. ക്രമേണ ക്ഷീണിക്കുമ്പോൾ ഇനി തന്റെ വശത്തു ആ പന്തു സുരക്ഷിതമായിരിക്കുമോ എന്നു് അയാൾക്കു് സന്ദേഹവും തോന്നുന്നു. സ്വപക്ഷത്തിൽ ഒരുവനു് പന്തു വിട്ടുകൊടുക്കയാണു അയാൾ അപ്പോൾ ചെയ്യേണ്ടതു്. എന്നാൽ വിജയം നേടുന്നതു താൻതന്നെ വേണം എന്നുള്ള ദുരാഗ്രഹം നിമിത്തം അയാൾ കൂട്ടുകാർക്കു പന്തു വിട്ടുകൊടുക്കാതെ വീണ്ടും തന്നെത്താൻ മുമ്പോട്ടു കൊണ്ടുപോകുന്നു. അപ്പോൾ മറുവശക്കാർ എളുപ്പത്തിൽ അതു് അയാളിൽനിന്നു തട്ടിയെടുക്കുന്നു. സമർത്ഥന്മാർ പലരും ഉള്ള അയാളുടെ പക്ഷം മുഴുവൻ പരാജയപ്പെടുകയും ചെയ്യുന്നു.

ഇതുകൊണ്ടു ഒരു കൃത്യത്തിലുൾപ്പെടുന്നവർ ഓരോരുത്തരും കൃത്യത്തെ പ്രധാനമായി ഗണിച്ചു് പരസ്പരം സഹകരണബുദ്ധിയോടുകൂടി പ്രവർത്തിക്കേണ്ടതാണെന്നു സിദ്ധിക്കുന്നു. കളികളിൽ എന്നപോലെതന്നെ ഗൃഹജീവിതത്തിലും പരജീവിതത്തിലും രാഷ്ട്രീയജീവിതത്തിലും സർവ്വപ്രധാനമായി വേണ്ടതു ഈ സഹായത്യാഗവും സംയുക്തപ്രവർത്തനവും ആണു്.

ഒരു രാജ്യത്തിലെ ഭരണകർത്താക്കൾ അല്ലെങ്കിൽ ഒരു നഗരസഭയിലെ അംഗങ്ങൾ പരസ്പരം മേന്മ ഭാവിച്ചു മല്ലിട്ടു കൊണ്ടിരുന്നാൽ ആ രാജ്യത്തിന്റെ അല്ലെങ്കിൽ നഗരത്തിന്റെ അവസ്ഥ എത്രയും ശോചനീയമായിത്തീരും. പല നഗരങ്ങളുടെയും ഭരണം ഇങ്ങനെ അലങ്കോലപ്പെട്ടുകാണാറുണ്ടു്. നഗരസഭാസമ്മേളനത്തിൽ ഒരാൾ ഒരു പ്രമേയം കൊണ്ടുവരുന്നു. നഗരത്തിനു ഏറ്റവും ആവശ്യമുള്ള ഒരു കാര്യം അനുവദിക്കണമെ

ന്നായിരിക്കും ആ പ്രമേയം. ഉദാഹരണമായി സാംക്രമിക രോഗപീഡിതരെ ശിഷ്രമായും ഉല്ലാസത്തിൽ കൂടാതെയും സങ്കേതസ്ഥലത്തേക്കു കൊണ്ടുപോകുവാൻ ഒരു ആംബുലൻസുകാർ വേണം എന്നൊരു പ്രമേയമാണ് അവതരിപ്പിക്കുന്നതു് എന്നു വിചാരിക്കാം. നഗരത്തിന്റെ ധനസ്ഥിതിക്കു അതു ഭാരമാകും സാദ്ധ്യവുമായിരിക്കാം. എന്നാൽ പ്രമേയം അവതരിപ്പിച്ച ആൾ സപക്ഷമോ വിപക്ഷമോ എന്നു മാത്രമേ ദൃഷ്ടിച്ചു മനഃസ്ഥിതിയുള്ള അംഗങ്ങൾ നോക്കുന്നുള്ളൂ. ആംബുലൻസുകാർ വേണ്ടെന്നു ഭൂരിപക്ഷക്കാർ തീർച്ചപ്പെടുത്തുകയും ചെയ്യുകാം. തന്നിമിത്തം എത്രയോ സാധുക്കൾക്കു ഉസ്സഹമായ ക്ലേശവും, പലപ്പോഴും അകാലമൃത്യുവും സംഭവിക്കുന്നു. ഇങ്ങനെയാണു ചിലപ്പോൾ പൊയ്യനന്മ സ്വാർത്ഥപരതയ്ക്കു അടിമപ്പെട്ടു പോകുന്നതു്. ത്യാഗവും സഹകരണവും ഒരിക്കലും ശീലിക്കാൻ ഇടവന്നിട്ടില്ലെന്നുള്ളതാണ് ഈ മാതിരി സഭകളിലെ അംഗങ്ങൾക്കുള്ള ന്യൂനത. അവർ കുട്ടികളായിരുന്നപ്പോൾ പന്തയത്തിൽ ഏർപ്പെട്ടിരുന്നു എങ്കിൽ മുൻപറഞ്ഞ മുമ്പനെപ്പോലെ തങ്ങൾ നിന്നു കളിച്ച വശത്തിൽ തോൽവി വരുത്തിയിരിക്കും എന്നതന്നെ ഉറപ്പിക്കണം. അഥവാ അവരവർക്കു പ്രാമാണ്യം ഇല്ലെന്നുവച്ചു, പലരും ഏകോപിച്ചു സാധിക്കേണ്ട സമാരംഭങ്ങളൊട്ടതന്നെ ഇക്കൂട്ടർ അവജ്ഞ ഭാവിച്ചു അവയിൽ ഒന്നും ഉൾപ്പെടാതെ മാറിനിന്നിരുന്നു എന്നും വിചാരിക്കാവുന്നതാണ്.

നമ്മുടെ കുട്ടികാർ ഉൾപ്പെടുന്ന കളികളിലും കാര്യങ്ങളിലും നാം പങ്കുകൊള്ളണം, ഫുട്ബാൾ മുതലായ കളികളിൽ, നാടകാഭിനയം, സ്കൗട്ടിംഗ്, വിനോദ

യാത്രകൾ ഇവയിലെല്ലാം കൂട്ടുചേർന്ന് പ്രവർത്തിക്കുക അത്യാവശ്യമാണ്. ഇവയിൽ ഏതെങ്കിലും ഇവ സംബന്ധിച്ചുള്ള ചില്ലറ സംശയങ്ങളിൽകൂടി സ്വാർത്ഥങ്ങളെ ഒക്കെ പിൻനിറുത്തി, പൊതുനന്മയ്ക്കും മറ്റുള്ളവരുടെയുംകൂടിയ്ക്കും വേണ്ടുംവണ്ണം വഴങ്ങി പ്രവർത്തിക്കുവാൻ തയാറാവണം. ഇതാണ് സഹകരണമനഃസ്ഥിതി.

ഒരു നാടകം അഭിനയിക്കുന്നു എന്നുവയ്ക്കുക. നടന്മാർ അവരവരുടെ ഭാഗം നല്ലവണ്ണം പഠിച്ചിട്ടുണ്ടെങ്കിലും പരസ്പരം പൊരുത്തം വരുത്തിയില്ലെങ്കിൽ അഭിനയം വിജയകരമാവുകയില്ല. അഭിനയമെല്ലാം തൊൻ സ്വയത്തു നടത്തിക്കൊള്ളാം എന്നു പറഞ്ഞു പരിശീലനസമയത്ത് ഹാജരാകാതെ നാടകം മുഴുവൻ അലങ്കോലപ്പെടുത്തുന്നവർ പലരും ഉണ്ട്. ചെറുപ്പത്തിൽ ഇങ്ങനെ അപരുമാറി ശീലിക്കുന്നവർ മുതിർന്നു ജീവിതത്തിലെ ഗൗരവമേറിയ കൃത്യങ്ങളിലും അതേ രീതിയിൽ പ്രവർത്തിക്കുമെന്നതിനു സംശയമുണ്ടാകേണ്ടതാണ്. നമുക്ക് ഡ്രിൽ നിത്യാപേക്ഷിതമായി വന്നിരിക്കുന്നത് ഒന്നുചേർന്നു പ്രവർത്തിക്കുവാനുള്ള ശീലം വിട്ടുപോകാതിരിക്കുവാനാണ്. രണ്ടായിരത്തിമുന്നൂറു വർഷങ്ങൾക്കുമുമ്പ് അലക്സാൻഡറുടെ ആക്രമണം മുതൽ അടുത്തകാലത്തു ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ സമാധാനപരമായ ഭരണം സ്ഥാപിതമായ ദിവസംവരെ ഇൻഡ്യയിൽ നടന്നിട്ടുള്ള യുദ്ധങ്ങളിൽനിന്ന് മേല്പറഞ്ഞ പരിശീലനത്തിന്റെ മേന്മയും അതില്ലാഞ്ഞാലുള്ള ദോഷത്തിനും ഉദാഹരണങ്ങൾ വ്യക്തമായി ഗ്രഹിക്കാവുന്നതാണ്.

നിത്യവും നമ്മുടെ ചുറ്റും നടക്കുന്ന നിസ്സാരങ്ങളായ സംഭവങ്ങളിൽ ചിലതു നോക്കുക. ഒരു നാടക

ശാലയിലെ പ്രവേശനദ്വാരമോ റെയിൽവേസ്റ്റേഷനിലെ ടിക്കറ്റുകിളിവാതലോ തുറക്കുന്ന സമയത്തു് എന്തു തിക്കും തിരക്കും ബഹളവും ആണു് കാണുന്നതു്. അശക്തന്മാർക്കു പലപ്പോഴും അപകടം പറ്റാറുണ്ടു്. ചിലപ്പോൾ ടിക്കറ്റിനു് ഒരാൾ പണം കൊടുക്കും. മറ്റൊരാൾക്കു ടിക്കറ്റു കിട്ടും. ചില്ലറ ചക്രം വല്ലതും ഉണ്ടെങ്കിൽ അതു മൂന്നാമതൊരാളിനു്. ഇംഗ്ലണ്ടിലെ ഒരു നാടകശാലയിലോ, ടിക്കറ്റു വില്പന സ്ഥലത്തോ ഈ ബഹളമൊന്നും ഇല്ല. ആദ്യമായി വരുന്ന ആൾ മുമ്പേ നില്ക്കും. പിന്നീടു പിന്നീടു വരുന്നവർ പിമ്പു പിമ്പായി നിന്നുകൊള്ളും. ചിലപ്പോൾ ഈ മനുഷ്യശൃംഖല ഒരു ഫർലാങ്ങു് ദൂരം നീണ്ടുകാണാം. എന്നാൽ അതുംതന്നെ അക്ഷമ കാണിച്ചു മുമ്പോട്ടു കുതിക്കാറില്ല. നമുക്കാകട്ടെ അന്യന്മാർക്കു നേരിടുന്ന സാരമായ അസുഖം ഓർത്തുപോലും, രണ്ടുമിനിട്ടിനു മുമ്പു് നമുക്കു ടിക്കറ്റു കിട്ടണമെന്നുള്ള നിസ്സാരമായ സ്വാർത്ഥം വെടിയുവാൻ മനസ്സു് ഉണ്ടാകുന്നില്ല. മനുഷ്യർക്കു സമുദായമായിട്ടല്ലാതെ ജീവിക്കുവാൻകഴികയില്ല. പരിഷ്കൃതരായ മനുഷ്യരുടെ പ്രവൃത്തികൾ പ്രായേണ പലരും ചേർന്നു ചെയ്യേണ്ടതും ആണു്. അതുകൊണ്ടു് സഹകരണബുദ്ധിയും സംയുക്തപ്രവർത്തനത്തിലുള്ള പരിശീലനവും നാം ചെറുപ്പത്തിൽ തന്നെ പരിപൂർണ്ണമായി സമ്പാദിക്കേണ്ടതാണു്.

പാഠം ഏഴ്

വിധിവിഹിതം

ഇവനിതു ലഭിക്കേണമിന്നകാലം വേണം
അവശത ഭവിക്കേണമത്ഥനാശം വേണം
ഇതി വിധി വിധിച്ചതിപ്രാണികൾക്കൊക്കെയേ
ഹിതമഹിതമെങ്കിലും ലംഘ്യമല്ലേതുമേ.
അനവരതമംബരേ നിന്നു ഭൂരസ്ഥമാ-
മവനിയിലെ വൃത്താന്തമൊക്കെ ഗ്രഹിപ്പവൻ
പടുതരവിദഗ്ധനാം ഗൃദ്ധ്രനും പാശത്താൽ
അടിപെടുമെലിക്കലെന്നോർത്തുകൊൾക ഭവാൻ
വലിയ കൊലയാനയും ഘോര സർപ്പങ്ങളും
ബലികളവരെങ്കിലും മാനുഷന്മാരുടെ
വചനമതു കേൾക്കയും തല്ലുകൾ കൊൾകയും
ആവതുടെ നിയോഗേന നിന്നു ക്രിയാടിയും
ശിവ! ശിവ! തരംകെട്ടനില്ലയോ? പിന്നെയെ-
ന്തിഹ മനുജർ, തങ്ങളിൽതന്നെ തല്ലുന്നവർ?
പ്രകടതരമൂർത്തിയാം സൂര്യനും, ചന്ദ്രനും
ഒരുദശയിലങ്ങഹോ, രാഹുവക്ത്രാന്തരേ
വിരവൊടു പതിച്ചഴുന്നിടുന്നതില്ലയോ?
സലിലനിധി വാരിപൂരത്തിനുള്ളിൽ ചെന്നു
സുലളിതസുഖംപൂണ്ടു സന്തതം മേവിടും.
വലിയ ജലജന്തുവൃന്ദങ്ങളും വന്നിങ്ങു
വലകളിലകപ്പെട്ടു ചാകുന്നതില്ലയോ?
സകലദിശി മേവുന്ന സർപ്പ ജന്തുക്കളും
സപദി വിഷയാനലേ ചെന്നുചാടി ദൃതം
സതതമപി വെന്തു ഭസ്മീഭവിക്കും ദൃഢം
സുഖമസുഖമെന്നു തോന്നുന്നതും നിശ്ചലം.

(കുഞ്ചൻനമ്പ്യാർ പഞ്ചതന്ത്രം)


പാഠം ൧൭

പഞ്ചേന്ദ്രിയങ്ങൾ

ശരീരത്തിനു വെളിയിൽ നടക്കുന്ന സംഗതികൾ ഗ്രഹിക്കുന്നതിനു് നമുക്കു് അഞ്ചു മാർഗ്ഗങ്ങൾ ഉണ്ടു്. ഈ മാർഗ്ഗങ്ങൾക്കു പഞ്ചേന്ദ്രിയങ്ങൾ എന്നു പേർ പറയുന്നു. അവ കണ്ണും ചെവിയും ത്വക്കും നാക്കും മൂക്കും ആകുന്നു. കണ്ണു് ദർശനത്തിനും, ചെവി ശ്രവണത്തിനും, ത്വക്കു് സ്പർശനത്തിനും, നാക്കു് രുചിക്കും മൂക്കു ഘ്രാണത്തിനും ഉള്ള മാർഗ്ഗങ്ങളാണു്. പഞ്ചേന്ദ്രിയങ്ങളിൽ വിശിഷ്യ ആദ്യത്തെ മൂന്നും നമുക്കു് അതിപ്രധാനങ്ങളാകുന്നു. അവയിൽ ഏതെങ്കിലും ഒന്നിനു് വൈകല്യം വന്നാൽ നമുക്കു വളരെ അസുഖവും നമ്മെ ആശ്രയിക്കേണ്ടുള്ള പ്രയോജനത്തിനു ന്യൂനതയും സംഭവിക്കും. അതുകൊണ്ടു് ജ്ഞാനേന്ദ്രിയങ്ങളായ അവയെ സൂക്ഷിക്കേണ്ടതും, അവയ്ക്കു ദോഷം നേരിടാതെ രക്ഷിക്കേണ്ടതും ആകുന്നു.

ജ്ഞാനേന്ദ്രിയങ്ങളിൽ ഓരോന്നിനെയും തലച്ചോറിൽ ഓരോ സ്ഥാനത്തോടു ഘടിപ്പിച്ചിക്കുന്നതിനു് സൂക്ഷ്മങ്ങളായ ഞരമ്പുകൾ ഉണ്ടു്. തലച്ചോറാണു് ഇന്ദ്രിയങ്ങളുടെ വ്യാപാരങ്ങളെ സ്വീകരിച്ചു് സകല ചേഷ്ടകളെയും നിയന്ത്രിക്കുന്നതു്. ലഹരിപദാർത്ഥങ്ങൾ തലച്ചോറിനെയും ഞരമ്പുകളെയും ബലഹീനമാക്കി ഇന്ദ്രിയങ്ങളെ മന്ദീഭവിപ്പിക്കുന്നു. മദ്യപാനം ചെയ്യുന്നവനു് ദർശനാദി ശക്തികൾക്കു മന്ദതയും അസ്വാസ്ഥ്യവും നേരിടുന്നു. അതുകൊണ്ടു് ഇന്ദ്രിയരക്ഷയ്ക്കു് ലഹരിപദാർത്ഥങ്ങളെ വർജ്ജിക്കേണ്ടതാകുന്നു.

കണ്ണ് തലയോടിന്റെ മുൻവശത്തുള്ള രണ്ടു സുഷിരങ്ങളിൽ ഗോളരൂപത്തിൽ സ്ഥിതിചെയ്യുന്നു.



വല്ല ഉപദ്രവവും നേരിടാൻ തുടങ്ങുമ്പോൾ കൺപോളകൾ കണ്ണിനെ ആവരണംചെയ്തു രക്ഷിക്കുന്നു. കണ്ണിൽ ചെറുതിയ വിഴുതെയും സൂക്ഷ്മമായ പ്രകാശത്തെ ലഘൂപ്പെടുത്തിയും സൂക്ഷിക്കുന്നതു് ഇമകളാണു്. അക്ഷിഗോളത്തിന്റെ ചലനത്തിനു് ഉപകരിക്കുന്ന ചില മാംസപേശികൾ ഉണ്ടു്. അവയുടെ സങ്കോചവികാസങ്ങൾ അനുസരിച്ചാണു് കണ്ണു് ഇളകുന്നതു്. മേല്പോളകൾക്കു് അടിയിലായി അശ്രുഗ്രന്ഥികൾ (Tear Glands) ഉണ്ടു്. അക്ഷിഗോളത്തെ പൊതിഞ്ഞിരിക്കുന്ന പാടപോലെയുള്ള തൊലി എപ്പോഴും ആർദ്രമായിരിക്കുന്നതിനു് ഈ ഗ്രന്ഥികളിൽനിന്നു കണ്ണുനീർ ഊറിക്കൊണ്ടിരിക്കുന്നു. കണ്ണു് അടയ്ക്കുകയും തുറക്കുകയും ചെയ്യുമ്പോൾ കൺപോളകൾ അക്ഷിഗോളത്തിന്റെ മുൻവശത്തു കണ്ണുനീരിനെ പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്ഷിഗോളത്തിന്റെ മുൻവശത്തു പ്രസരിപ്പിച്ച


ശേഷം കണ്ണുനീർ മൂക്കിന്റെ സമീപസ്ഥമായ കൺകോണുകൾവഴി വാന്പോകുന്നു. മനഃക്ഷോഭംകൊണ്ടു കണ്ണുനീർ അധികമാകുമ്പോൾ അതു ബാഷ്പവാഹിനികളെ (Tear Ducts) കവിഞ്ഞു വെളിയിലേക്കു പ്രവഹിക്കയാണു ചെയ്യുന്നതു്.

കണ്ണിനു വിശ്രമം ആവശ്യമുണ്ടു്. ഉറക്കമാണു് അതിലേക്കു് ഉത്തമമായ മാർഗ്ഗം. തുന്നുക, വളരെ ചെറിയ അക്ഷരങ്ങൾ വായിക്കുക മുതലായ പ്രവൃത്തികൾ കണ്ണിനെ ക്ലേശിപ്പിക്കുന്നവയാണു്. കണ്ണിന്റെ സൂക്ഷ്മവ്യാപാരം വളരെ നേരം ഉണ്ടാകുമ്പോൾ തലവേദനയും ക്രമേണ കാഴ്ചക്കുറവും വരാവുന്നതാണു്. അതിദീപ്രമായ പ്രഭയിലോ തീരെ മങ്ങിയ വെളിച്ചത്തിലോ വായിക്കുന്നതും കണ്ണിനു കേടാകുന്നു. നമ്മുടെ നാട്ടിൽ മിക്കപ്പോഴും പൊടിയുടെ ഉപദ്രവം ഉണ്ടാകുകൊണ്ടു്, കണ്ണിനു പിഡ തട്ടാറുണ്ടു്. അതിനാൽ കാലത്തും വൈകിട്ടും ശുദ്ധിയായ ശീതജലം കൊണ്ടു കഴുകേണ്ടതാകുന്നു. കണ്ണു കലിക്കുമ്പോൾ കൈയ്യുണ്ടു തിരുമ്മാതെ കണ്ണു കഴുകുന്നതാണു് ഉത്തമം. സച്ഛവും സമത്വവും ആയ നേത്രങ്ങൾ കാഴ്ചയ്ക്കു മനോഹരങ്ങളും കാര്യത്തിൽ പ്രയോജനകരങ്ങളും ആകകൊണ്ടു് അവയുടെ രക്ഷണത്തിൽ പ്രത്യേകം നിഷ്കൃഷ്ടിക്കേണ്ടതാണു്.

സാക്ഷാൽ ശ്രവണേന്ദ്രിയം ശ്രോത്രഭാഗങ്ങളുടെ അന്തർഭാഗത്തു സ്ഥിതി ചെയ്യുന്നു. സൂക്ഷ്മങ്ങളായ അസ്ഥികൾ, പേശികൾ, ഞരമ്പുകൾ ഇവയെ വിസ്മയകരമായി സംഘടിപ്പിച്ചാണു് ഈതിന്റെ സൃഷ്ടി. വായുവിൽക്കൂടി സഞ്ചരിക്കുന്ന ശബ്ദം ശ്രവണത്തിൽ

വന്നു തട്ടുകയും, ഞരമ്പുകൾ വഴി തലച്ചോറിന്റെ നിർദ്ദിഷ്ടവിഭാഗങ്ങളിലേക്കു നയിക്കപ്പെടുകയും ചെയ്യുന്നു. അന്തർഭാഗത്തുള്ള ശ്രവണം തലയോട്ടിനുള്ളിൽ ഗാഢമായി നിഗ്രഹനം ചെയ്തിരിക്കുന്നതുകൊണ്ടു സുരക്ഷിതമാകുന്നു.

പുറത്തെ ചെവി ശ്രവണദ്വാരത്തെ രക്ഷിക്കാൻ ഉപകരിക്കുന്നു. അതിലും കൂടുതലായി ചെവികൊണ്ടുള്ള ഉപയോഗം ശബ്ദവിചികളെ ശേഖരിച്ചു് ശ്രവണദ്വാരത്തിലേക്കു നയിക്കുകയാകുന്നു. ഏതെങ്കിലും ഒരു ശബ്ദം കേൾക്കേണ്ടിവരുമ്പോൾ കൈയ്ത്തലം ചെവിക്കു പുറകിൽ കോട്ടിപ്പിടിക്കാറുണ്ടല്ലോ. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് ശ്രവണപുടം കുറേക്കൂടി വിശാലമാക്കി ശബ്ദം ഗ്രഹിക്കുന്നതിനു സാധിക്കുന്നു.




ശ്രവണത്തിൽ നിന്നു കണ്ഠത്തിലേക്കു് ഒരു ചെറിയ കുഴൽ ഉണ്ടു്. ആ കുഴലിൽ ജലദോഷം കൊണ്ടു ചിലപ്പോൾ തടസ്സം നേരിടാറുണ്ടു്. അപ്പോൾ ചെവിക്കു

വേദന ഉണ്ടാകയും ശ്രവണശക്തി ക്ഷീണിക്കയും ചെയ്യുന്നു. ജലദോഷമോ തൊണ്ട നോവോ ഉണ്ടാകുമ്പോൾ രോഗബീജങ്ങൾ ഈ കുഴൽവഴി ശ്രവണേന്ദ്രിയത്തിന്റെ അന്തർഭാഗത്തു പ്രവേശിച്ച് അവിടം ദൂഷ്യപ്പെടുത്തുന്നു. ഇതു് അസഹ്യവും ഗൗരവപ്പെട്ടതുമായ ശല്യമാണു്. അതു നിമിത്തം പഴുപ്പു തട്ടി കർണ്ണപുടം (Tym num) പൊട്ടി ചലം പുറത്തേക്കു് ഒലിച്ചുവെന്നും വരാം. ഈ സൂക്ഷിരം എളുപ്പത്തിൽ ശരിപ്പെടാത്തപക്ഷം അതു ശാശ്വതമായ ബധിരതയ്ക്കു് ഇടയാക്കുന്നതാണു്.

ക്ഷുദ്ര കഠിനപദാർത്ഥങ്ങൾ ഒന്നും ചെവിക്കകത്തേക്കു തള്ളിക്കയറ്റരുതു്. അവ കർണ്ണപുടത്തെ വേധനം ചെയ്യുമെന്നു വരാം. ശ്രവണദ്വാരത്തെ ശുചീകരിക്കുന്നതിനു ചെറുവിരൽ ഉപയോഗിച്ചാൽ മതിയാകുന്നതും, അതിലും ചെറുതായ യാതൊന്നും ഉപയോഗിച്ചുകൂടാത്തതുമാകുന്നു. ശ്രവണമാർഗ്ഗത്തിൽ മെഴുകുപോലെ മൃദുവായ ഒരു പദാർത്ഥം എപ്പോഴും ഉണ്ടു്. അതിനു കർണ്ണമലം എന്നു പറയുന്നു. അതു ചിലപ്പോൾ വർദ്ധിച്ചു കട്ടപിടിച്ചു ശ്രവണശക്തിയെ ക്ഷയിപ്പിക്കുന്നു. അതു തന്നെത്താൻ എടുക്കാൻ ശ്രമിക്കുന്നതിനെക്കാൾ നല്ലതു് ഡാക്ടർമാരെക്കൊണ്ടു് എടുപ്പിക്കുകയാണു്.

ത്വഗിന്ദ്രിയം ശരീരത്തിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്നു. അതിന്റെ കോശങ്ങൾ (Cells) തൊണ്ണൂറു കോടിയോളം ചേർന്നു് അണ്ഡാകൃതിയിൽ തൊലിയുടെ അകവശത്തു സ്ഥിതിചെയ്യുന്നു. ഇവ ചുണ്ടുകളിലും നാക്കിന്റെ തുമ്പിലും വിരലുകളുടെ അഗ്രങ്ങളിലും

മറ്റു ഭാഗങ്ങളിലുള്ളതിനെക്കാൾ അധികമായുണ്ട്. അതുകൊണ്ടാണ് ഈ ഭാഗങ്ങൾ സ്പർശനവിഷയത്തിൽ കൂടുതൽ കുശലങ്ങളായിരിക്കുന്നതു്. സ്പർശനംകൊണ്ടു



മറ്റു വസ്തുക്കളുടെ സന്നിധ്യം അറിയുക മാത്രമല്ല, അവയുടെ സ്വഭാവം ഗ്രഹിക്കുന്നതിനും സാധിക്കുന്നു. ഒരു പദാർത്ഥം പരുഷമോ, മസൃണമോ, കഠിനമോ, മൃദുവോ, ഉഷ്ണമോ, ശീതമോ, ഒട്ടുന്നതോ, തറയ്ക്കുന്നതോ എന്നു നിർണ്ണയിക്കുന്നതിനു പ്രത്യേകം ഞരമ്പുകൾ ഉണ്ടു്. പുറംതൊലിക്കു ഹാനി തട്ടിയാൽ ഈ വ്യത്യാസങ്ങൾ തിരിച്ചറിയാൻ പ്രയാസമാണു്. അപ്പോൾ വേദനാബോധമല്ലാതെ മറ്റൊന്നും അവശേഷിക്കയില്ല.

സ്പർശനംകൊണ്ടു വസ്തുതകൾ ഗ്രഹിക്കുന്നതിനു വിരലുകളുടെ അഗ്രങ്ങൾ സവിശേഷം സമർത്ഥങ്ങളാണു്. നഖങ്ങൾ ചെറിയ പരിചകൾ പോലെ അവയെ സം

രക്ഷിയ്ക്കുന്നു. അതു കൂടാതെ നഖങ്ങൾ അംഗുലികളുടെ അഗ്രങ്ങളെ ദൃഢപ്പെടുത്തുകയും സൂക്ഷ്മപദാർത്ഥങ്ങളെ നുള്ളിയെടുക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നു. നഖം കടിച്ചു കളഞ്ഞാൽ വിരൽത്തുമ്പുകളുടെ ദാർഢ്യവും പാടവവും പൊയ്പോകുന്നതാണു്. അതുകൊണ്ടു് സൂക്ഷ്മവും സുകുമാരവും ആയ പ്രവൃത്തികൾ ശരിയായി ചെയ്യുന്നതിനുള്ള പ്രാപ്തി ലോപിച്ചുപോകയും ചെയ്യുന്നു.


രസം അറിയുന്നതു നാക്കിന്റെയും വായുടെയും അടിയിലുള്ള ചില ഞരമ്പുകൾ വഴിയാകുന്നു. ഇവ



ഞരമ്പുകൾ രസനേന്ദ്രിയത്തിൽനിന്നു രസബോധത്തെ തലച്ചോറിലേക്കു നയിക്കുന്നു. ഏതെങ്കിലും രസം അറിയണമെങ്കിൽ അതു് അടക്കിയിരിക്കുന്ന പദാർത്ഥത്തെ ദ്രവീകരിക്കേണ്ടതാകുന്നു. ഒരു ഘനപദാർത്ഥമാണെങ്കിൽ

ഉമിനീരുകൊണ്ട് അലിയിക്കാതെ രസം ഗ്രഹിക്കാവുന്നതല്ല. ലഘുപദാർത്ഥങ്ങൾ ഉപയോഗിക്കുകയും തീക്ഷ്ണങ്ങളായ വ്യഞ്ജനങ്ങൾ ചേർന്ന ഭക്ഷണസാധനങ്ങൾ കഴിക്കുകയും ചെയ്യുന്നതുകൊണ്ടു നാക്കിന്റെ രുചാലി ക്രമേണ ദൂഷിതമായി രസഭേദങ്ങൾ തിരിച്ചറിയുന്നതിനുള്ള ശക്തി ക്ഷയിക്കുന്നു.

മൂക്കിനകത്തു തൊലിക്കടിയിൽ സ്ഥിതിചെയ്യുന്ന ഗന്ധതന്ത്രികൾ വഴിക്കാണ് ഘ്രാണേന്ദ്രിയം വ്യാപരിക്കുന്നതു്. വിഷയഗ്രഹണത്തിനു തുഗിന്ദ്രിയത്തിൽ എന്നപോലെ മറ്റു ജ്ഞാനേന്ദ്രിയങ്ങളിലും കോശ്യകങ്ങൾ ഉണ്ടു്. ഈ കോശ്യകങ്ങളുടെ പുറപ്പുങ്ങൾ പോലെ നീണ്ട ഞരമ്പുകൾ അവയെ തലച്ചോറിനോടു ഘടിപ്പിക്കുന്നു.



ഗ്രഹിച്ച വിഷയത്തിന്റെ ബോധം ഉണ്ടാകുന്നതു് ഇവ നിമിത്തമാണു്. ഇങ്ങനെ ഗന്ധവാഹികളായ ഞരമ്പുകൾ മൂക്കിൽ ഉണ്ടു്. ചില പദാർത്ഥങ്ങൾ അവയുടെ ധൂളികളെ നിരന്തരമായി വിസർജ്ജിച്ചുകൊണ്ടിരിക്കുന്നു.

ഇങ്ങനെയുള്ള പൂക്കളെ കാണുന്നതിനും സ്പർശിക്കുന്നതിനും സാധിക്കയില്ലെങ്കിലും അവയെ ഘ്രാണേന്ദ്രിയം വഴി ഗ്രഹിക്കാൻ കഴിയും. പ്രത്യേകമായി ഒരു പദാർത്ഥത്തിന്റെ ഗന്ധം അറിയാൻ താൽപര്യമുള്ളപ്പോൾ നാം മണംപിടിച്ചുനോക്കുന്നതു ഗന്ധപുഷ്പങ്ങളെ മൂക്കിലേക്കു വലിച്ചു കയറുന്നതിനാണു്.

രുചിയുടെ ഭേദങ്ങളും താരതമ്യങ്ങളും തിരിച്ചറിഞ്ഞു് ആഹാരസാധനങ്ങളെ ആസ്വദിക്കുന്നതിനും ഘ്രാണേന്ദ്രിയം അനുകൂലിക്കുന്നുണ്ടു്. രസനേന്ദ്രിയവും ഘ്രാണേന്ദ്രിയവും തമ്മിൽ ബന്ധം ഉള്ളതുകൊണ്ടു്, ഘ്രാണേന്ദ്രിയത്തിനു് ഉണ്ടാകുന്ന പ്രതിബന്ധങ്ങൾ രസഗ്രഹണത്തെയും ബാധിക്കുന്നു. ശുദ്ധവായുവിനെ തിരിച്ചറിയുന്നതിനും ഘ്രാണേന്ദ്രിയം ഉപകരിക്കുന്നു. പുഷ്പങ്ങളുടെ ഭംഗി കണ്ണുകൾക്കു് ആനന്ദം ജനിപ്പിക്കുന്നതുപോലെ സുഗന്ധം ഘ്രാണേന്ദ്രിയത്തെയും രസിപ്പിക്കുന്നതുകൊണ്ടാണു് അവ അധികം ആകർഷകങ്ങളായിരിക്കുന്നതു്.

പാഠം ഏഴ്

ഒരു തുള്ളി വെള്ളത്തിന്റെ ആത്മകഥ

തിരുവനന്തപുരത്ത് നിർമ്മല എന്നു പേരായ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളെ "വെള്ളക്കാരി" എന്നായിരുന്നു കൂട്ടുകാർ കളിയായി വിളിച്ചുവന്നത്. നമ്മെ മറുള്ളവർ വട്ടപ്പേർ പറഞ്ഞു വിളിക്കുന്നതു നുക്കത്തു ഇഷ്ടമുള്ള കാര്യമല്ലല്ലോ. എന്നാൽ നിർമ്മലയ്ക്ക് വെള്ളക്കാരി എന്നു വിളിക്കുന്നതാണ് ഇഷ്ടം. അവൾക്കു വെള്ളത്തോടു അത്രമാത്രം സ്നേഹമാണ്. കളിക്കുവാൻ പോയാൽ അവൾ വളരെ നേരം വെള്ളം കോരി കളിക്കും. പല്ലു തേക്കാൻ പോയാലും വെള്ളം കവിൾക്കൊണ്ടു മേല്പോട്ടു തുപ്പി ഒരു മഴവില്ലെങ്കിലും സൃഷ്ടിക്കാതെ ആ ജോലി അവസാനിപ്പിക്കാറില്ല. ഒരു ദിവസം അവൾക്ക് അത്ഭുതകരമായ ഒരു അനുഭവം ഉണ്ടായി. അവൾ തോട്ടത്തിൽ പൂ പറിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അപ്പോൾ അടുത്തു് ഒരു ചേമ്പിലയിൽ തങ്ങി നിന്ന വെള്ളം അവളുടെ ശ്രദ്ധയെ ആകർഷിച്ചു. നല്ല വെള്ളി പോലെ തിളങ്ങുന്ന വെള്ളം അവൾ ആനന്ദത്തോടു കുടി കുറേനേരം നോക്കിക്കൊണ്ടു നിന്നു. "ഇതിനു് എന്നോടു സംസാരിക്കാൻ കഴിഞ്ഞെങ്കിലോ" എന്നു് അവൾ അറിയാതെ പറഞ്ഞുപോയി. അത്ഭുതം. പെട്ടെന്നു് ആ വെള്ളം ചലിച്ചു തുടങ്ങി. നേരിയ സ്വരത്തിൽ അതു് ഇങ്ങനെ പറഞ്ഞു. "വെള്ളക്കാരി, ഭയപ്പെടേണ്ട. ഞാൻ നിങ്ങളുടെ കൂട്ടുകാരിയാണു്."

നിർമ്മല:—എനിക്ക് അത്ഭുതം തോന്നുന്നു. നിങ്ങൾ സംസാരിക്കുമോ?

വെള്ളം:—കൊള്ളാം! സംസാരിക്കുമെന്നോ? സാധാരണയായി ഞാൻ സംസാരിക്കാറുള്ളതു് ചെടികളോടും പക്ഷികളോടും മറ്റുമാണു്. അവയ്ക്കു ഞങ്ങളോടു് അത്യധികമായ സ്നേഹമുണ്ടു്.

നിർമ്മല:—നിങ്ങളോടു് എനിക്കും എന്തെന്നില്ലാത്ത സ്നേഹം തോന്നുന്നു. ദയ തോന്നി നിങ്ങളുടെ ചരിത്രം ഒന്നു പറയാമോ?

വെള്ളം:—ഓഹോ, അതിനു് എന്തു്? എനിക്കും അതിൽ സന്തോഷമേ ഉള്ളു. എന്നാൽ കഥ കുറച്ചു നീണ്ടതാണു്. ക്ഷമയോടുകൂടി കേൾക്കണം. നിർമ്മലയ്ക്കു സന്തോഷമായി. അവൾ അടുത്തുള്ള ഒരു വൃക്ഷത്തിൽ ചാരിനിന്നു. വെള്ളത്തുള്ളി ഇങ്ങനെ പറഞ്ഞുതുടങ്ങി.

"എന്റെ ജനനം എന്നാണെന്നു് എനിക്കുതന്നെ ഓർമ്മയില്ല. ലോകത്തു ജീവികൾ ഉണ്ടാകുന്നതിനു് എത്രയോ മുമ്പുതന്നെ ഞാൻ ജനിച്ചുകഴിഞ്ഞു. അന്നു മുതലുള്ള കഥ പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. എന്നാൽ ഹിമാലയത്തിൽ എന്റെ കുട്ടുകാരനായിരുന്ന ജീവിച്ചിരുന്നതു മുതലുള്ള കഥയേ എനിക്കു് ഓർമ്മയുള്ളു. അതുകൊണ്ടു് അക്കാലം തൊട്ടുള്ള കഥ പറയാം.

"ഹിമാലയത്തിൽ ജീവിച്ചിരുന്ന കാലത്തു് ഞാൻ എത്ര സുന്ദരിയായിരുന്നു! നക്ഷത്രങ്ങൾപോലും എന്നെ നോക്കി അസൂയപ്പെട്ടിരിക്കണം! ജീവിതം മുഴുവൻ ആ അത്യുന്നതമായ പർവ്വതത്തിൽ കുട്ടുകാരനായിരുന്നു

കഴിച്ചുകൂട്ടണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ അതു സാധിച്ചില്ല. ഞാൻ കുട്ടരുമായി വഴക്കിയിറങ്ങിപ്പോയി. അനേകം ദിവസം മനുമായി സഞ്ചരിച്ചശേഷം ഞങ്ങൾ ഒരു പാടുകഴിയിൽ ചെന്നു വീണു. എന്തൊരു ഭയങ്കരമായ വീഴ്ച! അതു് ഓർമ്മിക്കുമ്പോൾതന്നെ ഞാൻ ഞെട്ടിപ്പോകുന്നു. ആ വീഴ്ചയിൽ ഞങ്ങൾ ചിന്നിച്ചിതറിപ്പോയി. അവിടെ ഞങ്ങൾ വളരെ കാലം കഴിച്ചുകൂട്ടേണ്ടി വന്നു. പാട്ട കഴിയിലും സുഖമുണ്ടെന്നു ഞാൻ മനസ്സിലാക്കിയതു് അപ്പോഴായിരുന്നു. കൊടുമുടിയെ അപേക്ഷിച്ചു് അവിടെ ചൂടു കൂടുതലായിരുന്നു.

"അങ്ങനെ കഴിയുമ്പോൾ നല്ല വെയിലുള്ള ഒരു ദിവസം അത്ഭുതകരമായ ഒരു സംഭവം ഉണ്ടായി. എനിക്കു് ഒരു ചെറിയ പുകച്ചിൽ തോന്നി. ക്രമേണ എന്റെ ശരീരത്തിനു ഭാരക്കുറവു് കുറഞ്ഞു. മാർദ്ദവം വർദ്ധിച്ചുവന്നു. അതോടൊക്കൂടി വെളുത്തു തടിച്ചിരുന്ന ശരീരത്തിന്റെ നിറം മാറി പുഷ്ടിയും കുറഞ്ഞു. അല്പം കഴിഞ്ഞപ്പോൾ ഞാൻ നിർമ്മോഷം അലിഞ്ഞുപോയി. ആ മാറ്റത്തിൽ എനിക്കും എന്റെ കുട്ടിക്കും വളരെ ദുഃഖമുണ്ടായി. എങ്കിലും ആ ദുഃഖം അധികം നീണ്ടു നിന്നില്ല. അവിടെ അനേകം കുട്ടികാർ വന്നുചേർന്നു. രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ ആ കുഴി മുഴുവൻ ഞങ്ങളുടെ കുട്ടരെക്കൊണ്ടു നിറഞ്ഞു.

"അങ്ങനെയിരിക്കെ ഒരു ദിവസം ഒരു വെളുത്തു തടിച്ച സാധനം ഞങ്ങളുടെ പുറത്തു വന്നുവീണു. പെട്ടെന്നു് അതു ഞങ്ങളുടെ ഉള്ളിലേക്കു താണു. ഉടൻ

ത്തന്നെ കുതിച്ചു പൊങ്ങുകയും ചെയ്തു. അതിനോടു കൂടി കൂടെ കൂടിയിരുന്ന കുട്ടികളും തുരുതുരെ മേല്പോട്ടു പാഞ്ഞു. ഞാൻ അതെല്ലാം കണ്ടു് അമ്പരന്നു. അല്പം കഴിഞ്ഞു് അതു ചാഞ്ചാടുവാൻ തുടങ്ങി. അപ്പോൾ അതിന്റെ മുക്കാൽ പങ്കും ഞങ്ങളുടെ ഉള്ളിലായിരുന്നു. കാൽ ഭാഗം മാത്രമേ ഉപരിതലത്തിൽ ഉണ്ടായിരുന്നുള്ളു. അതു് എന്തു വസ്തുവാണെന്നു് അറിയുവാൻ ഞാൻ ചുറ്റുമൊന്നു നീന്തി നോക്കി. അപ്പോഴാണു് കാര്യം മനസ്സിലായതു്. എന്റെ സ്നേഹിതന്മാരുടെ ഒരു സംഘം! ഞങ്ങൾ ഹിമാലയത്തിൽ വച്ചു കൂട്ടുകാരായിരുന്നു."

നിർമ്മല ചോദിച്ചു. "നിങ്ങളെ കണ്ടപ്പോൾ അവർ മനസ്സിലാക്കിയോ?"

ഡെയ്സി:—ആദ്യം മനസ്സിലാക്കിയില്ല. പിന്നാലു മണിക്കൂർ കഴിഞ്ഞു് അവരും ഞങ്ങളെപ്പോലെ രൂപം മാറി. അപ്പോഴാണു് അവർ ഞങ്ങളെ തിരിച്ചറിഞ്ഞതു്.

നിർമ്മല:—എന്നിട്ടു്?

ഡെയ്സി:—ഞാൻ അവിടെ കുറേക്കാലം കഴിച്ചുകൂട്ടി. ഒരു ദിവസം എനിക്കു് ഒരു ഇളക്കം നേരിട്ടു. എന്റെ മുമ്പിൽ നിന്നിരുന്ന കുട്ടികൾ മുന്നോട്ടു പോയ്ക്കളഞ്ഞതായിരുന്നു കാരണം. ഞാനും അവരും ഒന്നിച്ചു താഴോട്ടു സഞ്ചരിക്കുവാൻ നിർബന്ധിതരായി. നാലഞ്ചു മൈൽ അങ്ങനെ സഞ്ചരിച്ചപ്പോൾ അനേകം കുട്ടികൾ ഞങ്ങളോടു ചേർന്നു. ഞങ്ങൾ അവരുമൊന്നിച്ചു സഞ്ചാരം തുടർന്നു. എന്തൊരു് ആനന്ദമാണു് അന്നു ഞാൻ അനുഭവിച്ചതു്! ആടിയും പാടിയും ചിരിച്ചും കളിച്ചും ഇടയ്ക്കിടെ

പാറക്കെട്ടുകളിൽ നിന്നു കുതിച്ചു ചാടിയും ഞങ്ങൾ സമയം പോക്കി. ഈ സവാരിക്കിടയിൽ മാൻ, ആന, കടുവാ, പുലി എന്നു് ഇങ്ങനെ കുറെ വളരെ മൃഗങ്ങളെ എനിക്കു് കാണാൻ കഴിഞ്ഞു.

നിർമ്മല:—ആരാണു് ഈ പേരൊക്കെ പറഞ്ഞു തന്നതു്?

വെള്ളം:—മത്സ്യങ്ങൾ. ഞങ്ങളെ ആശ്രയിച്ചാണു് അവ ജീവിച്ചിരുന്നതു്. കഥ തുടരാം.

ഒരു ദിവസം എനിക്കു് ഒരു അപകടം പിണഞ്ഞു. ഞാൻ ഒരു അരികു പറ്റി സഞ്ചരിക്കയായിരുന്നു. അപ്പോൾ ഒരു കടുവാ അടുത്തുവന്നു, എന്റെ കുട്ടകാരിൽ കുറേപ്പേരെ പിടിച്ചു വിഴുങ്ങി. ഞാനും അതിന്റെ താടിയിൽ പറ്റിയെങ്കിലും പെട്ടെന്നു് താഴെ ചാടിക്കളഞ്ഞു. ആ സംഭവത്തിനുശേഷം എനിക്കു് ഒരു തലക്കനമുണ്ടായി. ആ വിധത്തിൽ കുറെകാലം സഞ്ചരിച്ചുവെന്നും എനിക്കു് അറിഞ്ഞുകൂടാ. ഞാൻ കണ്ണു തുറന്നപ്പോൾ കണ്ടതു് അനേകായിരം ജനങ്ങൾ മുങ്ങുകയും പൊങ്ങുകയും ചെയ്യുന്നതാണു്. അവരെല്ലാം ഞങ്ങളെ ഭക്തിപൂർവം ആരാധിച്ചു. അന്നാണു് എന്റെ മഹിമയെപ്പറ്റി എനിക്കു മനസ്സിലായതു്.

നിർമ്മല:—ആ സ്ഥലത്തിന്റെ പേരു്?

വെള്ളം:—കാശി.

നിർമ്മല:—അപ്പോൾ നിങ്ങൾ വന്നുചേർന്നതു ഗംഗാനദിയിൽ ആയിരുന്നു, അല്ലേ?

വെള്ളം:—അതേ. ഞാൻ സന്തോഷംകൊണ്ടു് അലകളിൽ മുങ്ങിയും കുപ്പുങ്ങിയും ചാഞ്ചാടി. കുറച്ചുകാലം അവിടെ ജീവിച്ചാൽ കൊള്ളാമെന്നു ഞാൻ

ആഗ്രഹിച്ചു. എങ്കിലും അതു ഫലിച്ചില്ല. കൂട്ടരുമൊത്തു സഞ്ചരിക്കുവാൻ തന്നെ ഞാൻ നിർബന്ധിതയായി. അവസാനത്തിൽ ഒരു പുരോഹിതന്റെ കൂടെയറിന്നു പുറപ്പെടുന്നുണ്ടെന്നും ഒരു പ്രാപ്തിക്കുറവുമില്ലെന്നും വച്ചു് ഞാൻ യാത്രയായി. ഇടയ്ക്കിടെ ചുഴികളിൽ പെട്ട വട്ടം കറങ്ങിയും, പിഴുതുവീണ മരങ്ങളിൽ തട്ടിത്തെറിച്ചും, വൃക്ഷങ്ങളിൽനിന്നും പൊഴിഞ്ഞുവീണ പുഷ്പങ്ങളിൽ കയറി വിശ്രമിച്ചും ഞാൻ ബഹുദൂരം സഞ്ചരിച്ചു. എത്രയിരം വള്ളങ്ങളും ബോട്ടുകളും ആണു് എന്റെ പുറത്തുകൂടെ സഞ്ചരിച്ചതു്. ഒരൊറ്റ ദിവസം തന്നെ ആയിരം വള്ളം എണ്ണിയതായി ഞാൻ ഓർക്കുന്നുണ്ടു്.

അങ്ങനെ പോകുമ്പോൾ ഒരു വലിയ ഇരമ്പൽ കേട്ടു. അതു നിമിഷംപ്രതി വർദ്ധിച്ചുവന്നു. അതു് എന്താണെന്നു് അറിയുവാൻ എനിക്കു് ആഗ്രഹം ഉണ്ടായി. പെട്ടെന്നു് ആ ഇരമ്പൽ ഉണ്ടായിടത്തു ചെന്നുചേരണമെന്നു ഞാൻ ആഗ്രഹിച്ചു. മുന്നിൽ പോയവരുടെ ഗതി മന്ദിച്ചുപോകുന്നുണ്ടു് എന്റെ ആഗ്രഹം ഫലിച്ചില്ല. ഇരമ്പലിന്റെ മാധുര്യത്തിൽ മനം മയങ്ങി ഞാൻ മുന്നോട്ടു പോയി. ഒരു ദിവസം വളരെ അകലത്തിൽ എന്റെ കൂട്ടുകാർ പൊങ്ങുന്നതും താഴുന്നതും ഞാൻ കണ്ടു. അവർ എന്നെ കൈയ്യാട്ടി വിളിക്കുന്നതുപോലെയാണു് എനിക്കു തോന്നിയതു്. അല്പം കഴിഞ്ഞു ഞാൻ ചുറ്റും നോക്കി. എങ്ങും നീലനിറം. എവിടെയും എന്റെ കൂട്ടുകാരെ മാത്രമേ കാണ്മാൻ ഉണ്ടായിരുന്നുള്ളു. അവിടെ ചെന്നുചെന്നതോടുകൂടി എനിക്കും ഘനം വർദ്ധിച്ചു. ശരീരത്തിനു തന്നെ ഉപ്പിന്റെ രുചി ഉണ്ടായി. ഈ മാറ്റം എന്നെ രസിപ്പിച്ചു. അലയായും നുരയായും മാറി ഞാൻ ആഹ്ലാദിച്ചു. ഏതെല്ലാം നിറത്തിലും

തരത്തിലുമുള്ള മത്സ്യങ്ങളെ കണ്ടു. ഞാൻ അവിടെ അവരുടെ ഇടയിൽക്കൂടെ നീന്തിക്കളിച്ചു. അവയോടൊന്നിച്ച് ജീവിതം നയിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ വിധിവൈപരീത്യം കൊണ്ടു് അതു സാധിച്ചില്ല. ഒരു കുപ്പലിൽ പാറിപ്പിടിച്ച് എനിക്കു വളരെ ദൂരം സഞ്ചരിക്കേണ്ടിവന്നു. എത്ര ദൂരം സഞ്ചരിച്ചു എന്നു് എനിക്കു് നിശ്ചയമില്ല. ബങ്കാൾ ഉൾക്കടലും കടന്നു് ഇൻഡ്യൻ മഹാസമുദ്രത്തിൽ എത്തിയെന്നു് മത്സ്യങ്ങളിൽനിന്നു ഞാൻ പിന്നീടു മനസ്സിലാക്കി.

അങ്ങനെ സഞ്ചരിക്കുമ്പോൾ ഒരു ദിവസം എന്റെ ശരീരത്തിനു് അല്പം ചൂടു തോന്നി. ക്രമേണ ചൂടു് അസഹ്യമായിത്തീർന്നു. ഞാൻ ശക്തിഹീനയായി മേല്പോട്ടു പൊങ്ങി. എനിക്കു മഹത്തായ ക്ഷീണമുണ്ടായെങ്കിലും ശ്രമമില്ലാതായി. കറച്ചു് ഉയർന്നപ്പോൾ ഞങ്ങളെപ്പോലെ ലക്ഷം പേർ അവിടെ തിങ്ങിനില്ക്കുന്നുണ്ടായിരുന്നു അവരുമായി ഞാൻ ഒട്ടിച്ചേർന്നു. അപ്പോൾ ഒരു വലിയ കാറ്റു വീശി. ആ കാറ്റിൽ പെട്ടു് ഞങ്ങൾ അനേകം നാഴിക ഉയർന്നു സഞ്ചരിച്ചു. ഉയരുംതോറും തണുപ്പു് കൂടിക്കൂടി വന്നു. ക്രമേണ ഞങ്ങൾ വെള്ളത്തു.

നിർമ്മല:—നിങ്ങൾ മേഘമായിത്തീർന്നു, അല്ലേ?

മേഘം:— അതേ, പിന്നീടു പക്ഷികൾ പറഞ്ഞു് ഞാൻ മനസ്സിലാക്കി.

എവിടെ നോക്കിയാലും അപ്പോൾ നീലനിറമേ കാണ്മാൻ ഉണ്ടായിരുന്നുള്ളൂ. അങ്ങനെ വെള്ളുമേഘമായി സഞ്ചരിക്കുമ്പോഴുള്ള ആനന്ദം അനുഭവിച്ചുതന്നെ അറിയണം. പൊടുന്നനെ എന്റെ ഗതിക്കു വേഗം വർദ്ധിച്ചു

ഞാൻ വടക്കു കിഴക്കായി പാഞ്ഞു. വഴിക്കു വച്ച് പഞ്ഞിക്കെട്ടുപോലെ പറന്നുപോകുന്ന ഒരു കുട്ടകാരിയെ കണ്ടെത്തി. പതറി പറന്നിരുന്ന അതിനു് എന്നെ കണ്ടപ്പോൾ ആശ്വാസം തോന്നി. ഞാൻ അവളുടെ കഴുത്തിൽ കൈയ്യിട്ട് മാറോടണച്ചുകൊണ്ട് സഞ്ചാരം തുടങ്ങി. സായാഹ്നമായപ്പോൾ താഴെ വളരെ അകലെ ആയി നെടുനീളത്തിൽ വെള്ളനിറം കണ്ടുതുടങ്ങി. ഞങ്ങളുടെ കൂട്ടുകാർ തിങ്ങി ഞെരുങ്ങി നിൽക്കുന്ന എന്നാണു് ഞാൻ വിചാരിച്ചുപോയതു്. എന്നാൽ ഒന്നു സൂക്ഷിച്ചു നോക്കിയപ്പോൾ കായ്യും മനസ്സിലായി. അതു കടൽത്തിരമായിരുന്നു. അത്ര വെണ്മയുള്ള ഒരു പ്രദേശം എന്റെ ജീവിതത്തിൽ വേറെ കണ്ടിട്ടില്ല. ഈ വണ്ണം കുംഭിയെല്ലാം കണ്ടുകൊണ്ടു സഞ്ചരിക്കുമ്പോൾ കറുപക്ഷികൾ എന്റെ സൗന്ദര്യത്തെപ്പറ്റി പാടിക്കൊണ്ടു സമീപത്തുകൂടി പറന്നുപോയി. പക്ഷേ മാത്രം പറന്നു് ഞങ്ങളുടെ ഇടയ്ക്കു കയറി. "കൃഷ്ണാ, കൃഷ്ണാ" എന്നു ജപിച്ചുകൊണ്ടു വട്ടമിട്ടു. ഈ അവസരത്തിൽ അസ്തമയ സൂര്യന്റെ കിരണങ്ങളേറ്റു് എന്റെയും കൂട്ടുകാരുടെയും വർണ്ണം പകർന്നു. പച്ച, മഞ്ഞ, ചുവപ്പു് എന്നിങ്ങനെ പല നിറത്തിൽ ഞങ്ങൾ ആകാശത്തു് അണിനിരന്നു. ഞങ്ങൾക്കു് അപ്പോൾ സീമാതീതമായ ആനന്ദമുണ്ടായി. സന്തോഷാതിരേകംകൊണ്ടു് ഞങ്ങൾ ആനയായും പുലിയായും മറ്റും വേഷം മാറിക്കളിച്ചു.

അപ്പോഴേക്കും സന്ധ്യ കഴിഞ്ഞിരുന്നു. കാറ്റു് ഇല്ലാത്തതുകൊണ്ടു് ഞങ്ങൾ നിശ്ചലരായി ആകാശത്തിൽ കഴിച്ചുകൂട്ടി. അന്നു രാത്രി വലിയ തണുപ്പായിരുന്നു. തണുപ്പു വർദ്ധിച്ചപ്പോൾ താഴെയുള്ള വായുമണ്ഡലം

ഇതു് ചാമ്പൽ നിറമായി. കാരണമറിയുവാൻ ഞങ്ങൾ അല്പം താണു സൂക്ഷിച്ചുനോക്കി. അവിടെയെല്ലാം ഞങ്ങളുടെ കൂട്ടരെത്തന്നെയാണു കണ്ടതു്. അവർ ഞങ്ങളെപ്പോലെ ഞെരുങ്ങിച്ചേർന്നിരുന്നില്ല എന്നേയുള്ളൂ.

അടുത്ത പ്രഭാതത്തിൽ ഞാൻ വീണ്ടും സഞ്ചാരം ആരംഭിച്ചു. കുറച്ചുദൂരം പോയപ്പോൾ എന്റെ മുകളിൽ കുറേ കറുത്ത കൂട്ടുകാരെ കണ്ടു. അവർ ഞങ്ങളെ സമീപിച്ചതോടുകൂടി എനിക്കു് ഒരു എരിച്ചിൽ തുടങ്ങി. ചുട്ടുപഴുത്ത എന്തോ സാധനം വീഴുകയുമ്പോലുള്ള ഒരു അനുഭവം. ഞങ്ങളെല്ലാം പൊട്ടിപ്പിടിയുകയും മിന്നിത്തിളങ്ങുകയും ചെയ്തു. പെട്ടെന്നു് ആ കരിംകുറുമ്പന്റെയും ഞങ്ങളുടെയും ഇടയിൽക്കൂടി ഒരു മിന്നൽപാഞ്ഞു. അതിനെ തുടർന്നു് ഒരു ഇടിമുഴക്കവും ഉണ്ടായി. ഇടിയും മിന്നലും വളരെ നേരം തുടർന്നു. ഇതിനിടയ്ക്കു ഞങ്ങളുടെ കൂട്ടുകാരൻ പൊടിഞ്ഞുതകർന്നു താഴെ വീഴാൻ തുടങ്ങി. ഇതെല്ലാം കണ്ടു് ഞാൻ അന്ധാളിച്ചു.

അന്നു് ഉച്ചയ്ക്കു് അതിരസകരമായ മറെറാരു സംഭവം ഉണ്ടായി. എന്റെ ശരീരത്തിൽ വിവിധവർണ്ണങ്ങളിലുള്ള അനേകം രേഖകൾ വീണു. സൂര്യരശ്മികളാണു് ആ വർണ്ണങ്ങൾ എനിക്കു സമ്മാനിച്ചതു്. അത്രയും സന്തോഷവും മറെറാരു കാലത്തും എനിക്കു് ഉണ്ടായിട്ടില്ല.

ഈ സംഭവത്തിനു ശേഷം ഒരു കാറിൽ പെട്ടു് ഞാൻ മുന്നോട്ടു നീങ്ങി. ഗതിവേഗംകൊണ്ടു് എനിക്കു തിരിഞ്ഞുനോക്കുവാൻപോലും സാധിച്ചില്ല. എന്റെ മുൻപിലും അനേകം പേർ പായുന്നുണ്ടായിരുന്നു.

പെട്ടെന്നു ഞങ്ങളുടെയെല്ലാം ഗതി നിലച്ചു. ഞങ്ങളുടെ മുൻപിൽ തിങ്ങിഞെരുങ്ങിനിന്ന കരിംകുറവന്മാരാണു് ഞങ്ങളെ തടഞ്ഞതു്. ഞാൻ ചുറ്റും നോക്കി. ആകാശം മുഴുവൻ കറുത്തിരുണ്ടു കഴിഞ്ഞിരുന്നു. അല്പ നിമിഷങ്ങൾക്കുള്ളിൽ എന്റെ മുൻപിൽ നിന്നവർ ഭൂമിയിലേക്കു പൊഴിയുന്നതു ഞാൻ കണ്ടു. ഒന്നരനാഴിക നിമിഷങ്ങൾക്കുള്ളിൽ എന്റെ ഘനം വർദ്ധിച്ചു. ഞാൻ കൂട്ടരിൽനിന്നു വേർപെട്ടു. ഞാൻ പേടിച്ചുപോയി. പറന്നു സഞ്ചരിച്ചിരുന്ന ഒരു ചെറിയ പൊടിയെ ഞാൻ കെട്ടിപ്പിടിച്ചു. അപ്പോൾ ഞാൻ ഒരു മുത്തുപോലെ ആയി. പെട്ടെന്നു ഞാൻ ചുറ്റും ഒന്നു കണ്ണു് ഓടിച്ചു. എന്നെപ്പോലെ തന്നെയായിരുന്ന എന്റെ കൂട്ടരും. ഒരൊറ നിമിഷംകൊണ്ടു് ഞങ്ങൾ ഒന്നിച്ചു വീഴാൻ ആരംഭിച്ചു. താഴോട്ടു വരുംതോറും ഞങ്ങളുടെ ഗതി വേഗം വർദ്ധിച്ചു. താഴെ വീണു ചിതറിപ്പോകുമെന്നാണു് ഞാൻ വിചാരിച്ചതു്. എന്നാൽ ദൈവാനുഗ്രഹത്താൽ ഒരു പൂവിനകത്താണു് ഞാൻ വീണതു്. അവിടെനിന്നും ഇന്നു കാലത്തു് ഈ ഇലയിലേക്കു ചാടി.

നിർമ്മല:—ഇതിൽ വന്നു വീണതു് എന്റെ ഭാഗ്യം കൊണ്ടാണു്. അല്ലെങ്കിൽ നിങ്ങളെപ്പോലെയുള്ള ഒരു പരോപകാരിയെ കണ്ടു സംസാരിക്കുവാൻ സാധിക്കുകയില്ലായിരുന്നു. നിങ്ങൾ മഞ്ഞുകട്ടയായും മൂടൽമഞ്ഞായും ആവിയായും മേഘമായും മഴയായും ജീവികൾക്കു് എന്തു് ഉപകാരമാണു ചെയ്യുന്നതു്! നിങ്ങളില്ലെങ്കിൽ ഈ ലോകവും ഇല്ല. അതുകൊണ്ടു സകല ജീവികളും നിങ്ങളോടു നന്ദിയുള്ളവരായിരിക്കേണ്ടതാണു്.

ഭാവാർത്ഥം:— മറ്റുള്ളവരുടെ നന്ദിയെപ്പറ്റി ഞാൻകാംക്ഷിച്ചിട്ടേ ഇല്ല. "പരോപകാരാർത്ഥമിദം ശരീരം" എന്നുള്ള തത്ത്വമനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നു. ജീവിതം മുഴുവനും ആ വിധത്തിൽ പ്രവർത്തിക്കുകയും ചെയ്യും."

പാഠം ൪൭

സേതുബന്ധനം

കൊണ്ടാ ലക്ഷ്മണ വില്ലും ശരവും
കണ്ടീലേതും വരുണമിദാനീം
കണ്ടാലും മമ വീര്യം ജലനിധി
മണ്ടിവരുന്നതു നാരായണ ജയ.

പണ്ടാക്കം വഴി തന്നിട്ടില്ലെ-
ന്നുണ്ടഭിമാനം വരുണനുമുള്ളിൽ
കണ്ടേ മാമകഭുജബലമറിവൂ
കുണ്ഠാത്മാവുകൾ നാരായണ ജയ.

മൂന്നു ദിനങ്ങൾ കഴിഞ്ഞാറെയുമപി
തോന്നീലവനിഹ വഴി തരുവാൻ മേ
മാഞ്ഞീടേണം ജലനിധിശബ്ദം
പ്രാകൃതനമിദമപി നാരായണ ജയ.

ഇത്ഥമയത്തു പറഞ്ഞു രഘൂത്തമ-
നസ്സുമെട്ടത്തു തൊട്ടഭിമന്ത്രി-
ച്ചുദ്ഗതജലനിധി തന്നിലയച്ചൂ
തിഗ്മശരം ഹരി നാരായണ ജയ.

ത്ഥലത്ഥലഘോഷം ജലനിധി തിളയും
ളുജഗാവലികളുരുണ്ടു തിരണ്ടും
ജലമാനുഷഗജതിമികൾ തിമിംഗല-
മലറിയുമധുനാ നാരായണ ജയ.

ചൂട്ട പിടിച്ചൊരു വരുണനു ചിണയും
ആടലൊരോന്നേ പറവാൻ പണി പണി;
പേടി മുഴുത്തു വിറച്ചുവനോടി-
ച്ചാടി വണങ്ങി നാരായണ ജയ.

"അഭയമഭയമയ്യോ! ഭഗവാനേ!
പരിപാലയ മാം പരദൈവതമേ!
പെരുവഴിയിതു ലങ്കാപുരിയോളം
ചിറയിടുക വിഭോ! നാരായണ ജയ.

ചരണാംബുജമലർ കൃപ്പും നിജ ജന-
പരിപാലനതല്പരനേ പരനേ!
തിരുമിഴി കിമപി ചുവപ്പിച്ചതു മതി
കരുണേതര മയി നാരായണ ജയ.

മായാമോഹിതമതി ജനമുണ്ടോ
തവ മഹിമാനമറിഞ്ഞീടുന്നു?
സപ്നാനഭവിക്കറിയാമോ നിജ
പൂർവ്വശരീരം നാരായണ ജയ?"

വരുണനിവണ്ണം പരമപുമാനൊട്ട
വചനമതീവ പറഞ്ഞ ദശായാം
വാനരപാളി മുതിന്ന സമുദ്രേ
ചിറയിടുമാനായ് നാരായണ ജയ.

കപിജനസഭയോ വടിവൊടൊരുമ്പെ-
ട്ടിടിനിനദങ്ങൾ പൊഴിച്ചു പൊഴിച്ചും
പടുത നടിച്ചവർ ഗിരിനികരങ്ങളെ-
ടുത്തു നടന്നാർ നാരായണ ജയ.

സകനകധാതുചയാമലപല്ലവ-
വിടപിഗുഹാമുഖഭീരിഗിരീന്ദ്രൻ
പ്രഥമന്നാളനാൽ നമിതോ മംഗല-
കലശമിവാ ബ്ധിയിൽ നാരായണ ജയ.

അംബരമാർഗ്ഗമുരുമ്മിപ്പൊങ്ങിന
തുംഗതരംഗപരമ്പരയാഴിയിൽ
മുങ്ങിച്ചെന്നു കപിവീരന്മാ-
രുന്മദശാലികൾ നാരായണ ജയ.

നീളത്തിൽ ചിലർ ചരടു പിടിച്ചും
നീളക്കതിമന കുറി തറച്ചും
വാലതുകൊണ്ടേ മലകൾ പറിച്ചും
നാലു ദിശന്തേ നാരായണ ജയ.

പഴതേ പഴതേ പാഴിറയിട്ടും
വഴിയറിയാതേയാഴിയിൽ വീണും
നാനാ ജലമാനുഷരെയെടുത്തും
തഴകിയയച്ചും നാരായണ ജയ.

ബന്ധുരജലനിധി സേതുമുദാരം
ബന്ധും പർവ്വതനികരമെടുത്തും
ധുന്ധുന്നെന്നങ്ങിട്ട കപീശ്വരർ
സിന്ധുവിൽ നട്ടുവേ നാരായണ ജയ.

സപ്തസമുദ്രസമുദ്ധിതധരണി
ചക്രമഹീധരചക്രമെടുത്തും
ദീപ്തകപീശ്വരമണ്ഡലമധുനാ
വച്ചു സമുദ്രേ നാരായണ ജയ.

മഹിതമഹീന്ദ്രൻ സാനോരുച്ചൈ-
രരിയസുബേലത്തോളം മുട്ടിന
നളകൃതചിറവഴി, തദുപരി വീണു
സുരകൃതകുസുമം നാരായണ ജയ.

പന്നഗശായി തനിക്കു ശയിപ്പാൻ
പന്നഗരാജൻ പാതാളതലാൽ
ഉന്നതനായിപ്പൊങ്ങിയ പോലെ
തോന്നുന്നിതു ചിറ നാരായണ ജയ.

ദശശതയോജനയടി നീളം ചിറ
വഴിയേ തിങ്ങിനിറഞ്ഞു ദശമുഖ
നഗരി നിറഞ്ഞു രക്ഷോവരപ്പതനാ
മുകരയിന്നു നാരായണ ജയ.

ഇങ്ങനെ പത്തിനാലുപുണ്ണം]

പാഠം ൧൮

പിതൃദർശനം

(ഗദ്യനാടകം)

കഥാപാത്രങ്ങൾ

൧. റസ്റ്റം—പുരാതന പേഷ്യാ രാജ്യത്തിലെ
സുപ്രസിദ്ധനായ ഒരു യോദ്ധാവു്.
൨. സോറാബു്—റസ്റ്റത്തിന്റെ പുത്രൻ.
൩. ഖെയ്ഖുശ്രു—പേഷ്യയിലെ രാജാവു്.
൪. താനിമാ—സോറാബിന്റെ മാതാവു്.

രംഗം ൧

സ്ഥലം—അസർബൈജാൻ രാജ്യം — അരമനയിലെ അന്തഃപുരം.

സമയം—രാത്രി പത്തര മണി.

[താനിമായും പുത്രനും കസേരകളിൽ ഇരിക്കുന്നു]

താനിമാ—കഞ്ഞേ, അത്താഴം കഴിഞ്ഞിട്ടു വളരെ നേരമായല്ലോ, നീ ഉറങ്ങാൻ പോകാത്തതെന്തു്? വെളുപ്പിനു പുറപ്പെടാനുള്ളതല്ലേ? (സൂക്ഷിച്ചു നോക്കീട്ടു്) നിനക്കു് ഇന്നു് എന്തോ ഒരു വല്ലായ്മ?

സോറാബു്:—അമ്മയോടു മുൻപു പലപ്പോഴും ഞാൻ ചോദിച്ചിട്ടുള്ള കാര്യത്തിനു് ഇന്നു മറുപടി പറയണം. അതു കേട്ടിട്ടേ ഞാൻ ഉറങ്ങുന്നുള്ളു.

താ:—അത്യാവശ്യമില്ലാത്തതൊന്നും അറിയേണ്ട. അക്രമണത്തിനു് ആരംഭിക്കുന്ന ആ ഷാമയെ ആട്ടിയോടിച്ചു് നമ്മുടെ നാടിനെ രക്ഷിക്ക. * അല്ലാഹു നിന്നെ അനുഗ്രഹിക്കും.

സോ:—അമ്മയുടെ അനുഗ്രഹം കൊണ്ടു് നാളത്തെ പുറപ്പാടിൽ തന്നെ അതു സാധിക്കാം. എന്നാൽ എന്റെ അപേക്ഷ സാധിക്കാതെ ഒഴികഴിവു പറഞ്ഞാൽ—

താ:—നീ ജയിച്ചുവന്നിട്ടു് എല്ലാം പറയാം.

സോ:—(എഴുനേറ്റിട്ടു്) അതു പോരാ അമ്മേ, ഇന്നു തന്നെ പറയണം.

താ:—അങ്ങനെ ശാഠ്യം പിടിക്കേണ്ടാ കുഞ്ഞേ; ഇളയ നാളത്തെ ദുശ്ശാഠ്യം ഇരുപതു വയസ്സായിട്ടും മാറാതിരുന്നാലോ!

സോ:—അതു തന്നെയാണു് എന്റെ സങ്കടം. ഇരുപതു വയസ്സായിട്ടും എനിക്കു് അച്ഛനെ കാണാൻ സാധിച്ചില്ലല്ലോ.

താ:—കഴിഞ്ഞ കഥകൾ ഓർത്തു് എന്റെ ഉള്ളു നീറിപ്പോകുന്നു. കാട്ടിൽ പേഷ്വാരാജ്യം അഭിമാനം കൊള്ളുന്ന ഒരു മഹാവീരനാണു നിന്റെ പിതാവു്.

സോ:—അദ്ദേഹം എവിടെയാണു എന്നു പറയണം.

താ:—നിന്റെ അച്ഛൻ എന്നെ വിവാഹംചെയ്തതു് ദായാദികളുടെ സമ്മതത്തോടുകൂടെ അല്ലായിരുന്നു.

---

* ഈശ്വരൻ.

അതിനാൽ ഞങ്ങളുടെ വിവാഹം രഹസ്യമായി ഇരിക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചു.

സോ:—അദ്ദേഹത്തിന്റെ പുത്രനോടും ആ പരമാർത്ഥം പറഞ്ഞുകൂടെന്നോ?

താ:—പറയാം; ഇതു നീ ആരെയും അറിയിക്കരുതു്. പ്രസിദ്ധിയേറിയ സാഹൽവംശക്കാരെപ്പറ്റി എന്റെ മകൻ കേട്ടിട്ടുണ്ടോ?

സോ:—അവർ പേഷ്യയിലെ ഒന്നാമത്തെ കുടുംബക്കാരാണല്ലോ.

താ:—സാഹണു വളരെ പ്രായമായിട്ടും സന്താനമുണ്ടായില്ല. അനേകം നോയ്മുകളും വഴിപാടുകളും കഴിച്ചു് ഉണ്ടായ ഉണ്ണിയാണു് സാൽ. അദ്ദേഹം നിന്റെ അച്ഛന്റെ അച്ഛൻ.

സോ:—അതു ഞാൻ കേട്ടിട്ടില്ല.

താ:—സാലിന്റെ തലമുടി മുഴുവൻ വെളുത്തിരുന്നു. അതു ദുർലക്ഷണമാണെന്നു ജ്യോത്സ്യന്മാരും മറ്റു പലരും പറഞ്ഞു. സാഹൽ അതു കേട്ടു വിശ്വസിച്ചു് ആപത്തു് ഉണ്ടാകുമെന്നു ഭയന്നു് കുട്ടിയെ അകലെ ഒരു പാറപ്പുറത്തു് ഉപേക്ഷിച്ചുപോന്നു.

സോ:—ക്രൂരമായ അന്ധവിശ്വാസം!

താ:—അതുകൊണ്ടു തരക്കേടൊന്നും പറ്റിയില്ല. ദിവ്യമായ ഒരു ഗ്രന്ഥം ശിശുവിനെ കൊത്തിയെടുത്തു് മലമുകളിലേക്കു കൊണ്ടുപോയി. പറന്നുപോകുമ്പോൾ ഒരു അശരീരിവാക്യം കേട്ടു. "ഇവനെ നീ നല്ലവണ്ണം രക്ഷിക്കണം. ഇവന്റെ പുത്രൻ പേഷ്യയ്ക്കു് ഒരു രക്ഷാകവചവും പാരസ്യരാജ്യങ്ങൾക്കു് ഒരു ദീപവും ആയി ശോഭിക്കും" എന്നു്.

റസ്റ്റം എന്നുവെച്ചാൽ രക്ഷാകവചം എന്നാണ് അർത്ഥം.

സോ:—(തുള്ളിച്ചാടിക്കൊണ്ട്) സുപ്രസിദ്ധനായ റസ്റ്റമാണോ എന്റെ അച്ഛൻ? ഞാൻ ഭാഗ്യവാൻ തന്നെ.

താ:—മുഴുവൻ കേൾക്കൂ. ആ ഗ്രന്ഥം മനുഷ്യശിശുവിനെ ഏറെ നാൾ വളർത്തി. ഇതിനിടയ്ക്ക് പുത്രനെ ഉപേക്ഷിച്ചതിനാൽ സാഹൺ കഠിനമായി പശ്ചാത്തപിച്ച കാലം കഴിച്ചുകൂട്ടി. അദ്ദേഹം വൃദ്ധനും അന്ധനുമായി. ഒരു രാത്രി അദ്ദേഹത്തിന് ഒരു സ്വപ്നമുണ്ടായി. പുത്രൻ മരിച്ചിട്ടില്ലെന്നും, എൽബുർസിലെ ചന്ദനക്കാടുകളിൽ അന്വേഷിച്ചാൽ കണ്ടുകിട്ടുമെന്നും സ്വപ്നത്തിൽ ഒരു ദിവ്യൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. സാഹൺ കാടുകളിൽ തേടി നടക്കുമ്പോൾ ദിവ്യഗ്രന്ഥം പുത്രനെക്കൊണ്ടുചെന്ന കാഴ്ചവയ്ക്കുകയും ചെയ്തു. മലമുകളിൽ പാർത്തിരുന്ന കാലത്ത് അത്ഭുതശക്തികൾ സാലിനെ സിദ്ധിച്ചു. അതെല്ലാം പിതൃസ്വത്തായി നിന്റെ അച്ഛനും ലഭിച്ചു.

സോ:—വെറുതെയല്ല അച്ഛൻ അമാനുഷമായ വീര്യശൗര്യങ്ങൾ കാണിക്കുന്നത്.

താ:—ശരിയാണ്. അദ്ദേഹത്തിനു ദിവ്യശക്തിയുണ്ട്. സഹസ്രനാമധേയം തന്നെയാണ് അദ്ദേഹത്തിന്റെ പോർവിളി. "റസ്റ്റം, റസ്റ്റം" എന്ന് അട്ടഹസിച്ചുകൊണ്ട് അദ്ദേഹം പാഞ്ഞടുക്കുമ്പോൾ ഒരു പെരുമ്പടവ വരുന്നതുപോലെ എതിരാളിക്കു തോന്നും. ആ സമയത്ത് റസ്റ്റത്തിനെ എതിർത്തവർ ഒരുത്തരും ജീവനോടെ മടങ്ങിപ്പോയിട്ടില്ല.

സോ:—അച്ഛൻ എന്താണമ്മേ നമ്മെ കാണാൻ വരാതിരിക്കുന്നതു്?

താ:—രാജധാനിയിൽ യുദ്ധം ഉണ്ടായിരിക്കുന്നതിനാൽ ഉടനെ എഴുത്തണമെന്നു ഷായുടെ ആൾ വന്നു. അല്ലെങ്കിൽ അദ്ദേഹം പോകയില്ലായിരുന്നു. പോകുന്ന സമയത്തു്, പുത്രൻ ജനിച്ചാൽ അറിയിക്കണമെന്നു പ്രത്യേകം ചട്ടം കെട്ടി. പുത്രനു സമ്മാനം കൊടുക്കാൻ അദ്ദേഹം ഒരു വിശിഷ്ടരത്നം എന്നെ ഏല്പിക്കയും ചെയ്തു. അതാണു നിന്റെ വലത്തെ കൈയ്യിൽ കെട്ടിയിട്ടുള്ളതു്. അതു വെറും ഒരു ആഭരണമല്ല. അതിന്റെ കവണത്തിന്റെ മറുവശത്തു്, ഗുദ്ധ്രം സാലിനെ തിരിച്ചുകൊടുക്കുന്ന മുദ്ര കൊത്തിട്ടുണ്ടു്.

സോ:—(കൈക്കെട്ടഴിച്ചു് രത്നം നോക്കിട്ടു് അതു മുമ്പിൽവെച്ചു നമസ്കരിക്കുന്നു) നാളത്തെ യാത്രയിൽ ഷായെ തോല്പിക്കാനുള്ള ഉത്സാഹം തിരെ പോയിരിക്കുന്നു. അച്ഛനെ കാണാനാണു് ഇനി എന്റെ ശ്രമം.

താ:—ആൺകുട്ടിയാണു ജനിച്ചതെന്നു് അറിഞ്ഞാൽ അദ്ദേഹം വന്നു കൊണ്ടുപൊയ്ക്കളയുമെന്നു ഞാൻ വിചാരിച്ചു. അതിനാൽ ജനിച്ചതു് ഒരു പുത്രിയാണെന്നേ ഞാൻ അറിയിച്ചുള്ളു. അതു് ഒരു തെറ്റായിപ്പോയി അതിനു ഞാൻ എന്തു പശ്ചാത്തപിച്ചിട്ടുണ്ടെന്നു് എനിക്കേ അറിയാവൂ.

സോ:—(താനിമയുടെ പാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു്) അമ്മയുടെ അനുഗ്രഹം കൊണ്ടു ഞാൻ ഉദ്ദേശം സാധിക്കും.

താ:—നിനക്കു വിജയമുണ്ടാകട്ടെ.

(രണ്ടു പേരും പോകുന്നു)

രംഗം ൨.

സ്ഥലം—പേഷ്വാരാജാവിന്റെ കൊട്ടാരം.
സമയം—രാത്രി ഏഴുമണി.

[ഷാ ഖെയ്ഖ് ശ്രു സിംഹാസനത്തിൽ ഇരിക്കുന്നു റസ്റ്റം ഷായോടു ചേർന്നിരിക്കുന്നു]

ഷാ:—എന്തിനാണു നാം റസ്റ്റമിനെ വരുത്തിയതെന്നു മനസ്സിലായോ?

റ:—വരുംവഴിക്കു് അടിയൻ ചിലതൊക്കെ കേട്ടു.

ഷാ:—ഒരു പയ്യൻ—എന്താണു് അവന്റെ പേരു്?—ഓ!—സോറാബു്—അവൻ നമ്മുടെ രാജസ്ഥാനം കൈയ്യേറാൻ വരുന്നുവത്രേ!

റ:—തിരുമേനിക്കു് എന്താണു് ഇത്ര പരിഭ്രമം? ഒരു പയ്യൻ വിചാരിച്ചാൽ എത്ര സാധിക്കും?

ഷാ:—അങ്ങനെയല്ല. അവനെ സഹായിക്കാൻ പലരും കൂടിട്ടുണ്ടത്രെ. ടാർടർപ്പടയുടെ പുറമേ പല വമ്പൻമാരും ചേർന്നിട്ടുണ്ടു്.

റ:—നമ്മുടെ സൈന്യവും ചെറുതല്ലല്ലോ.

ഷാ:—സൈന്യത്തെ അയയ്ക്കാതിരുന്നില്ല. എന്നാൽ ഇപ്പോൾ അവൻ അടവു് ഒന്നു മാറിയിരിക്കയാണു്. ഓരോരുത്തരെയായി ദ്വന്ദ്വയുദ്ധത്തിനു ക്ഷണിച്ചിരിക്കുന്നു.

റ:—അതു നല്ലതാണല്ലോ. അധികം നാശം കൂടാതെ കഴിക്കാം.

ഷാ:—ദ്വന്ദ്വയുദ്ധത്തിൽ അവനെ കൂടെ സാമർത്ഥ്യമുണ്ടെന്നു തോന്നുന്നു. നമ്മുടെ മല്ലന്മാരും പല സേനാനായകന്മാരും പരീക്ഷിച്ചുനോക്കി. ഒരു യത്തു് ഹസ്രുത്തു്, ഗുഡ്സൂ് എല്ലാവരും പോയി. ഇന്നു ഫെറൂഡും വീണു എന്നു് അല്പം മുൻപു് അറിഞ്ഞു.

റ:—(അല്പം ആലോചനയോടെ) സാരമാക്കാനില്ല. നമുക്കു രോഗിയും ആളുണ്ടല്ലോ.

ഷാ:—അതു പോരാ—ക്രൂരതൽ നാശം ക്രൂരതെ കഴിക്കണം. അതിനായിട്ടാണു റസ്റ്റത്തിനു തന്നെ നാം ആളയച്ചതു്.

റ:—ചെറുപ്പക്കാർ ആരെങ്കിലും പോകുന്നതല്ലേ നല്ലതു്? യുവാക്കന്മാരോടു് എതിർക്കാൻ യുവാക്കന്മാർ തന്നെ വേണം.

ഷാ—എന്താണു റസ്റ്റം പരിഭവിക്കുന്നതു്? നാം ഇതയിടെ ചില ചെറുപ്പക്കാരെ പട്ടാളത്തിൽ എടുത്തതിനെ സൂചിപ്പിച്ചാണോ പറയുന്നതു്? അവക്കെല്ലാം താഴ്ന്ന സ്ഥാനങ്ങളല്ലേ കൊടുത്തിട്ടുള്ളു. നായകസ്ഥാനം റസ്റ്റത്തിനെ ഉദ്ദേശിച്ചു വച്ചിരിക്കയാണു്.

റ:—അടിയനു് ഇനി ഉദ്യോഗത്തിനു മോഹമില്ല; സുകൃവുമില്ല. പിതാവിനു് വാർദ്ധക്യമായി. അദ്ദേഹത്തിന്റെ കറകാലികളെ മോക്ഷിക്കാനും ഭൂമി കൈയ്യേറാനും അഫ്ഘാനികളുംമറ്റും കൊള്ളക്കാരും തക്കം നോക്കിയിരിക്കയാണു്. ഇതയിടെ ചില ആക്രമങ്ങൾ നടക്കയുണ്ടായി. അടിയൻ അടുത്തു് ഉണ്ടെങ്കിൽ അവയ്ക്കൊക്കെ ഒരു ശമന

മുണ്ട്. അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്കും മറ്റാരുമില്ല. ഈ സോറാബിനെപ്പോലെ പരാക്രമശാലിയായ ഒരു പുത്രൻ ഉണ്ടാകണമെന്ന് എത്ര ആഗ്രഹിച്ചു! ഒരു പെൺകുട്ടിയെയാണ് അഹ്മാതന്നത്.

ഷാ:—(ചൊടിപ്പിക്കാൻ) ഇതെന്ത്? ധീരനായ റസ്റ്റം നിരാശനാകുന്നോ? ശത്രു വാതിൽക്കൽ വന്ന് വെല്ലുവിളിക്കുമ്പോഴാണോ പെണ്ണുങ്ങളെപ്പോലെ കരയാൻ തുടങ്ങുന്നത്? ഛായ്—മോശം, മോശം—ഈ വന്നിരിക്കുന്ന യുവാവ് റസ്റ്റത്തിനെത്തന്നെ ദ്വന്ദ്വയുദ്ധത്തിനു ക്ഷണിച്ചിരിക്കയാണ്; മനസ്സിലായോ? റസ്റ്റമോ, ഒരു കിഴട്ടുലുബ്ധനെപ്പോലെ കിട്ടിയ യശോനിധി പുറത്തു് എടുക്കാതെ ഉപായിക്കുന്നു. ചെറുപ്പക്കാർ അതു തട്ടിക്കൊണ്ടു പോകുമെന്നു ഭയപ്പെടുന്നു. ഇപ്പോൾ പിൻവലിഞ്ഞാൽ ഇതു വരെ സമ്പാദിച്ച യശസ്സെല്ലാം പൊയ്പോകയില്ലേ?

റ:—(അമർഷത്തോടെ) എന്താണ് ഇങ്ങനെ ഭയയില്ലാതെ കല്പിക്കുന്നത്? റസ്റ്റത്തിനെ തിരുമനസ്സിലേക്കു നല്ല പരിചയമുണ്ടല്ലോ! ഒരിടത്തെങ്കിലും പിൻവാങ്ങിയതായി കേട്ടിട്ടുണ്ടോ? യുവാവായാലെന്ത്? പ്രൗഢനായാലെന്ത്? വീരനായാലെന്ത്? പടക്കളത്തിൽ റസ്റ്റത്തിനു് എല്ലാവരും ഒന്നുപോലെതന്നെ. റസ്റ്റം നിധി കാക്കുന്നതെങ്ങനെയെന്നു നാളെ കാണിച്ചുകൊടുക്കാം.

ഷാ:—(ഉള്ളിൽഉണ്ടായ സന്തോഷം മറച്ചുകൊണ്ട്) റസ്റ്റം ക്ഷോഭിക്കാനല്ല നാം പറഞ്ഞതു്. പേർഷ്യാ

രാജ്യത്തിന്റെ കീർത്തി ഇതുവരെ ശുദ്ധമായിത്തന്നെ കാത്തു. നമ്മുടെ കാലത്തു് അതിനു കളങ്കം പറ്റിയാൽ—

റ:—(അടങ്ങീട്ടു്) തിരുമേനി ഒട്ടും വ്യാകുലപ്പെടേണ്ട. (കുറേ നേരം ആലോചിച്ചിട്ടു്) അടിയൻ തന്നെ പോകാം. എന്നാൽ—

ഷാ:—തടസ്സം ഒന്നും പറയേണ്ട. റസ്റ്റം തന്നെ പോകണം.

റ:—തടസ്സമല്ല, മീശ മുളയ്ക്കാത്ത ഒരു പയ്യനോടു് എതിരിടാൻ റസ്റ്റം പോകേണ്ടിവന്നു എന്നു വരുന്നതു് പേർഷ്യാ രാജ്യത്തിനു തന്നെ കുറവല്ലേ?

ഷാ:—പിന്നെ എന്തു വേണം എന്നാണു് അഭിപ്രായം?

റ:—അടിയൻ വേഷം മാറി പൊയ്ക്കൊള്ളാം. റസ്റ്റം പടയ്ക്കുപോകുന്നു എന്നു് ആരും അറിയാതിരുന്നാൽ മതി.

ഷാ:—നല്ല അഭിപ്രായം. നമുക്കും അതു് സമ്മതംതന്നെ. ഈ വർത്തമാനം രഹസ്യമായി വയ്ക്കാം.

റ:—അടിയൻ.

ഷാ:—നാളെ വൈകുന്നേരം നമുക്കു് വിജയവർത്തമാനം കൊണ്ടു വരണം.

റ:—പേർഷ്യാ രാജസ്ഥാനത്തെ അല്ലാഹു രക്ഷിക്കട്ടെ.

(രണ്ടു പേരും പോകുന്നു.)

രംഗം ൨

സ്ഥലം—ഓക്സസ് നദിയുടെ വിശാലമായ മണല്പുറം.
സമയം—പകൽ രണ്ടു മണി.

പടക്കളത്തിന്റെ രണ്ടരികിലും ഇരു ഭാഗത്തായി സൈന്യങ്ങൾ നിരന്നു. സോറാബു് യുദ്ധത്തിനു തയ്യാറായി നിൽക്കുന്നു.

സോ:—ഇന്നു് ഒരു പുതിയ ആൾ വരുന്നൊന്നു കേട്ടു. ആരെങ്കിലും വരട്ടെ. (അങ്ങോട്ടുമിങ്ങോട്ടും ലാത്തി ക്കൊണ്ടു്) എത്ര മല്ലന്മാരെ വീഴ്ത്തി. ഇതുവരെ ഞാൻ ആഗ്രഹിച്ച ആളെ കണ്ടില്ലല്ലോ! എവിടെ യെല്ലാം ആരോടെല്ലാം അന്വേഷിച്ചു? ഒരിടത്തു മില്ല. ആക്കം അറിഞ്ഞുകൂടാ. റസ്റ്റം അത്ര അപ്രസിദ്ധനോ?

(കുതിരക്കുളമ്പടി കേൾക്കുന്നു.)

സോ:—(ശ്രദ്ധിച്ചിട്ടു് പിൻതിരിഞ്ഞു നോക്കിക്കൊണ്ടു്) അതാ ഒരാൾ കുതിരപ്പുറത്തു വന്നിറങ്ങി. അയാൾ ആയിരിക്കും ഇന്നത്തെ എതിരാളി. (സൂക്ഷിച്ചു നോക്കിയിട്ടു്) അമ്പോ ഈയാളുടെ ഉയരം! മാറിന്റെ വിരിവു്!

റസ്റ്റം:—(സാവധാനം എതിർഭാഗത്തുകൂടെ പ്രവേശിക്കുന്നു. സോറാബിനെ നോക്കിയിട്ടു്—ആത്മഗതം) ഷാ പറഞ്ഞതു പരമാർത്ഥം തന്നെ. ഈയാൾക്കു് മിശ കുരുത്തു തുടങ്ങിയതേ ഉള്ളു. നല്ല സുമുഖൻ. എനിക്കു് ഉണ്ടായതു് ആൺകുട്ടിയായിരുന്നെങ്കിൽ ഇവനേപ്പോലെയിരുന്നേനേ. ഇവനോടു് എന്തോ എനിക്കു വാത്സല്യം തോന്നുന്നു. (അടുത്തു ചെന്നിട്ടു്) നീ എന്താണു് ഈ പ്രായത്തിൽ മല്ലയുദ്ധത്തിനു് ഇറങ്ങിയതു്? എനിക്കു് അതിൽ വളരെ പരിചയമുണ്ടു്. എന്നു മാത്രമല്ല, നോക്കു, എനിക്കു്, ഇരുമ്പു തൊപ്പിയും ഇരുമ്പുചട്ടയും ഉണ്ടു്. നിനക്കു് കവചം ഇല്ലല്ലോ.

സോ:—ചട്ടകളല്ല യുദ്ധത്തിനു കാര്യം. ആകട്ടെ, അങ്ങു് ആരാണു്?

റ:—അതു് എന്തിനു് അറിയുന്നു.

സോ:—എതിരാളി ആരെന്നു് അറിഞ്ഞാൽ യുദ്ധം ചെയ്യാൻ രസം കൂടും.

റ:—പേർഷ്യയിലെ ഒരു പ്രജ എന്നു മാത്രം അറിഞ്ഞാൽ മതി.

സോ:—അങ്ങു് ആണോ റസ്റ്റം?

റ:—(പുച്ഛത്തോടെ) റസ്റ്റം! റസ്റ്റം നിന്നോടു യുദ്ധത്തിനു വരുമെന്നു വിചാരിക്കുന്നോ?

സോ:—കഷ്ടം! ഞാൻ റസ്റ്റത്തിനെ കാണാമെന്നു് ആശിച്ചിരുന്നു.

റ:—റസ്റ്റത്തിനെ കാണാൻ ഇത്ര ആഗ്രഹം എന്തു്?

സോ:—(സപരിഭ്രമം മറച്ചുകൊണ്ടു്) അദ്ദേഹത്തെ തോല്പിക്കാൻ തന്നെ.

റ:—അത്ര അഹങ്കാരമോ നിനക്കു്? പേർഷ്യയിലെ ഏകവീരനായ റസ്റ്റത്തിനെ തോല്പിച്ചുകളയാമെന്നോ? റസ്റ്റത്തിനെ കാണുമ്പോൾ മഹാരഥന്മാർ പിൻതിരിഞ്ഞു് ഓടും. നിന്റെ അതിമോഹങ്ങൾ കെട്ടിവച്ചിട്ടു് ഞാൻ പറയുന്നതു കേൾക്കു. വാൾ വച്ചു് കീഴടങ്ങു്. അല്ലെങ്കിൽ നിന്റെ പ്രേതം ഈ മണൽക്കാടിലെ നരികൾക്കും കഴുകന്മാർക്കും തീറ്റയാകും.

സോ:—എന്റെ ശൗര്യം വാക്കിലല്ലെന്നു മനസ്സിലാക്കണം.

റ:—എന്നാൽ വാക്കു വേണ്ട, ഇനി ആയുധം തന്നെ ഉത്തരം പറയും. (റസ്റ്റം കുന്തംകൊണ്ടു കുത്തുന്നു.

സോറാബ്ബ് ചാടി ഒഴിയുന്നു. സോറാബ്ബ് വാൾ വീശി പൊങ്ങിച്ചാടി വെട്ടുന്നു. റസ്റ്റത്തിന്റെ ഇരുമ്പുതൊപ്പിയിൽ തട്ടി ഒച്ച കേൾക്കുന്നു. തൊപ്പിക്കു മുകളിലുള്ള അങ്കവാൽ അറുവീഴുന്നു.)

റ:—ആങ്ങ് ഹാ! അതുയ്ക്കു് അയോ? ഇതേവരെ ആരും എന്റെ തൊപ്പി തട്ടീട്ടില്ല. (റസ്റ്റം ഒരു ഉഗ്രൻ ഗദയെടുത്തു് ആഞ്ഞു് അടിക്കുന്നു. സോറാബ്ബ് ഒഴിഞ്ഞുകളയുന്നു. അടി നിലത്തുകൊണ്ടു ഗദ തെറിച്ചുപോകയും റസ്റ്റം കാൽ വഴുതി വീഴുകയും ചെയ്യുന്നു.)

സോ:—(വാളുമായി അടുത്തു ചെന്നിട്ടു്) ഇതു ദയയില്ലാതെ അടിക്കാമോ? ഗദയാണല്ലോ ഓക്സസ് മണല്പരപ്പു് ചിതറിയതു്; എന്റെ എല്ലു് അല്ലല്ലോ. ഈ കിടപ്പിൽ അങ്ങയെ കൊല്ലാനും എനിക്കു കഴിയും; എങ്കിലും ഞാൻ അതു ചെയ്യുന്നില്ല. ചെറുപ്പമാണെങ്കിലും ഞാൻ പലരോടും പൊരുതീട്ടുണ്ടു്; ഒരു എതിരാളിയോടും എനിക്കു് ഇതു ബഹുമാനം തോന്നിയിട്ടില്ല.

റ:—(വേഗത്തിൽ എഴുന്നേറ്റിട്ടു്) ഫാ! നിന്റെ ദയ വേണമോ എനിക്കു്? യുദ്ധം വയ്ക്കുന്ന പെൺകുട്ടികളെപ്പോലെയാണോ അങ്കം വെട്ടുന്നതു്? ആണുങ്ങളെപ്പോലെ നേരേ നിന്നു പൊരുതു്. എന്നെ അവമാനിച്ചതിന്റെ ഫലം കാണിച്ചുതരാം.

(രണ്ടു പേരും ഭയങ്കരമായി യുദ്ധം ചെയ്യുന്നു.)

റ:—(ആത്മഗതം) എന്തു്! ഇവനെ ജയിക്കാൻ പ്രയാസമെന്നു തോന്നുന്നല്ലോ. നേരം മുഴുവിഞ്ഞു-കൊണ്ടാറായി. എനിക്കു കൈ തളരുന്നു. നാവു വരളുന്നു. അവനു് ഒരു ക്ഷീണവും കാണുന്നില്ല. ആകട്ടെ. അവസാനത്തെ കൈ തന്നെ നോക്കാം.

(പിന്നോക്കം വാങ്ങി നിന്നു് 'റസ്റ്റം, റസ്റ്റം' എന്ന പോർവിളിയോടേ കുന്തവും നീട്ടി അടുക്കുന്നു)

സോ:—(ആത്മഗതം) അഹോ! അമ്മ പറഞ്ഞുകേട്ട ആ പോർവിളി തന്നെ. അതേ വാക്കുകൾ. ഞാൻ ഭാഗ്യവാൻ! (യുദ്ധം ചെയ്യാതെ നോക്കിക്കൊണ്ടു നില്ക്കുന്നു. വാൾ കൈയ്യിൽനിന്നു വീഴുന്നു. റസ്റ്റത്തിന്റെ കുന്തം മാറത്തേറ്റു് സോറാബു് 'അച്ഛാ! അച്ഛാ!' എന്നു വിളിച്ചുകൊണ്ടു നിലത്തു വീഴുന്നു.)

റ:—(വിളി ശ്രദ്ധിക്കാതെ അടുത്തു ചെന്നിട്ടു്) കഷ്ടം! അതിമോഹത്തിന്റെ ഫലം ഇങ്ങനെ തന്നെ. പേഷ്യയുടെ മാനം അപഹരിച്ചുകളയാമെന്നു് ആയിരുന്നു നിന്റെ വിചാരം.

സോ:—(കിടന്നു കിടപ്പിൽത്തന്നെ) വമ്പു പറയേണ്ട. അങ്ങല്ല, റസ്റ്റമാണു് എന്നെ വീഴ്ത്തിയതു്. റസ്റ്റം എന്ന ആ വിളി കേട്ടില്ലായിരുന്നെങ്കിൽ—എന്റെ അച്ഛന്റെ നാമധേയം കേട്ടില്ലായിരുന്നെങ്കിൽ—അങ്ങയെപ്പോലെ പത്തു പേർ എതിർത്താലും ഞാൻ വീഴുകയില്ലായിരുന്നു.

റ:—(ആദ്യം സംശയിച്ചിട്ടു്, പിന്നീടു് ധൈര്യത്തോടെ) എന്തു് അസംബന്ധം പുലമ്പുന്നോ? റസ്റ്റം

നിന്റെ അച്ഛനോ? റസ്റ്റത്തിനു് ഒരു മകളേ ഉള്ളല്ലോ.

സോ:—അങ്ങനെയല്ല. അദ്ദേഹത്തിനു മകളല്ല, മകൻ ഒരുണ്ടു് ഉള്ളതു്. ആ മകനാണു് ഈ മരിക്കുന്ന സോറാബു്. മകളാണു് ഉണ്ടായതെന്നു് അമ്മ വെറുതേ പറഞ്ഞതാണു്; അച്ഛൻ ചെന്നു കൊണ്ടു പോരാതിരിക്കാൻ. കഷ്ടം! അമ്മ ഈ വർത്തമാനം അറിയുമ്പോൾ എങ്ങനെ സഹിക്കും? അമ്മ! താനിമാ! അമ്മയ്ക്കു് ഇനി ആരു് ഉണ്ടു്?

റ:—(ഈ പേരുകൾ കേട്ടു്, യൗവനകാലത്തെ കഥകൾ ഓർമ്മിച്ചു് നിന്നുപോകുന്നു. കുറേ നിന്നിട്ടു്) എനിക്കു വിശ്വാസമാകുന്നില്ല. നീ റസ്റ്റത്തിന്റെ മകനാണെന്നു മറവുള്ളവർ നിന്നെ പറഞ്ഞു വിശ്വസിപ്പിച്ചതായിരിക്കണം.

സോ:—കഷ്ടം! ഞാൻ മരിക്കാൻ തുടങ്ങുകയാണു്. മരണസമയത്തു സത്യമല്ലാതെ ഒരുത്തരുടെയും മുഖത്തു നിന്നു വീഴുകയില്ല. ഞാൻ ഇതേവരെ കള്ളം പറഞ്ഞിട്ടും ഇല്ല. വിശ്വാസമാകുന്നില്ലെങ്കിൽ ഇതാ ഇതു നോക്കണം. അച്ഛൻ അമ്മയ്ക്കു കൊടുത്ത രത്നവും മുദ്രയുമാണു്. (പ്രയാസപ്പെട്ടു് ഒരു കൈയ് കുത്തി ഉയർന്നു് ഉടുപ്പു് അല്പം താഴ്ത്തി കൈയ്യെടുത്തു കാണിക്കുന്നു.)

റ:—(കുനിഞ്ഞു സൂക്ഷിച്ചുനോക്കീട്ടു്) അയ്യോ! എന്റെ കുഞ്ഞേ! ദൈവം ചതിച്ചല്ലോ! (മാറത്തു് അടിച്ചു് നിലവിളിച്ചുകൊണ്ടു ബോധം കെട്ടു പുറകോട്ടു


വീഴുന്നു. സോറാബ്ബ് ഇഴഞ്ഞു ചെന്ന് അച്ഛനെ തലോടി വിളിക്കുന്നു)

സോ:—അച്ഛാ—അച്ഛാ—അച്ഛാ—

(റസ്റ്റം ഉണർന്ന് ഭ്രാന്തനെപ്പോലെ പലതും പുലമ്പിക്കൊണ്ട്)

റ:—അയ്യോ! എന്റെ കുഞ്ഞേ! എന്റെ കൈയ്യൊണ്ടു തന്നെ നീ മരിക്കാൻ ഇടയായല്ലോ. ഇനി ഞാൻ എന്തിനു ജീവിക്കുന്നു? റസ്റ്റം സമീപത്തു കിടന്ന വാളെടുത്തു് തന്നെത്താൻ വെട്ടാൻ ഓങ്ങുന്നു; സോറാബ്ബ് കൈയ്യിൽ കടന്നുപിടിക്കുന്നു)

സോ:—അച്ഛൻ വ്യസനിക്കേണ്ട. ഇതു വിധിയാണു്. ആദ്യം കണ്ടപ്പോൾത്തന്നെ അവിടന്നു് എന്റെ



പിതാവാണെന്നു് എനിക്കു് ഉറപ്പുണ്ടായിരുന്നു; എന്നാൽ സത്യം അറിയാൻ അന്നേരം ഭാഗ്യം ഉണ്ടായില്ല. വിധി ഇടയ്ക്കു കടന്നു തടഞ്ഞു അയ്യോ! അച്ഛൻ എന്റെ അടുത്തു ചേർന്നിരിക്കണം. എന്നെ തലോടണം. ഞാൻ ആ സുഖം അനുഭവിച്ചിട്ടില്ലല്ലോ. (റസ്റ്റം അടുത്തു് ഇരുന്നു തലോടുകയും കരയുകയും ചെയ്യുന്നു.)

സോ:--(സംതൃപ്തനായി) ഇന്നു ഞാൻ മഹാഭാഗ്യവാനായി. യാത്രാസമയത്തു് അമ്മ എന്നെ തലയിൽ കൈയ്യുച്ചു് അനുഗ്രഹിച്ചു—എന്റെ ആഗ്രഹം സാധിക്കുമെന്നു്. അതു ഫലിച്ചു. അച്ഛാ! അമ്മയെ ആശ്വസിപ്പിക്കാൻ ആരുമില്ല. അച്ഛൻ അമ്മയ്ക്കു് ആശ്വാസം നല്കുണം. ഇനി യെങ്കിലും അമ്മ സുഖമായിരിക്കട്ടെ. അയ്യോ! അയ്യോ! (വേദനയാൽ സോറാബു് കുന്തം മാറത്തു നിന്നു വലിച്ചൂരി എടുക്കാൻ ശ്രമിക്കുന്നു; റസ്റ്റം അതു് ഉരിക്കൊടുക്കുന്നു. രക്തം പ്രവഹിക്കുന്നു. സോറാബിന്റെ കണ്ണുകൾ അടയുന്നു. ശരീരത്തിനു ചേഷ്ടയില്ലാതാകുന്നതുവരെ റസ്റ്റം സോറാബിനെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നു.)

റ:--അയ്യോ! എന്റെ കുഞ്ഞേ! (വീണ്ടും ബോധംകെട്ടു വീഴുന്നു

(കർട്ടൻ)

പാഠം ൫൯

സഹോദരസ്നേഹം

മാന്യനായ ഒരു അദ്ധ്യാപകനായിരുന്നു ബാർഡ്. അദ്ദേഹത്തിന്റെ അനുജൻ ഓൺഡേഴ്സ്. ബാല്യത്തിൽ അവർ ഒരുമിച്ചു കളിച്ചു നടന്നിരുന്നു. യൗവനമായപ്പോൾ ഗ്രാമം വിട്ടു പട്ടണത്തിലേക്കു പോയതും പട്ടണത്തിൽ പാർത്തിരുന്നതും ഒരുമിച്ച്. ഒരുമിച്ചു തന്നെ പട്ടാളത്തിൽ ചേർന്നതും. ഒരേ സമയത്തുതന്നെ രണ്ടുപേർക്കും ഉദ്യോഗത്തിൽ കയറാം കിട്ടാനും ഇടയായി.

ആയിടയ്ക്ക് അവരുടെ പിതാവു മരിച്ചു. അദ്ദേഹത്തിനു ജംഗമസ്വത്തു വളരെ ഉണ്ടായിരുന്നു. അവ ഭാഗിച്ചെടുക്കാൻ പ്രയാസമായിരുന്നു. അതിനാൽ, ലേലത്തിൽ വിറ്റുകിട്ടുന്ന പണം ഭാഗിച്ചെടുക്കാമെന്നും അവർ നിശ്ചയിച്ചു. വേണമെന്നു തോന്നുന്ന സാധനങ്ങൾ അവരവർക്കു തന്നെ ലേലത്തിൽ പിടിക്കാമെന്നും അവർ തീർച്ചപ്പെടുത്തി.

പിതാവിന്റെ വക അക്കൂട്ടത്തിൽ വലിയ ഒരു സ്വർണ്ണവാച്ച് ഉണ്ടായിരുന്നു. നാട്ടുപുറങ്ങളിൽ അതുപോലെ മറ്റൊരു വാച്ച് അപൂർവമായിരുന്നതിനാൽ അതിനെപ്പറ്റി അവിടങ്ങളിൽ എല്ലാവർക്കും അറിയാമായിരുന്നു. അതു ലേലത്തിനു വന്നപ്പോൾ പല ധനികന്മാരും ആഗ്രഹിച്ചുട്ടുണ്ട്; എങ്കിലും ജ്യേഷ്ഠാനുജന്മാർതന്നെ ലേലത്തിൽ മത്സരിക്കുന്നതു കണ്ടു് മറ്റുള്ളവരെല്ലാം പിൻവാങ്ങി. ലേലം കൂട്ടാൻ അവർ രണ്ടു പേരും മാത്രം

അയപ്പോൾ അനുജൻ വിട്ടുകൊടുക്കുമെന്നു ജ്യേഷ്ഠനും ജ്യേഷ്ഠൻ വിട്ടുകൊടുക്കുമെന്നു് അനുജനും വിചാരിച്ചു. എങ്കിലും രണ്ടുപേരും ലേലം ക്ലൃപ്തിക്കൊണ്ടുതന്നെയിരുന്നു. തുക കയറുന്നതു കണ്ടപ്പോൾ രണ്ടുപേരും പരസ്പരം തുറിച്ചുനോക്കി. അന്പതു ഡോളർവരെ അയപ്പോൾ അനുജനു തന്നോടു സ്നേഹമില്ലെന്നു ബാർഡിനു തോന്നിത്തുടങ്ങി. അയാൾക്കു താൻ എന്തെല്ലാം ചെയ്തുകൊടുത്തിട്ടുണ്ടു്! എന്നു മാത്രമല്ല, തനിക്കല്ലേ പ്രായം കൂടുതൽ? ബാർഡു് എഴുപത്തഞ്ചു ഡോളർ വരെ കൂട്ടി. എന്നിട്ടും ആൻഡേഴ്സു് വിട്ടില്ല. രണ്ടുപേരും പിന്നീടു പരസ്പരം മുഖം നോക്കിയതേയില്ല. ഒറക്കുതിപ്പിനു് ബാർഡു് നൂറു് എന്നു വിളിച്ചു. എല്ലാവരും നിശ്ശബ്ദരായി; ലേലക്കാരൻ തുക വിളിച്ചു പറയുന്നതു മാത്രം കേൾക്കാനുണ്ടു്. ജ്യേഷ്ഠനു നൂറുവരെ വിളിക്കാമെങ്കിൽ താൻ എന്തിനു് അടങ്ങുന്നു എന്നു് ആൻഡേഴ്സിനു വാശി തോന്നി. അയാൾ നൂറിലും കൂട്ടി. ബാർഡിനു് ഇതു് ഒരു വലിയ ആപത്താനമായി. താഴ്ന്ന സ്വരത്തിൽ അയാൾ നൂറിരുപത്തഞ്ചു് എന്നു വിളിച്ചു. ആൻഡേഴ്സിനു വാശി കൂടി. മാന്യന്മാർ പലരുടെയും മുൻപിൽ വച്ചു ജ്യേഷ്ഠൻ തന്നെ തോല്പിക്കാൻ സമ്മതിക്കയില്ലെന്നു് അയാൾ നിശ്ചയിച്ചിട്ടു് വീണ്ടും തുക കൂട്ടി. പെട്ടെന്നു ബാർഡു് ഒപ്പോടിച്ചിരിച്ചു്, മുന്നൂറു് എന്നു വിളിച്ചിട്ടു് ലേലപ്പുരയിൽനിന്നു പുറത്തേക്കു പോയി.

പടിക്കൽ എത്തിയപ്പോഴേക്കു് ഒരു ആൾ പുറകേ ചെന്നു പറഞ്ഞു:—"വാച്ചു് അങ്ങേക്കു കിട്ടിയിരിക്കുന്നു; ആൻഡേഴ്സു് വിട്ടൊഴിഞ്ഞു."

ഇതു കേട്ടപ്പോൾ ബാർഡിനു പശ്ചാത്താപം തോന്നി. അയാൾ അനുജന്റെ നന്മയെക്കുറിച്ചു വിചാരിച്ചു് സ്വല്പനേരം നിന്നു. വാച്ചിനുള്ള ആഗ്രഹമേ ഇല്ലാതായി. മുന്നോട്ടു നടക്കണമോ തിരികെ കയറണമോ എന്നു നിശ്ചയിക്കാതെ കുറച്ചു നേരം അവിടെത്തന്നെ നിന്നു. അപ്പോഴേക്കു പലരും മുറ്റത്തിറങ്ങി. ആൻഡേഴ്സും മുറ്റത്തു വന്നു. ജ്യേഷ്ഠന്റെ മനോഗതിയെപ്പറ്റി ഒട്ടും ആലോചിക്കാതെ അയാൾ നിന്ദാസ്വരത്തിൽ വിളിച്ചു പറഞ്ഞു. "വാച്ചു് എനിക്കു വിട്ടതന്നതു വളരെ ഉപകാരം," പിന്നീടു് ഗൗരവത്തിൽ, "അനുജൻ ഇനി നിങ്ങളുടെ പിന്നാലെ വരുന്ന കാലം ഉണ്ടാകയില്ല" എന്നും കൂടി പറഞ്ഞു.

"നിന്റെ വീട്ടുവാരിലല്ലൽ ഞാൻ നിഴലിടുന്ന കാലവും ഉണ്ടാകയില്ല" എന്നു ബാർഡും ക്ഷോഭത്തോടെ പറഞ്ഞിട്ടു് പടി ഇറങ്ങി നടക്കുകയും ചെയ്തു.

അതിനു ശേഷം അവർ രണ്ടാളും പിതാവിനോടു് ഒന്നു പാർത്തിരുന്ന ആ വീട്ടിൽ കാൽ കുത്തിട്ടില്ല

ഏറെത്താമസിയാതെ ആൻഡേഴ്സു് ഒരു കൃഷിക്കാരന്റെ മകളെ വിവാഹംചെയ്തു് ഓസ്ലോയുടെ വീട്ടിൽ താമസമാക്കി. വിവാഹത്തിനു് അയാൾ ജ്യേഷ്ഠനെ ക്ഷണിച്ചില്ല; പള്ളിയിൽവച്ചുള്ള കല്ല്യാണങ്ങൾക്കുപോലും ബാർഡു് പോയതുമില്ല.

വിവാഹം കഴിഞ്ഞു് ഒരു സംവത്സരം തികയും മുൻപു് ആൻഡേഴ്സിനു് ഉണ്ടായിരുന്ന ഒരേ ഒരു കറവപ്പശു ചത്തു. എങ്ങനെ ചത്തു എന്നു് അറിഞ്ഞില്ല. ഒരു

ദിവസം നേരം വെളുത്തപ്പോൾ വീട്ടിന്റെ വടക്കുവശത്തു കെട്ടിയിരുന്നിടത്തു് അതു ചത്തു കിടക്കുന്നതു കണ്ടു. അടിക്കടി വേറെയും ഓരോ ഗ്രഹപ്പിഴകൾ വന്നു് അയാൾ ക്രമേണ ക്ഷയിച്ചുതുടങ്ങി. എന്നാൽ കഠിനസങ്കടം നേരിട്ടതു വൈക്കോൽപ്പുരയ്ക്കു തീപിടിച്ചപ്പോൾ ആയിരുന്നു. കട്ടപിടിച്ച മഞ്ഞുള്ള ഒരു രാത്രിയായിരുന്നു തീപിടിച്ചതു് എങ്ങനെ തീ ഉണ്ടായി എന്നു് ആർക്കും മനസ്സിലായില്ല. "എന്നെ ദ്രോഹിക്കണമെന്നു വിചാരിക്കുന്ന ആരോ ആണു് ഇതു ചെയ്തതു്" എന്നു പറഞ്ഞു ആൻഡ്രേഴ്സു് ആ രാത്രി മുഴുവൻ കരഞ്ഞു. അയാൾക്കു ജോലി ചെയ്യാനുള്ള ഉത്സാഹം തീരെ പോയി; അയാൾ പരമദരിദ്രനായി.

തീ ഉണ്ടായതിന്റെ പിറേ ദിവസം സന്ധ്യയോടുകൂടി ബാർഡു് അനുജന്റെ വീട്ടിൽ കടന്നുചെന്നു. ആൻഡ്രേഴ്സു് കട്ടിലിൽ കിടക്കുകയായിരുന്നു. പെട്ടെന്നു് അയാൾ ചാടി എഴുനേറ്റു്, "ഇവിടെ എന്തു കായ്മും" എന്നു ചോദിച്ചു. പിന്നീടു് ഇമ വെട്ടാതെ ബാർഡിനെ നോക്കിക്കൊണ്ടു നിന്നു.

അല്പം കഴിഞ്ഞിട്ടു് ബാർഡു് ഉത്തരം പറഞ്ഞുതുള്ളു. "എനിക്കു നിന്നെ സഹായിച്ചാൽ കൊള്ളാമെന്നുണ്ടു്; നിനക്കു നല്ലകാലമല്ല."

"ഉണ്ടാകണമെന്നു നിങ്ങൾ ആഗ്രഹിച്ചതിൽ കൂടുതലായി ഒരു കാലക്കേടും എനിക്കു് ഇല്ല. പൊയ്ക്കൊള്ളണം."

"നിന്റെ ഉപദ്രവം തെറ്റാണു്, ആൻഡ്രേഴ്സേ! എനിക്കു വളരെ ദുഃഖമുണ്ടു്."

"പോകണം, ജ്യേഷ്ഠാ—പോകയാണു നല്ലതു്."

ബാർഡു് ഒരു അടി പിന്നോക്കം നീങ്ങി

"വാച്ചു് നിനക്കു വേണമെങ്കിൽ എടുക്കാമല്ലോ" എന്നു ഗദ്ഗദത്തോടെ ബാർഡു പറഞ്ഞു.

"ഇറങ്ങിപ്പോകൂ ബാർഡു്; ഉം—പോകാൻ പറഞ്ഞാൽ—" എന്നു് ആൻഡ്രേഴ്സു് അലറി.

ബാർഡു് മനസ്സില്ലാ മനസ്സോടെ പോകയും ചെയ്തു.

ഇതിനിടയ്ക്കു് ബാർഡിനു വല്ലാതായ ഭാവഭേദം വന്നിരുന്നു. അനുജന്റെ കഷ്ടതകൾ കേട്ടതുടങ്ങിയപ്പോൾ മുതൽ അയാളെക്കുറിച്ചു് ഉണ്ടായിരുന്ന വാത്സല്യം വർദ്ധിച്ചു. അനുജന്റെ വീട്ടിൽ പോകാനായി പല പ്രാവശ്യവും ശ്രമിച്ചു. വീടു കാണത്തക്ക ദൂരത്തിൽ ചെല്ലുമ്പോൾ ആരെങ്കിലും വീട്ടിൽനിന്നു പുറത്തേക്കു് ഇറങ്ങിവരികയോ, അവിടെ അപരിചിതർ ഇരിക്കുന്നതു കാണുകയോ, മറ്റു് ഏതെങ്കിലും ഒരു തടസ്സം ഉണ്ടാകയോ ചെയ്യും.

ഒരു ഞായറാഴ്ച, ബാർഡു് പള്ളിയിൽ പോയിരുന്നു. ആൻഡ്രേഴ്സും അന്നു് അവിടെ ഉണ്ടായിരുന്നു. അയാൾ വളരെ ചടച്ചു വിളറിയിരുന്നു; കീറിത്തയ്ച്ച വസ്ത്രങ്ങളാണു ധരിച്ചിരുന്നതു്. വിശുദ്ധ കുർബാന സമയത്തു് വൈദികന്റെ മുഖത്തുനിന്നു ആൻഡ്രേഴ്സു് കണ്ണു് എടുത്തിട്ടില്ല. ബാർഡു് അവരുടെ ബാല്യകാലത്തെ ഓരോ സംഭവങ്ങളെക്കുറിച്ചു വീണ്ടും വീണ്ടും വിചാരിച്ചുകൊണ്ടിരുന്നു. എന്തു വന്നാലും തന്റെ അഭിമാനം കളഞ്ഞും, അനുജനുമായി യോജിച്ചു് പഴയതു പോലെ സ്നേഹത്തോടെ വർത്തിക്കുമെന്നു് അന്നു് അയാൾ ദൈവസന്നിധിയിൽ പ്രതിജ്ഞ ചെയ്തു. കുർബാന

കഴിഞ്ഞ ഉടനേ അനുജന്റെ അടുക്കൽ ചെല്ലുവാൻ ഭാവിച്ചു. നോക്കിയപ്പോൾ അയാളുടെ ഭാര്യ അടുക്കൽ നിന്നിരുന്നു. അവരെ പരിചയമില്ല. അപരിചിതരായ വേറെയും ആളുകൾ അടുക്കൽ നിന്നിരുന്നതിനാൽ സൗകര്യമായി സംസാരിക്കാൻ ഒരു ദിവസം അനുജന്റെ വീട്ടിൽ പോകാമെന്നു തന്നെ ബാർഡു് തീരുമാനിച്ചു.

അന്നു സന്ധ്യ കഴിഞ്ഞു് അയാൾ പുറപ്പെട്ടു. ആൻഡേഴ്സിന്റെ വീട്ടുവാതിൽ അടച്ചിരുന്നു. വാതിലിനു പുറത്തു് ബാർഡു് നിന്നു ചെവിയോർത്തപ്പോൾ ഒരു സ്ത്രീസ്വരത്തിൽ തന്റെ പേർ ഉച്ചരിക്കുന്നതു കേട്ടു. ആൻഡേഴ്സിന്റെ ഭാര്യ സംസാരിക്കയായിരുന്നു. "ഇന്നു കാലത്തു് പള്ളിയിൽവച്ചു് അദ്ദേഹം നിങ്ങളെപ്പറ്റി വിചാരിക്കയായിരുന്നു എന്നാണു് എനിക്കു തോന്നുന്നതു്."

"ഒരിക്കലുമല്ല. എനിക്കു് അയാളെ അറിയാം. തന്നെക്കുറിച്ചല്ലാതെ അയാൾ മറ്റാരെക്കുറിച്ചും വിചാരിക്കുന്ന ആളല്ല."

പിന്നെ കുറേ നേരത്തേക്കു സംഭാഷണം ഒന്നും കേട്ടില്ല. ബാർഡു് അവിടെ ആ തണുപ്പത്തു നിന്നു വിയർത്തു. ഭാര്യ അടുപ്പത്തു് എന്തോ ഇളക്കിക്കൊണ്ടു് ഇരുന്നു. ഒരു കൊച്ചു കുട്ടി ഇടയ്ക്കിടയ്ക്കു കരയുകയും ആൻഡേഴ്സു് അതിനെ താരാട്ടി ഉറക്കുകയും ചെയ്തുകൊണ്ടിരുന്നു. കുറേ നേരം കഴിഞ്ഞു് ആൻഡേഴ്സു് കതകു തുറന്നു. ബാർഡു് പെട്ടെന്നു വിറകുപുരയിലേക്കു മാറി ഒളിച്ചു. എന്നാൽ വിറകു് എടുക്കാൻ ആൻഡേഴ്സു വിറകുപുരയിലേക്കു തന്നെ ചെന്നു. ബാർഡു് അതിന്റെ

ഒരു കോണിലേക്കു് ഒതുങ്ങി. നല്ല ഇരുട്ടായിരുന്നു. എങ്കിലും നക്ഷത്രങ്ങളുടെ പ്രകാശത്തിൽ ബാർഡിനു് അനുജനെ നല്ലവണ്ണം കാണാമായിരുന്നു. കീറിത്തയ്ച്ച ഉടുപ്പുകൾ മാറി ആൻഡേഴ്സു് പട്ടാളഉടുപ്പു് ഇട്ടിരിക്കുന്നു.അതു ഉടുപ്പു തങ്ങൾ ധരിക്കരുതെന്നും പൈതൃക സ്വത്തായി സന്താനങ്ങൾക്കു കൊടുക്കണമെന്നും ജ്യേഷ്ഠാനുജന്മാർ പരസ്പരം സത്യം ചെയ്തിരുന്നു. ആ ഉടുപ്പു പോലും മുഷിഞ്ഞും കീറിയും വെറും പഴന്തുണിയായിത്തീർന്നിരുന്നു. അനുജന്റെ കഷ്ടസ്ഥിതിയെപ്പറ്റി ആലോചിച്ചു നില്ക്കുമ്പോൾ തന്റെ ഉടുപ്പിന്റെ കീശയിൽ നിന്നു സ്വർണ്ണവാച്ചിന്റെ ടിക് ടിക് ശബ്ദം ബാർഡു കേട്ടു. ആൻഡേഴ്സു് അടുത്തു വന്നു് കനിഞ്ഞു വിറകു് എടുക്കുന്നതിനു പകരം അവിടെ അടുക്കിവച്ചിരുന്ന വിറകിന്മേൽ ചാരിനിന്നുകൊണ്ടു്, മേല്പോട്ടു നോക്കി ഒരു ദീർഘശ്വാസം വിട്ടു്, "അയ്യോ—അയ്യോ—സ്വർഗ്ഗരാ" എന്നു പതുക്കെ വിളിച്ചു. ഈ വാക്കുകൾ ബാർഡിന്റെ ഹൃദയത്തിലേക്കു് ആഴത്തിൽ താഴ്ന്നു. അപ്പോൾത്തന്നെ മുമ്പോട്ടു നീങ്ങി ആളറിയിച്ചാലോ എന്നു ബാർഡിനു തോന്നി. എന്നാൽ, ഉടനേ ആൻഡേഴ്സു് ഉറക്കെ ചുമച്ചു. അനന്തരം ആൻഡേഴ്സു് ഒരു കൈയ്യോടു വിറകും എടുത്തുകൊണ്ടു പോകയും ചെയ്തു. പോയപ്പോൾ ബാർഡിനെ ഉരസിക്കൊണ്ടാണു പോയതു്; ചില ചൂളികൾ ബാർഡിന്റെ ദേഹത്തു തട്ടുകയും ചെയ്തു.

ഒരു പത്തു നിമിഷത്തേക്കു ബാർഡു് ജീവച്ഛവമായി നിന്നിടത്തു തന്നെ നിന്നുപോയി. പതുക്കെ വിറകുപുരയിൽ നിന്നു് അയാൾ പുറത്തു വന്നു. തണുത്ത കാറ്റടിയാൽ കിടുകിടെ വിറച്ചു. അപ്പോഴും നേരേ

വീട്ടിനുള്ളിലേക്കു കയറിച്ചെല്ലാൻ അയാൾക്കു ധൈര്യം ഉണ്ടായില്ല. മറ്റൊരു ഉപായം തോന്നി. വിറകുപുരയുടെ മൂലയ്ക്കു് താൻ ഒളിച്ചുനിന്നിരുന്നതിനു് അടുത്തു് കൂട്ടിയിട്ടിരുന്ന ചാരത്തിനിടയിൽ മുഴുവൻ അണഞ്ഞിട്ടില്ലാത്ത ഒരു തീക്കൊള്ളി കണ്ടു. അതു് എടുത്തു് ഊതി മിന്നിക്കൊണ്ടു വടക്കുവശത്തു വാതിലിനു സമീപം വൈയ്ക്കോൽപ്പുരമേൽ നില്ക്കുന്നതിന്റെ അടുത്തു ചെന്നു് വെളിച്ചം തെളിച്ചുനോക്കിയപ്പോൾ, ആൻഡേഴ്സു് പതിവായി ഉദയത്തിനുമുൻപു് മുറ്റത്തേക്കു് ഇറങ്ങുമ്പോൾ റാന്തൽ തൂക്കിയിടാൻ ഉപയോഗിച്ചിരുന്ന ഒരു മരയാണി കണ്ടു. സപ്പണ്ണവാച്ചു് എടുത്തു് ആ ആണിയിന്മേൽ തൂക്കീട്ടു തീക്കൊള്ളി കെടുത്തി ബാർഡു് ഇറങ്ങിപ്പോരികയുംചെയ്തു. വാച്ചു് അങ്ങനെയെങ്കിലും അനുജനു കൊടുക്കാൻ സാധിച്ചതിനാൽ അയാൾക്കു് അപ്പോൾ വലുതായ ആശ്വാസം തോന്നി. സന്തോഷത്താൽ കൂട്ടികളുടെ ഉത്സാഹത്തോടെയാണു് അയാൾ മടങ്ങിയതു്.

വൈക്കോൽപ്പുരയിനു തീപിടിച്ചു എന്നു പിറേറദിവസം ബാർഡു് അറിഞ്ഞു. കൃഷ്ണ! തലേ രാത്രി താൻ തീക്കൊള്ളി മിന്നിക്കൊണ്ടു നടന്നപ്പോൾ തീപ്പൊരി പറന്നുവീണതായിരിക്കണം! ഇതിലധികം ഒരു ദുഃഖം ബാർഡിനെ ബാധിക്കാനില്ല. രോഗിയെ റ്റോലെ പകൽ മുഴുവൻ അയാൾ കുറിയിൽനിന്നു് ഇറങ്ങാതെ കഴിച്ചുകൂട്ടി. വൈകുന്നേരമെന്നു സ്ത്രീകൾ പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിനു് എന്തോ സുഖക്കേടാണെന്നു വീട്ടിലുള്ളവർ വിചാരിച്ചു. എന്നാൽ സന്ധ്യ കഴിഞ്ഞപ്പോൾ അയാൾ പുറത്തേക്കു് ഇറങ്ങി. നല്ല നിലാവു്. അനുജന്റെ വീട്ടിൽ ചെന്നു് വൈക്കോൽ

പ്പുന്തൽ ചാരമായിക്കിടന്ന സ്ഥലമെല്ലാം ചിക്കിയും മാന്തിയും നോക്കിയപ്പോൾ ഉരുകിക്കിടന്ന ഒരു ചെമ്പിയ സ്വർണ്ണക്ഷണം കിട്ടി. വാച്ചിൽ അതുമാത്രമേ ശേഷിച്ചിരുന്നുള്ളൂ.

ഈ സ്വർണ്ണക്ഷണവും കൊണ്ട് അയിരുന്ന അനുജനെ കാണാൻ പോയതു്. എല്ലാം വിസ്തരിച്ചു പറഞ്ഞു് മാപ്പു് അപേക്ഷിക്കാമെന്നു് അയാൾ വിചാരിച്ചിരുന്നു. ആ ശ്രമം എത്രമാത്രം ഫലിച്ചു എന്നു നാം അറിഞ്ഞു കഴിഞ്ഞല്ലോ.

ബാർഡു് ചാരം മാന്തിക്കൊണ്ടിരിക്കുന്നതു് ഒരു പെൺകുട്ടി കണ്ടിരുന്നു. ഞായറാഴ്ച വൈകുന്നേരം അയാൾ അനുജന്റെ വീട്ടിലേക്കു പോയതു് നാടകം കാണാൻ പോയ ചില കുട്ടികൾ കണ്ടിരുന്നു. പിറേറ ദിവസം, തിങ്കളാഴ്ച, അയാൾ സാധാരണമല്ലാത്ത രീതിയിൽ പെരുമാറിയിരുന്നതും എല്ലാവരും ഗ്രഹിച്ചു. സഹോദരന്മാർ തമ്മിൽ രസമില്ലെന്നു പരക്കെ അറിഞ്ഞിരുന്നതിനാൽ ഈ വസ്തുതകളെല്ലാം മനസ്സിലാക്കിയ അധികാരികൾ ബാർഡിന്റെ പേരിൽ മുറയ്ക്കു കേസു് എടുത്തു. എന്നാൽ ഖണ്ഡിതമായ തെളിവൊന്നും കിട്ടിയില്ല. എങ്കിലും എല്ലാവരും അയാളെത്തന്നെ സംശയിച്ചു. ആൻഡേഴ്സു് ഒന്നും പറഞ്ഞില്ലെങ്കിലും അയാളുടെ വിശ്വാസവും ജ്യേഷ്ഠൻതന്നെയാണു് കുറ്റം ചെയ്തതെന്നു് അയിരുന്നു.


കേസുവിസ്താരത്തിനു ചെന്നപ്പോൾ ജ്യേഷ്ഠാനുജന്മാർ തമ്മിൽ കണ്ടു. രണ്ടുപേരും മുഖത്തോടുമുഖം നോക്കി. ബാർഡിന്റെ അന്തരംഗത്തിൽ ദയനീയമായ

ഒരു അപേക്ഷ—തന്നെ കുറക്കാരനാക്കരുതെന്നുള്ള ഒരു അപേക്ഷ—ഉണ്ടെന്നു് അയാളുടെ കണ്ണു കണ്ടപ്പോൾ ആൻഡേഴ്സിനതോന്നി. ജ്യേഷ്ഠനസംശയിക്കുന്നുണ്ടോ എന്നു കോടതിയിൽ നിന്നു ചോദിച്ചപ്പോൾ ഉറക്കെ നിശ്ചിതസ്വരത്തിൽ "ഇല്ല" എന്നു പറയുകയും ചെയ്തു.

എന്നാൽ ആ ദിവസം മുതൽ ആൻഡേഴ്സു് മദ്യപാനം ചെയ്തുതുടങ്ങി. ദിവസം ചെല്ലുന്തോറും ആ ദുശ്ശീലം വർദ്ധിക്കുകയും ഏറെത്താമസിയാതെ അയാൾ മുഴുക്കുടിയൻ ആയിത്തീരുകയും ചെയ്തു. ബാർഡു് മദ്യപാനം ചെയ്തില്ലെങ്കിലും അയാളുടെ സ്ഥിതി അനുജനെക്കാൾ ദയനീയമായി. കണ്ടാൽ ആളറിയാത്തവണ്ണം അയാൾ വിരൂപനായി ഭവിച്ചു.

അങ്ങനെയിരിക്കെ, ഒരു ദിവസം ഇരുട്ടിയതിനു ശേഷം ബാർഡു് വാടകയ്ക്കു താമസിച്ചിരുന്ന ചെറിയ മുറിയിലേക്കു് ഒരു സാധുസ്ത്രീ ചെന്നു കയറി. ബാർഡിനു് ആൾ മനസ്സിലായി. അതു് അനുജന്റെ പത്നിയായിരുന്നു. അവർ വന്നു വിളിച്ചു കായ്യവും പെട്ടെന്നു മനസ്സിൽ മിന്നി. അയാളുടെ മുഖത്തു ചോരയില്ലാതായി. ഒരു അക്ഷരം ഉരിയാടാതെ അവരുടെകൂടെ ഇറങ്ങിപ്പുറപ്പെട്ടു. ആൻഡേഴ്സിന്റെ വീട്ടു കാണത്തക്ക അകലത്തിൽ എത്തി. അതിന്റെ ജന്നലിൽക്കൂടെ ഇടയ്ക്കിടെ മങ്ങിക്കത്തുകയും ഇടയ്ക്കിടെ കാണാതാകയും ചെയ്തുകൊണ്ടിരുന്ന ഒരു ദീപത്തിനു നേർക്കു അവർ നടന്നു. മഞ്ഞു വീണുകിടന്നിരുന്നതിനാൽ വഴി നല്ല വണ്ണം കാണ്മാനും കഴിഞ്ഞിരുന്നില്ല. വളരെ പ്രയാസപ്പെട്ടു് ബാർഡു് വീട്ടുവാതിൽക്കൽ ചെന്നു കയറി.

സഹിക്കാൻപാടില്ലാത്ത ഒരു ദുർഗ്ഗന്ധം അയാളുടെ മൂക്കിൽ വന്നടിച്ചു. അവർ അകത്തു കടന്നു. അടുപ്പിനു് അടുത്തു് ഒരു ഇളംപൈതൽ കരിക്കട്ട എടുത്തു ചവച്ചും കൊണ്ടു് മുഖം മുഴുവൻ കരിയുമായി ഇരിക്കുന്നുണ്ടു്. അതു തല ഉയർത്തി കൊച്ചരിപ്പല്ലു മുഴുവൻ കാട്ടി ഒന്നു ചിരിച്ചു. അതു് അനുജന്റെ സന്താനമായിരുന്നു.



കട്ടിലിൽ പഴന്തുണി മൂടിപ്പുതച്ചു് ആൻഡ്രൂസു് കിടന്നിരുന്നു. കുഴിഞ്ഞു താണ കണ്ണു്; ഉയർന്നൊഴുന്ന മൂക്കു്. ആൻഡ്രൂസു് ജ്യേഷ്ഠനെ മിഴിയനക്കാതെ നോക്കി. ബാർഡു് വിറച്ചു. കാൽമുട്ടുകൾ തമ്മിൽ അടിച്ചു. അയാൾ കട്ടിലിനു് അടുത്തു് തറയിൽ ഇരുന്നു് പൊട്ടിക്കരഞ്ഞു. രോഗി അയാളോടു് ഒന്നും

പറയാതെ കുറേ നേരം ഉറ്റുനോക്കിക്കൊണ്ടു് കിടന്നു. അല്പം കഴിഞ്ഞു് ഭാര്യ മാറിപ്പോകാൻ അയാൾ ആംഗ്യം കാണിച്ചു. എന്നാൽ. "പോകേണ്ട, അവിടെത്തന്നെ നില്ക്കണം" എന്നു് ബാർഡു പറഞ്ഞതിനാൽ അവർ അവിടെത്തന്നെ നിന്നു. സഹോദരന്മാർ തമ്മിൽ സംസാരിച്ചുതുടങ്ങി. വാച്ചു ലേലം വിളിച്ചതു മുതൽ അന്നുവരെ നടന്നതെല്ലാം അവർ വിസ്തരിച്ചു പരസ്പരം പറഞ്ഞുകേൾപ്പിച്ചു. ആ കാലമത്രയും അവക്കു് ഒരു ദിവസവും യഥാർത്ഥസുഖം ഉണ്ടായിരുന്നില്ലെന്നും മനസ്സിലായി. ഒടുവിൽ ആ സഹോദരന്മാർ തമ്മിൽ പിരിഞ്ഞു. അനുജൻ കൊടുത്തു.

ആൻഡ്രഴ്സിനു് ക്ഷീണം വർദ്ധിച്ചു സംസാരിക്കാൻ കഴിയാതെ ആയി. ബാർഡു് കട്ടിലിന്നരികിൽ നോക്കിക്കൊണ്ടു് മിണ്ടാതെ ഇരുന്നു. രാത്രി മുഴുവൻ ആരും ഉറങ്ങിയില്ല.

പിറേ ദിവസം കാലത്തു് ആൻഡ്രഴ്സു പറഞ്ഞു: "എനിക്കു് ഇപ്പോൾ പൂർണ്ണസുഖമായി. ജ്യേഷ്ഠാ, നമുക്കു് ഇനി പണ്ടത്തെപ്പോലെ ഒരുമിച്ചു തന്നെ പാർക്കണം."

അന്നു് ഉച്ച തിരിഞ്ഞു് അയാൾ മരിച്ചു.

അനുജന്റെ ഭാര്യയെയും കുഞ്ഞിനെയും ബാർഡു് കൂട്ടിക്കൊണ്ടുപോയി. അയാൾ അവരെ നല്ലവണ്ണം രക്ഷിച്ചു. ആൻഡ്രഴ്സിന്റെ ചരമശുശ്രൂഷ കഴിഞ്ഞു് ആ രാത്രി സഹോദരന്മാർ തമ്മിൽ നടന്ന സംഭാഷണം ആ ഗ്രാമത്തിൽ എല്ലാവരും അറിഞ്ഞു. അവക്കു ബാർഡിനെക്കുറിച്ചു് ബഹുമാനം വർദ്ധിച്ചു. ബാർഡു് പരമസാത്വികൻ ആയിത്തീർന്നു. പട്ടാളക്കാരൻ ആയി

രുന്ന അദ്ദേഹം അദ്ധ്യാപകവൃത്തി സ്വീകരിച്ചു. വിദ്യാർത്ഥികളോട് അദ്ദേഹം എന്നും ഉപദേശിച്ചുവന്നിരുന്നതു് "സ്നേഹം" എന്ന മന്ത്രമാണു്. കുട്ടികളെല്ലാം അദ്ദേഹത്തെ അച്ഛനെപ്പോലെ സ്നേഹിക്കയും ആദരിക്കയും ചെയ്തുപോന്നു.

പാഠം ൫൦

മയന്റെ മായാസഭ

സാദരമേവം പറഞ്ഞു മയൻ ഗുരു–
പാദസരോജങ്ങളേറ്റുടനേ
വേദിയന്മാരെ വണങ്ങി മുദാ നാലു
വേദങ്ങളേയും നമസ്കരിച്ചു,
കോടാലി കൈയ്യിലെടുത്തു മെല്ലെയൊട്ടും
കോടാതെ തച്ചെത്തിൽ താണുനിന്നു,
വാടാതെ കോടാലികൊണ്ടൊരു താമസം–
ക്രൂടാതെ വെട്ടി മഹിതലത്തിൽ,
തെല്ലു പുറകോട്ടു മാറിനിന്നു പത്തു
കല്ലു ജപിച്ചുങ്ങെറിഞ്ഞളവേ
മെല്ലെന്ന ഭൂമി പിളർന്നുപുറപ്പെട്ടു
നല്ലൊരു പൊന്മണിമേടലികുംഭം;
ഉത്തുംഗഗോപുരശൃംഗങ്ങളും നിന്നു
കത്തുന്ന തീക്കനലെന്നപോലെ.
പത്തരമാറുള്ള തങ്കപ്രകാശത്തെ–
ക്കുത്തിക്കവർന്നു നിറം കലരും
പത്മനപംക്തി നിരക്കെ പുറപ്പെട്ടു

പത്തു ദിക്കൊക്കെ പ്രകാശത്തോടേ;
മുത്തുപവിഴം മരതകംമാണിക്ക-
മൊത്തു വിളങ്ങും മതിലുകളും,
അഭ്രസ്ഫടികപ്രദേശങ്ങളും പിന്നെ
സ്വച്ഛങ്ങളാകും തടാകങ്ങളും,
പച്ചക്കല്ലൊത്ത നിലത്തൊഴുകും നദീ-
കച്ഛത്തിലുത്തമവൃക്ഷങ്ങളും,
ഉച്ചത്തിലുള്ളോരെഴുനിലമാടങ്ങൾ
മെച്ചത്തിൽ മാളികാവീഥികളും
മച്ചകങ്ങളും മാടപ്പുരകളും
മറ്റും പലപല ഗേഹങ്ങളും,
കൊട്ടിലും കട്ടിലും മേക്കട്ടിമെത്തകൾ
തട്ടും പതിനെട്ടുകെട്ടുകളും,
പട്ടുകൾകൊണ്ടു വിതാനങ്ങളും മണി-
ക്കൊട്ടത്തളങ്ങൾ പുറത്തളവും
നാടകശാലകൾ വാടകിടങ്ങുകൾ.
ചേടികാ ചേടികൾവീടുകളും
ഘോടകശാലകൾ ഹാടകശാലകൾ
പാഠകശാലാവിശേഷങ്ങളും,
അട്ടങ്ങളും മണിഘട്ടങ്ങളും പല
ചട്ടങ്ങളങ്ങനെ ഭംഗിയോടേ
പെട്ടെന്നു വന്നു പ്രകാശിച്ചു,വിസ്മയ-
മൊട്ടല്ല പിട്ടല്ലിതൊന്നുമഹോ.
വെള്ളപ്പുളങ്കുപതിച്ചുള്ള തോട്ടകൾ
വെള്ളം നിറഞ്ഞങ്ങു നില്ക്കുംനേരം
ഉള്ളിലെ സ്വച്ഛതകൊണ്ടി പ്രദേശത്തു
വെള്ളമില്ലെന്നു ഭ്രമിച്ചുപോകും;
വെള്ളമില്ലാത്ത പ്രദേശങ്ങളിൽ പിന്നെ

വെള്ളം വളരെയുണ്ടെന്നു തോന്നും;
ഉള്ളം ഭ്രമിപ്പിപ്പാനുള്ളവിധം പുന-
രുള്ളതശേഷമവിടെക്കാണാം;
കള്ളം മനക്കാമ്പിലുള്ള ജനത്തിൻെറ
തള്ളലും തുള്ളലും തീർത്തീടുവാൻ
കള്ളപ്രയോഗങ്ങളങ്ങനെ നിർമ്മിച്ചു.
കള്ളനേ കള്ളമറിഞ്ഞുകൂടൂ.
ഭാരമില്ലാത്തോരു ഭിത്തികളിൽ പിന്നെ-
ഭാരമുണ്ടെന്നു ഭ്രമിച്ചു പോകും;
സാരമില്ലാത്ത ജനങ്ങൾ വന്നാലിഹ
പാരമുഴന്നു വലഞ്ഞുപോകും;
പിന്നെക്കതകുള്ള ഭിക്കിൽ കതകു-
ളില്ലെന്നു ബോധിച്ചു മാറിപ്പോരും,
അന്യത്ര വാതിലെന്നോർത്തങ്ങവിടത്തിൽ
ചെന്നു തല തല്ലി വാങ്ങിപ്പോരും;
കുണ്ടുള്ള ഭിക്കുകൾ കുണ്ടറിയത്തില്ല
കുന്നുള്ള ഭിക്കുമവണ്ണം തന്നേ,
പണ്ടുള്ളതൊക്കെ മറിച്ചുകല്പിച്ചതു
കണ്ടുനടക്കേണമെല്ലാവരും,
തണ്ടുതപ്പിത്തരം കാട്ടുന്ന ക്രൂട്ടത്തെ
ക്കൊണ്ടു തരം കെടുത്തീടുമിപ്പോൾ;
കുണ്ടകന്മാരെയും കുശ്മലന്മാരെയും
ചെണ്ട കൊട്ടിപ്പാനിവണ്ണമാക്കി,
കുണ്ടവക്കോത്തോണം വന്നു കരേറുവാൻ
പണ്ടത്തെപ്പോലെയെളുതല്ലിപ്പോൾ,
സ്ഥായിക്കാരന്മാരെ ക്രൂടാതൊരുത്തക്കും
കോയിക്കൽ ചെന്നു കരേറിക്കൂടാ;
ദ്വാതിക്കോൻനന്മൂരിമാരെങ്കിലുമങ്ങു

ബോധിക്കാതുള്ളിൽ കടപ്പാൻ മേലാ;
നോക്കുന്നാദിക്കിലെ വാതിക്കൽവാതിക്കൽ
തോക്കും പിടിച്ചുള്ള കാവൽക്കാരും.
പാക്കുനാതുണ്ടതുകൊണ്ടിസ്സദനത്തി-
ലാക്കും കരേറുകസാദ്ധ്യമല്ല.
ധമ്മങ്ങൾകൊണ്ടു ജഗത്തു ജയിച്ചോരു
ധമ്മാത്മജനു വസിച്ചരുൾവാൻ
ശമ്മാനുകൂലം ചമച്ച സഭ വിശ-
കമ്മാവിനേക്കാൾ വിദഗ്ദ്ധൻ മയൻ.

സഭാപ്രവേശം) (കുഞ്ചൻ നമ്പ്യാർ.

പാഠം ൨൧


ഡേവിഡ് ലിവിങ്ങ്സ്റ്റൻ

ആഫ്രിക്കാഖണ്ഡത്തിനു് ഇന്നു നാം കാണുന്ന ഉത്കർഷം ഉണ്ടായിട്ടു് കാലം അധികമായിട്ടില്ല. ഒരു നൂറാണ്ടിനു മുമ്പുവരെയും അതിന്റെ അധികംഭാഗവും അജ്ഞാതമായി കിടന്നിരുന്നു. അതുകൊണ്ടായിരിക്കണം ആഫ്രിക്കയെ തമോവൃതഭൂഖണ്ഡമെന്നു് മുൻകാലത്തു വിളിച്ചു വന്നിരുന്നതു്. എന്നാൽ ഈ അന്ധകാരഖണ്ഡത്തിന്റെ ഉത്തരഭാഗത്തുള്ള ചില രാജ്യങ്ങൾ അനേകശതാബ്ദങ്ങൾക്കു മുമ്പും പ്രസിദ്ധങ്ങളായിരുന്നു. കേളികേട്ട ചക്രവർത്തിമാരും മഹാരാജ്ഞിമാരും വിദ്വാന്മാരും ആ രാജ്യങ്ങളിൽ പണ്ടു ജീവിച്ചിരുന്നിട്ടുണ്ടു്. ഈജിപ്തിലെ പിരമിഡുകളെക്കുറിച്ചു് അതിപ്രാചീന

കാലത്തുപോലും മിക്കരാജ്യങ്ങളിലും കേട്ടിരുന്നു. ഇങ്ങനെ ആഫ്രിക്കയുടെ ഉത്തരഭാഗം പണ്ടേക്കുപണ്ടേ പല തരത്തിൽ പ്രസിദ്ധമായിരുന്നെങ്കിലും, മറവുള്ള ഭാഗങ്ങളെക്കുറിച്ച് അക്കാലത്തെങ്ങും വിശദമായ അറിവ് ഉണ്ടായിരുന്നില്ല. മനുഷ്യഭോജികളായ ഒരു തരം കിരാതന്മാരുടെയും, ദുഷ്ടഭ്രതങ്ങളുടെയും അധിവാസസ്ഥാനങ്ങളാണ് അവിടം എന്നായിരുന്നു അന്നത്തെ ദേശസഞ്ചാരികളുടെയെല്ലാം ധാരണ. അതിനാൽ ആ പ്രദേശങ്ങളിൽ പര്യടനം നടത്തുവാൻ അവരാരും ധൈര്യപ്പെട്ടില്ല. എന്നാൽ ധീരന്മാരായ ചില രാജ്യാന്വേഷികൾ പിൽക്കാലത്ത് അതിനു മുതിർന്നു. തൽഫലമായി ആഫ്രിക്കയുടെ മുക്കും മൂലയും ലോകദൃഷ്ടിക്കു വിഷയമായിത്തീർന്നു. ആ സഞ്ചാരികളുടെ ക്രൂട്ടത്തിൽ എല്ലാംകൊണ്ടും പ്രഥമഗണനീയനാണ് മഹാനായ ഡേവിഡ് ലിവിങ്സ്റ്റൻ.

ക്രിസ്തുവർഷം ൧൮൧൩-ൽ ലിവിങ്സ്റ്റൻ സ്കോട്ട്ലണ്ടിൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ ഒരു തേയിലക്കച്ചവടക്കാരൻ ആയിരുന്നു. തുച്ഛമായ ആദായമേ തേയിലക്കച്ചവടത്തിൽനിന്നും ലഭിച്ചിരുന്നുള്ളൂ. അതിനാൽ ആ കുടുംബം വളരെ ദാരിദ്ര്യദുഃഖം അനുഭവിച്ചു. ചെറുപ്പം മുതലേ ഉപജീവനമാർഗ്ഗം തേടാൻ ലിവിങ്സ്റ്റനും നിർബന്ധിതനായി. പത്തു വയസ്സു് ഉള്ളപ്പോൾ യന്ത്രശാലയിൽ നൂൽനൂക്കുന്ന ജോലിക്കേർപ്പെട്ടു. ഉത്സാഹിയായ ആ ബാലൻ നെയ്ത്തുശാലയിൽ യന്ത്രജ്ഞനങ്ങളുടെ ഇടയ്ക്കു നൂൽ നൂല്ക്കുന്നതിനോടുകൂടെത്തന്നെ പുസ്തകപാരായണംകൂടി നിർവ്വഹിച്ചിരുന്നു. ഒരു നിശാപാഠശാലയിൽ ചേർന്ന് മുറപ്രകാരമുള്ള അദ്ധ്യയനവും ലിവിങ്സ്റ്റൻ നടത്തിപ്പോന്നു. ഇതെല്ലാംകഴിഞ്ഞു

വീട്ടിലെത്തിയാൽ അവിടെയും വിശ്രമമുണ്ടായിരുന്നില്ല. ഗൃഹജോലികളിൽ മാതാവിനെ സഹായിക്കേണ്ടിയിരുന്നു. വാസ്തവത്തിൽ ഇത്തരത്തിലുള്ള അധ്വാന



മായിരുന്നു ലിവിങ്ങ്സ്റ്റന്റെ ജീവിതവിജയത്തിനുള്ള മുഖ്യഹേതു.


ലിവിങ്ങ്സ്റ്റൻ വളരെ ചെറുപ്പം മുതലേ സസ്യശാസ്ത്രം, ഭൂഗർഭശാസ്ത്രം എന്നീ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ വായിക്കുവാൻ തുടങ്ങി. എന്നാൽ അദ്ദേഹത്തെ

അത്യന്തം ആകർഷിച്ചതു ദേശസഞ്ചാരികളുടെ ചരിത്രങ്ങളായിരുന്നു. അവരുടെ ധൈര്യവും, സേവനസന്നദ്ധതയും അദ്ദേഹത്തെ വിസ്മയിപ്പിച്ചു. എത്ര മഹനീയമായ ജീവിതലക്ഷ്യമാണു് അവർക്കു് ഉണ്ടായിരുന്നതെന്നു് ലിവിങ്സ്റ്റനു തോന്നി. രാജ്യാന്വേഷണവും ആതുരരക്ഷണവും തന്റെയും ജീവിതലക്ഷ്യമായി അദ്ദേഹം തെരഞ്ഞെടുത്തു. ഇക്കാര്യത്തിൽ അദ്ദേഹത്തെ അത്യധികം പ്രേരിപ്പിച്ചതു് ആഫ്രിക്കയിൽ മിഷ്യനറിവേല ചെയ്തു കൊണ്ടിരുന്ന ഡാക്ടർ മോഫറുമായുള്ള പരിചയം ആയിരുന്നു. അതനുസരിച്ചു്, ഗ്ലാസ്ഗോ സർവ്വകലാശാലയിൽനിന്നും വൈദ്യശാസ്ത്രപരീക്ഷ ജയിച്ചശേഷം അദ്ദേഹം ഫ്രീ-ചർച്ച് ഓഫ് സ്കോട്ലണ്ടൻ മിഷ്യനറി സംഘത്തിലെ ഒരു പ്രവർത്തകനായി ആഫ്രിക്കയിലേക്കു തിരിച്ചു.

ആഫ്രിക്കയുടെ തെക്കുപടിഞ്ഞാറേ അറ്റത്തുള്ള കേപ്പ് ടൗണിൽലിവിങ്സ്റ്റൻ ചെന്നിറങ്ങി. കുറേനാൾ കുറുമാൻ എന്ന സ്ഥലത്തു് ഡാക്ടർ മോഫറിനോട്ടുകൂടി താമസിച്ചു. പിന്നീടു് ഉൾനാടുകളിലേക്കു തിരിച്ചു. മൂന്നു കൊല്ലം മൊബാറാ സാമ്രാജ്യത്തിൽ മിഷ്യനറിവേല ചെയ്തു താമസിച്ചു. അതിനകം ചുറ്റുപാടുമുള്ള പല ജാതിക്കാരുടെയും വിശ്വാസബഹുമാനങ്ങൾ ആർജ്ജിക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞു. അവരെല്ലാം ക്രൂരസ്വഭാവികളും തീരെ അപരിഷ്കൃതരും ആയിരുന്നെങ്കിലും ആ മിഷ്യനറി അവരുടെ ഇടയിൽ ജീവിച്ചു് അവരെ ഹൃദയപൂർവ്വം സ്നേഹിച്ചു്, അവരുടെ അഭിവൃദ്ധിക്കുവേണ്ടി ആത്മാർത്ഥമായി പ്രയത്നിച്ചു. അത്യാവശ്യമായ പല തൊഴിലുകളും അദ്ദേഹം അവരെ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയും

ത്യാഗസന്നദ്ധതയും അവർ കണ്ടറിഞ്ഞു. തന്മൂലം അവരെല്ലാം അദ്ദേഹത്തെ പിതാവിനെപ്പോലെ ആദരിക്കുവാനും അനുസരിക്കുവാനും തുടങ്ങി.

അക്കാലത്ത് അവിടെ കാട്ടുമൃഗങ്ങളുടെ ശല്യം അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നു. ആ ക്രൂരജന്തുക്കളെ



കൊന്നൊടുക്കുവാൻ ലിവിങ്ങ്സ്റ്റൻ വേട്ടക്കാരെയും കൂട്ടി പലവട്ടം ശ്രമിക്കുകയുണ്ടായി. ഒരിക്കൽ ഒരു സിംഹ

ത്തെ അവർ വളഞ്ഞു. അതു് അവരുടെ പിടിയിൽ പെടാതെ എവിടെയോ ഓടിഒളിച്ചു. നൈരാശ്യത്തോടെ അവർ തിരിച്ചുപോരുമ്പോൾ അതു് ഒരു കുന്നിന്റെ ചരുവിൽ പതുങ്ങിക്കിടക്കുന്നതു് ലിവിങ്സ്റ്റൻകണ്ടു. അദ്ദേഹം ഉടനെ തോക്കു നിറയ്ക്കുവാൻ തുടങ്ങി. തോക്കു നിറച്ചുകഴിയുംമുമ്പെ, പിറകിൽ ഒരു ശബ്ദം കേട്ടു. ഞെട്ടിത്തിരിഞ്ഞുനോക്കിയപ്പോഴേക്കും സിംഹം ചുമലിൽ ചാടി വീണു കഴിഞ്ഞു. അതു ഭയങ്കരമായി മുരണ്ടുചീറിക്കൊണ്ടു് അദ്ദേഹത്തിന്റെ ഇടംതോൾ കടിച്ചുലച്ചു. അദ്ദേഹം ധൈര്യപൂർവ്വം ഉറച്ചുനിന്നു് ഉന്നക്കോടെ ഒന്നു കുത്തു. അതോടുകൂടി അദ്ദേഹവും സിംഹവും ഒരുമിച്ചു നിലംപതിച്ചു. നീണ്ടു് ഇടതൂന്നു വിരിഞ്ഞ സടയുള്ളിൽ ആ ബലിഷ്ഠപുരുഷൻ ഒതുങ്ങിപ്പോയി. എങ്കിലും ഉരുണ്ടും പിരണ്ടും രക്ഷപ്പെടുവാൻ വഴിനോക്കി. അപ്പോഴേക്കും മറ്റുള്ള വേട്ടക്കാർ പാഞ്ഞടുത്തു. ഒരാൾ ഉന്നംപിഴക്കാതെ വെടിവച്ചു. പെട്ടെന്നു് അലറിക്കൊണ്ടു സിംഹം അയാളുടെ നേരെചാടി തുടയ്ക്കു പിടിക്കുടി. അടുത്തുനിന്നവേറൊരാൾ സിംഹത്തെ ശക്തിയോടെ ഒന്നു കുത്തി. അതു തിരിഞ്ഞു് അവന്റെ നേരെ കുതിച്ചുചാടി. വെടിയും കുത്തും ഏറ്റിരുന്നതു കൊണ്ടു് അതു് ആ ചാട്ടത്തോടു കൂടി ചത്തു നിലത്തു വീണു. ലിവിങ്സ്റ്റന്റെ ശക്തി മിക്കവാറും ക്ഷയിച്ചുപോയിരുന്നു. രക്തം വാൻതും എല്ലുകൾ തകർന്നും അദ്ദേഹത്തിന്റെ ഇടംതോൾ മരവിച്ചുപോയി. എഴുന്നേറ്റിരിക്കുവാൻ കൂടി കഴിഞ്ഞിരുന്നില്ല. അദ്ദേഹത്തെ അനുചരന്മാർ എടുത്തുകൊണ്ടുപോയി ശുശ്രൂഷിച്ചു. ഈശ്വരകാരുണ്യംകൊണ്ടു് അദ്ദേഹം ക്രമേണ സുഖം പ്രാപിച്ചു.

അങ്ങനെ ഇരിക്കെ, ഡാക്ടർ മോഫാറ്റിന്റെ പുത്രി ആയ മേരിമോഫാറിനെ ലിവിങ്സ്റ്റൻ വിവാഹം ചെയ്തു. സൗന്ദര്യവതിയും സൗശീല്യനിധിയും ആയിരുന്ന ആ സ്ത്രീരത്നം. മിഷ്യനറി പ്രവർത്തനങ്ങളിൽ ആ മഹതി അദ്ദേഹത്തിന് ഉറ്റതുണ ആയി തീർന്നു. അവർ ഒരുമിച്ചു മതപ്രചരണം നടത്തി തെക്കേ ആഫ്രിക്കയിൽ പല ഇടത്തും സഞ്ചരിച്ചു. ചില സ്ഥലങ്ങളിൽ തുടർച്ചയായി കുറേ നാൾ താമസിച്ചു് മിഷ്യനറിവേല ചെയ്തു വന്നു. അവർ താമസിച്ച സ്ഥലങ്ങളിൽ എല്ലാം സ്കൂളുകൾ സ്ഥാപിച്ചു ചുറ്റുപാടുമുള്ള ജനങ്ങളെ മതവും പരിഷ്കൃത ജീവിത രീതികളും പഠിപ്പിച്ചു. ആദർശപൂർണ്ണമായ ജീവിതം എന്താണെന്നു് ആ ദേശവാസികൾ ഗ്രഹിച്ചു. പാവങ്ങളെ സഹായിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും ലിവിങ്സ്റ്റനും കുടുംബവും കാണിച്ച ഔൽസുക്യം മൂലം അവർ ആ നാട്ടുകാരുടെ എല്ലാം ആരാധനാ പാത്രങ്ങളായി. എന്നാൽ ആ സ്ഥലങ്ങളിൽ അടിമക്കച്ചവടം നടത്തിക്കൊണ്ടിരുന്ന ബോവർ വർഗ്ഗക്കാർക്കു് ഇതൊന്നും ഇഷ്ടം ആയില്ല. അതിനാൽ അവർ ലിവിങ്സ്റ്റനെയും കുടുംബത്തെയും പല തവണ ഉപദ്രവിക്കുകയും കൊല്ലുവാൻ തന്നെ ശ്രമിക്കുകയും ചെയ്തു. തന്നിമിത്തം മിഷ്യനറി വേലയ്ക്കു വേറെ സ്ഥലങ്ങൾ അന്വേഷിക്കുവാൻ അവർ നിർബന്ധിതരായി. അവർ കലഹാരി എന്ന വിസ്തൃത മരുഭൂമിയും കടന്നു ഗാമിതടാകവും, സാംബസി നദിയുടെ ചില ഭാഗങ്ങളും കണ്ടുപിടിച്ചു്, മാകോലോലോ എന്ന രാജ്യത്തു് എത്തി. അവിടെയും അടിമക്കച്ചവടം ഒരു വലിയ പ്രതിബന്ധമായി നിന്നു. ശിശുക്കളെയും യുവതികളെയും വൃദ്ധന്മാരെയും നകം വച്ചു്, ഇരുനൂറു ചങ്ങലപൂട്ടി, തെരു

വിൽക്കുടി ഉന്തിത്തള്ളിക്കൊണ്ടു പോകുന്ന കുഴച്ച സുലഭമായിരുന്നു. ഇത്തരം മൃഗീയ പ്രവൃത്തികളെ അമർച്ച ചെയ്യുന്നതിനു് ആ ധർമ്മതൽപരൻ ആഗ്രഹിച്ചു. ഈ ശ്രമത്തിൽ തന്റെ കുടുംബിനിയും കുഞ്ഞുങ്ങളും ആപത്തിൽ അകപ്പെടരുതെന്നു കരുതി, അവരെ കേപ്പ് ടൗണിൽ കൊണ്ടുചെന്നു് ഇംഗ്ലണ്ടിലേക്കു് അയച്ചു. തിരിച്ചുവന്നു്; ആ രാജ്യത്തിലെ പ്രധാന നഗരമായിരുന്ന ലിനിയാന്തിയിൽ അദ്ദേഹം താമസം ഉറപ്പിച്ചു് മതപ്രസംഗങ്ങൾ വഴി അടിമക്കച്ചവടത്തോടു് പൊരുതുനോക്കി. പക്ഷേ ഫലമൊന്നും ഉണ്ടായില്ല. തന്റെ ഉദ്ദേശം നിറവേറണമെങ്കിൽ സ്ഥിരമായ മിഷ്യനറി സ്ഥാപനങ്ങൾ ആ ഇരുളടഞ്ഞ പ്രദേശങ്ങളിൽ ഉണ്ടായിരുന്നെങ്കിലേ മതിയാവൂ എന്നു് അതോടുകൂടി അദ്ദേഹത്തിനു ബോദ്ധ്യമായി. അതിനു് ആദ്യമേ വേണ്ടിയിരുന്നതു്, കിഴക്കും പടിഞ്ഞാറും ഉള്ള സമുദ്രതീരങ്ങളിൽ നിന്നും മിഷ്യനറികൾക്കു് ആ ഉൾനാട്ടിലേക്കു കടന്നുവരുവാനുള്ള വഴികളായിരുന്നു. "ഒന്നുകിൽ ഇവിടെ നിന്നു പടിഞ്ഞാറോട്ടും കിഴക്കോട്ടും സമുദ്രതീരത്തേക്കു് വഴികൾ ഞാൻ കണ്ടുപിടിക്കും; അല്ലെങ്കിൽ ആ ഉദ്യമത്തിൽ ഞാൻ മരിക്കും" എന്നു് അദ്ദേഹം ശപഥം ചെയ്തു.

ശപഥം ചെയ്യുവാൻ എളുപ്പം തന്നെ! പക്ഷേ നിറവേറുന്നതോ? അന്ധകാരവും അത്യാപത്തും നിറഞ്ഞ പുൽത്തപ്പിളപ്പുകളിലും കൊടുമുടികളിലും കൂടിയാണു് സഞ്ചരിക്കേണ്ടിയിരുന്നതു്. ഭയാനകങ്ങളായ കാനനങ്ങൾ, കടക്കാൻ പാടില്ലാത്ത ജലപാതങ്ങൾ, ആകാശം മുട്ടിക്കിടക്കുന്ന കൊടുംപാറക്കെട്ടുകൾ, ക്രൂരമൃഗങ്ങൾ, രാക്ഷസതുല്യരായ കാട്ടുജാതിക്കാർ, മലമ്പനി,

കൊട്ടംപട്ടിണി. ഇങ്ങനെ എന്തെല്ലാം പ്രതിബന്ധങ്ങൾ!! പക്ഷേ, മരണത്തെയും പ്രതിബന്ധങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് നാലുവർഷം ആ ഭൂഭാഗങ്ങളിൽ ഇഴഞ്ഞും നുഴഞ്ഞും ലിവിങ്സ്റ്റൻ തന്റെ ശപഥം നിറവേറുക തന്നെ ചെയ്തു. ആഫ്രിക്കയുടെ മദ്ധ്യത്തിൽ നിന്നും പശ്ചിമതീരത്തേക്കും പൂർവ്വതീരത്തേക്കും സഞ്ചരിച്ച ആദ്യത്തെ വെള്ളക്കാരൻ ആയിരുന്നു ലിവിങ്സ്റ്റൻ. അന്നേവരെ അറിഞ്ഞിട്ടില്ലാത്ത എത്ര സ്ഥലങ്ങൾ അദ്ദേഹം കണ്ടുപിടിച്ചു, ഭൂമിശാസ്ത്രപരമായ എത്ര പുതിയ അറിവുകൾ അദ്ദേഹം സമ്പാദിച്ചു രേഖപ്പെടുത്തി.

പൂർവ്വതീരത്തേക്കുള്ള പര്യടനത്തിൽ ആയിരുന്നു അദ്ദേഹം സാംബസീനദിയിലുള്ള ജലപാതം കണ്ടുപിടിച്ചതു്. അതിനുമുമ്പു് തദ്ദേശവാസികൾക്കുപോലും അതിന്റെ സമീപത്തു ചെന്നുനിന്നു് ഒന്നു നോക്കുവാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല. ലിവിങ്സ്റ്റൻ ആ വെള്ളച്ചാട്ടത്തിന്റെ സമീപത്തെത്തി. പർവ്വതപ്പുല്ലിൽക്കൂടി ആയിരം അടി വീതിയിൽ കവിഞ്ഞു് ഒഴുകി, നേരിയ ജലകണങ്ങൾ ധൂമപടലംപോലെ തല്ലിച്ചിതറി, നൂറടിതാഴ്ചയിലേക്കു ഗർജ്ജിച്ചുകുതിക്കുന്ന ജലപാതത്തെ നോക്കി നിന്നു് അദ്ദേഹം വളരെ നേരം ആനന്ദിച്ചു. "ഷോങ്വി" എന്നായിരുന്നു അതിന്റെ പഴയ പേരു്. ലിവിങ്സ്റ്റൻ അതിനു "വിക്ടോറിയ ഫാൾസ്" എന്നു പേരിട്ടു. വിക്ടോറിയാ മഹാരാജ്ഞിയെപ്പറ്റിയുള്ള സ്മരണയായിരുന്നു ആ പേരിടുന്നതിനു് കാരണം. ആ ജലപാതം കാണുവാൻ പിൽക്കാലത്തു് പല യൂറോപ്യന്മാരും അവിടെ ചെന്നിട്ടുണ്ടു്. ഒരു പക്ഷേ ആസന്നഭാവിയിൽ ആ ജലപാതം അമേരിക്കയിലെ നയാഗ്രാ

ജലപാതത്തെക്കാൾ കൂടുതൽ ഉപകാരപ്രദമായിത്തീരാവുന്നതാണു്.

ഇതിനകം ലിവിങ്സ്റ്റന്റെ കീർത്തി യൂറോപ്പിലെങ്ങും വ്യാപിച്ചു. ഇംഗ്ലണ്ടിലെയും സ്കോട്ട്ലണ്ടിലെയും ആളുകളെല്ലാം അദ്ദേഹത്തെ ഒന്നു കാണുവാൻ വളരെ കൊതിച്ചു. അധികം താമസിയാതെ അദ്ദേഹം ഇംഗ്ലണ്ടിൽ ചെന്നു ചേരുകയും ചെയ്തു. അനേകം സ്ഥാനമാനങ്ങളും ധാരാളം ധനവും അദ്ദേഹത്തിനു ലഭിച്ചു. പക്ഷേ അതൊന്നും അല്ലായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. ആഫ്രിക്കയുടെ ഉത്കർഷത്തിനുവേണ്ടി നിരന്തരം അധ്വാനിക്കുന്നതായിരുന്നു സന്തോഷത്തെ വിവിധ സുഖങ്ങളെക്കാളും അദ്ദേഹത്തിനു് അധികം ഇഷ്ടപ്പെട്ടതു്. അതിനാൽ വീണ്ടും അദ്ദേഹം പത്നിയും ഒന്നിച്ചു് ആഫ്രിക്കയിലേക്കു പോന്നു.

•

നാലഞ്ചുകൊല്ലം അവർ ആഫ്രിക്കയുടെ മദ്ധ്യപ്രദേശങ്ങളിൽ തന്നെ സഞ്ചരിച്ചു. ആ ഘട്ടത്തിലാണു് മച്ചിസൺ ജലപാതവും, ന്യാസാ, ഷെർവി എന്നീ തടാകങ്ങളും കണ്ടുപിടിച്ചതു്. പിന്നീടു് അവർ സാംബസിനദിയുടെ പതനസ്ഥലത്തുനിന്നു് ഉൾനാട്ടിലേക്കു് പര്യടനം നടത്തി. ആ യാത്രയിൽ ഉണ്ടായ അത്യാഹിതങ്ങൾക്കു് കൈയ്യും കണക്കും ഉണ്ടായിരുന്നില്ല അദ്ദേഹത്തിന്റെ സഹധർമ്മിണി മലമ്പനിമൂലം മൃതി അടഞ്ഞു. പല അനുചരന്മാരും മൃത്യുവിനു ഇരയായി. എന്നാൽ ഇതിനെക്കാളെല്ലാം അദ്ദേഹത്തെ ദുഃഖിപ്പിച്ചതു് ആ പ്രദേശങ്ങളിലെ അടിമക്കച്ചവടത്തിന്റെ ഭീകരത ആയിരുന്നു. നോക്കുന്നിടത്തു എല്ലാം തലയോട്ടിക്കൂമ്പാരങ്ങൾ; അസ്ഥികൂടങ്ങൾ; ചീഞ്ഞതും അല്ലാ

ത്തും ആയ ശവ ശരീരങ്ങൾ! ഈ കാഴ്ചകൾ ആ മിഷ്യനറിയെ കലി കൊള്ളിച്ചു. അദ്ദേഹം അടിമവ്യാപാരികളെ ശക്തിപൂർവ്വം എതിർത്തു. അവർ കയർത്ത് അദ്ദേഹത്തെ കൊല്ലുവാൻ തക്കം നോക്കി. ഈ വാർത്ത ഇംഗ്ലണ്ടിൽ അറിഞ്ഞു. അടിമക്കച്ചവടക്കാരിൽ പ്രധാനികൾ പോർട്ടുഗീസുകാർ ആയിരുന്നതുകൊണ്ടും, അവരെ പിണക്കുന്നതു് ആ സമയത്തിൽ ബുദ്ധിപൂർവ്വം അല്ലെന്നു തോന്നിയതുകൊണ്ടും; ബ്രിട്ടീഷ് ഗവർമ്മെൻറു് അദ്ദേഹത്തെ ഉടനെ തിരികെ വിളിച്ചു. അതു് ആ മനുഷ്യസ്നേഹിക്കു് സന്തോഷകരം ആയിരുന്നില്ല. പക്ഷേ പരിതഃസ്ഥിതികൾ അനുകൂലം അല്ലാത്തതിനാൽ അദ്ദേഹത്തിനു് ആഫ്രിക്ക വിടേണ്ടിവന്നു.

ഒരു കൊല്ലത്തിനകം ലിവിങ്ങ്സ്റ്റൻ വീണ്ടും ആഫ്രിക്കയിലേക്കു വന്നു. ഈ പ്രാവശ്യവും ഉൾനാട്ടിലേക്കു തിരിച്ചു. അവിടെ രണ്ടു കൊല്ലം സഞ്ചരിച്ചു് തങ്കനൈക്കാ, മീറേ, ബാംഗ്വീലോ എന്നീ തടാകങ്ങളും കോംഗോനദി തടവും കണ്ടു പിടിച്ചു. ഒരു നീഗ്രോ അദ്ദേഹത്തെ കൊന്നുകളഞ്ഞു എന്നൊരു വാർത്ത ഇതിനിടയിൽ യൂറോപ്പിൽ എങ്ങും പരന്നു. അതു് അന്വേഷിച്ചു ശരിയായ വിവരങ്ങൾ അന്വേഷിച്ചു് അറിയുവാൻ അമേരിക്കയിൽ നിന്നും സ്റ്റാൻലി എന്ന ദേശസഞ്ചാരി പുറപ്പെട്ടു.

ലിവിങ്ങ്സ്റ്റൻ തങ്കനൈക്കാ തടാകത്തിന്റെ പുറപ്പാടും മലകളിലും കൊടുങ്കാടുകളിലും സഞ്ചരിക്കയായിരുന്നു. പട്ടിണികൊണ്ടും രോഗംകൊണ്ടും അദ്ദേഹം അസ്ഥിമാത്രൻ ആയിത്തീർന്നിരുന്നു. ഒടുവിൽ എഴുന്നോറു

നടക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല. അനുചരന്മാർ എടുത്തും പിടിച്ചും അദ്ദേഹത്തെ ഉജിജി എന്ന ഗ്രാമത്തിൽ തുക്കി അവിടെ വച്ച് അവശത വർദ്ധിച്ചു. തന്റെ ഉദ്ദേശ്യം പൂർണ്ണമായി ഫലിച്ചില്ലല്ലോ എന്ന് ഓർത്ത് അദ്ദേഹം വ്യസനിച്ചു. കൊല്ലം അഞ്ചു കഴിഞ്ഞിരുന്നു. വീട്ടിൽ നിന്നോ നാട്ടിൽ നിന്നോ എന്തെങ്കിലും വർത്തമാനം അറിഞ്ഞിട്ട്; ഒരു വെള്ളക്കാരനെ എങ്കിലും കണ്ടിട്ട്. ആ വിചാരവും അദ്ദേഹത്തെ അത്യധികം ദുഃഖിപ്പിച്ചു. ഒരു ദിവസം പ്രഭാതത്തിൽ അനുചരന്മാരിൽ ഒരാൾ ഓടി വന്ന് അദ്ദേഹത്തോടു പറഞ്ഞു:—"ഒരു വെള്ളക്കാരൻ, ഒരു വെള്ളക്കാരൻ!—അതാ ഇങ്ങോട്ടു വരുന്നു."

സ്റ്റാൻലി ആയിരുന്നു ആ ആഗതൻ. എത്ര എത്ര സ്ഥലങ്ങളിൽ ലിവിങ്സ്റ്റനെ തേടി ഇദ്ദേഹം സഞ്ചരിച്ചു. എത്ര വട്ടം മലമ്പനി പിടിച്ച് മരണത്തിന്റെ വായിൽ കുടുങ്ങി എങ്കിലും ഇപ്പോൾ ദൈവഗത്യാ തന്റെ യാത്രോദ്ദേശ്യം സഫലമായി. അപ്പോഴത്തേക്ക് ഇരയായിത്തീർന്ന എന്നു കരുതിയിരുന്ന ലിവിങ്സ്റ്റൻ ഇതാ തന്നെ കെട്ടിപ്പുണരുന്നു!!

ലിവിങ്സ്റ്റന്റെ അവശത നീങ്ങി. സ്റ്റാൻലിയോട് ഒരുമിച്ച് അദ്ദേഹം പല സ്ഥലങ്ങളിലും സഞ്ചരിച്ചു. അങ്ങനെ നാലു മാസം കഴിഞ്ഞു. അപ്പോഴേക്കും അവർ രണ്ടു പേരും വളരെ ക്ഷീണിച്ചു. ഉടനെ ഇംഗ്ലണ്ടിലേക്കു മടങ്ങുന്നതാണ് ഉത്തമമെന്ന് സ്റ്റാൻലി പ്രണദോഷിച്ചു. എന്നാൽ ഉദ്ദിഷ്ടകാര്യം സാധിക്കാതെ താൻ മടങ്ങുന്നതല്ലെന്ന് ലിവിങ്സ്റ്റൻ തീർത്തു

പറഞ്ഞു. അതിനാൽ സ്റ്റാൻലി തനിയെ തിരിച്ചു പോകേണ്ടിവന്നു.

അനാരോഗ്യം ഗണിക്കാതെ ലിവിങ്സ്റ്റൻ ഒനെൽ നദിയുടെ ഉത്ഭവസ്ഥാനം കണ്ടു പിടിക്കാൻ തന്നെ ഒരുമ്പെട്ടു. ആ പര്യടനം പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ചിതാംബോ ഗ്രാമത്തിൽ എത്തിയപ്പോഴേക്കും ക്ഷീണവും രോഗവും പൂർവ്വാധികം വർദ്ധിച്ചു. അനുചരന്മാർ അവിടെ ഒരു കുടിൽ ഉണ്ടാക്കി അദ്ദേഹത്തെ അവിടെ കിടത്തി ശുശ്രൂഷിച്ചു. പക്ഷേ അവശത പ്രതിനിമിഷം വർദ്ധിച്ചു വന്നതേ ഉള്ളൂ. മൂന്നാലുദിവസം കഴിഞ്ഞു. അഞ്ചാം ദിവസം രാത്രിയിൽ രോഗത്തിനു് അല്പം കുറവു് ഉള്ളതുപോലെ തോന്നി. അതു കൊണ്ടു് ഭൃത്യന്മാരെല്ലാം ഓരോ മൂലയിൽ പോയിക്കിടന്നുറങ്ങി. വെളുപ്പിനു നാലു മണി ആയപ്പോൾ അവർ ഉണർന്നു് രോഗി കിടന്നിടത്തേക്കു ചെന്നു. അവിടെ ഒരു മെഴുകുതിരി മങ്ങിക്കത്തുന്നുണ്ടായിരുന്നു. അവർ കട്ടിലിൽ നോക്കി; യജമാനനെ കണ്ടില്ല. അദ്ദേഹം കട്ടിലിനു് അരികത്തു തറയിൽ മുട്ടുകുത്തി കൈയ്യൾ കൊണ്ടു മുഖം മറച്ചു കമഴ്ന്നു കിടന്നിരുന്നു. പ്രാർത്ഥിക്കുകയായിരിക്കുമെന്നു കരുതി അവർ വിളിച്ചില്ല. അല്പം നേരം കാത്തു നിന്നു, അനക്കമില്ല. അവരിൽ ഒരാൾ അദ്ദേഹത്തിന്റെ ശരീരത്തിൽ തൊട്ടു നോക്കി. ഹാ! അതിനകം തണുത്തു പോയിരുന്നു! ആ മഹാന്റെ ആത്മാവു് ദേവലോകത്തേക്കു പറന്നു പോയിരുന്നു.

ലിവിങ്സ്റ്റന്റെ അനുചരന്മാർ അപരിഷ്കൃതരായിരുന്നെങ്കിലും അദ്ദേഹത്തിന്റെ മാഹാത്മ്യം മുതലാണ്ടു ഗ്രഹിക്കുവാൻ തക്ക ബുദ്ധിയുള്ളവരായിരുന്നു.

ആ അവശിഷ്ടവും സഞ്ചാരക്കുറിപ്പുകളും വിലയുള്ളവ യാണെന്ന് അവർക്ക് തോന്നി. അരപത്തു കൊല്ലത്തെ ജീവിതത്തിൽപകുതിയും ആഫ്രിക്കയ്ക്കുവേണ്ടി ചെലവാ ക്കിയ ആ സഞ്ചാരിയുടെ വ്യക്തിത്വം അവർ ശസ്ത്രക്രിയ ചെയ്തെടുത്തു് അവിടെ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ നിക്ഷേപിച്ചു; മൃതശരീരം സുഗന്ധദ്രവ്യങ്ങൾ പൂശി ഉണക്കി; അതു് ഒരു തരം മരവുരിയിൽ ഭദ്രമായിക്കെട്ടി, ഏതോ വിക്രയസാധനമെന്ന ഭാവത്തിൽ തോളിൽ മുമന്താംകൊണ്ടു്, കാട്ടും മേടും താണ്ടി, ഒൻപതു മാസം കഷ്ടപ്പെട്ടു് അവർ പൂർവതീരത്തുള്ള സാൻസിബാർ തുറമുഖത്തു് കൊണ്ടുവന്നു. അവിടെ നിന്നും അതു് ഇംഗ്ലണ്ടിലേക്കു് അയച്ചു. ഇംഗ്ലണ്ടിൽ വിശ്രുത നാരെ സംസ്കരിക്കുന്ന വെസ്റ്റ്മിനിസ്റ്റർ ദേവാ ലയത്തിലെ ശ്മശാനത്തിൽ ആ ശവശരീരം ആഘോഷ പൂർവം സംസ്കരിക്കപ്പെട്ടു.

രാജ്യാനേഷണതൽപരനും ധർമ്മപ്രചാരകനും ആയി രുന്ന ഡേവിഡ്ലിവിങ്സ്റ്റൻ ഇങ്ങനെ മൺമറഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ കീർത്തി കാലപ്രവാഹ ത്തെയും ജയിച്ചുകൊണ്ടു നിലനിന്നു പോരുന്നു. തമോ വൃതശ്ലേഷ്മത്തിന്റെ മുക്കം മൂലയും വെളിച്ചത്തു കൊണ്ടു വരുന്നതിനും, അവിടത്തെ ജനങ്ങളെ സംസ്കാരസമ്പന്ന രാക്കുന്നതിനും വേണ്ടിയുള്ള അദ്ദേഹത്തിന്റെ യത്നങ്ങൾ ലോകം എങ്ങനെ വിസ്മരിക്കും? അദ്ദേഹത്തിന്റെ ഉത്സാഹശീലവും സ്വാർത്ഥത്യാഗവും ധർമ്മതൽപരതയും കർമ്മശൂരതയും ജീവിത വിശുദ്ധിയും എക്കാലത്തും അനു കരണയോഗ്യങ്ങൾ തന്നെ.

പാഠം ൫൨

ദുര്യോധനന്റെ ദുർബ്ബോധനം

(ഓട്ടൻ തുള്ളൽ)

"ജ്യേഷ്ഠൻ നമ്മുടെ ധർമ്മതനൂജൻ
കാട്ടിലിരുന്നു തപം ചെയ്യുന്നു;
നാട്ടിലിരുന്നാൽ നാടു ഭരിപ്പാൻ
നമ്മുടെ ജ്യേഷ്ഠനൊരാഗ്രഹമില്ല;
അന്നു വെളുപ്പിന്നോരു കളിക്കണ-
മഞ്ചാതൊരു വിജനത്തിലിരിക്കണ-
മുച്ചയ്ക്കോരു കുളിയന്തിക്കൊരു കുളി
നിത്യവുമിങ്ങനെ ജ്യേഷ്ഠന്റെ നിയമം.
ഹോമം ജപവും പുഷ്പാഞ്ജലിയും
നാമജപങ്ങൾ നമസ്കാരങ്ങളു-
മിങ്ങനെ കഴിയും രാവും പകലും
എങ്ങനെ കാര്യം ക്ലേശിക്കുന്നു?
ഉണ്ണീ! വരിക സുയോധന! നീയും
കണ്ണനുമമ്മാവന്മാരായ നമ്മുടെ
നാടും നഗരവുമങ്കം പുങ്കം
വീടും കുടികളുമെന്നിവയെല്ലാം
ക്ലേശിച്ചിവിടെ വസിക്ക നമുക്കിതു
ക്ലേശിപ്പാനൊരുതല്ലെന്നിങ്ങനെ
നമ്മുടെ ജ്യേഷ്ഠൻ നമ്മോടു കല്പി-
ച്ചുള്ള വനത്തിൽ യാത്രയുമായി.
അങ്ങനെ ജ്യേഷ്ഠൻ കല്പിച്ചാൽ പുന-
രങ്ങനെയടിയനപേക്ഷിക്കേണ്ട?

ഭീമജ്യേഷ്ഠനുമെത്തല്ലിപ്പോൾ
ഭൂമിയെ രക്ഷിപ്പാനായുകൊണ്ടു്
ഭാരമിതെല്ലാമിങ്ങു പിണഞ്ഞു
നേരം പോക്കല്ലിയ പരമാത്ഥം.
ജ്യേഷ്ഠനനുജനമാരവർ നാലു് വർ
ജ്യേഷ്ഠത്തിയുമായ് കാട്ടിൽ പോയി;
രാത്രി വിനോദത്തിന്നായു പന്തി-
ക്കുസ്രീബ്രാഹ്മണർ ക്രൂടപ്പോയി;
കാട്ടിലിരിക്കും പരിഷയെല്ലാ-
മൂട്ടിന വേണ്ടും സാധനമെല്ലാം.
അരിയും മോരും തൈരും പഴവും
കറിവെപ്പാനുള്ളിലകളുമെല്ലാം
മടിക്കുടാതെ സകലവുമവിടെ-
ക്കൊടിയൻ തന്നു കൊടുത്തുവിടുന്നു.
നിന്തിരുവടിയും ശിഷ്യരുമായി
കുന്തികുമാരർ വസിക്കും വനമതിൽ
വെക്കമെഴുന്നള്ളുണ മിതവരുടെ
സത്കാരം ബഹുമാനിക്കേണം.
ഏറിയ വിപ്രജനങ്ങൾക്കെല്ലാം
ചോറു വിളമ്പി ഭുജിക്കുന്നു
ദ്രുപദി താനെന്നുള്ളതു കേട്ടു;
ദ്രൗപതികല്പന യങ്ങനെ പോലും.
എന്നാലവളുടെ ക്ഷീണമകറ്റുക-
ഴിഞ്ഞെയവിടെ ഭയമുണ്ടാവൂ.
അല്പന്നാകിൽ വിരുന്നു വലഞ്ഞവ-
രെല്ലാവക്കും വേണ്ടുംവണ്ണം

വച്ചുവിളമ്പി ട്ടണ്ഡിപ്പാനെ–
ക്കൊച്ചുകുട്ടംബിനിയാളുകില്ല;
കുളി തേവാരം മഴാറാരു ദിക്കിൽ
തെളിവോട്ട നിങ്ങൾ കഴിച്ചുകൊണ്ടു്,
കിളിമൊഴിയാളുടെ കൊറു കഴിഞ്ഞെ–
ന്നളവേ കണ്ടാലവിടെച്ചെല്ലും."


പാത്രചരിതം) (കുഞ്ചൻ നമ്പ്യാർ

പാഠം ഒമ്പത

മൈൽക്കുറ്റിയും മോട്ടോർകാറും

പ്രധാന രാജപാതയിൽ നിന്നും ഗ്രാമത്തി ലേക്കുള്ള തിരിവിൽ ഒരു മൈൽക്കുറ്റി നിലുന്നു ണ്ടു പഴയ തെന്തിലുള്ള ഒരു മൈൽക്കുറ്റിയാണു്. അധികം ഉയരം ഇല്ലാതെ കനത്ത ഒരു കരിങ്കൽക്കുറ്റി തിരുവനന്തപുരത്തു നിന്നും മുപ്പത്തൊമ്പതു മൈൽ കഴിഞ്ഞു എന്നു കാണിക്കുവാൻ അതിന്മേൽ ഇംഗ്ലീ ഷക്ഷരത്തി കൊത്തിവച്ചിട്ടുണ്ടു്. വഴിയെ പോകുന്ന ചക്കടവണ്ടികളും മോട്ടോർ കാറുകളും പാറി ക്കുന്ന പൊടിയിലെന്തു്, കാക്ക മുതലായ പക്ഷികൾക്കു ഇടയ്ക്കിടയ്ക്കു് വിശ്രമം നല്കുന്നു, ഏറെക്കുറെ അങ്ങു മിങ്ങും പൊയ്യിയും പൊടിഞ്ഞും തുണ്ടു് മൈൽക്കുറ്റി നില്ക്കുന്നു്. ഇക്കാലത്തെ സ്ഥിതിഗതികൾ നോക്കി യാൽ അതിനു് ഒരു പടുകിഴവന്റെ ലക്ഷണങ്ങൾ ഉണ്ടു്. കാറ്റിനോടും മഴയോടും മല്ലിട്ടു നിന്നിരുന്ന തു വിജനമായ വഴിയാത്രക്കാരുടെ ദൃഷ്ടിയിൽ പെട്ടെന്ന കാര്യം തന്നെ കഠിന പ്രയാസമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം ഒരു രസികൻ മോട്ടോർകാർ മിനുമിനുക്കത്തിൻറെ പകിട്ടോടുകൂടി ഘർഘരസ്വരം ചൊരിഞ്ഞുകൊണ്ട് അവിടെ വന്നു നിന്നു. അതിൽ ഉണ്ടായിരുന്നവർ ഇറങ്ങി സമീപം നിന്നിരുന്ന ആലിൻറെ തണലിൽ ലഘുഭക്ഷണത്തിനു വേണ്ട ഒരുക്കങ്ങളിൽ ഏർപ്പെട്ടു. ആരും അടുക്കൽ ഇല്ലെന്നു കണ്ടപ്പോൾ പ്രകൃത്യാ മുഖരമായ മോട്ടോർകാർ പതുക്കെ മൈൽക്കുറ്റിയോടു ചോദിച്ചു.



"ഏയ്! ഇപ്പോഴും ഇവിടെത്തന്നെയോ?"

മൈൽക്കുറ്റി:—പിന്നല്ലാതെ എവിടെ പോകുന്നു? ഇവിടെ ഇളകാതെ നിൽക്കയാണു് എൻറെ കൃത്യം. അതു ഞാൻ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

മോട്ടോർകാർ:—സാധു പാവങ്ങൾ! എൻറെ ജീവിതം നോക്കുക. ഞാൻ സദാ സഞ്ചരിയാണു്.

പുതിയ സ്ഥലങ്ങളും പുതിയ മുഖങ്ങളും കണ്ടു ഞാൻ രസിക്കുന്നു. ഈ കഴിഞ്ഞ വർഷത്തിൽ തന്നെ നിന്നെപ്പോലെ എത്രയെണ്ണത്തിനെ ഞാൻ കടന്നു പോയിരിക്കുന്നു. അനവധി.

ഇതു കേട്ടിട്ട് മെൽക്കറി മന്ദഹാസത്തോടുകൂടി "നിന്റെ കൂട്ടുകാർ എത്ര പേർ എന്റെ മുമ്പിൽ കൂടി ഞരങ്ങി കടന്നുപോയി എന്നു കേട്ടാൽ നീ വിസ്മയിപ്പോകും. അവരുടെ തുരു് എന്തുണ്ട്? എല്ലാറേയും ഞാൻ കണ്ടിട്ടുണ്ടു്. കഷ്ടം എന്നല്ലാതെ എന്തു പറയട്ടെ" എന്നു പറഞ്ഞു.

മോട്ടോർകാർ:—കഷ്ടമെന്നോ?

മെൽക്കറി:—അതേ കഷ്ടം തന്നെ. അവ എപ്പോഴും തിടുക്കത്തിലാണു്. ഒരു സംഗതിയും സൂക്ഷിച്ചു ഗ്രഹിക്കുവാൻ അവയ്ക്കു തരമില്ല. ഒരു പരിചയം സമ്പാദിക്കുവാനും സമയമില്ല. അതാ, അല്പം മാറി അവിടെ കാണുന്ന വഴിയമ്പലം നീ കണ്ടുവോ?

മോട്ടോർകാർ:—ഇല്ല. നോക്കട്ടെ. ശരി, കണ്ടു.

മെൽക്കറി:—കണ്ടോ ഞാൻ പറഞ്ഞില്ലെങ്കിൽ അതു കൂടി നിനക്കു കാണുവാൻ സാധിക്കയില്ലായിരുന്നു. അതു മാത്രമല്ല, അവിടെ നടക്കുന്ന സംഗതികൾ അറിയുന്നതിനും ഇട കിട്ടുകയില്ലായിരുന്നു. നീ ഇവിടെ വളരെ നാൾ താമസിക്കാതെ അതിന്റെ കാര്യങ്ങൾ വല്ലതും അറിയുകയോ, അതുമായി പരിചയപ്പെടുകയോ ഉണ്ടായിട്ടുണ്ടാകുകയില്ല.

മോട്ടോർകാർ:—അതിന്റെ പരിചയമോ! അതുകൊണ്ടു് എന്തു പ്രയോജനം? ഞാൻ ഇതയിടയ്ക്കു് ഒരു

വലിയ മോട്ടാർകാർ കണ്ടു. അതു പല സ്ഥലത്തും സഞ്ചരിച്ചിട്ടുള്ളതാണു്. പല സംഗതികൾ അതു ഗ്രഹിച്ചിട്ടും ഉണ്ടായിരുന്നു. പരിചയപ്പെടുന്നതു് അങ്ങനെയുള്ളവരോടു വേണം.

മൈമൽക്കുറി:—ശരി തന്നെ. പക്ഷേ എത്ര പേരാണു് അവിടെ യാത്രക്കാരായി കൂടിയിട്ടുള്ളതെന്നും എന്തെല്ലാം നാട്ടുകാര്യങ്ങളാണു് അവർ പറഞ്ഞിട്ടുള്ളതെന്നും എന്റെ സ്നേഹിതൻ വഴിയമ്പലം എന്നോടു പറഞ്ഞിട്ടുണ്ടു്.

ഇതു കേട്ടു മോട്ടാർ അല്പം മൗനമായി ചിന്തിച്ചിട്ടു് ഇപ്രകാരം പറഞ്ഞു.

"കൊള്ളാം ഒരു വഴിയമ്പലത്തിനു പല കഥകളും പറയാനുണ്ടാകുമെന്നു നിങ്ങൾ പറയുന്നതിനു മുമ്പു് എനിക്കു തോന്നിയേയില്ല. നാട്ടുകാര്യങ്ങൾ കേട്ടിട്ടു് എനിക്കു മുഷിഞ്ഞു. നഗരജീവിതം, സമ്പന്നന്മാരുടെ കാലക്ഷേപം മുതലായവയെപ്പറ്റി കേൾക്കുവാനാണു് എനിക്കു കൗതുകം."

മൈമൽക്കുറി:—അതോ! ഇന്നാൾ ഒരു ദിവസം വൈരക്കമ്മലുകാരും കസവു വേഷ്ടിക്കാരും പറഞ്ഞു കേട്ടു വന്നതു മുതൽ എന്റെ സ്നേഹിതൻ വഴിയമ്പലത്തിൽ ചുരുണ്ടുകൂടി കഴിഞ്ഞു കൂടിയ കാര്യം ഞാൻ കണ്ടതാണു്.

മോട്ടാർകാർ:—അമ്പട മുതുക്കാ! ഞാൻ പറയുന്നതിനൊക്കെ നീ മറുകുതി പറയുന്നല്ലോ! എന്തായാലും ഞാൻ എപ്പോഴും സഞ്ചാരിയായതുകൊണ്ടു ചിലപ്പോൾക്കിലും എന്നോടു പ്രിയമുണ്ടെന്നു നിനക്കു സമ്മതിക്കാതെ തരമില്ല.

മെൽക്കാറി:—അതു വാസ്തവം തന്നെ. എന്നാൽ ഒരേ സ്ഥലത്തു തന്നെ സ്ഥിരമായി നില്ക്കുന്നതു കൊണ്ടു് എനിക്കും ചില കഷ്ടം പ്രിയമുണ്ടു്. വഴിയെ പോകുന്നവർ ചിലർ വന്നു" "ആവൂ ഒരു മൈൽ കഴിഞ്ഞല്ലോ"; മറ്റു ചിലർ "ഇനി ഒരു മൈലേ ഉള്ളല്ലോ" എന്നും മറ്റും പറഞ്ഞു് എന്നെ അനുഗ്രഹിച്ചു പോകാറുണ്ടു്.

മോട്ടോർകാർ:—മര്യാദക്കാരനായി ഇരുന്നതു കൊണ്ടു ഇങ്ങനെ പറഞ്ഞു. ഒരു സംഗതി സമ്മതിച്ചേ തീരൂ. നിന്റെ ജോലി നീ ശരിയായി നോക്കുന്നുണ്ടു്. കണ്ടോ മതിയാവൂ എന്നു വിചാരിച്ചു് അന്വേഷിച്ചാൽ നീ ഇവിടെ ഉണ്ടായിരിക്കുമല്ലോ?

മെൽക്കാറി:—അതു പ്രയാസമുള്ള കാര്യമോ? ഞാൻ കണ്ണടച്ചെന്നു തുറക്കുമ്പോൾ ഇവിടെ സ്ഥിരമായി നിന്നേ മതിയാവൂ.

മോട്ടോർകാർ:—നിനക്കു് അതു എപ്പോഴും സാധിക്കുന്നുണ്ടല്ലോ. ഞാൻ പരമാർത്ഥം പറയാം. ചില പ്പോൾ നീ ഇങ്ങനെ അവസരത്തിൽ ഞാൻ ഇല്ലാതെയില്ല.

മെൽക്കാറി:—അതിൽ അത്ഭുതമില്ല. ഓടിച്ചുറപ്പിത്തിരിയുന്ന കാര്യം എന്നാൽ സാദ്ധ്യമല്ല. ക്ഷമ, അതാണു മെൽക്കാറിയുടെ ഗുണം. ഉള്ളതുകൊണ്ടു് അതുപോലെ പറയുന്നതും എന്റെ നിയോഗമാണു്. വേഗം കയറൂ നിങ്ങൾക്കു ബലം.

മോട്ടോർകാർ മനോവിചാരത്തോടുകൂടി പറഞ്ഞു. "നമ്മൾ തമ്മിലുള്ള ഈ സല്ലാപ സംഭാഷണം വളരെ

സന്തോഷമായി. നിന്റെ സ്ഥിരപ്രതിജ്ഞയെപ്പറ്റി ഞാൻ കൂടെ വല്ലാതാകുമ്പോൾ എനിക്ക് അസൂയ തോന്നിയേക്കും. മൈൽക്കുറ്റികളായ നിങ്ങളെപ്പോലെ മോട്ടോർകാറുകൾ അത്ര ദീർഘായുസ്സുകളല്ല. ജീവിതത്തിലെ ബദ്ധപ്പാടുകൾ ഞങ്ങളെ അഗാധമായി ബാധിക്കുന്നു. നാൾ ചെല്ലുന്തോറും കുലുക്കവും ഇളക്കവും കൊണ്ടു കടന്നുപോകുന്ന മൈൽക്കുറ്റിയെ ധന്യനായും കടക്കാനുള്ള മൈൽക്കുറ്റിയെ പാപിയായും ഏതു മോട്ടോർകാർതന്നെ ഗണിക്കയില്ല?"

മൈൽക്കുറ്റി:—നിന്റെ പ്രഘോഷികൾ കാലം കൂട്ടുന്നതിനു മുമ്പ് എന്റെ സ്വജനങ്ങളായ എത്രയോ മൈൽക്കുറ്റികളെ നീ കടന്നു പോയേക്കാം. അവർ നിയതമായ രൂപത്തിൽ നെടുനിരയ്ക്കു ജാഗ്രതയായി നിന്ന വഴിപോക്കർക്ക് ആവശ്യമുള്ള സംഗതി പറഞ്ഞുകൊടുത്തു സഹായിക്കുന്നതു വിചാരിച്ചു ഞാൻ അവരെ അഭിനന്ദിക്കുന്നു.

മോട്ടോർകാർ:—മനസ്സിലായി. നിങ്ങളുടെ സ്വജനങ്ങളെപ്പറ്റി പല വർത്തമാനങ്ങളും നിങ്ങളെ അറിയിക്കാം. മോട്ടോർകാറുകളും മൈൽക്കുറ്റികളും തമ്മിൽ സഹാർദ്ദമായിരിക്കേണ്ടതിന്റെ ആവശ്യം എനിക്ക് ഇപ്പോൾ ബോദ്ധ്യമായി.

ഇതുപറഞ്ഞപ്പോൾ മൈൽക്കുറ്റിയുടെ അക്ഷരത്തിനേൽ അടുത്തു നിന്നിരുന്ന വൃക്ഷത്തിന്റെ നിഴൽ തട്ടിയിട്ടോ എന്തോ മന്ദൽ വ്യാപിക്കുകയും സപ്പും വിഷണ്ണനായി മൈൽക്കുറ്റി തുടർന്നു പറയുകയും ചെയ്തു.

"നിങ്ങൾ തിരിച്ചു വരുന്നതിനു മുമ്പു പക്ഷേ ഞാൻ പോയ്പ്പോയി എന്നു വരാം. മുമ്പിലത്തപ്പോലെ

ഇപ്പോൾ എന്റെ ഉച്ചാരണം അത്ര വ്യക്തമല്ല. എന്നതന്നെയുമല്ല, ഞാൻ കീഴ്പ്പോട്ടു കീഴ്പ്പോട്ടു ഇരുന്നുപോകുന്നതായും എനിക്കു തോന്നുന്നുണ്ടു്. ആട്യം എന്നെ ഇവിടെ ജോലിക്കു നിയമിച്ചപ്പോൾ എനിക്കു ഇന്നത്തേക്കാൾ പൊക്കമുണ്ടായിരുന്നു. വെള്ളയടിച്ചു് ഭംഗമുഖത്തു കറുത്ത വണ്ണങ്ങൾ എത്രയോ ഭംഗിയായി സ്പഷ്ടമാക്കിയിരുന്നു.

മോട്ടാർകാർ:—പക്ഷേ വീണ്ടും അവർ നിനക്കു ചായം ഇടുമായിരിക്കും. മോട്ടാർകാരുകളുകേന്ന ഞങ്ങൾ വൃദ്ധന്മാരാകുമ്പോൾ ചായം അടിച്ചു മിനുക്കി ഞങ്ങളെ പുത്തൻ വണ്ടികൾ എന്നു പറയാറുണ്ടല്ലോ.

മെൽക്കുറി:—ഇല്ല. എന്നെ നിക്കി പകരം വേറേതരം മൈൽക്കുറി സ്ഥാപിക്കുവാൻ തീർച്ചയാക്കിയിരിക്കയാണു്. എനിക്കു പകരം വരുന്നവൻ കുറേക്കൂടി സൂക്ഷ്മമായി സംഗതികൾ പറയുമായിരിക്കും. ഡെൽഹി വരെയുള്ള ദൂരം പോലും അവർ അറിയിച്ചു തരുമായിരിക്കും.

മോട്ടാർകാർ:—അതു അസാരം ഗൗരവത്വം അല്ലേ? മെൽക്കുറി, അതു വിഷാദമാകുമോ? ഞാൻ അവനെ പരിഹസിക്കാതിരിക്കയേ ഇല്ല

മെൽക്കുറി:—ഛേ! അങ്ങനെ ചെയ്യരുതേ. ഇരിക്കൽ ഞങ്ങൾ എല്ലാം ചെറുപ്പക്കാരായിരുന്നു. ഞാൻ നിങ്ങളോടു പറഞ്ഞതെല്ലാം നിങ്ങൾ എന്റെ പിൻഗാമിയോടു പറയണമെന്നു് അപേക്ഷയുണ്ടു്. അയാൾക്കു് ആട്യം അൽപ്പം അഭിമാനിയായി തോന്നിയേക്കാം. യൗവനസഹജമായ സഞ്ചാരരസം

ഉണ്ടായി എന്നും വരാം. എന്നാൽ ലോകവിജ്ഞാനത്തിന്ന് അയാൾ സ്വസ്ഥാനം വിട്ടുപോകേണ്ടതില്ലെന്നും തന്റെ മുമ്പിൽ കൂടി കാൽകൊണ്ടു ധൂഴത്തോ ചക്രത്തിന്മേൽ ഉരുണ്ടോ ജനങ്ങൾ കടന്നുപോകുന്നതു കണ്ടാൽ മതിയാകും എന്നും ധരിപ്പിക്കണം. എന്നു തന്നെയല്ല, അയാൾ ഇളകി സ്ഥലം വിട്ടുപോകുന്ന പക്ഷം ഉണ്ടാകുന്ന ദുർഘടങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും വേണം. അതാ, നിന്നിൽ കയറിവന്നവർ എഴുനേറ്റു തുടങ്ങി. നിന്നെ പോകാറായി എന്നു തോന്നുന്നു.

മോട്ടോർകാർ:—കൊള്ളാം, മൂപ്പരേ! നമ്മൾ തമ്മിൽ നടന്ന സംഭാഷണം ഞാൻ ഒരിക്കലും മറക്കുകയില്ല. മൈൽക്കുറ്റികളായ നിങ്ങളെപ്പോലെ മോട്ടോർ കാറുകളാകുന്ന ഞങ്ങളും സ്വകൃത്യം ശരിയായി നിർവഹിക്കുന്ന പക്ഷം വഴിനീളെയുള്ള പരാതിക്കു ശമനമുണ്ടാകും. എന്നാൽ പിന്നെ കാണാം.

പാഠം ൫൪

ഫല്ഗുനനിന്ദ

[തന്റെ ഭാര്യ പ്രസവിച്ച ശിശുവിന്റെ ദേഹം പോലും കാണാഞ്ഞതിനാൽ കോപിഷ്ഠനായ ബ്രാഹ്മണൻ ഈറനില്ലത്തിന്റെ നടയിൽ നിൽക്കുന്ന അർജ്ജുനനോടു പറയുന്നതു്.]

കമ്പു തട്ടുമിളമുളപോലെയ-
ഞ്ഞെട്ടു പൊട്ടിക്കരഞ്ഞിതു വിപ്രനും.
സന്താപംകൊണ്ടു മൂർച്ഛിതനായൊരു
ഭ്രാന്തനെപ്പോലെ തിൻടനപ്പോഴേ.
കനൽക്കട്ടയോടൊത്ത മിഴികളും
കനക്കെ മിഴിച്ചീർഷ്യയും പോരായ്മയിൽ
വിറച്ചിടുന്ന മുൽവൊടുക്കടി
വിയർത്തോടിയണഞ്ഞു വിജയനോ-
ടയ്യോ പാപമെനിക്കെന്നു ചൊല്ലിയ-
ക്കൈയ്യു രണ്ടുമയത്തിപ്പിടിച്ചുടൻ.
അഗ്നിപോലെ ജ്വലിച്ചൊരു കാന്തിപൂ-
ണ്ടഗ്നിഹോത്രി പറഞ്ഞു യുടക്കിനാൻ.
"തീയിൽ ചെല്ല നിൻ ഗാണ്ഡീവവും നീയു-
ദ്യശസ്സിനു പാത്രമായർജ്ജുന!
ഞാനപോലെ മദിച്ചു പറഞ്ഞു നീ,
നാണം കെട്ടേ നേതെന്നെ കല്പിച്ചു
മാനിച്ചിങ്ങു സന്തോഷിച്ചിരുന്നൊരു
ഞാനയ്യോ നല്ല ദോഷനാകുന്നതും

തിരുമുമ്പിൽ ഞെളിഞ്ഞു നിന്നൊന്നെല്ലാം
ജളപ്രായമാം കാട്ടി നീയാകയാൽ
ജളതയൊന്നൊഴിഞ്ഞു നിനക്കൊരു
ഫലം മേലിൽ വരായെന്ന നിർണ്ണയം
കുരച്ചീടുന്ന പട്ടിയൊരു നാളും
കടിച്ചീടുകയില്ലെന്നാകിനീ,
വമ്പനായ നീയിപ്പൊഴിതെന്തിനു
കുമ്പസ്സിപ്പുരക്കെ നോക്കീടുന്നു?
അമ്പതു ദോഷമാം നിലേ മുമ്പനാം
വൻപനെന്നുള്ളവനെന്നാകിനീ.
ദുഷ്ടനിഗ്രഹം ചെയ്തതിന്നായുന്ന
പൃഥിതന്നിൽപ്പിറന്ന ദേവന്റെ
വീര്യങ്ങളെല്ലാം വീരനാമെന്നുടെ
വീര്യമെന്ന നിനയ്ക്കൊല്ല ദോഷ! നീ.
ഉത്തരം ചുമന്നീടുന്ന ഗർദ്ദഭിയാൽ
സാദ്ധ്യമെന്തു ഭാവിക്കയെന്നിയേ?
മൂർഖനാം നിന്റെ ഡംഭു കളവാനായ്–
ത്തേത്തടത്തിന്നുരൾ ചെയ്ത വാക്കുകൾ.
കുംഭത്തിന്റെ പുറത്തു പകർന്നീട്ട–
മംബ്രസ്സുപോലെ തീർന്നു നിനക്കതും.
ഇപ്പാരിന്നു നിമിത്തമാത്രം ഭവാൻ
സവ്യസാചിയെന്നാരുമുരൾ ചെയ്യ.
പിലിക്കാർക്കുന്തൽ കെട്ടിവിടുവോടെ
ചാമ്പവേ നല്ല ചമ്മട്ടികൊക്കാരു
മറകൾക്കു പൊരുളായ മൂഢ! തേർ–
ത്തടം തന്നിലിരുന്നിവെന്നാകിലോ

ഇപ്രതിജ്ഞ കണക്കുതന്നേ തവ
യുദ്ധാജ്ഞയിലൊക്കെപ്ഫലിപ്പതും.
കൃഷ്ണനോട് ചെന്നേകിപ്പാവാനും
പേടിയില്ലാതെ തീർന്നു നിൻവാക്കിനാൽ."

(പൂന്താനം നമ്പൂരി സന്താനഗോപാലം പാന)

പാഠം ൨൭

സ്വനഗ്രാഹി

ഗ്രാമഫോൺ അഥവാ സ്വനഗ്രാഹി എന്ന സംഗീതയന്ത്രം കണ്ടിട്ടില്ലാത്തവർ ഇക്കാലത്തു് വളരെ കുറവായിരിക്കും. കല്യാണപ്പന്തലുകളിലും സമ്മേളന സ്ഥലങ്ങളിലും ഈ യന്ത്രം കൊണ്ടുവന്നു വച്ചു പാടിക്കുന്നതു് ഒരു ചടങ്ങായിത്തീർന്നിട്ടുണ്ടു്. നാക്കും മൂക്കും വല്ലതൊന്നുമില്ലാത്ത ഒരു വെറും യന്ത്രം നമ്മെപ്പോലെ സംസാരിക്കുക, പാടുക, ചിരിക്കുക, കരയുക ഇതൊരത്ഭുതംതന്നെ. ഈ യന്ത്രത്തിനുള്ളിൽ വല്ല സംഗീതവിദ്വാന്മാരും ഒളിച്ചിരിപ്പുണ്ടെന്നു് വിചാരിക്കുന്നവർ കാണാതിരിക്കാം. ആഫ്രിക്കയിൽ ഒരു ഗ്രാമത്തിലെ ജനങ്ങൾ സ്വനഗ്രാഹിയുടെ ശബ്ദം ആദ്യം കേട്ടപ്പോൾ വല്ലാതെ അമ്പരന്നുപോയി. ചിലർ പേടിച്ചു വനത്തിലേക്കു് ഓടി. ആ യന്ത്രത്തിന്റെ ഉടമസ്ഥനായ ധവര ഒരു മന്ത്രവാദിയാണെന്നു വിചാരിച്ചു് മറ്റു ചിലർ അദ്ദേഹത്തെ ഉപദ്രവിക്കുവാനടുത്തു. അതിനകത്തു്

എന്താണ് ഇരിക്കുന്നത് എന്നറിയാൻ ധൈര്യം അവലംബിച്ച് ചിലരെല്ലാം ക്രൂടി അതിന്റെ പെട്ടി തല്ലിപ്പൊളിക്കാൻ ഇടയായി.

ഒരിക്കൽ നാം പുറപ്പെടുവിക്കുന്ന ശബ്ദം വേറൊരു അവസരത്തിൽ അതുപോലെ തന്നെ കേൾക്കാമെന്ന പറഞ്ഞാൽ പണ്ട് ആരും വിശ്വസിക്കുമായിരുന്നില്ല. എന്നാൽ സ്വനഗ്രാഹിയന്ത്രത്തിന്റെ ആവിർഭാവത്തോടുകൂടി അതു സാധിക്കാമെന്നായിരിക്കുന്നു. മുമ്പ് എവിടെയോ, സംസാരിച്ചതോ പാടിയതോ അതേപടി നമ്മുടെ സമയവും സൗകര്യവും അനുസരിച്ച് ആവശ്യപ്പെടുമ്പോഴൊക്കെ കേൾക്കാൻ കഴിയും. അതിനു് ഉതകുന്ന ഗ്രാമഫോൺ റിക്കാർഡുകളും സൂചികളും ഒരു സ്വനഗ്രാഹിയന്ത്രവും ഉണ്ടായിരുന്നാൽമതി. ഇന്നത്തെ നല്ല പ്രസംഗങ്ങളോ മധുരഗാനങ്ങളോ സരസസല്ലാപങ്ങളോ, എന്തുവേണമെങ്കിലും ആയിരം കൊല്ലം കഴിഞ്ഞിട്ടും അന്നത്തെ ഒരു ആൾക്കു കേൾക്കാൻ കഴിയും എന്നായിരിക്കുന്നു.

സ്വയം സംസാരിക്കാൻ കഴിവുള്ള ഒരു യന്ത്രം കണ്ടുപിടിക്കാൻ ആദ്യം ഉദ്യമിച്ചതു ലിയോൺസ്കോട്ട് എന്ന ശാസ്ത്രജ്ഞൻ ആയിരുന്നു. മനുഷ്യർ ശബ്ദംപുറപ്പെടുവിക്കുന്നതും ഗ്രഹിക്കുന്നതും എങ്ങനെയെന്ന് അദ്ദേഹം ചിന്തിച്ചു. അതിന്റെ ഫലമായി ശബ്ദപ്രസരണത്തിന്റെ തത്ത്വം അദ്ദേഹം മനസ്സിലാക്കാൻ ഇടയായി. ശബ്ദം വായുവിൽ പതിക്കുമ്പോൾ അതു് അവിടെ ഒരു തരം ഓളങ്ങൾ ഉണ്ടാക്കുന്നുണ്ട്. അവയ്ക്കു ശബ്ദതരംഗങ്ങൾ എന്നു പറയാം. ശാന്തമായ ഒരു കുളത്തിൽ

ഒരു കല്ല് ഇട്ടാൽ അതു വീഴുന്ന സ്ഥലത്തു നിന്നും ചെറിയ അലകൾ ഉണ്ടാകുന്നതു കാണാമല്ലോ. ഈ അലകൾ വലയാകൃതിയിൽ ക്രമേണ ദൂരത്തേക്കു വ്യാപിക്കുന്നതു കാണാം. അതുപോലെയാണ് ശബ്ദതരംഗങ്ങൾ വായുവിൽ കൂടി പ്രസരിക്കുന്നതും. നമ്മുടെ കണ്ണടത്തിലുള്ള ലോലമായ ചർമ്മത്തിൽ ഈ ശബ്ദതരംഗങ്ങൾ തട്ടുമ്പോൾ, അവയുടെ കാരണമായിത്തീർന്ന ശബ്ദം നമുക്കു കേൾക്കാറാവുന്നു. ശബ്ദതരംഗങ്ങളുടെ പ്രസരണം നിലയ്ക്കുമ്പോൾ, അഥവാ അവ നമ്മുടെ ചെവിയിലെത്താതെ അകന്നുപോൾ, ആ ശബ്ദം നമുക്കു കേൾക്കാൻ കഴിയാതെപോകുന്നു. ഇത്തരം ശബ്ദതരംഗങ്ങളെ വല്ല യന്ത്രങ്ങളുടെയും സഹായത്തോടുകൂടി രേഖപ്പെടുത്താനും വീണ്ടും അതേ വിധത്തിൽ പുറപ്പെടുവിക്കാനും സാധിക്കുമോ എന്നു പരീക്ഷിച്ചു നോക്കണമെന്നുള്ളിയോൺ സ്കോട്ടിനു തോന്നി. ആ ഉദ്ദേശത്തോടുകൂടി അദ്ദേഹം അനേകം പരീക്ഷണങ്ങൾ നടത്തി. ശബ്ദങ്ങൾ രേഖപ്പെടുത്താൻ ഉതകുന്ന ഒരു നൂതനയന്ത്രം അദ്ദേഹം കണ്ടുപിടിച്ചു. എന്നാൽ അതിൽ നിന്നും വീണ്ടും ശബ്ദം പുറപ്പെടുവിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. പിന്നീടു് കുറേ കാലത്തേക്കു് ആരും അക്കായ്മ്മത്തിൽ വേണ്ടവണ്ണം ഉദ്യമിച്ചുമില്ല

ലേഖനം ചെയ്തിരിക്കുന്ന ശബ്ദചിഹ്നങ്ങളെ വീണ്ടും ശബ്ദമായി മാറ്റാമെന്നു കണ്ടുപിടിച്ചതു് തോമ്മസ് ആൾവാ എഡിസൻ ആയിരുന്നു. ഒരു യാദൃച്ഛികസംഭവമായിരുന്നു അതിനു കാരണം. ഒരിക്കൽ അദ്ദേഹം പരീക്ഷണശാലയിൽ വച്ചു് ദൂരഭാഷിണിയന്ത്രത്തിനു ചില പരിഷ്കാരങ്ങൾ വരുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു.

അപ്പോൾ അതിന്റെ മുഖനാളിയിൽ കൂടി ഒരു പാട്ടിന്റെ ഏതാനും ശീലുകൾ അദ്ദേഹം പാടാനിട യായി. ആ മുഖനാളിയിൽ ഘടിപ്പിച്ചിരുന്ന ഉരുക്ക കമ്പിയുടെ നേത്ത മുന അദ്ദേഹത്തിന്റെ വിരലിൽ വന്ന തട്ടി. ഈ സംഭവത്തെക്കുറിച്ച് അദ്ദേഹം ചിന്തിച്ചു. ശബ്ദം മൂലം ഇങ്ങനെ സൂചിക്കു ഉണ്ടാകുന്ന ചലനം രേഖപ്പെടുത്തി, ആ രേഖയിൽ കൂടി തന്നെ വീണ്ടും സൂചി ഓടിച്ചാൽ ആദ്യത്തെ ശബ്ദം തന്നെ കേൾക്കാമായിരിക്കണം എന്നു് അദ്ദേഹം ഊഹിച്ചു. അതനുസരിച്ചു ചില പരീക്ഷണങ്ങൾ അദ്ദേഹം നടത്തി. ഊഹം ശരിയായിരുന്നെന്നു് ആ പരിക്ഷണങ്ങൾ തെളിയിച്ചു. ആഹ്ലാദഭരിതനായ എഡിസൺ സഹ കാരികളോടു് ഈ പുതിയ കണ്ടുപിടിത്തത്തെക്കുറിച്ചു പറഞ്ഞു. ഈ കണ്ടുപിടിത്തത്തെ ആസ്പദമാക്കി തന്നെ ത്താനെ സംസാരിക്കാൻ കഴിയുന്ന ഒരു യന്ത്രം നിർമ്മിക്കു ന്നതിനു് അദ്ദേഹം അവരോടു് ആവശ്യപ്പെട്ടു. അദ്ദേഹം വിഭാവനം ചെയ്ത ആ യന്ത്രത്തിന്റെ മാതൃകയും വരച്ചു് അവക്കു കാണിച്ചുകൊടുത്തു. എന്നാൽ അവ രെല്ലാം അദ്ദേഹത്തെ പരിഹസിച്ചതേ ഉള്ളൂ. അതു് ഒരു തരം സ്വപ്നം ആയിരിക്കാനാണു് ഇടയെന്നു് അവർ കരുതി. ഇക്കാര്യം അദ്ദേഹം സാധിക്കുന്ന പക്ഷം ഒരു കൂട്ട ആഘോഷപൂർവ്വം അദ്ദേഹത്തിനു സമ്മാനം കൊടുക്കാ മെന്നു് എഡിസന്റെ മിത്രമായ മി. ബാച്ചിലർ വാഗ്ദാ കെട്ടി. ഇതുകൊണ്ടൊന്നും അദ്ദേഹം അധൈര്യ പ്പെട്ടില്ല. കേവലം ബാലനായിരുന്നപ്പോൾ കുറേ മുട്ടയുടെ മീതേ ഒരു കോഴിയെപ്പോലെ അടയിരുന്നു് അവ വിരി യുമോ എന്നു പരീക്ഷിച്ചു് അറിയാൻ മുതിർന്നവനായി രുന്ന എഡിസൺ. ആ ജിജ്ഞാസു ഉണ്ടോ നിരാശൻ

ആകുന്നു? വളരെ നാൾ കഴിയുന്നതിനു മുമ്പു് ആ പരിശ്രമശാലി അത്തരം ഒരു യന്ത്രം നിർമ്മിച്ചു. ഈ വിശിഷ്ടയന്ത്രമാണു ഫോണോഗ്രാഫ് (സ്വനലേഖിനി). സ്വനഗ്രാഹി ഇതിന്റെ ഒരു പരിഷ്കൃതരൂപം മാത്രമാണു്.

ക്രിസ്തുവർഷം ൧൮൭൭-ൽ ആയിരുന്നു എഡിസൺ സ്വനലേഖിനി കണ്ടുപിടിച്ചതു്. അന്നു് അതിൽ നിന്നും പുറപ്പെട്ടിരുന്ന ശബ്ദം വ്യക്തവും സ്ഫുടവും ആയിരുന്നില്ല. അതിനാൽ ആ കുറവു പരിഹരിക്കാൻ അദ്ദേഹം വളരെ ശ്രമിച്ചു. "സ്പെസിയാ" എന്നു് എഡിസൺ ആദ്യമാദ്യം ചൊല്ലിക്കൊടുത്തപ്പോൾ, "പെസിയാ" എന്നോ ആ യന്ത്രം പറഞ്ഞിരുന്നുള്ളൂ. ഇങ്ങനെ എത്ര വട്ടം തെറ്റിച്ചു പറഞ്ഞ ശേഷമാണു വാക്കുകൾ സ്പഷ്ടമായി ഉച്ചരിക്കാൻ ആ യന്ത്രം പഠിച്ചതു്.

അതിനു ശേഷം ആ യന്ത്രത്തിനു പല പരിഷ്കാരങ്ങളും ഉണ്ടായി. ഇക്കാര്യത്തിൽ ആദ്യം പരിശ്രമിച്ചതു ഗ്രഹാംബെൽ എന്ന ശാസ്ത്രജ്ഞനായിരുന്നു. ബെർലിനർ എന്ന മഹാൻ പിന്നീടു് ഇതിനു വിശേഷവിധമായ പല പരിഷ്കാരങ്ങളും വരുത്തി. ഇന്നു കാണുന്ന തരത്തിലുള്ള റിക്കാർഡുകളുടെയും ഗ്രാമഫോൺ യന്ത്രങ്ങളുടെയും ആവിർഭാവം അദ്ദേഹത്തിന്റെ അധ്വാനത്തിന്റെ ഫലമാണു്. അദ്ദേഹം തന്നെയാണു ഗ്രാമഫോൺ എന്ന പേരു കൊടുത്തതും.

ഭോശക്കല്ലിന്റെ ആകൃതിയിലാണല്ലോ സ്വനഗ്രാഹിത്തട്ടകൾ. അരക്കിനോടു സാദൃശ്യമുള്ള ഷെല്ലാക്കു്

എന്ന സാധനം കൊണ്ടാണ് അവ ഉണ്ടാക്കിയിരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു തട്ട് പരിശോധിച്ചാൽ അതിന്റെ വക്കിനു സമാന്തരമായി അടുത്തടുത്ത്, ഒരു സൂചിമുനകൊണ്ടു പോറിയതു പോലെ ഉള്ള നേരിയ രേഖകൾ കാണാം. ഭൂതക്കണ്ണാടിയിൽ കൂടി നോക്കിയാൽ വളഞ്ഞു പുളഞ്ഞ പൊഴികളാണ് അവ എന്നു മനസ്സിലാകും. വാസ്തവത്തിൽ ആ തട്ടിൽ പകർന്നിട്ടുള്ള ശബ്ദങ്ങളുടെ ചിഹ്നങ്ങളാണ് അവ. അങ്ങനെ ശബ്ദചിഹ്നങ്ങൾ സചനഗ്രാഹിത്തട്ടുകളിൽ പതിച്ചിട്ടുള്ളതു കൊണ്ടാണ് സചനഗ്രാഹി യന്ത്രത്തിൽ നിന്നു പാട്ടുകളും സംഭാഷണങ്ങളും കേൾക്കാൻ കഴിയുന്നത്.

സചനഗ്രാഹി യന്ത്രത്തിനു നീണ്ടു, അല്പം വളഞ്ഞ ഒരു കുഴലുണ്ട്. അതിന്റെ ഒരു അറ്റം മറ്റേ അറ്റത്തെക്കാൾ വളരെ വണ്ണം കുറഞ്ഞിരിക്കും. വണ്ണം കുറഞ്ഞ അറ്റത്ത് വൃത്താകൃതിയിലുള്ള ഒരു ചെറിയ പേടകം ഘടിപ്പിച്ചിരിക്കുന്നു. ഇതിനു ശബ്ദപേടകം എന്നു പേരു പറഞ്ഞുവരുന്നു. ഈ ശബ്ദപേടകത്തിന്റെ വക്കിലുള്ള ഒരു മൊട്ടിലാണ് സചനഗ്രാഹി വായിക്കാനുള്ള സൂചി ഉറപ്പിക്കുന്നത്. വളരെ വേഗത്തിൽ കറങ്ങുന്ന സചനഗ്രാഹിത്തട്ടുകളിലെ വളഞ്ഞു പുളഞ്ഞു നേരിയ പൊഴികളിൽക്കൂടി സൂചി സഞ്ചരിക്കുമ്പോൾ, ഒരു തരം വിറയൽ ആ സൂചിക്ക് ഉണ്ടാകുന്നു. ഇതു ശബ്ദപേടകത്തിൽ സംക്രമിച്ച്, വീണ്ടും ശബ്ദരൂപമായിത്തീർന്ന് അവിടെനിന്നും ആ പ്രക്ഷേപിണിക്കുഴൽ വഴി സ്ഫുടമായും ഉച്ചമായും നിർഗ്ഗമിക്കുന്നു. തട്ടുകളിൽ പകർത്തിയിട്ടുള്ള ശബ്ദം കേൾക്കുന്നതു ഇങ്ങനെയാണ്.

സചനഗ്രാഹിത്തട്ടകളുടെ നിർമ്മിതിയെ സംബന്ധിച്ചിടത്തോളം ആ യന്ത്രത്തിന്റെ ആവിർഭാവം മുതല്ക്കേ പല പരിഷ്കാരങ്ങൾ ക്രമേണ ഉണ്ടായിട്ടുണ്ട്. ബർലിനർ ഉണ്ടാക്കിയ തട്ടകളിൽ നിന്നും പുറപ്പെട്ട ശബ്ദം, തികച്ചും ശുദ്ധമായിരുന്നില്ല. ചെവികൾക്കു് ഇമ്പമല്ലാത്ത ഒരു ലോഹസചനം കൂടി സമ്മേളിച്ചതായിരുന്നു അതു്. ആ വക ദൂഷ്യങ്ങൾ ഏറെക്കുറെ പരിഹരിക്കുന്നതിനു പില്ക്കാലത്തു സാധിച്ചു. സചനഗ്രാഹി യന്ത്രത്തിന്റെ ഘടനയിലും ആകൃതിയിലും തട്ടകൾ നിർമ്മിക്കുന്നതിലും ഒക്കെ പരിഷ്കാരങ്ങൾ ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

സചനഗ്രാഹിത്തട്ടകൾ നിർമ്മിക്കുന്നതിനു ചില പ്രത്യേക സജ്ജീകരണങ്ങളോടുകൂടിയ മുറികൾ ഉണ്ടായിരിക്കും. പുറത്തു നിന്നു് അനാവശ്യശബ്ദങ്ങൾ പ്രവേശിക്കാതിരിക്കുന്നതിനും, മാറ്റൊലി മൂലം വൈഷമ്യങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വേണ്ട കരുതലുകൾ ചെയ്തിരിക്കും. സംഗീത വിദ്വാന്മാരെയും പ്രസംഗകന്മാരെയും വരുത്തി പാട്ടു പാടിക്കുകയും പ്രസംഗിപ്പിക്കുകയും ചെയ്യിക്കുന്നതു് ഈ മുറിയിൽ വച്ചാണു്. ഈ സമയത്തു് ശബ്ദഗ്രഹണത്തിനുള്ള ഒരു യന്ത്രം അവിടെ വച്ചിരിക്കും. മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന ഇത്തരം യന്ത്രത്തിനു തുറന്ന വായോടുകൂടിയ ഒരു മുഖനാളി ഉണ്ടായിരുന്നു. ഇക്കുഴലിനോടു് ഏറ്റവും അടുത്തു നിന്നായിരുന്നു പാടുകയോ പ്രസംഗിക്കുകയോ ചെയ്യേണ്ടിയിരുന്നതു്. അവിടെ പുറപ്പെടുവിക്കുന്ന ശബ്ദം വായുവിൽ ഉണ്ടാക്കുന്ന ചലനം മുഖനാളിക്കുള്ളിൽ പ്രവേശിച്ചു്, ആ യന്ത്രത്തിൽ വേറൊരിടത്തു

ഘടിപ്പിച്ചിരിക്കുന്ന സൂചിയെ ചലിപ്പിക്കുന്നു. ആ സൂചി ചലനങ്ങളെ മെഴുകു കൊണ്ടു് ഉണ്ടാക്കിയിട്ടുള്ള ഒരു തട്ടിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രീതി വളരെ വിഷമകരവും ന്യൂനതയുള്ളതും ആയിരുന്നു. ഒരു സംഘം ഗായകന്മാർ ചേർന്നാണു പാടുന്നതെങ്കിൽ അവ ക്കെല്ലാം കൂടി ഈ കുഴലിനടുത്തു തിക്കിക്കൂട്ടുന്നതു സുകരമല്ലല്ലോ. ആ ദോഷം പരിഹരിക്കാൻ പിന്നീടു് പല ഉപായങ്ങൾ പ്രയോഗിച്ചുനോക്കി. അതിലേക്കു പുതിയ യന്ത്രങ്ങൾ കണ്ടുപിടിക്കാൻ പലരും ശ്രമിച്ചു. മൈക്രോഫോൺ (സൂക്ഷ്മനാദിനി) ന്റെയും മുഖനാളിയില്ലാത്ത ഒരു ശബ്ദലേഖനയന്ത്ര ത്തിന്റെയും സഹായത്തോടുകൂടി ശബ്ദങ്ങൾ രേഖപ്പെടു ത്താമെന്നു് അമേരിക്കയിലെ "ബെൽടെലഫോൺ" പരീക്ഷണശാലയിലെ യന്ത്രവിദഗ്ദ്ധന്മാർ പരീക്ഷി ച്ചറിഞ്ഞു. ആ മാർഗ്ഗമാണു് ഇന്നു സർവ്വസാധാരണമായി ട്ടുള്ളതു്.

ഇന്നും ശബ്ദചിഹ്നങ്ങൾ ആദ്യം രേഖപ്പെടുത്തുന്നതു് മെഴുകുതട്ടുകളിലാണു്. ഇതിനു തായ്ത്തട്ടു് (Mother Record) എന്നാണു സാധാരണ പറഞ്ഞുവരുന്നതു്. ഇങ്ങനെ ശബ്ദചിഹ്നങ്ങൾ പൊഴികളുടെ രൂപത്തിൽ ലേഖനം ചെയ്തിട്ടുള്ള മെഴുകു തട്ടുകളിൽ, പിന്നീടു വിദ്യുച്ഛക്തി യുടെ സഹായത്തോടുകൂടി ചെമ്പു പൂശി കട്ടി പിടിപ്പി ക്കുന്നു. ഇതാണു റിക്കാർഡുകൾ (തട്ടുകൾ) നിർമ്മിക്കു ന്നതിനുള്ള അച്ചു്. ഈ അച്ചു വച്ചുകൊണ്ടു് ആവശ്യം പോലെ എത്ര തട്ടുകൾ വേണമെങ്കിലും മുദ്രണം ചെയ്യാം.

സ്വനഗ്രാഹിനിർമ്മാണം ഇപ്പോൾ വളരെ ആദായ കരമായ ഒരു വ്യവസായമാണു്. ഈ വ്യവസായത്തിൽ

അമേരിക്കയാണു പ്രഥമസ്ഥാനം അർഹിക്കുന്നതു്. കൊളംബിയാസ്വനഗ്രാഹിത്തട്ടുകൾ ലോകപ്രസിദ്ധമാണു്. ആ കമ്പനിക്കാർ ഈ വ്യവസായം മൂലം അനേകകോടി ഡോളർ സമ്പാദിച്ചിട്ടുണ്ടു്. പ്രതിവർഷം അവർ ലക്ഷക്കണക്കിനു സ്വനഗ്രാഹിത്തട്ടുകൾ നിർമ്മിച്ചു് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും അയച്ചു വരുന്നു.

പാട്ടുകളും പ്രസംഗങ്ങളും മാത്രമല്ല, നാടകങ്ങളും ലഘുകാവ്യങ്ങളും പ്രചരിപ്പിക്കുന്നതിനു സ്വനഗ്രാഹിത്തട്ടുകൾ ഉപയോഗപ്രദങ്ങളായി പരിണമിച്ചിട്ടുണ്ടു്. ഭാഷകൾ പഠിപ്പിക്കുന്നതിനും ഇവ പ്രയോജനപ്പെടുന്നു. ചലച്ചിത്രത്തിന്റെയും സ്വനഗ്രാഹിയുടെയും തത്ത്വങ്ങൾ സമ്മേളിപ്പിച്ചതു മൂലം ആനന്ദകരമായ ടോക്കിസു് (സ്വനചലച്ചിത്രം) ഉണ്ടാക്കി. ആളുകളെയും അവരുടെ അഭിനയങ്ങളെയും എല്ലാം ഒരു യവനികയിൽ കാണുകയും, അതേ സമയത്തു തന്നെ അവരുടെ ശബ്ദം കേൾക്കുകയും ചെയ്യുന്നതു് അത്ഭുതാവഹമല്ലേ? മനുഷ്യരുടെ വിജ്ഞാനവും വിനോദവും സുഖസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനു സ്വനഗ്രാഹിയും വളരെ ഉപകരിക്കുന്നു എന്നു ചുരുക്കി പറയാം.

പാഠം ക്ലന്ത

ദുശ്ശാസനവധം

(അന്നനട)

പടയ്ക്കു സങ്കടം പൊരുത്തതു കണ്ടു
കടുക്കനെ ദുശ്ശാസനന്നമെത്തിനാൻ.
മദിച്ചൊരാനയോടെതിർത്ത സിംഹത്തെ-
ക്കണക്കെ മാരുതി കുതിച്ചു പാഞ്ഞുടൻ

"കൊതിച്ചിരുന്നതിങ്ങടുത്തു കാണ്മാൻ ഞാൻ.
ചതിക്കൊല്ലായിനി പ്പൊടുക്കനവേ നീ.
കരുത്തു കാട്ടുവാൻ മനസ്സുണ്ടിന്നെന്റെ
കരത്തിന്റെ ഫലം വരുത്തേണമെടോ."

ഗിരിവരോപരി വരിഷിക്കും പോലെ
ശരവരിഷം ചെയ്തിരുവരുമൊപ്പം
പൊരുത പോരു തൻ കടുമ ചൊല്ലുവാ-
നരുതരുതേതു മനിലനന്ദനൻ

വിരവിനോടു ക്രുടുത്തു ചൊല്ലിനാൻ:—
"വരിക വന്മദം കലന്ന ദുർമ്മതേ!
പരിമിഴിയാളാം ദ്രുപദ പുത്രിതൻ
പുരികഴൽ ചുറ്റിപ്പിടിച്ചിഴച്ചതും

തെരുതെരെ ത്തുകിലഴിച്ചതു മോരോ
പരിഭവം ഞങ്ങൾക്കകപ്പെട്ടതും
മറന്നതില്ല ഞാനതിനു നിന്നുടൽ
നരസുരാസുർ പലരും കാണവേ

അടലിടെക്കുത്തിപ്പൊടിപ്പനിപ്പൊഴെ"-
ന്നിടി വെട്ടംവണ്ണം പൊടുപൊടെയാത്താൻ.

കുതിരകളെക്കൊന്നൊടുക്കി സൂതനെ
കൊലചെയ്തു തേരുമഴിച്ചാൻ മാരുതി.

ദ്രുപദപുത്രൻ ദുശ്ശാസനനും കോപമോ-
ടടുത്തു ശക്തികൾ, ശരങ്ങൾ, ചക്രങ്ങൾ
പൊഴിഞ്ഞു ഭീമൻമെയ് മുറിച്ചു തേരതു-
മഴിച്ചു ചാടിയെഴുന്നിടിപോലെയാഞ്ഞാൻ.

എടുത്തിതു ഗദ പുനരിരുവരും
നടിച്ചു തങ്ങളിൽ പൊരുത പോർ പോലെ
അടുത്തൊരു യുദ്ധം നടിച്ചുണ്ടായതി-
ല്ലടൽക്കളമൊക്കെപ്പൊടിച്ചിരുവരും

അടിച്ചാരന്യോന്യം തടുത്താർ പിന്നെയും
കൊടുത്തുകൊള്ളുവാൻ പഴുതു നോക്കിയും
കൊടുത്തു കൊള്ളാതെ കഴിപ്പാൻ നോക്കിയും
തടുത്തുവാങ്ങിയുമടുത്തു തുങ്ങിയും

നടിച്ചിരുവരും പൊരുതതുനേരം
പൊടിച്ചിതു ദുശ്ശാസനനുടെ ഗദ.
പിടിച്ചാനന്നേരമണഞ്ഞു ഭീമനെ-
ക്കടിച്ചു മുഷ്ടികൾ ചുരുട്ടിക്കുത്തിയും
പൊടിച്ചൊഴുകിന രുധിരം കൈയ്യാണ്ടു
വടിച്ചു വീഴ്ത്തിയും മിഴിയിലെപ്പോര
തുടച്ചും മുഷ്ടികൊണ്ടടിച്ചും പല്ലുകൾ
കടിച്ചുമുഴിയിൽപ്പതിച്ചുമപ്പൊഴേ
പുരണ്ടെഴുന്നേറ്റും തിരണ്ട കോപത്താൽ
ഉരുണ്ട കണ്ണിണ പൊടിയാൽ മൂടിയും
കഴത്തിൽ ക്രുദ്ധൻ മുത്തിരിക്കുന്ന നഖം
പതിച്ചും വായ്പൊട്ട പറിച്ചുമെത്രയും

തിരിച്ചു കമ്പം കെട്ടിയും ചരണങ്ങൾ
ഞെരിച്ചും കൈയ്ത്തലം തിരിച്ചുമാകലാൽ
പറിച്ചുമൂക്കോട് തലമുടി ഘോര
തെറിച്ചു നാല് ദിക്കിലും ചിതറിയും

ഉരത്തൊട്ട പാഞ്ഞുമുരസ്സുതങ്ങളിൽ
കരത്തൊട്ട കരമുരച്ചുമൂഴിയി-
ലുറച്ചു നില്ക്കയും ചവിട്ടുകൊണ്ടുപോയ്-
ത്തെറിച്ചു വിണുപോയുരുണ്ട മപ്പോഴേ

ഭയം വരുമാറു കലഹം കണ്ടവർ
ജയം വരും ദുശ്ശാസനനെന്ന ചിലർ;
ജയം വരും വൃകോദരനെന്ന ചിലർ;
ഭയം കളഞ്ഞു കാൺകടവെന്ന ചിലർ;

ഭയം വരും കണ്ടാലെനിക്കെന്ന ചിലർ;
ഭയങ്കരമിതു സമരമെന്നെല്ലാം
പറഞ്ഞു തങ്ങളിൽ വിവാദിക്കുന്നേരം
കുറഞ്ഞൊന്നു മാറിക്കളഞ്ഞു മാരുതി

ചുവട്ടിൽ വാങ്ങി നിന്നടിരണ്ടും വാരി
ചുവട്ടിലാക്കി മേൽക്കരയേറിക്കരേ-
മത്തനന്നായിച്ചുവിട്ടി നിന്നുകൊ-
ണ്ടമർത്ത്യമർത്ത്യന്മാർ പലരും കാണവേ

ചളിപ്പു കൈവിട്ടങ്ങെടുത്തു കൈവാളാൽ
ചൊളിച്ചു മാറിടം നഖങ്ങളെക്കൊണ്ടും.
പൊട്ടപൊട പ്പൊടിച്ചുടനുടനുടൻ
ചുട്ട ചുടത്തിളച്ചുരുവിയാർപോലെ

തുടു തുടവന്നരുധിരപൂരത്തെ
കുടുകുടക്കുടിച്ചുലറി ച്ചാടിയും

പെരുവെള്ളം പോലെ വരുന്ന ശോണിത-
മൊരുതുള്ളി പോലും പുറത്തു പോകാതെ
കവിണ്ണ നന്നായിക്കിടന്ന കൊണ്ടുടൻ
കവിൾത്തടം നന്നായ് നിറച്ചിറക്കിയും

മദിച്ചു മാരുതി ചിരിച്ചു ചൊല്ലിനാൻ:—
"മതിർത്തിതു നാവു മുദരവുമെല്ലാം"
കുടർമാലമെല്ലെന്നൊടുത്തു കൊണ്ടുടൻ
തുടർമാലപോലെ കഴുത്തിലിട്ടുകൊ-

ണ്ടടൽക്കളമെല്ലാം പൊടിപൊടും വണ്ണ-
മുടനുടൻ ചാടിത്തുടമേലേ തച്ചും
'പത്തുസമർ പാണ്ഡുസുതന്മാരെന്നല്ലോ
പറഞ്ഞിതു മുന്നം പലരും കേൾക്കവേ?

പരിഹാസത്തോടു മദിച്ചു കൈയ്യൊട്ടി-
ച്ചിരിച്ചു ക്രുത്താടി നടന്നു നിങ്ങളും.
പത്തുസമന്മാർ കൗരവരെന്നിക്കാലം
പറഞ്ഞു ഞാൻതാനുമിതാ ക്രുത്താടുന്നേൻ.

ഇനിയിക്കളമ്മാർ കലത്തിൽ മൂത്തവ-
നെനിക്കൊരുനാളെക്കളിക്കുണ്ടായ് വരും.
പൊരുതവനെയു മൊടുക്കി രാജ്യവും
പൊരുളും നൽകുവനരചൻ തന്നെ.

പൊടുക്കനവേ യെന്നരത്ത മാരുതി
നടിച്ചു നൃത്തകിയൊടു കലന്നൊരു
നടപ്രവരനെക്കണക്കെ മത്തനായ്,
നരഹരി ഹിരണ്യനെ പ്പിളന്നൊരു

കുരുതിയുമണിഞ്ഞിരിപ്പതു പോലെ,
നടക്കുന്നാ നേരമടൽക്കളമെല്ലാം
പൊടിച്ച മാറാരെയൊടുക്കി വേഗത്തിൽ.

പാഠം ൨൯

ഫലിച്ച പ്രാർത്ഥന

ഏറെനാളായൊരു നാട്ടിൽ—ദൈവം
മാരി പൊഴിക്കാതിരുന്നു.
തീരെയന്നാട്ടു മറന്നേ—പോയി
നീരുണ്ട കാർകൊണ്ടലെല്ലാം.
മുറവും കുളവും കിണറു—മങ്ങു
വറ്റി വരണ്ടുകഴിഞ്ഞു.
കാലികൾ ചത്തുമറിഞ്ഞു—വേര-
റ്റാലുകൾ ക്രൂടിയും വീണു.
തീയുടെ തോഴർ താൻ കാറ്റേ—ന്നതു
മായമറ്റാരുമറിഞ്ഞു.
തിങ്കളും രാവിൽജ്ജനങ്ങൾ—ക്കൊരു
ചെങ്കതിരോനെന്നു തോന്നി.
ഒന്നു നുകരുവാൻ പാറി—ലൊരു
കണ്ണുനീർ തുള്ളിയുമാക്കും.
ക്ഷേത്രത്തിൽച്ചെന്നവരോരോ—വിധം
പ്രാർത്ഥന യെന്നും നടത്തി.
കണ്ണു തുറന്നില ദൈവ—മവ-
ർക്കെന്നും വിഫലമായ്ത്തീർന്നു.
അങ്ങനെ പോയ് കാല,മാശ—ചെടി
യെങ്ങുമെല്ലാർക്കും കരിഞ്ഞു.
പേടിച്ചുമൊരുനാളശേഷം—പേരും
പ്രാർത്ഥനയ്ക്കായ് വീണ്ടും പോയി.

തൻകൂട കൈയ്യിലെടുത്ത — ങ്ങൊരു
പെൺകിടാവും നടകൊണ്ടു.
"മാലക്കുട വേണ്ടാ കുഞ്ഞേ, — നമ്മൾ
വെയ്‌ലിനു മുമ്പിങ്ങു പോരും.
ചുട്ടുപഴുത്ത മണലിൽ — നിന്റെ
പട്ടുകഴൽ പതിയേണ്ട."
അച്ഛനമ്മയു മോതും — മൊഴി
കൊച്ചമ്മു കൈയ്ക്കൊണ്ടില്ലേതും.
അൻപിൽ കുടയുമായ്ത്തന്നോ — പൈത-
ലമ്പലത്തിങ്കൽ ചെന്നെത്തി.
പ്രാർത്ഥന പെട്ടെന്നു പാറി — മുകിൽ
മേലുത്തരമാം മഴ പെയ്തു.
വാണിയൊന്നപ്പൊഴതാരും — കേൾക്കെ
വാനത്തു നിന്നുളവായി.
"പ്രാർത്ഥന യാക്കും ഫലിക്കാൻ — വേണം
പ്രാർത്ഥനയിങ്കൽ വിശ്വാസം.
ഭയമെട്ടുക്കാത്തതെന്തേ — നിങ്ങൾ
നിത്യവും മാരിക്കിരപ്പോർ?
മാരിവരുമെന്നൊരാളും — തന്നെ
തീരെ നിനച്ചിരുന്നീല.
വല്ലതും പേരിന്നു കാട്ടി — ക്കൂട്ടി-
സ്സൊല്ലയൊഴിക്കുവാൻ വന്നു.
തക്കമില്ലീമഴയിപ്പോൾ — പെയ്തു
തീക്കൊച്ചുകുഞ്ഞിനു വേണ്ടി."
ആ മൊഴി കേട്ടു ജനങ്ങൾ — ഉപ്പൊ-
ന്നോമനയെപ്പേർത്തും വാഴ്ത്തി.

എങ്ങും നനഞ്ഞുകൊണ്ടോടി—വേഗം
തങ്ങൾതൻ വീടുകൾ തേടി.
നമ്മുടെ കണ്മണിയാളോ—തെല്ല
മമ്മഴ കൊണ്ടുഴലാതെ.
തേജസ്വിനിയായ് നടന്നാ—ളൊരു
രാജകുമാരി കണക്കേ.
ആയവൾതൻ നന്മുടിക്കു—മിതേ-
യായതദ്ഭുതമാം ഛത്രം.
കേൾവി പെരുക്കുകമൂലം—പുത്തൻ
തൂവെൺ നിറത്തോടു ക്രൂടി.
മുറുമഴകിൽ വിളങ്ങി—യൊരു
കൊറ്റക്കുടയെന്നപോലെ.

(മഹാകവി ഉള്ളൂർ അമൃതധാര)

1505

കൊല്ലം യുവകേരളം പ്രസ്സിൽ അച്ചടിപ്പിച്ചത്
ഒന്നാം പതിപ്പ് കോപ്പി 10000
1123